2021
ഏപ്രിൽ
പുസ്തകം 5
ലക്കം 2

# യോഗക്ഷേമസഭ സ്വസ്തി

ത്രൈമാസിക

വിഷുപ്പതിപ്പ്

## 1921 ഇരകളുടെ നൂറ്റാണ്ട്

**സ്പെഷ്യൽ ഫീച്ചർ**

- ഒരു നമ്പൂതിരിയുടെ 1921ലെ ഡയറിക്കുറിപ്പുകൾ
- 1921ൽ മുറിച്ചു മാറ്റിയ സൂത്രോട്ടി
- ഇരയായിട്ടും ബെല്ലാരി ജയിലിൽ
- പൂജയുടെ മണിയടിയും പട്ടാളത്തിന്റെ വരവും
- ഒരു പിറന്നാളിന്റെ തലേന്ന് സംഭവിച്ചത്

ഇല്ലപ്പെരുമ

## മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ





യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

കവർ സ്റ്റോറി

## ഭൂമിയുടെ അതിർത്തിതൊട്ട ആൾ

അറിയേണ്ട നമ്പൂതിരി

## അമേരിക്കൻ സിറ്റി കൗൺസിലർ

- വേട്ടാളന്റെ വിളിപ്പേര്
- വിഷ്ണു നാരായണൻ നമ്പൂതിരി: കവിതയുടെ ഡി.എൻ.എ കണ്ടുപിടിച്ച ആൾ
- ആ നമ്പൂതിരി വൈമാനികൻ എന്റെ ഏട്ടനാണ്
- ഡാറ്റാ സയൻസിലെ കുഞ്ഞാത്തോൽ
- സ്മാർത്തവിചാരക്കറ കഴുകിക്കളഞ്ഞ ഉദകക്രിയ
- യു ട്യൂബിൽ വൈറലായ അന്തർജനം
- ലോകത്തെ മികച്ച ശാസ്ത്രജ്ഞ
- സിനിമാ നടൻ ഉണ്ണികൃഷ്ണൻ നമ്പൂതിരിയെക്കുറിച്ച് മകൾ ദേവി കൈതപ്രം

2021 ഫെബ്രുവരി 6 നു നൂറാം ആണ്ടു പിറന്നാൾ ആഘോഷിച്ച അരീക്കോട് ആറ്റുപുറത്ത് കേശവൻ നമ്പൂതിരിയുടെ പത്നിയും നെല്ലായിക്കുന്നത്ത് ഇല്ലം മകളുമായ

# ശ്രീമതി ആര്യാ അന്തർജനത്തിന്

## ജന്മശതാബ്ദി മംഗളപത്രം

എം.പി ശങ്കരനാരായണൻ നമ്പൂതിരി, ഫോൺ: 9048427946

1.*താളം പിടി,ച്ചനിഴതാര മുദിച്ചമന്ദ-
വാരത്തിലീ മകര,മിന്നിരുപത്തിനാലിൽ,
ശ്രീയാററുപൂർവ്വപുറ കേശവ ധർമ്മപത്നി -
യാര്യാംബികയ്ക്കു പ്രണമിപ്പൂ ശതാബ്ദി ഘോഷേ.
2.കർമ്മഭൂമിയിതിൽ ഭാരതത്തിലൊരു നൂറു വർഷമതിമോദമോ-
ടാത്മശാന്തിയൊടെ സൽപ്രവൃത്തികളിലാരമിച്ചു മരുവീടുവാൻ,
അമ്മയായിവിടെ വാണിടുന്ന വനദുർഗ്ഗ നല്ല വഴികാട്ടിയാ-
യമ്മയൊത്തിനിയുമേറെ നാൾസുകൃതമേറ്റിടട്ടിവിടനാകുലം.
3.മക്കൾ മക്കളുടെ മക്കളങ്ങനെ പരമ്പരയ്ക്കതുല പുണ്യമായ്
നിൽക്കുമമ്മയുടെ നൂറിലെത്തിയൊരു ജന്മനാൾ ഹൃദയമോദകം,
ആക്കമോടിനിയുമേറെനാൾ നിജ സപര്യയോടിവിടെ വാഴുവാ-
നുൾക്കരുത്തു കനിവോടെയേകി വിളയാടിടട്ടെ ഭുവനേശ്വരി
4.ഭക്തിസാന്ദ്രതയിലീശ്വര സ്തുതികളോടെയങ്ങധിക നേരവും
യുക്തിഭദ്രതയൊടൊത്തു തന്നെ നില കൊണ്ടിടുന്നതതി വിസ്മയം,
ശക്തിയേകിയറിവേകിയാത്മബലമേകി നിത്യ തുണയായ് പരാ-
ശക്തി തന്നെ സതതം കടാക്ഷമരുളട്ടെ മുക്തിവരുവോളവും.
5.ഏതിലും പരമതുഷ്ടിയോടെയതി നിർമ്മമത്വമൊടെഴുന്നതു-
ണ്ടേതിലും നിരതിശായിയായൊരു വിരക്തിയാർന്നതുലഭാവവും,
സത്യമായനിജബോധസത്തയിലതി പ്രസന്നതയിലാഴ്ന്നതാം
ബുദ്ധിവൈഭവമെഴുന്ന മാതൃപദ പങ്കജത്തിൽ പ്രണമിച്ചിടാം.
6.വന്നിടട്ടെ ഭവഭാവ ബന്ധനമൊഴിഞ്ഞ ശാശ്വത സുഖത്തിലേ-
ക്കിന്നു കാരണമൊരുക്കിടട്ടെ നിജ കർമ്മമാർഗ്ഗമതിമോഹനം,
കുന്നെഴുംപടി വളർന്നൊരാ സുകൃതസഞ്ചയപ്പെരുമയാർന്നു കൊ-
ണ്ടിന്നു ജീവിതസുഖത്തിൽ വാഴുമമരപ്രഭയ്ക്കൊരു നമസ്കൃതി.
7.നൂറാമാട്ടപ്പിറന്നാൾ നിറവിലെഴുമൊരീയാററു പൂർവ്വം പുറത്തേ
യാര്യാമാതാവിലാത്മപ്രഭയുടെ നിറസൗഭാഗ്യപൂരോദയത്താൽ,
**ആറും പത്തൊത്ത ദാനങ്ങളുമൊരു പതിനൊന്നാളൊടേ ധാരയും ചേ-
ർന്നേറേ സൽക്കർമ്മ പൂജാദികളൊടിഹശതാബ്ദിയ്ക്കു മാറ്റുണ്ടനേകം

*1196 / ** ദശദാനഷൾ ദാനങ്ങൾ

## അമ്മമ്മക്ക്

എന്തുനൽകീടുമെൻ അമ്മമ്മക്കിന്നു ഞാൻ
എന്നങ്ങു ചിന്തിച്ചിരിക്കുന്നേരം
അപ്പോളേ തോന്നിച്ചു എൻ മനതാരിങ്കൽ
അക്ഷരപ്പൂക്കളാലർച്ചിച്ചിടാം.
അമ്മമ്മക്കിന്നല്ലൊ നൂറു തികയുന്നൂ
എല്ലാം ഭഗവതി തൻ കടാക്ഷം
അമ്മമ്മയെന്നുള്ള നാമത്തിൽ തന്നെയും
അമ്മതൻ സ്നേഹം തുളുമ്പീടുന്നു
എന്നു പറയുമ്പോളെൻ ബാല്യകാലത്തേ
ക്കൊന്നു തിരിഞ്ഞു ഞാനെത്തി നോക്കീ
കുഞ്ഞുന്നാളു മുതലമ്മമ്മ തന്നുടെ
ചാരത്തു തന്നെയുറങ്ങിയതും,
അമ്മമ്മ ചെയ്യുന്ന തേവാരാദികളെ
എപ്പോളും കൺമുന്നിൽ കണ്ടിടുന്നൂ.
അമ്മമ്മ ചൊല്ലിച്ചു തന്നൊരു കീർത്തനം
ഇപ്പോളും ഞങ്ങൾക്കു കാണാപ്പാഠം
അമ്മമ്മ തന്നുടെ കൈപ്പുണ്യമാകട്ടെ
ഒട്ടും മറക്കുവാൻ സാധിക്കില്ല.
ചക്കപ്പലഹാരം, പിന്നെ മലർപ്പൊടി
ചീഡ മുറുക്കും നൽ തേൻകുഴലും
പൊക്കുവടയും പലഹാരങ്ങളേറെ
തൽക്ഷണമുണ്ടാക്കുമെന്നമ്മമ്മ
തന്നിഷ്ടം നോക്കാതെ മറ്റുള്ളോർടിഷ്ടങ്ങൾ
നന്നായറിഞ്ഞു കൊടുത്തീടുന്നു
മുണ്ടു ചുരുട്ടി മുറുക്കിയുടുത്തിട്ട്
ഓടി നടന്നീടുമെന്നമ്മമ്മ




പത്തു വിരലുകൾ പത്തു കൈകൾ പോലെ
പാത്രങ്ങളേറ്റി വന്നീടുന്നതും
ഇപ്പോളുമോർക്കുന്നു അന്നെനിക്കുണ്ടായ
വിസ്മയങ്ങളേറെയുണ്ടെന്നതും.
അത്രയും ഇഷ്ടമാണമ്മമ്മയെയെനി-
ക്കെത്രയെന്നു ചൊല്ലാൻ വാക്കതില്ല
പിന്നെയോ, അമ്മമ്മ തന്നുടെ പാട്ടുകൾ
കേൾക്കുന്തോറും ഇമ്പമേറിടുന്നു
ഓണത്തിന്നും തിരുവാതിരക്കും പിന്നെ
ഏതൊരു ആഘോഷവേളയിലും
അമ്മമ്മ പാടുമ്പോൾ ഏറ്റു പാടും ഞങ്ങൾ
അമ്മമ്മയോടൊപ്പം ചോടുവെക്കും
അമ്മമ്മ വെക്കും ചുവടുകൾക്കുണ്ടല്ലൊ
കൗതുകമെത്രയെന്നോതിടാവൂ
ഇന്നുമാച്ചോടുകൾ മുന്നിൽ കണ്ടാണല്ലൊ
ഞങ്ങൾ കളിക്കും തിരുവാതിര.
അമ്മമ്മ തന്നോരനുഗ്രഹമാണതും
എന്നുമെന്നും ഞങ്ങളോർത്തിടുന്നൂ
പുത്രീ പുത്രന്മാരും പേരക്കിടാങ്ങളും
ബന്ധുക്കളുമായിട്ടൊത്തു കൂടി
ഈ ദിനം സന്തോഷ പൂരിതമാക്കുവാൻ
അമ്മേ ഭഗവതീ കാത്തിടേണേ
ബ്രഹ്മരക്ഷസ്സും ഭഗവതിയും പിന്നെ
തേവാരമൂർത്തികളെല്ലാവരും
ചേർന്നിട്ടീയമ്മമ്മ തന്നുടെ ജീവിത
യാത്ര സഫലമായ് തീർത്തുവല്ലൊ.
അമ്മമ്മക്കുണ്ടായി അഞ്ചാം തലമുറ
എന്നതും നമ്മുടെ ഭാഗ്യം തന്നെ.
നൂറു തികയുന്ന അമ്മമ്മയിലിന്നു
ഈശ്വരചൈതന്യം തന്നെ കാണാം
അമ്മമ്മ ഇല്ലത്തെ പൊൻവിളക്കു തന്നെ
അമ്മമ്മ എല്ലാർക്കുമമ്മ തന്നെ
അമ്മമ്മക്കു വേണ്ടി പ്രാർത്ഥിക്കുന്നൂ ഞങ്ങൾ
അമ്മമ്മ കാൽക്കൽ നമസ്കരിക്കാം.

**– ലത (കുട്ടി)**
അമ്മമ്മക്ക് ഇഷ്ടത്തോടെ പേരക്കുട്ടികൾ

## അമ്മക്ക്

**രാധ നമ്പൂതിരി** (ആറ്റുപുറം, ചെന്നൈ)

ആറ്റുപുറമെന്നു പേർകേട്ട ഇല്ലത്തു
ആര്യഅന്തർജനം പുണ്യവതി.
നൂറുവയസ്സു തികയുന്ന നാളിന്ന്
അമ്മയ്ക്ക് നൂറുനമസ്കാരങ്ങൾ.
മക്കൾക്കും മറ്റുള്ളവർക്കുമായ് ജീവിതം
ധന്യമാക്കിയൊരു പുണ്യവതി.
എന്നും മനസ്സിനൊരാശ്വാസമേകുന്ന
അന്നപൂർണേശ്വരിയായോരമ്മ.
നല്ല കുടുംബിനി എങ്ങനെയാകണം
അമ്മയിൽ നിന്ന് പഠിച്ചു ഞങ്ങൾ.
നല്ല തുളസിക്കതിർ പോലെയുള്ളാരു
ശുദ്ധ മനസ്സിനുടമയമ്മ.
തെറ്റാതെ നല്ല വഴി പറഞ്ഞീടുന്ന
പെറ്റമ്മ ഞങ്ങൾക്കു നല്ലോരമ്മ.
കണ്ണുകൾകൊണ്ടു നാം കാണുന്ന ദൈവമാ-
ണമ്മയെന്നുള്ളാരു ചൊല്ലു സത്യം.
അമ്മതൻ പാദങ്ങൾ എന്നും മനസ്സതിൽ
മങ്ങാതെ നിൽക്കുവാൻ പ്രാർത്ഥിക്കുന്നു.




യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

2021 ഏപ്രിൽ
2021 April
Kozhikode
Volume No: 5
Issue No: 2

Email: swasthitrimonthly@gmail.com

യോഗക്ഷേമസഭ കോഴിക്കോട്
ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5123 ഫാൽഗുനം
കൊല്ലവർഷം 1196 മീനം മേടം, വസന്ത ഋതു

ചീഫ് എഡിറ്റർ
**കൊയ്ത്തൊടി ചെറുമുക്കു പരമേശ്വരൻ 9072383651**
അസോസിയേറ്റ് എഡിറ്റർ
**പാനാട് പദ്മനാഭൻ നമ്പൂതിരി 9400992823**
മാനേജിംഗ് എഡിറ്റർ
**വിനോദ് മങ്ങത്തായ 9895621493**
അംഗങ്ങൾ
ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി 9496727616
വി.ഇ. നാരായണൻ നമ്പൂതിരി 9446372698

മാനേജിംഗ് കമ്മിറ്റി
പ്രിന്റർ ആന്റ് പബ്ലിഷർ
കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471
ധനകാര്യം: നാറണിയാട് ദാമോദരൻ നമ്പൂതിരി 9447332611

പരസ്യം & സർക്കുലേഷൻ
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

സംസ്ഥാന വൈസ് പ്രസിഡന്റ്
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി 8113904840
ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9947196571
ജില്ലാ സെക്രട്ടറി
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337

വര: കൃഷ്ണൻ പാതിരിശ്ശേരി 9447884600

പ്രതിനിധികൾ
**ന്യൂഡെൽഹി:** സിജു കുറിയേടം ശ്രീകുമാർ 9811905204
**മുംബൈ പൻവേൽ:** രവി തെക്കേടം 9867203567
**ഗോവ:** കൃഷ്ണൻ പുളിയശ്ശേരി 9765277893
**പൂനെ:** ദിനേശ് വിഷ്ണു 9923024959
**ബംഗളൂരു:** കൃഷ്ണപ്രസാദ് കെ.കെ. 9739342061
**ബഹറിൻ:** ജിതിൻ വെള്ളിമുറ്റം 00993 36123 335
**യു.എ.ഇ:** പാലയൂർ ശങ്കരനാരായണൻ +971504980513
**കന്യാകുമാരി:** ഗീതാനന്ദൻ വെൺമാറനല്ലൂർ 8300186475
**തിരുവനന്തപുരം:** അഭിജിത് അമുന്തുരുത്തി മഠം 7356062941
**ആലപ്പുഴ:** മുണ്ടോളി കളം വിഷ്ണു ബാബു 9946669124
**വൈക്കം :** ജയൻ പുതുമന 8330086062
**എറണാകുളം:** പുലിയന്നൂർ പ്രസാദ് നമ്പൂതിരിപ്പാട് 9400785628
**തൃശൂർ:** ഹരികുമാർ മൂസത് 7012416659
**കുട്ടനല്ലൂർ** പരിയാനമ്പറ്റ നാരായണൻ 9847668696
**ഗുരുവായൂർ:** മൂത്തേടം ആനന്ദ് 9846418181
**പാലക്കാട് :**രാമപ്രസാദ് നരിക്കാട്ടരി 9496234515
**മലപ്പുറം:** പ്രിജു കരിപ്പം 9895161042
**കണ്ണൂർ:** പുടയൂർ ജയനാരായണൻ 9544075519
**കാഞ്ഞങ്ങാട് :** വി.പി.ഹേമ ഗോശാല ഇല്ലം 9400802151

ഡിസൈനിംഗ് :റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോ ബസാർ, കോഴിക്കോട് -673001, മൊബൈൽ: 9847941277, 9847907630

# വായനക്കാരോട്

ഈ വർഷത്തെ വിഷുവിന് ഏറെ സന്തോഷത്തോടെയാണ് യോഗക്ഷേമസഭ സ്വസ്തി വായനക്കാരിലെത്തുന്നത്. ഒരു ഹൗസ് മാഗസിന്റെ ചുരുങ്ങിയ പരിധിക്കപ്പുറം വളരുന്നതിന്റെ ചാരിതാർത്ഥ്യം.

സ്വസ്തിയെ സ്നേഹിക്കുന്നവരുടെ ആവശ്യങ്ങൾ കൂടുതൽ സാർത്ഥകമാക്കാനുള്ള ചുവടുവെപ്പുകൾ ആരംഭിച്ചു കഴിഞ്ഞു. ഉള്ളടക്കത്തിലും കെട്ടിലും മട്ടിലും ഏതൊരു പ്രസിദ്ധീകരണത്തെയും മറികടക്കുന്ന നിലവാരം ഉറപ്പു വരുത്താൻ ഇതിന്റെ പ്രവർത്തകർ പ്രതിജ്ഞാബദ്ധമാണ്. പുതിയ ലോകക്രമത്തിൽ നമ്പൂതിരി സമുദായം അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ട്. സ്വത്വം തിരിച്ചറിയാനും മുന്നോട്ടുള്ള യാത്രയിൽ മികവുകൾ ആർജിക്കാനും പൊതു സമൂഹത്തിനൊപ്പം ഇടപഴകി ജീവിക്കാനുമെല്ലാം പുതിയ കാലം വല്ലാതെ ആവശ്യപ്പെടുന്നുണ്ട്.

പല തവണയായി പല തരം പ്രയാസങ്ങൾ അനുഭവിച്ച സമുദായമാണിത്. ടിപ്പുവിന്റെ കാലം തൊട്ടുണ്ടായകലാപങ്ങൾ, ഭൂപരിഷ്കരണത്തിലൂടെ ഉണ്ടായ ദാരിദ്ര്യം, തൊഴിൽ സംവരണത്തിലൂടെ നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ തുടങ്ങി പലതും നമ്മെ പിറകോട്ടടിപ്പിച്ചിട്ടുണ്ട്. പേരിനു പോലും സർക്കാർ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുമില്ല. ഇടിഞ്ഞു പൊളിഞ്ഞു നിൽക്കുന്ന ഇല്ലങ്ങളുടെ സ്ക്വയർഫീറ്റ് പരിധിക്കപ്പുറമാണ് ഇപ്പോൾ പ്രഖ്യാപിച്ച സാമ്പത്തിക സംവരണം പോലും. അതിന് അർഹരായവരുടെ ഒരു പട്ടിക സഭയുടെ നേതൃത്വത്തിൽ തയ്യാറാക്കിയാലറിയാം നമ്മുടെ എത്ര പേർക്ക് പ്രയോജനം ലഭിച്ചെന്ന്. സമുദായ സംഘടന എന്ന നിലയിൽ യോഗക്ഷേമസഭ നടത്തുന്ന മുന്നേറ്റങ്ങളിൽ അതിന്റെ ജിഹ്വയായി നിൽക്കുന്നതോടൊപ്പം തന്നെ പുതിയ കാലത്തിനു വേണ്ട വഴി ചൂണ്ടിക്കാട്ടാനും പുതുതലമുറക്ക് പ്രചോദനമാവാനും കഴിയണമെന്നാണ് ഇതിന്റെ പ്രവർത്തകർ ആശിക്കുന്നത്. ഏവർക്കും ഐശ്വര്യപൂർണ്ണമായ വിഷു ആശംസകൾ.

**പത്രാധിപർ**

Yogakshemasabha Swasthi Trimonthly
Printed & Published by K.I. Vishnu Namboodiri on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Githanjali web offsets, Githanjali Buildings,N H 17, Kundayithode, P.O. Kolathara, Calicut 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017.
Editor K M Parameswaran Vol No:5 Issue No: 2 For private circulation only.

കോഴിക്കോട് ജില്ല:
**ജില്ലാ ഓഫീസ് കോവൂർ** : തിരുമംഗലം കൃഷ്ണൻ നമ്പൂതിരി 8848910238/**കോഴിക്കോട്സിറ്റി:** ശ്രീരേഖ മാടമന 9495178644/**ചേവായൂർ:** സന്തോഷ് തായാട്ട്: 7293751990/**കണ്ണിപറമ്പ്:** ലത തലപ്പണ 9747051050/**പെരുമണ്ണ:** രേഖ തരുപ്പ 7025662924/**ഫറോക്ക്:**രാമനുണ്ണി മുല്ലപ്പള്ളി 9947413193/**മുക്കം:** കൊല്ലോറ്റ ഉണ്ണിക്കൃഷ്ണൻ 8606208060/**ചാത്തമംഗലം:** കോരമ്പറ്റ ശങ്കരൻ നമ്പൂതിരി 9946438951/**ഉച്ചക്കാവ്:** സ്മിത ചെറുവക്കാട് 9495533013/**താമരശ്ശേരി:**കളം പ്രസാദ് 8848286062/**രാമല്ലൂർ:** തെഞ്ചേരി ഹരിനാരായണൻ :9847564517/**കക്കോടി:** പറമ്പിടി മനോജ് കുമാർ 9495039892/**ബാലുശ്ശേരി:** കളം വേണുനാഥ് :8281984397/**കൊയിലാണ്ടി:** ഹനീഷ് എരഞ്ഞോളി 9446561754/**വടകര:** അമ്പിളിക്കുന്നം ഹരി :9400980039/**മുയിപ്പോത്ത്:** മുണ്ടോട്ട ഉണ്ണിക്കൃഷ്ണൻ :9446159842

# ആരൊക്കെ/എന്തൊക്കെ


05 അർച്ചകനെ തൊഴാനെത്തിയ പദ്മശ്രീ: കൈതപ്രത്തിന് സ്വസ്തിയുടെ അഭിവാദ്യം

## സ്പെഷ്യൽ ഫീച്ചർ
## 1921 / 2021

14 ● ഇരകളുടെ നൂറ്റാണ്ട്
സ്പെഷ്യൽ ഫീച്ചർ ആമുഖം

15 ● മാപ്പിള ലഹളയിൽ നാടുവിട്ട ഒരു നമ്പൂതിരിയുടെ ഡയറിക്കുറിപ്പുകൾ
എം.പി.ഉണ്ണികൃഷ്ണൻ നമ്പൂതിരി

20 ● ഒരു പിറന്നാൾ ആഘോഷത്തിന്റെ തലേന്ന് സംഭവിച്ചത്
എസ്.എൻ.ഭട്ടാചാര്യ

22 ● 1921ൽ മുറിച്ചു മാറ്റിയ വാതിലിന്റെ സൂത്രോട്ടി
ജിത അനിയൻ

23 ● പൂജയുടെ മണിയടിയും ഗൂർഖ പട്ടാളവും
കെ. എം. പരമേശ്വരൻ

24 ● ഇരയായിട്ടും ബെല്ലാരി ജയിലിൽ
മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരി

## അറിയേണ്ട നമ്പൂതിരി

26 ● അമേരിക്കൻ കൗൺസിലർ
ശ്രീദത്ത് പാനാട്ട്

40 ● ഏറ്റവും മികച്ച ശാസ്ത്രജ്ഞ
ഡോ:ശ്രീഭ നാറാണിയാട്

46 ● ഡാറ്റാ സയൻസിലെ കുഞ്ഞാത്തോൽ
സാന്ദ്ര കരോളിൽ

## യു ട്യൂബിലെ വൈറൽ

32 ● ആ ദേവകി ടീച്ചർ ഇതാ ഇവരാണ്
അനിൽ നമ്പൂതിരി

## സ്വസ്തി എക്സ്ക്ലൂസീവ്

36 ● പാപക്കറ കഴുകിക്കളഞ്ഞ ഉദകക്രിയ
പണിക്കത്ത് അപ്പു നമ്പൂതിരി

## സ്വസ്തി ഫോളോ അപ്പ്

60 ● ആ വൈമാനികൻ എന്റെ ഏട്ടനാണ്
മനോജ് വർമ

## അനുസ്മരണം

13 ● കവിതയുടെ ഡി.എൻ.എ കണ്ടുപിടിച്ച ആൾ വിഷ്ണു നാരായണൻ നമ്പൂതിരി

74 ● സിനിമാ നടൻ ഉണ്ണികൃഷ്ണൻ നമ്പൂതിരിയെക്കുറിച്ച് മകൾ ദേവി കൈതപ്രം

## ഇല്ലപ്പെരുമ

52 ശ്രീ രുദ്രം നീലകണ്ഠം നാരായണം

മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ ഇല്ലം
വിനോദ് മങ്ങത്തായ

## കവർ സ്റ്റോറി

06 ● ഭൂമിയുടെ അതിർത്തികണ്ട ആൾ
മനുഷ്യൻ സ്ഥിരവാസമില്ലാത്ത അന്റാർട്ടിക്കയിൽ പോയി വന്ന കാവനാട് മനയിലെ ശങ്കര നാരായണൻ ഭട്ടതിരിപ്പാടിന്റെ വിശേഷങ്ങൾ
പദ്മനാഭൻ നമ്പൂതിരി

## കവിതകൾ

35 ● പാൽ മിനി പി എസ്
44 ● സുഗതായനം സുഷമ അമ്മങ്കോട്
44 ● ഊർമ്മിള ജിഷ.യു.സി

## കഥകൾ

49 ● തിരക്കഥ/ കല്ലുമാല
അനിയൻ തലയാറ്റുംപിള്ളി

50 ● വെള്ളവും വോട്ടും
പി.എൻ.വിജയൻ

63 ● മുട്ടുശാന്തി
കെ.എം. ഉദയൻ നമ്പൂതിരിപ്പാട്

73 ● അനാഥ വാർദ്ധക്യം
ഗീതനാരായണൻ, അരീക്കര

## അനുഭവക്കുറിപ്പുകൾ

34 ● വിളിക്കാതെ അവശേഷിപ്പിച്ച വേട്ടാളന്റെ വിളിപ്പേര് സുനന്ദ ടി.പി

43 ● ഭഗവാനെ അടുത്തറിയുന്ന ജന്മം
സ്മിത പി നമ്പൂതിരി

66 ● അന്യസംസ്ഥാനത്തെ പുത്രവധു
പൊത്തോപ്പുറം കേശവൻ ജയന്തൻ

69 ● ഒരുകോഴിക്കോടൻ അനുഭവം
ഡോ.ഇ.കൃഷ്ണൻ നമ്പൂതിരി

കുട്ടിക്കൂട്ടം, വായനക്കാരുടെ കത്തുകൾ, ഉപസഭാ വാർത്തകൾ, അനുമോദനങ്ങൾ, ആദരാഞ്ജലികൾ, തുടങ്ങി പതിവു വിഭവങ്ങളും


രചനകളും അഭിപ്രായങ്ങളും അറിയിക്കൂ, വാട്ട്സ് ആപ്പ് ചെയ്യൂ: 9400992823

**പൂപ്പാലികയെ വേറെ ചിലരും സിനിമയിലെത്തിച്ചിട്ടുണ്ടാവും. എന്നാൽ പൂവട്ടകയ്ക്ക് സിനിമാപ്പാട്ടിൽ ഇടം കിട്ടുന്നത് ജുഹുവും സ്രുവവും ആജ്യാഹുതിയും എല്ലാം വഴങ്ങുന്ന കവിയായതുകൊണ്ടാണ്. അതേ, നമ്മുടെ പാരമ്പര്യമാണ് കൈതപ്രത്തിന്റെ കരുത്ത്.**



# അർച്ചകനെ തൊഴാനെത്തിയ പദ്മശ്രീ

കഴിഞ്ഞ വർഷം പദ്മപുരസ്കാരങ്ങൾ പ്രഖ്യാപിച്ചപ്പോൾ സ്വസ്തിക്ക് സന്തോഷിക്കാൻ ഒരാളുണ്ടായിരുന്നു. സത്യനാരായണൻ മുണ്ടയൂർ. ഇത്തവണയുമുണ്ട് മറ്റൊരാൾ -കൈതപ്രം ദാമോദരൻ നമ്പൂതിരി. കൈതപ്രത്തു നിന്ന് കോഴിക്കോട്ടെ തിരുവണ്ണൂരിലേക്ക് മാറ്റി പ്രതിഷ്ഠിക്കപ്പെട്ട അദ്ഭുത സിദ്ധികളുള്ള ഒരപൂർവ വിഗ്രഹം. അവിടെ സംഗീതമാണ് പ്രസാദം. അർച്ചനയും അതു തന്നെ. ആർക്കും എപ്പോഴും ഉരുവിടാവുന്ന ആയിരക്കണക്കിനു ഗാനമന്ത്രങ്ങൾ സമ്മാനിച്ച അർച്ചകന്റെ ആസ്ഥാനം.

സെലിബ്രിറ്റിയുടെ ആടയാഭരണങ്ങളൊന്നുമില്ലാത്ത ഒരാൾ. മുമ്പൊരിക്കൽ സ്വസ്തിക്കു വേണ്ടി ഒരു പത്തു വയസ്സുകാരിയാണ് ഇന്റർവ്യൂ ചെയ്തത്- ആര്യക്കുട്ടി. ആളുടെ പ്രായമോ വലിപ്പമോ ഒന്നും പ്രശ്നമല്ല. അത്രക്കു ആത്മബന്ധം, അത്രക്കു ബന്ധുത്വം. കഴിഞ്ഞ ലക്കത്തിലുമുണ്ടായി അദ്ദേഹത്തിന്റെ കുറിപ്പ്.

ഇല്ലവും തറവാടും അമ്മാത്തും പരദേവതയും പൂജയും വേളിയും കോലോത്തും തമ്പ്രാട്ടിയും എന്നു വേണ്ട പൂവട്ടക പോലും അദ്ദേഹം കാവ്യാർച്ചക്ക് ഉപാധിയാക്കി. മൂകാംബികയിൽ നിന്നു കൊളുത്തിയ കെടാവിളക്കാണ് ആ സിദ്ധിക്കു പിന്നിലെന്ന് സ്വസ്തിയോടു പറഞ്ഞിരുന്നു. ആ ദേവദുന്ദുഭിക്ക് രാജ്യം നൽകിയ സ്നേഹ ശീർഷകമാണ് പത്മശ്രീ. സന്തോഷിക്കാം നമുക്കെല്ലാം.

മഴവെള്ളം പോലെയുള്ള കുട്ടിക്കാലം. വൈകിട്ട് അമ്മ വിളിക്കാനെത്തും വരെ പുഴയിലായിരിക്കും. വണ്ണാത്തിപ്പുഴയുടെ തീരത്ത്. തെയ്യത്തിന്റെ താളം, ചെണ്ടയുടെ താളം, ഗ്രാമത്തിന്റെ സജീവത. അനുഭവിച്ചറിഞ്ഞതാണിതൊക്കെ. തരംഗിണിയിലായിരുന്നുതുടക്കം. അമ്മാത്തെ പടിഞ്ഞാറ്റേ തേവാരം....അന്നേ തുടങ്ങിയതാണ് ആ പദാവലികൾ.

കളിവീടുറങ്ങിയല്ലോ എന്ന ദേശാടനത്തിലെ ഗാനം. അതാണ് ഏറെ ഇഷ്ടം. പല തവണ കവി തന്നെ പാടിയിട്ടുണ്ട് ഈഗാനം. ഒരു വരി മൂളണമെന്നു പറഞ്ഞാൽ ആദ്യം നാവിലെത്തുന്ന പാട്ട്. ഏറ്റവുമൊടുവിൽ ചേവായൂരിൽ നടത്തിയ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ സമ്മേളനത്തിൽപ്പോലും.

ഇതുവരെ മുന്നൂറ്റൻപതിലേറെ സിനിമകൾക്കായി പാട്ടുകളെഴുതി. ഗാനരചനയ്ക്കൊപ്പം സംഗീത സംവിധാനത്തിലും മികവു തെളിയിച്ചു. ഇരുവിഭാഗത്തിലും സംസ്ഥാന പുരസ്കാരത്തിന് അർഹനായി.അല്ലാതെയും നിരവധി പുരസ്കാരങ്ങൾ.

സംഗീതം വെറുതേ പാടാനുള്ളതല്ലെന്ന് വിശ്വസിക്കുന്നു ഈ കവി. സാന്ത്വനത്തിനുള്ളതാണ് സംഗീതം. തനിക്കുണ്ടായ ശാരീരിക അവശതകളെ മറികടന്നതും സംഗീതത്തിലൂടെയാണല്ലൊ. മ്യൂസിക് തെറാപ്പിയിലൂടെ കഴിഞ്ഞ കുറെ വർഷങ്ങളായി ചെയ്യുന്ന സേവന പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നു. സംഗീതം കൊണ്ട് അർച്ചന ചെയ്യുന്ന ശാന്തിക്കാരൻ. അതേ സംഗീതാർച്ചകൻ. ഇപ്പോഴിതാ രാജ്യത്തെ പരമോന്നത പുരസ്കാരമായ പദ്മശ്രീ തന്നെ ഈ അർച്ചകനെ തൊഴാനെത്തിയിരിക്കുന്നു. ●

ഭൂമിയുടെ തെക്ക് എൻഡ് ഓഫ് ദ വേൾഡ് ചിലിയിലെ ലൈറ്റ് ഹൗസ് ആണ്. ആ അക്ഷാംശത്തിനും അഞ്ഞൂറു കിലോമീറ്റർ തെക്കാണ് അന്റാർട്ടിക്ക. മനുഷ്യൻ സ്ഥിരവാസമില്ലാത്ത വൻകര.

# ഭൂമിയുടെ അതിർത്തി കണ്ട ആൾ

## അറിയാം, കാവനാട് മനയിലെ ശങ്കരനാരായണൻ ഭട്ടതിരിപ്പാടിന്റെ വിശേഷങ്ങൾ

പദ്മനാഭൻ നമ്പൂതിരി



ഈരേഴു പതിനാലു ലോകങ്ങൾ എന്നാണല്ലൊ പുരാണങ്ങളിൽ പറയുന്നത്. ഭൂമിക്കു മുകളിൽ ഏഴു ലോകങ്ങൾ. താഴെയും ഏഴെണ്ണം. അതലം, വിതലം, സുതലം, തലാതലം, മഹാതലം, രസാതലം, പാതാളം എന്നിവ ഭൂമിക്കു താഴെയുള്ളവ. വർണ്ണനയുടെ നിലവാരം വച്ചു നോക്കിയാൽ ഏതാണ്ട് സുതലത്തിന്റെ മട്ടാണ് അന്റാർട്ടിക്ക. അവിടെ ഭാര്യാസമേതനായി പോയി വന്ന ആളാണ് കാവനാട് മനയിലെ ശങ്കരനാരായണൻ ഭട്ടതിരിപ്പാട്. ഇതിനകം യാത്രകൾക്കെല്ലാം കൂടി അമ്പതു ലക്ഷത്തോളം രൂപ ചെലവാക്കിക്കഴിഞ്ഞു. അന്റാർട്ടിക്കക്കു മാത്രം പതിനഞ്ചു ലക്ഷത്തോളമായി.

| | |
|---|---|
| -89.5 ഡിഗ്രി | : ലോകത്ത് ഏറ്റവും തണുപ്പ് രേഖപ്പെടുത്തിയ സ്ഥലം |
| 317 മീറ്റർ | : നീളമുള്ള ഏറ്റവും വലിയ രണ്ടാമത്തെ കപ്പലിൽ യാത്ര |
| 5000 പേർ | : 2852 യാത്രക്കാരും 1733 ജോലിക്കാരും |
| 15 ദിവസം | : മുഴുവനും കരകാണാക്കടലിൽ സവാരി |
| 15 ലക്ഷം | : രൂപ ചെലവുള്ള വൻ സാഹസികയാത്ര |

## യാത്രകൾക്കെല്ലാം കൂടി അമ്പതു ലക്ഷം

മലപ്പുറം ജില്ലയിലെ കോട്ടക്കലിനടുത്ത് അച്ചിപ്രയിലാണ് ഇല്ലം. റെയിൽവേയിൽ എഞ്ചിനീയറായിരുന്നു. അതിനാൽ ഇന്ത്യ മുഴുവൻ ഫ്രീയായി സഞ്ചരിച്ചു. 2001ൽ പിരിഞ്ഞു. അർബൻ ബാങ്കിൽ ജി.എം ആയിരുന്ന ആത്തേമ്മാര് രജനിയാകട്ടെ 2008ലും റിട്ടയർ ചെയതു. പിന്നെ രണ്ടാളും ചേർന്ന് ലോകം മുഴുവൻ സഞ്ചാരം. യാത്രകളായി പ്രധാന വിനോദം. നാലഞ്ചുവട്ടം ഭൂമിയെ വലം വെയ്ക്കാനുള്ള ദൂരം താണ്ടിക്കഴിഞ്ഞു. അമേരിക്കയും യൂറോപ്പും ചൈനയും ആഫ്രിക്കയും ആസ്ട്രേലിയയും എല്ലാം പിന്നിട്ടു. പരമശിവന്റെ ആസ്ഥാനമായ കൈലാ




കെ.എസ്.എൻ ഭട്ടതിരിപ്പാട് പത്നി രജനിയുമൊത്ത് . പശ്ചാത്തലത്തിൽ ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ കപ്പലായ സെലിബ്രിറ്റി എക്ളിപ്സ്.

സത്തിൽ രണ്ടു വട്ടം ദർശനം നടത്തി കൈലാഷിയായതിന്റെ അനുഭവത്തിലാണ് അതിലും വലിയ മഞ്ഞുവൻകരയെ കീഴ്പ്പെടുത്താൻ തോന്നിയത്.

ഒരർത്ഥത്തിൽ കൈലാസത്തേക്കാൾ വിഷമം പിടിച്ചതാണ് അന്റാർട്ടിക്ക. ഭൂമിയുടെ ഏറ്റവും തെക്കെയറ്റത്ത് 98 ശതമാനവും മഞ്ഞുമൂടപ്പെട്ട ഭൂഖണ്ഡം. ഇതുവരെ രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ താപനിലയായ മൈനസ് 89.5 ഡിഗ്രി സെൽഷ്യസ് അന്റാർട്ടിക്കയിലാണ്. 1983 ജൂലായ് 21-ന് സോവിയറ്റ് യൂണിയന്റെ കീഴിലുള്ള വൊസ്തോക്ക് സ്റ്റേഷനിലായിരുന്നു ഇത്. കൊടും വേനൽക്കാലത്ത് പോലും മൈനസ് 28 ഡിഗ്രി തണുപ്പ്.

അന്റാർട്ടിക്ക കൂടി കീഴ്പ്പെടുത്തണമെന്നായി ഭട്ടതിരിപ്പാടിന്റെ മോഹം. അതേപ്പറ്റിയായി ആലോചന.

യാത്ര എന്ന് അർത്ഥം വരുന്ന ജേണിയല്ല എക്സ്പെഡിഷൻ എന്നാണ് അന്റാർട്ടിക്കയുടെ കാര്യത്തിൽ ഉപയോഗിക്കാറ്. പര്യവേഷണം. അതിൽ സാഹസികതയും അന്വേഷണവുമുണ്ട്. അനിശ്ചിതത്വം നിറഞ്ഞ കാലാവസ്ഥ. 1.45 കോടി ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ടെങ്കിലും സെന്റിന് ഒരു രൂപ പോലും വില കിട്ടാത്ത ഭൂമി.

മഞ്ഞുമല ഇന്ത്യയിലുമുണ്ട്,ഹിമാലയത്തിൽ. അവിടത്തെ കൈലാസമെടുത്ത് അമ്മാനമാടിയ കഥ രാമായണത്തിലുണ്ട്. അക്കാലത്തെ ശ്രീലങ്കൻ പ്രസിഡണ്ടായ രാവണ രാക്ഷസ സിംഗെ. അതുപോലെ ആരും അമ്മാനമാടാത്ത ഭൂമികയാണ് അന്റാർട്ടിക്ക. അവിടെ പരമാവധിയുള്ളത് പെൻഗ്വിന്റെ കുണുങ്ങി ക്കുണുങ്ങിയുള്ള നടത്തം.

ജംബു ദ്വീപമെല്ലാം നമുക്കു സുപരിചിതമായിട്ടും എത്രയോ സഹസ്രാബ്ദങ്ങൾ അന്റാർട്ടിക്ക മനുഷ്യഗോചരമല്ലാതെ കിടന്നു. കാശിയും മാനസസരസും കൈലാസവുമൊക്കെയായിരുന്നു നമ്മുടെ അപ്രാപ്യമായ ഡെസ്റ്റിനേഷനുകൾ. പഴയകാലത്ത് കാശിയിൽ പോയവർ തിരിച്ചെത്താറില്ല. ഇപ്പോഴിതാ അന്റാർട്ടിക്കയിൽ പോയി കൂൾ കൂളായി തിരിച്ചെത്തിയിരിക്കുന്നു നമുക്കിടയിലെ ഒരു ഭട്ടതിരിപ്പാടും ആത്തേമ്മാരും. ചെറു പ്രായത്തിലല്ല, എഴുപത്തെട്ടിന്റെ വാർധക്യത്തിൽ. അന്റാർട്ടിക്കയിൽ പോയി പിന്നീട് ലോകം കാണാതെ പോയ നിരവധി സഞ്ചാരികളുടെ അനുഭവങ്ങൾ ചരിത്രത്തിലുള്ളപ്പോൾ ഇവിടെയിതാ തിരുത്തിക്കുറിച്ചൊരു ചരിത്രം.

ഭീതിപ്പെടുത്തുന്ന ഒരു കാര്യത്തിൽ നിന്നു തുടങ്ങാം. അദ്ദേഹം തന്നെ പറയട്ടെ.




*ഫിൻ ഡേൽ മുൻഡോ എന്നാൽ എൻഡ് ഓഫ് ദ വേൾഡ് എന്നർത്ഥം. ഉഷായിലെ എൻഡ് ഓഫ് ദ വേൾഡ് മെമ്മോറിയലിനു മുന്നിൽ ഭട്ടതിരിപ്പാടും സഹധർമ്മിണി രജനിയും*

**എന്റെ അന്റാർട്ടിക്ക യാത്രയിൽ , ഒരു പക്ഷെ ഭൂമിയിൽ മറ്റൊരിടത്തും സംഭവിക്കാനിടയില്ലാത്ത ഒരപൂർവാനുഭവമുണ്ടായി. കടലിന്നടിയിൽ ഉറയുന്ന തണുപ്പിൽ കപ്പലിലെ 4000 യാത്രക്കാരും അന്ത്യ വിശ്രമത്തിലേക്ക് പോവുമായിരുന്ന ഒരനുഭവം. അതേ, ടൈറ്റാനിക്കിനു സംഭവിച്ച പോലെ മഞ്ഞിലുറഞ്ഞ മരണം. ഓർക്കുമ്പോൾ ഇപ്പോഴും ഉൾക്കിടിലമാണ്.**

"പ്രക്ഷുബ്ധമായ സ്കോളാർട്ടു ചാനലും ജെർലാക്കും കടന്നു അന്റാർട്ടിക്കയിലേക്ക് യാത്ര തുടരുകയായിരുന്നു. പിറ്റേന്ന് കപ്പലിലെ തിയേറ്ററിൽവെച്ചു കാപ്റ്റൻ നടത്തിയ അഭിമുഖത്തിൽ തന്റെ നീണ്ട കടൽ ജീവിതത്തിൽ ആദ്യയായിട്ടാണ് ഇത്രയും ഉദ്വേഗ ജനകമായ മുഹൂർത്തത്തിലൂടെ കടന്നുപോയതെന്നു പറഞ്ഞു."

"നിങ്ങളേവർക്കുമറിയാം ടൈറ്റാനിക് കപ്പലിന്റ കഥ. ഇന്നു രാവിലെ നമുക്കുമുണ്ടായി ഭീമാകാരനായ ഒരു കൂട്ടാളി. കടൽയാത്രക്കാർക്ക് ഐസ്ബർഗെന്നു കേൾക്കുമ്പോൾ ഞെട്ടലാണല്ലൊ ആദ്യം. അദ്ദേഹത്തിന്റ വാക്കുകൾ ഞങ്ങളെ സംഭ്രമിപ്പിച്ചു.

"ദക്ഷിണധ്രുവത്തിനെ വലം വെക്കുന്ന, ചലിക്കുന്ന, ഭീമാകൃതി പൂണ്ട ആ മഞ്ഞുമല നിസ്സാരനല്ല. 30 കി.മീ. നീളവും 20 കി മീ വീതിയുമുണ്ടതിന്. കേരളത്തിലെ ചെറിയൊരു ഒഴുകുന്ന താലൂക്ക്. രാവിലെ ഞങ്ങൾ ബാൽക്കണിയിലിരുന്നു ചായ കുടിക്കുമ്പോൾ ദൂരെ തെക്കുഭാഗത്തു കണ്ടതാണ്. കടലിനു മുകളിൽ സുമാർ നാലഞ്ചു കി.മീ. നീളമുണ്ടാകും. എന്നാൽ കടലിന്നടിയിൽ അതിന്റ കൈകാലുകളും കബന്ധവുമെല്ലാം പരന്നു കിടക്കുന്നുണ്ടാവുമത്രെ. അതിൽച്ചെന്നു കപ്പലിടിച്ചാൽ. അങ്ങനെയാണ് ടൈറ്റാനിക് തകർന്നത്."

"പക്ഷെ, സോനാറും, ജീ.പി.എസ്സും മറ്റു സംവിധാനങ്ങളുമുള്ളപ്പോൾ പൊതുവേ പേടിക്കാനില്ല. എന്നാൽ ആ സമയത്ത് അതേപ്പറ്റി കാപ്റ്റൻ പറഞ്ഞിരുന്നെങ്കിൽ 3000 പേരും ഭയന്നോടി കപ്പലിന്റ ഒരു ഭാഗത്തേക്ക് നീങ്ങിയിരുന്നെങ്കിൽ അതുതന്നെ അപകടം വരുത്തുമായിരുന്നു."

"അപ്പോൾ ഞങ്ങളോർത്തു ഇനിയുമിത്തരം കബന്ധങ്ങൾ കടലിൽ തലമാത്രം പുറത്തു കാട്ടി വഴിയിൽ കിടക്കുന്നുണ്ടാവുമോ. കഴിഞ്ഞ 500 വർഷമായി ഈ ധ്രുവക്കടലിൽ എത്രയെത്ര സാഹസികരായ സഞ്ചാരികളെ വിഴുങ്ങിയിട്ടുണ്ടാവും. ഫ്രാൻസിസ്കോ ഡി ഹോസസ്സിന്റ ജലസമാധിക്കു കാരണം ഈ ഭീകരനായിരിക്കുമൊ."

"ഡോണ്ട് വറി " അവസാനം കാപ്റ്റൻ പറഞ്ഞു. "ഇനിയും വഴിയിൽ ഇത്തരം ബി ഇമോത്തുകൾ (behemoth) വന്നാൽ ഞങ്ങൾ മാറിപ്പൊയ്ക്കൊളാം." ക്യാപ്റ്റന്റെ വാക്കുകൾ അദ്ദേഹം ഓർത്തെടുത്തു.

?ഇതെല്ലാം നേരത്തെ അറിഞ്ഞിരുന്നെങ്കിൽ ഒരു പക്ഷേ സാഹസിക

മായ യാത്രക്ക് പുറപ്പെടുമായിരുന്നി ല്ലേ.

> മറ്റു സ്ഥലങ്ങളിൽ നിന്ന് അനവധി വ്യത്യാസമുണ്ട് അന്റാർട്ടിക്കക്ക്. എത്തിപ്പെടാനുള്ള ബുദ്ധിമുട്ട് മാത്രമല്ല, എത്തിയാലും അനവധി കടമ്പകളാണ്. നട്ടുച്ചക്ക് പോലും തലക്കു മുകളിൽ സൂര്യനുണ്ടാവാത്ത ഇടം.ദൂരെ ചക്രവാളത്തിലാവും സൂര്യൻ. ചരിഞ്ഞ സൂര്യകിരണങ്ങൾ മാത്രമേ എല്ലാ കാലത്തും കിട്ടുകയുള്ളൂ. ഡിസംബർ 21-ന് മുഴുവൻ സമയം വെളിച്ചമാവും. രാത്രിയില്ലാത്ത ദിനം. പാതിരായ്ക്കും സൂര്യൻ. നേരെ മറിച്ച് ജൂലായ് 21-ന് സമ്പൂർണ്ണമായ ഇരുട്ടുമായിരിക്കും. പകലില്ലാത്ത ദിനം. ഇങ്ങനെ നിരവധി വ്യത്യാസങ്ങൾ അന്റാർട്ടിക്കയ്ക്കുണ്ട്. ഭൂമി സ്വന്തം അച്ചു തണ്ടിൽ ചുറ്റുന്നതിന്റെ ഭാഗമായി അന്റാർട്ടിക്കക്കു ചുറ്റുമുള്ള ജലവും പതുക്കെ ചുറ്റിക്കൊണ്ടിരിക്കുന്നുണ്ട്. അതിൽ പൊങ്ങിക്കിടക്കുന്ന മഞ്ഞു മലകളും ധ്രുവത്തിനെ ചുറ്റുന്നു.

ആർക്ടോസ് എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് ആർട്ടിക് എന്ന പേരുണ്ടായത്. ആർക്ടോസ് എന്നാൽ കരടി. കരടിയുടെ അടുത്തുള്ളത് എന്നാണ് ആർട്ടിക് എന്ന പദത്തിനർഥം. അന്റാർട്ടിക്കയെന്നാൽ ആർട്ടിക്കിന് എതിരായത്. ആർട്ടിക്കിൽ സ്ഥിരവാസികളായ മനുഷ്യരുണ്ട്. എന്നാൽ അന്റാർട്ടിക്കയിൽ സ്ഥിരവാസികളായ ഒരാളുമില്ല. അതിനു പറ്റാത്ത ധ്രുവമാണത്. മഞ്ഞുമൂടാത്തതായി ഒരുശതമാനം പ്രദേശം മാത്രമേയുള്ളൂ. അതുകൊണ്ടുസസ്യവർഗങ്ങൾ അധികമില്ല. ലൈക്കനുകളാണ് പ്രധാനം.കൂടാതെ ചെറുസസ്യമായ ആർപ്പൈനുകളും.

പെൻഗ്വിൻ, തിമിംഗിലം, നീർനായ എന്നിവരാണ് അധിപന്മാർ. ആർക്കും ഉടമസ്ഥാവകാശമില്ല. അർജന്റീന, ചിലി, ഓസ്ട്രേലിയ, യു.എസ്., ന്യൂസീലൻഡ്, ഫ്രാൻസ്, നോർവേ, ബ്രിട്ടൻ എന്നിവർ അന്റാർട്ടിക്കയുടെ വിവിധ ഭാഗങ്ങളിൽ അവകാശമുന്നയിച്ചിട്ടുണ്ട്. പ്രദേശം നിയന്ത്രിക്കുന്നത് 1959-ൽ ഇവരൊപ്പിട്ട അന്റാർട്ടിക്ക ഉടമ്പടി പ്രകാരമാണ്. ഇന്ത്യയ്ക്കുമുണ്ട് മൂന്നു പര്യവേക്ഷണ കേന്ദ്രങ്ങൾ.

ദക്ഷിണ ഗംഗോത്രി-അന്റാർട്ടിക്കയിലെ ഇന്ത്യയുടെ ആദ്യത്തെ പര്യവേക്ഷണകേന്ദ്രമാണ്. 1983ൽ സ്ഥാപിക്കപ്പെട്ടു. ധ്രുവകേന്ദ്രത്തിൽനിന്ന് 2500 കിലോമീറ്റർ അകലെ. 1988-ൽ മൈത്രിയെന്ന മറ്റൊരു കേന്ദ്രം സ്ഥാപിച്ചു. മഞ്ഞുകാലത്ത് 25 പേരെയും വേനലിൽ 40 പേരെയും ഉൾക്കൊള്ളാൻ കഴിയും. 2015-ൽ മൈത്രി സ്റ്റേഷന് 3000 കിലോമീറ്റർ കിഴക്ക്



*പെൻഗ്വിൻ കൂട്ടങ്ങൾ. ഭട്ടതിരിപ്പാട് കാമറയിൽ പകർത്തിയത്.*

ഭാരതിയും സ്ഥാപിച്ചു.134 ഷിപ്പിങ് കണ്ടെയ്നറുകളെ പുനരുപയോഗിച്ചാണ് കേന്ദ്രം നിർമിച്ചത്. ഏതാണ്ട് ബഹിരാകാശത്ത് സ്റ്റേഷൻ സ്ഥാപിക്കുന്ന അതേ ബുദ്ധിമുട്ട്. അങ്ങനെയൊരു നാട്ടിലേക്കാണ് വാർധക്യം മാറ്റി വച്ചു കൊണ്ട് യാത്ര.

എത്തണമെങ്കിൽ കപ്പലിൽ പതിനഞ്ചു ദിവസയാത്ര. അനുയാത്ര ചെയ്യാൻ തിമിംഗലങ്ങൾ. വിശ്രമിക്കാൻ മൈനാകം പോലെ കടലിൽ ഒറ്റപ്പെട്ടു കഴിയുന്ന കൊച്ചു ദ്വീപുകൾ. പിന്നെയുള്ളത് അപകടം വരുത്തുന്ന ഹിമശൈലങ്ങളാണ്. ടൈറ്റാനിക് പോലെ അകപ്പെട്ടു പോവുന്ന ദുരന്തം.

നേർക്കു നേർ ലോറിയും ബസും കൂട്ടിയിരിക്കുന്ന പോലത്തെ ഏർപ്പാടല്ല. മഞ്ഞുമല രണ്ടോ മൂന്നോ പത്തോ കിലോമീറ്റർ അപ്പുറത്താവും. കടലിന് ആഴമുണ്ടെന്ന് കരുതി മുന്നോട്ടു പോയാൽ ആ മഞ്ഞു മല വെള്ളത്തിനടിയിലൂടെ കൈനീട്ടിപ്പിടിച്ചിട്ടുണ്ടാവും. കപ്പലിന്റെ അടിഭാഗം അതിൽച്ചെന്ന് ഇടിക്കും. അങ്ങനെയാണ് ദുരന്തം.

"എങ്ങനെയാണ് ഇത്തരമൊരു സ്ഥലത്തേക്ക് ആകർഷിക്കപ്പെട്ടത്?

"ഏഴു വൻകരകളിലായി മുപ്പതിലധികം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. കൈലാസവും അന്റാർട്ടിക്കും താരതമ്യേന അചുംബിത പ്രദേശങ്ങളാണ്. പ്രകൃതിയുടെ രൗദ്രഭാവങ്ങൾ വേണ്ടുവോളമുള്ള സ്ഥലങ്ങൾ. പരിശുദ്ധമായ ഒരാരാധനാലയത്തിലെത്തിയ പ്രതീതി. ഇത്തരം സ്ഥലങ്ങൾ ബാഹ്യചോദനകളാലല്ല ആകർഷിക്കപ്പെടുന്നത്. സ്രഷ്ടാവിനോട് അടുക്കുമ്പോൾ ഉള്ള അന്തശ്ചോദന. ഫുട്ബാളിൽ ഭ്രമം തുടങ്ങിയ കാലം മുതൽ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ ആകർഷിച്ചിരുന്നു. ബ്രസീൽ അർജന്റീന ഉറുഗ്വേ തുടങ്ങിയവ. തൊണ്ണൂറിലെ ലോക കപ്പോടെ അത് വർദ്ധിച്ചു. അങ്ങനെയിരിക്കെ യാണ് 2018 അന്റാർട്ടിക്ക് യാത്ര തരപ്പെട്ടത്.

"അത്ര എളുപ്പമാണോ യാത്ര ?"

"മൂന്നു കാര്യങ്ങളായിരുന്നു പ്രധാന കടമ്പകൾ. ഒന്നു ആരോഗ്യം."

"ആ സമയത്ത് പ്രായം.?"

"എഴുപത്തെട്ട്. കാലാവസ്ഥയും പ്രശ്നമാണ്. ഭക്ഷണവും വലിയ ബുദ്ധിമുട്ടവാവും. പ്രത്യേകിച്ച് വെജിറ്റേറിയൻകാർക്ക്. അതൊക്കെ മറി കടന്നാലും മക്കളുടെ സമ്മതം കിട്ടണം. ഈ പ്രായത്തിൽ ഇതു പോലൊരു സാഹസിക യാത്ര പോവുക! കാശിക്ക് പോയാൽ പോലും തിരിച്ചെത്താത്ത ഒരു കാലമുണ്ടായിരുന്നു. കാശിയും മാനസ സരസും കൈലാസവും എല്ലാം താണ്ടി തിരിച്ചെത്തിയതിനാൽ മക്കൾ സമ്മതിച്ചു.അവരുടെ മനസ്സിലും ഇത്തരം യാത്രക്കുള്ള മോഹമുണ്ടാവും."

"പിന്നത്തെ കടമ്പയോ?

"അടുത്ത കടമ്പ സാമ്പത്തികമാണ്. സാഹസിക പ്രിയരായ സമ്പന്നരായ ചെറുപ്പക്കാരാണ് പൊതുവിൽ അന്റാർട്ടിക്കയിലേക്ക് പോവുക. ഒരാൾക്ക് തന്നെ ഏഴു ലക്ഷത്തിലധികം രൂപ വരും. അപ്പോൾ ഭാര്യയുമൊത്തുള്ള യാത്രക്ക് പതിനഞ്ചു ലക്ഷമെങ്കിലും ആവും.ഞാൻ നടത്തിയ എല്ലാ വിദേശ യാത്രകളിലും ഭാര്യ രജനിയും കൂടെയുണ്ടായിരുന്നു."

"അവരുടെ ഇല്ലം?

"കാടാമ്പുഴ പടിഞ്ഞാറ്റുകര. അർബൻ ബാങ്കിൽ ജി. എം ആയിരു



*ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ കപ്പലായ സെലിബ്രിറ്റി എക്ളിപ്സിലെ ജിംനേഷ്യം*

ന്നു. 2008ൽ റിട്ടയർ ചെയതു. ഞാൻ 2001ലാണ് പിരിഞ്ഞത്.''

''കൈലാസവും അന്റാർട്ടിക്കയും തമ്മിലുള്ള വ്യത്യാസം?''

''കൈലാസം ശിവലിംഗത്തിൽ നെയ്യഭിഷേകം ചെയ്ത പോലെയെങ്കിൽ അന്റാർട്ടിക്ക വെണ്ണ നീക്കാത്ത തൈരിൽ മോരൊഴിച്ച പോലെയാണ്.''

''ഹിമാലയത്തെ ഭൂമിയുടെ അളവുകോലായാണ് കാളിദാസൻ കണ്ടത്. ആ കണക്കിൽ അന്റാർട്ടിക്ക ഭൂമിയുടെ അതിർവരമ്പ് ആയിരിക്കുമല്ലൊ. അതിർവരമ്പിലെത്തിയപ്പോൾ എന്തു തോന്നി.?

''രണ്ടിലും കാലാവസ്ഥ പ്രധാന കടമ്പയാണ്. ദക്ഷിണായനത്തിലേ അന്റാർട്ടിക്കയിലേക്ക് പോവാനാവൂ. എന്നാൽ പോലും കൊടും തണുപ്പാണ്. ഒരു ഇല വളരാൻ പോലും സൂര്യകിരണം ലഭിക്കാത്ത ഇടം.

''ആദ്യം വേണ്ടത് ഇന്റർനാഷണൽ വാക്സിനേഷൻ സർട്ടിഫിക്കറ്റാണ്. അർജന്റീനയിലെ വിസ കിട്ടാൻ ഡൽഹിയിലെ അവരുടെ എമ്പസിയിൽ പോയി നേരിട്ടു ഇന്റർവ്യൂ വേണം. മറ്റു രാജ്യങ്ങൾക്ക കൊച്ചിയിൽ നിന്ന് ആവാം. പിന്നെ തണുപ്പിൽ നിന്ന് രക്ഷപ്പെടാൻ ആവശ്യമായ പ്രത്യേക വസ്ത്രങ്ങൾ. മരുന്നുകൾ. കഷ്ടിച്ച് ഒരു മാസത്തേക്ക് വേണ്ടത് കരുതണം. കപ്പലിൽ തന്നെ പതിനഞ്ചു ദിവസം വേണം. ആകെ 23 ദിവസം.''

''സോമൻസ് എന്ന ടൂർ ഓപ്പറേറ്റർമാരായിരുന്നു യാത്ര ഒരുക്കിയത്. അതിസമ്പന്നരായ സിനിമാ നിർമാതാക്കളും മൾട്ടി നാഷണൽ കമ്പനി ഉടമകളും ഉന്നത ഉദ്യോഗസ്ഥരും മറ്റുമാണ് അധികവും.ഒന്നു രണ്ടു ഡോക്ടർമാരുമുണ്ടായത് ആശ്വാസമായി. ഞങ്ങൾ പതിനേഴു പേരും ഗൈഡ് നിജോയും.''

''2019 ജനുവരി15 ന് രാവിലെ നെടുമ്പാശേരിയിൽ നിന്ന് എമിറേറ്റ്സിൽ ദുബായിലേക്ക്. പിറ്റേന്ന് അവിടെ നിന്ന് ദക്ഷിണ അമേരിക്കയിലെ ബ്രസീലിലേക്ക്. ഒന്നുകിൽ അതു വഴി. അല്ലെങ്കിൽ ആസ്ട്രേലിയ വഴി. അങ്ങനെയാണ് അന്റാർട്ടിക്കയിലേക്ക് യാത്ര ചെയ്യുന്നത്. അല്ലാതെ ഇന്ത്യയിൽ നിന്ന് നേരെ തെക്കോട്ട് ശ്രീലങ്കയും താണ്ടി കടന്നു പോവാവുന്ന ഇടമല്ല. അന്ന് വൈകീട്ട് ബ്രസീലിലെ റിയോഡി ജനീറോയിലെത്തി.തലസ്ഥാന നഗരം. പഴയ ഫുട്ബാൾ താരം പെലെയുടെ നാട്.''

**ബ്രസീലിലെ കോപ കബാന ബീച്ച് ടൂറിസം കേന്ദ്രമാണ്. പൊലീസുകാരുടെ കൺമുന്നിൽ വച്ചും മാല പൊട്ടിച്ചോടുന്ന പിടിച്ചു പറിക്കാരുള്ള ബീച്ച്. ഇക്കാര്യം വലിയ അക്ഷരത്തിൽ മുന്നറിയിപ്പു ബോർഡിലുണ്ട്. പാസ്പോർട്ടോ മറ്റോ പിടിച്ചു പറിച്ചോടിയാൽ ആകെ വലഞ്ഞതു തന്നെ. അസ്തമയം കാണാൻ നല്ലൊരു ഇരിപ്പിടം അന്വേഷിച്ചു. തിരിച്ചെത്തിയപ്പോഴേക്കും കൂട്ടത്തിലുള്ള അനിതയുടെ മാല പൊട്ടിച്ചോടാൻ ശ്രമം നടന്നിരിക്കുന്നു. ഭാഗ്യത്തിന് മാല മുറുകെ പിടിച്ചതിനാൽ കള്ളന്റെ കയ്യിലായില്ല. എന്നാൽ അതോടെ എല്ലാവരും പരിഭ്രാന്തരായി.**

ഇതു പോലുള്ള അപ്രതീക്ഷിതങ്ങളാവും അന്യരാജ്യങ്ങളിലെ യാത്രകളിൽ. കാലാവസ്ഥയും നിയമവും ഭക്ഷണവും മാത്രമല്ല പ്രശ്നം. മനുഷ്യരും ജീവികളും പ്രകൃതിയുമെല്ലാം പെട്ടെന്ന് സ്വഭാവം മറന്ന് പെരുമാറും. എപ്പോഴും കരുതിയിരുന്നാലും ചിലപ്പോൾ പണി കിട്ടും.

''പിറ്റേന്ന് ലോകത്തെ ഏറ്റവും വലിയ വെള്ളച്ചാട്ടമായ ഇവാസുവിലേക്ക്. 2.7 കിലോമീറ്റർ വീതിയിലാണ് ജലപാതം. ബ്രസീലിന്റെയും അർജന്റീനയുടെയും അതിർത്തിയിൽ. അതു കഴിഞ്ഞ് ബ്യൂണസ് അയേഴ്സിലേക്ക്. മറഡോണയുടെ നാട്ടിൽ. കഷ്ടിച്ച് 2600 കിലോമീറ്റർ ദൂരമുണ്ട്. അവിടെയും ഒരു നാൾ ചുറ്റിയടിച്ചു.''

''ഇതോടെ അഞ്ചു ദിവസമായി. ജനുവരി 20 നായിരുന്നു കപ്പലിൽ കയറിയത്. പതിനഞ്ചു ദിവസം വേണം ഇനി കടലിലൂടെയുള്ള യാത്ര. ഭൂമിയുടെ ദക്ഷിണ ധ്രുവത്തിലേക്ക് എളുപ്പമല്ല കപ്പൽ യാത്ര.''

''കപ്പലിൽ കയറുമ്പോൾ നൽകാനുള്ള ഡോക്യുമെന്റുകളെല്ലാം ഭദ്രമായി കരുതി വച്ചിരുന്നതാണ് . പക്ഷേ, അഞ്ചെട്ടു മണിക്കൂർ എല്ലാ ലഗേജും പരതിയിട്ടും അതു കിട്ടിയില്ല. ഈശ്വരാ! എല്ലാ ആശയും അസ്തമിച്ചു. ഇത്ര പ്രയാസപ്പെട്ട് ഇതു വരെ വന്നിട്ട് മടങ്ങിപ്പോവേണ്ടി വരിക. ഒന്നല്ല രണ്ടിടത്തു പരിശോധനയുണ്ട്. സത്യാവസ്ഥ ബോധിപ്പിച്ചു. അവർ കമ്പ്യൂട്ടറിൽ പരിശോധന നടത്തി. തിരിച്ചും മറിച്ചും ചോദിച്ചു. ഒറിജിനൽ യാത്രക്കാരെന്ന് ഉറപ്പു വരുത്തി. 2852 പേരുണ്ട് യാത്രക്കാർ.1733 ജോലിക്കാരും. 317 മീറ്റർ നീളം.36 മീറ്റർ വീതി.17 നിലകൾ. ലോകത്തെ ഏറ്റവും വലിയ കപ്പലായ നോർവീജിയൻ എസ്കേപ്പിനേക്കാൾ ഒമ്പത് മീറ്ററേ കുറവുള്ളൂ.''

ഇനി ഭട്ടതിരിപ്പാടിന്റെ യാത്രാഡയറി പകർത്താം.:

മൂന്നര മണിയോടെ കപ്പലിനടുത്തെത്തി. പ്രൌഢിയും ഗരിമയും കണ്ടാസ്വദിച്ചു. നിറയെ പടമെടുത്തു. ഇനി പതിനഞ്ചു നാൾ കടലിൽ കഴിയേണ്ടതാണല്ലൊ. കപ്പലിൽ കയറണമെങ്കിൽ കയ്യിലുള്ള കാർഡ് സ്വൈപ്പ് ചെയ്യണം. വലതു കാൽ വച്ചു കയറി. ഞങ്ങളുടെ കാബിൻ എവിടെയാണെന്നു ചോദിച്ചറിഞ്ഞു. ലഗേജുകൾ അടയാളപ്പെടുത്താൻ കൈമാറി.അത് പിന്നീട് കാബിനിലെത്തിച്ചു തരും.

നിവരധി ലിഫ്റ്റുകളും നിലകളുമുള്ള ഒഴുകുന്നൊരു നഗരമാണ് കപ്പൽ. ആറിലധികം റസ്റ്റോറന്റുകൾ. ജിംനേഷ്യം, ആശുപത്രി, ലൈബ്രറി,തിയേറ്റർ, വലിയ കാസിനോ. ഒന്നിലധികം നീന്തൽക്കുളം. ജാക്കുഡി. അതിൽ ഇറങ്ങണമെന്നുണ്ടായിരുന്നു. തിരക്കു കാരണം തരപ്പെട്ടില്ല. കടലിൽ കഴിയുകയാണെന്ന് തോന്നുകയേ ഇല്ല. വഴി തെറ്റിപ്പോയാൽ കാബിനിലെത്താൻ നന്നെ വലയും.

ഇഷ്ടമുള്ള റസ്റ്റോറന്റിൽ കയറാം. എത്ര വേണമെങ്കിലും വാരി

വലിച്ചു കഴിക്കാം. ബുഫേയും സർവീസുമുണ്ട്. ഓപ്പൺ ഭോജനശാലകൾ. ഒരേ സമയം ഇരുനൂറിലധികം പേർക്കിരിക്കാവുന്ന വിശാലമായ ഭക്ഷണശാല. രണ്ടു വശവും കടലിലെ കാഴ്ചകൾ. മദ്യചഷകവുമായി അനന്തതയിലേക്ക് കണ്ണെറിഞ്ഞിരിക്കുന്നവർ. പാനപാത്രം കാലിയാവുമ്പോൾ ഏകാന്തതയും സ്വച്ഛതയും ഭഞ്ജിക്കാതെ ഒഴിച്ചു കൊടുക്കുന്ന ബെയറർമാർ.

മദ്യപന്മാരും മാംസാഹാരികളുമല്ലാത്തവർക്ക് ശുദ്ധമായ പച്ചക്കറികളും പഴങ്ങളും. മാംസാഹാരത്തിന്റെ സമൃദ്ധിയെ മറി കടക്കാൻ അതാണ് വഴി. കപ്പലിലെ തിയേറ്റർ രണ്ടു നിലകളാണ്. കോഴിക്കോട്ടെ പഴയ ബ്ളൂ ഡയമണ്ട് തിയേറ്ററിന്റെ മാതൃകയിലാണ് വേദിയും ഇരിപ്പിടങ്ങളും. അഞ്ഞൂറു പേർക്ക് ഇരിക്കാം. രാവിലെ മുതൽ രാവേറെ ചെല്ലുന്ന വരെയും വിവിധ കലാപരിപാടികൾ.

ബ്യൂട്ടി പാർലർ, പന്തുകളിക്കാനുള്ള കോർട്ട്, ജിംനേഷ്യം ഇതെല്ലാം മുകളിലെ രണ്ടു ഡക്കുകളിലാണ്. പതിനാലാം നിലയിലെ ഭക്ഷണശാല കഴിഞ്ഞാൽ 15,16,17 നിലകൾ ഭാഗികമായോ മുഴുവനായോ തുറസ്സാണ്.

ഡയറിക്കുറിപ്പിലെ മറ്റൊരു ഭാഗം ഇങ്ങനെ:

രണ്ടു ദിവസമായി മുഴുവൻ സമയവും അത്‌ലാന്റിക്സമുദ്രത്തിലാണ്. തെക്കോട്ടു ധ്രുവം ലക്ഷ്യമാക്കിയുള്ള യാത്ര. ലോകത്തെ രണ്ടാമത്തെ വലിയ സമുദ്രം. പത്തുകോടി അറുപതു ലക്ഷം ചതുരശ്ര കിലോമീറ്റർ. ഇന്ത്യയുടെ 32 ഇരട്ടി വലുപ്പമുള്ള സമുദ്രം. ശരാശരി ആഴം മൂന്നര കിലോമീറ്റർ. ഏതാണ്ട് ഇരുപത് നോട്ടിക്കൽ മൈൽ വേഗതയിലാണ് യാത്ര. ഒരു നോട്ടിക്കൽ മൈൽ എന്നാൽ 1.85 കിലോമീറ്റർ. അനന്തമായി തടം കെട്ടി നിൽക്കുന്ന നിശ്ചല തടാകം പോലെ. ശാന്തമായ കടൽ. പരത്തിയിട്ട ടിൻ ഷീറ്റിൽ നിന്നെന്ന പോലെ പ്രതിഫലിക്കുന്ന വെയിൽ.

തണുത്ത കാറ്റടിക്കുമ്പോൾ ബാൽക്കണിയിൽ വെലിലു കൊണ്ടിരിക്കും. അസ്തമയത്തോടെ പിന്നെ നല്ല തണുപ്പാവും. അതോടെ അകത്തേക്കു മടങ്ങും. പിന്നെ പുലർച്ചെ സൂര്യോദയം കാണാൻ ബാൽക്കണി തുറന്നാൽ മഞ്ഞു മലകളെ തഴുകി വരുന്ന തണുത്ത കാറ്റ്. ഇന്ന് കാറ്റിന് അകമ്പടിയായി വല്ലാത്ത ശീതവും. എങ്കിലും ഒരു കപ്പ് കാപ്പി കയ്യിലെടുത്തിരുന്നതിനാൽ അത് ആസ്വാദ്യമായി.

കടൽ നിത്യ വിസ്മയമാണ്. പെട്ടെന്നാണ് കടലിൽ അദ്ഭുതങ്ങൾ സംഭവിക്കുക. ഞങ്ങൾ ബാൽക്കണിയിൽ ഇരിക്കുമ്പോൾ ക്യാപ്റ്റന്റെ അറിയിപ്പു വന്നു. കപ്പലിന്റെ ഇടതു ഭാഗത്തേക്കു ശ്രദ്ധിക്കാൻ. അലാസ്കയെക്കുറിച്ചുള്ള ഒരു സ്പെഷ്യൽ പരിപാടി കാണാൻ കപ്പലിലെ തിയേറ്ററിലേക്ക് പോവാനിരിക്കുകയായിരുന്നു. പെട്ടെന്ന് ഞങ്ങൾ പതിനാറാം നിലയിലേക്കെത്തി. അവിടെ നിന്നാൽ എല്ലാ വശവും കാണാം. കപ്പലിന്റെ ഇടതു വശത്തു കടലിലേക്കു നോക്കിയപ്പോൾ വലിയ തിമിംഗലങ്ങളുടെ ഒരു കൂട്ടം കപ്പലിനെ അനുഗമിക്കുന്നു. അല്പം പേടി തോന്നി. കപ്പലിനേക്കാൾ വലിയ തിമിംഗലങ്ങളും ഉണ്ടാവാമെന്ന് കേട്ടിട്ടുണ്ട്. കാനന പാതയിൽ കാട്ടാനക്കു മുന്നിൽ അകപ്പെട്ട പോലെ. തിമിംഗലങ്ങൾക്കും കൗതുകം തോന്നിക്കാണണം. അവർ പതിവായി കാണാത്ത ജീവിയാണല്ലൊ മുന്നിൽ നീന്തുന്ന കപ്പൽ. ഏതാണ്ട് ഇരുപത് മിനുട്ട് അവ കപ്പലിനെ പിന്തുടർന്നു.

ഇന്ന് ജനുവരി ഇരുപത്തിനാല്. കപ്പൽ ഇടുങ്ങിയ ജലപാതകളിലൂടെയും കനാലുകളിലൂടെയുമാണ് നീങ്ങുന്നത്. ഇനിയാണ് വിഷമം പിടിച്ച ദുർഘടമായ സ്ഥലങ്ങൾ. പരന്നു കിടക്കുന്ന കടലാണെങ്കിലും അവിടവിടെ മഞ്ഞുമലകൾ. മലപ്പുറത്തെ മലയും വയലും പോലെ. കടലിലെ മലയും പുഴയും. ലോകത്തിന്റെ ഏറ്റവും തെക്കേയറ്റത്ത് ദക്ഷിണധ്രുവത്തിനടുത്തു മനുഷ്യവാസമുള്ള ചെറു നഗരമാണ് ഉഷ്വാ. ബ്യൂണസ് അയേഴ്സിൽ നിന്ന് കപ്പലിൽ 85 മണിക്കൂർ (മൂന്നര ദിവസത്തെ ) യാത്ര ചെയ്താൽ എത്തു ഇടം. ഏതാണ്ട് അമ്പതിനായിരമേ വരൂ ജനസംഖ്യ. കപ്പലിലുള്ളതിന്റെ പത്തിരട്ടി മാത്രം. ഇവിടെയാണ് ലോകത്തെ അവസാനത്തെ പോസ്റ്റ് ഓഫീസ്.



*ലോകത്തെ പ്രധാനപ്പെട്ട പത്തു ലൈറ്റ് ഹൗസുകളിലൊന്ന് ഇതാണ്. ചിലിയുടെ ദക്ഷിണ അഗ്രത്തുള്ളത്. അന്റാർട്ടിക്കക്കു മുമ്പുള്ള അവസാനത്തെ ഇടമാണ് കേപ്പ് ഹോൺ. ഇതാണ് എൻഡ് ഓഫ് ദ വേൾഡ് എന്നു വിശേഷിപ്പിക്കുന്നത്. അന്റാർട്ടിക്കയോട് ഏറ്റവുമടുത്തു നിൽക്കുന്ന ജനവാസമുള്ള ഇടം.*

അഞ്ചു ഡോളർ മുടക്കിയാൽ ആ പോസ്റ്റ് ഓഫീസിൽ നിന്നു നാട്ടിലേക്ക് കത്തയക്കാം. ലാസ്റ്റ് പോസ്റ്റ് ഓഫീസിന്റെ സീൽ പതിഞ്ഞ കത്ത്. ചിലരെല്ലാം കൗതുകത്തിനു വേണ്ടി അങ്ങനെ കത്തയച്ചു. ( ആറു മാസം കഴിഞ്ഞിട്ടും അവ നാട്ടിലെത്തിയില്ലെന്നത് വേറെ കാര്യം.)

ഈ ഉഷ്വായിൽ നിന്ന് ഇനിയും 1500 കിലോമീറ്റർ തെക്കോട്ടു പോയാലേ അന്റാർട്ടിക്കയിലെത്തൂ. വേനലിന്റെ മൂർധന്യത്തിൽ ഉഷ്വായിൽ പതിനെട്ടു മണിക്കൂർ വരെ പകലുണ്ടാവും എന്നതാണ് പ്രത്യേകത. ഒട്ടും ചൂടില്ലെങ്കിലും അത്യാവശ്യം വെയിലു കിട്ടും. എന്നാൽ ഒന്നിനു മേലേ മറ്റൊന്നായി അഞ്ചു തരം വസ്ത്രങ്ങൾ ധരിച്ചാണ് പകൽ സമയത്തു പോലും കഴിച്ചു കൂട്ടിയത്. അത്രക്കു തണുപ്പ്. ഉഷ്വായിൽ സന്ദർശകർക്കായി ഒരു കുഞ്ഞിത്തീവണ്ടിയുണ്ട്. അതിൽ കയറി പെൻഗ്വിൻ കോളനികളും കണ്ടാണ് മടങ്ങിയത്.

ദക്ഷിണധ്രുവത്തിലേക്ക് നീണ്ടു കിടക്കുന്ന തെക്കേ അമേരിക്കയുടെ ആൾപ്പാർപ്പില്ലാത്ത മുനമ്പാണ് കേപ്പ് ഹോൺ. പുലർച്ചെ ആറു മണിയോടെ അവിടെയെത്തി. അശാന്തമായ അത്‌ലാന്റിക് സമുദ്രവും ശാന്തമായ പസഫിക് സമുദ്രവും ഒത്തു ചേരുന്നത് ഇവിടെയാണ്. കപ്പലിലിരുന്നു കാണാം, ഫോട്ടൊയെടുക്കാം. പഴയ നാവികർ കണ്ടു പിടിച്ച കപ്പൽച്ചാലാണ് ഇത്. നിരവധി നാവികരെ ജലയാനങ്ങൾക്കൊപ്പം ജീവനോടെ വിഴുങ്ങിയ കടൽ. ഓർത്തപ്പോൾ പേടി തോന്നി.

രേഖപ്പെടുത്തിയ ചരിത്രം വച്ചു നോക്കിയാൽ 1525ൽ ഫ്രാൻസിസ്കോ ഡി ഹോസസ് എന്ന സാഹസി

ക യാത്രികൻ രണ്ടു കപ്പലുകളിലെ യാത്രികരുമായി കൊടുങ്കാറ്റിൽപ്പെട്ടു കാണാതായത് ഇവിടെയാണ്. അതിനാൽ ഹോസസ് പാസേജ് എന്നു ഇതിനെ വിളിക്കണമെന്ന് സ്പെയിൻകാർ ആവശ്യപ്പെടാറുണ്ട്. എന്നാൽ പ്രമുഖ ഇംഗ്ളീഷ് നാവികൻ ഫ്രാൻസിസ് ഡ്രേകിന്റെ പേരിലാണ് അറിയപ്പെടുന്നത്.

പ്രതീക്ഷിച്ചതും പ്രവചിച്ചതും പേടിച്ചതും പോലെ പ്രക്ഷുബ്ധമാതിരുന്നില്ല കടൽ. എന്നാലും നാവികരുടെ ഇടയിലൊരു ചൊല്ലുണ്ട്. ഹോൾഡ് ഓൺ റ്റു യുവർ ഹാറ്റ്സ്. തൊപ്പി മുകുകെ പിടിച്ചോളാൻ. ഏതു സമയത്തും കാറ്റ് നമ്മളെയെടുക്കുമെന്ന്. അതുകൊണ്ട് തൊപ്പി മാത്രമല്ല നമ്മളെത്തന്നെ ഒന്നു കരുതി.

കാറ്റിനെപ്പറ്റിയാണ് പേടിപ്പിച്ചതെങ്കിലും വേറൊന്നാണ് ഇനി മുതൽ പേടിക്കാനുള്ളത്. ഐസ് ബർഗ്. അതിന്റെ അഗ്രങ്ങൾ അവിടവിടെയെല്ലാം കാണാൻ തുടങ്ങി. ഇനിയുള്ള ആയിരത്തഞ്ഞൂറു കിലോമീറ്ററും കടലിൽ ഹിമശൈലങ്ങളുണ്ടാവാം. അവയിൽ ഇടിച്ചാണ് പല കപ്പലുകളും തകർന്നത്. ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തമായ ടൈറ്റാനിക് പോലും.

കേപ്പ് ഹോണിൽ തുറമുഖമില്ലാത്തതിനാൽ കപ്പലിൽ നിന്ന് തന്നെ കര കണ്ടു. പിന്നെ ഒമ്പതു മണിയോടെ വീണ്ടും തെക്കു കിഴക്ക് ദിശയിൽ. പെട്ടെന്ന് ഒരു പക്ഷിക്കൂട്ടം പറന്നു വന്നു. കപ്പലിനെ വട്ടമിട്ടു പറന്നു. പിന്നെ അവ താണു വന്ന് കടൽപ്പരപ്പിൽ ഇരുന്നു. കടലിൽ നീന്തി. വീണ്ടും പറന്നുയർന്നു. ജലവിതാനത്തിലുള്ള അവയുടെ വിശ്രമം ഏറെ കൗതുകം ജനിപ്പിച്ചു. ആകാശവും സമുദ്രവും അവർക്ക് ഒരുപോലെ വഴങ്ങുന്നു.

നേരത്തെ പറഞ്ഞില്ലേ കടലിന്റെ വികൃതിയെപ്പറ്റി. തികച്ചും അപ്രതീക്ഷിതമായിട്ടാവും രൂപമാറ്റം. ജനുവരി ഇരുപത്തഞ്ചിന് രാത്രി കിടക്കുമ്പോൾ ശാന്തമായിരുന്ന കടൽ പിറ്റേന്ന് രാവിലെ ഉണർത്തിയതു തന്നെ സംഹാരതാണ്ഡവമാടിക്കൊണ്ടാണ്. ആടുകയെന്നാൽ ആടുക തന്നെ. ബാത്ത് റൂമിൽ പോണമെങ്കിൽ ജനലു പിടിച്ചു നടക്കണം. അല്ലെങ്കിൽ കള്ളു കുടിയന്റെ നടത്തം പോലെയാവും. പാത്രങ്ങളും ഭക്ഷണപദാർത്ഥങ്ങളും വില കൂടിയ മദ്യക്കുപ്പികളുമെല്ലാം കപ്പൽ ആടിയുലഞ്ഞ് വീണുടയാറുണ്ടെന്ന് ആരോ പറഞ്ഞു.

പത്തടി മാത്രം അകലെയുള്ള കുളിമുറിയലെത്താൻ പോലും ഏറെ പാടു പെട്ടു. ഇന്ന് മുഴുവൻ ഈ അവസ്ഥയിലാവും യാത്രയെന്ന് മുന്നറിയിപ്പും വന്നു. നിൽക്കാനോ ഇരിക്കാനോ കിടക്കാനോ പറ്റാത്ത അവസ്ഥ. ഈശ്വരാ! കടുപ്പമേറിയ കടലിലൂടെയാണ് കപ്പൽ പോവുന്നത്.

ഉച്ചക്ക് ഒരു മണി മുതൽ മൂന്നു മണി വരെ സ്കോളർട്ടു ചാനൽ. പിന്നെ അഞ്ചര വരെ പാരഡൈസ് ബേ. അതു കഴിഞ്ഞ് രാത്രി എട്ടര വരെ ജെർലാക്ക് സ്ട്രെയിറ്റ്. ബൽജിയൻ നാവികൻ ഫ്രാൻസിസ് സ്കോളർട്ടു 1898ൽ കണ്ടു പിടിച്ചതാണ് കടലിലെ ഈ വഴി. അതുകൊണ്ടാണ് ഈ പേരു വന്നത്. അന്റാർട്ടിക്കൻ വൻകരയിൽ നിന്ന് കുഴിച്ചെടുത്ത പോലെ മിക്കവാറും തണുത്തുറഞ്ഞ ഒരു ഉൾക്കടലാണ് പാരഡൈസ്. പാൽമർ ദ്വീപു സമൂഹത്തെയും അന്റാർട്ടിക്കൻ വൻകരയെയും വേർതിരിക്കുന്ന കടൽ.

സ്കോളർട്ടു ചാനൽ കടക്കുന്നതു വരെ കടൽ പ്രക്ഷുബ്ധമായി തുടർന്നു. കഴിഞ്ഞ വർഷം ഇതുപോലൊരു യാത്രയിൽ കപ്പൽ മുഴുവനായി ഒരു വശത്തേക്ക് ചരിഞ്ഞ് സാധനങ്ങളെല്ലാം താഴെ വീണു താറുമാറായത്രെ. ആയിരക്കണക്കിനു മദ്യക്കുപ്പികൾ പൊട്ടിപ്പോയത്രെ. അതാലോചിക്കുമ്പോൾ ഇത്തവണ ശാന്തമാണ്. മദ്യക്കുപ്പികളെല്ലാം അലമാറയിൽ നിന്ന് താഴെയിറക്കി

## ദൂരം: ഭൂമിയെ വലം വയ്ക്കാൻ വേണ്ടതിലധികം




*അൻറാർട്ടിക്കയിൽ പോയതിനു ലഭിച്ച സർട്ടിഫിക്കറ്റ്*

ചോദ്യം: അത്യന്തം പ്രതികൂല സാഹചര്യം നിറഞ്ഞ അന്റാർട്ടിക്കയിലേക്ക് പോവാൻ പേടി തോന്നിയില്ലേ

ഇല്ല, ഒട്ടും ഭയം തോന്നിയിട്ടില്ല. ഈ യാത്രയിൽ മാത്രം ഭൂമിയെ വലം വയ്ക്കാൻ വേണ്ടതിലധികം (40000 കിലോമീറ്റർ) ദൂരം ഞങ്ങൾ തരണം ചെയതിട്ടുണ്ട്. ***ഞാൻ കണ്ടറിഞ്ഞിട്ടുള്ള വസ്തുത റിസ്കെടുത്തു ചെയ്യുന്നതിലൂടെ കിട്ടുന്ന അനുഭവത്തിനു വിലയേറും മധുരം കൂടും എന്നതാണ്.*** ചിലതു പൊതുവായി പങ്കു വയ്ക്കാനേ തോന്നില്ല. നമ്മുടെ ചില സ്വകാര്യ ദുഃഖം പോലെ. നമ്മുടെ സ്വന്തം റിസോർട്ട്. എനിക്കു തോന്നിയിട്ടുണ്ട്. കഴിഞ്ഞ തലമുറ റിസ്കെടുക്കാതെ ഒഴിഞ്ഞു മാറി (എസ്കേപ്പിസം) അഭയം തേടുന്നതിൽ മോചനം കണ്ടു. ഇതു സാമൂഹികാപചയത്തിനു ഒരു കാരണമായെന്നു തോന്നിയിട്ടുണ്ട്.

ചോദ്യം: എങ്കിലും ഏറ്റവും ഭയം തോന്നിയ യാത്രാനുഭവമേതാണ്.

ഉൾക്കിടിലം വിടാതെ പിടി കൂടിയ മൂന്നു ദിവസം പഴയ കൈലാസയാത്രയിലേതാണ്. രണ്ടാമത്തെ കൈലാസ യാത്രയിലെ പരിക്രമണ ദിനങ്ങൾ. ഛർദി കൊണ്ടു ക്ഷീണിച്ചവശയായ രജനിയുമൊത്ത് അമ്പതു കിലോമീറ്റർ ദുർഘട യാത്ര. രണ്ടു രാത്രി ഉറക്കമേയില്ലായിരുന്നു. തിരിഞ്ഞു നോക്കുമ്പോൾ ഞാനൊഴുക്കിയ കയ്പേറിയ ഉപ്പുനീരിൻ "ഭാവത്തിൻ പരകോടിയിലഭാവത്തിൻ" മധുരരുചി ഊറി വരുന്നുണ്ട്. അത്തരമൊരനുഭവം ഒരിക്കൽ വേണം. ഒരിക്കലേ ആകാവൂ.

ചോദ്യം: മറ്റു യാത്രകളിൽ നിന്നു ഈ യാത്രയെ വ്യത്യസ്തമാക്കുന്നത് എന്താണ്.

മനുഷ്യഗന്ധം പോലും എത്താത്ത ഇവിടങ്ങളിൽ പ്രകൃതിയുടെ തനതു ഭാവം നമ്മിൽ പ്രതിഫലിക്കും. ഒരു അലൗകിക ശക്തിയുമായി ട്യൂൺ ചെയ്ത പ്രതീതി. ഇതിന്റെ മറ്റൊരു വശമാണ് ഹിമാലയത്തിൽ. കൈലാസത്തോടടുക്കുമ്പോൾ ആ തരംഗദൈർഘ്യം നമ്പിൽ അനുകൂല കമ്പനമുണ്ടാക്കും. തത്ത്വമസിയും അഹം ബ്രഹ്മാസ്മിയും മേളിക്കുന്നതിവിടെയാവും. യൂറോപ്പിലും അമേരിക്കയിലുമൊക്കെ നമുക്കു ലഭിക്കുന്നത് വെറും ദൃശ്യവിരുന്നാണ്.

വച്ചിരുന്നു. മദ്യത്തിന്റെ കാര്യത്തിൽ കപ്പലിലായാലും കരുതലുണ്ട്. മനുഷ്യജീവനേക്കാൾ കരുതൽ അതിനോടാണോ എന്നു തോന്നിപ്പോയി.

കോളിളക്കങ്ങളിൽ നിന്ന് രക്ഷപ്പെട്ട് പാരഡൈസ് ബേയിലെത്തി.കറുപ്പും വെളുപ്പും കലർന്ന പ്രകൃതി. ഇത്ര ഭംഗിയോടെ കറുപ്പിനെ ചാലിച്ച പ്രകൃതി എങ്ങും കണ്ടിട്ടില്ല. എന്നാൽ തണുപ്പ് കഠിനമാവാൻ തുടങ്ങി. ഡെക്കിലിരുന്നാൽ മരവിക്കുമെന്ന അവസ്ഥ.

പിന്നെയും തെക്കോട്ടാണ് നീങ്ങുന്നത്. ഇനി പ്രശ്നം തണുപ്പാണ്. മൈനസ് ഡിഗ്രിയും കഴിഞ്ഞ് താഴേക്ക് പോവുന്നു. എത്ര പുതച്ചാലും തുളച്ചു കയറുന്ന തണുപ്പ്. പ്രതിരോധിക്കാനുള്ള എല്ലാ അടവുകളും പാഴാവുന്നു. രജനിക്ക് നേരിയ പനിയും ചുമയും. രാത്രിയിലെ ഉറക്കം താറുമാറായി. കാബിനിലെ ഹീറ്റർ കൂട്ടി വച്ചു. എ.സിയുടെ നേരെ വിപരീതമാണ് ഇവിടെ വേണ്ടത്.

ഇന്ന് ജനുവരി 27.അന്റാർട്ടിക്കയോട് ഏറ്റവും അടുത്തു കിടക്കുന്ന എലിഫന്റ് ദ്വീപിലേക്കാണ് ജനുവരി 27 ന്റെ യാത്ര. വൻകരയിൽ നിന്ന് 245 കിലോമീറ്റർ മാത്രമേ ദൂരമുള്ളൂ. പ്രാതലിനു ശേഷം തിയേറ്ററിൽ സീലുകളെക്കുറിച്ചുള്ള ഒരു സെഷനാണ്. ധ്രുവപ്രദേശത്തെ പ്രത്യേകജീവികളാണ് സീലുകൾ. പിന്നെ അന്റാർട്ടിക്കയിൽ പതിക്കുന്ന ഭീമൻ ഉൽക്കകളെക്കുറിച്ചുള്ളത്. അതിഭീകരമായ ആകാശപ്പാറകൾ വന്നു പതിച്ച് അന്റാർട്ടിക്കയിലുണ്ടായ വലിയ ഗർത്തങ്ങളുടെ ദൃശ്യങ്ങൾ. ഭയം തോന്നും. ഇവയെങ്ങാനും തലയിൽ വന്നു വീണാൽ....



**അറ്റ് ദ ടിപ്പ് ഓഫ് ദ വേൾഡ്**

ലോകത്തിന്റെ അവസാന മുനമ്പിൽ,
കേപ്പ് ഹോണിന്റെ മൃതികവാടത്തിൽ,
രക്തസാക്ഷികളായി വിസ്മൃതരായ
എല്ലാ മഹാസമുദ്രങ്ങളിലെയും
നാവികരുടെയും ആത്മാക്കളാണ് ഞാൻ.
കടലിന്റെ ആർത്തലച്ചാർത്തിൽ
അവർ പക്ഷേ, മരിക്കുന്നില്ല.
ഇന്ന്, അവരെന്റെ ചികറിലേറുന്നു
അന്റാർട്ടിക് ഹിമവാതത്തിനൊപ്പം
അനശ്വരതയിലേക്ക് പറക്കുന്നു.

ആശങ്കയും പേടിയും തോന്നി. വൈകുന്നേരത്തെ ആമേട് നൃത്തം കണ്ടതോടെ വീണ്ടും പാരഡൈസിലെത്തിയ അനുഭവം. സർക്കസാണോ നൃത്തമാണോ എന്നറിയാത്ത ഒരു കലാപരിപാടി.

ഇന്നത്തെ പ്രധാന കാഴ്ച ഫാക്ക് ലന്റ് ഐലന്റാണ്. കടൽ സിംഹങ്ങളുടെ നാടാണ് അത്. അന്റാർട്ടിക്കിൽ നിന്ന് വീണ്ടും അകന്നു പോവണം അവിടെയെത്താൻ. ആനത്തല പോലുള്ള രൂപ സാദൃശ്യമാവാം കടൽ സിംഹങ്ങളെന്ന് വിളിക്കാൻ കാരണം. വെറും അറുനൂറു ചതുരശ്ര കിലോമീറ്റർ വലിപ്പമുള്ള ദ്വീപ്. 1914ൽ അന്റാർട്ടിക് പര്യടനത്തിനിറങ്ങിയ ഏണസ്റ്റ് ഷാക്ക്ൾഡൺ ഈ ദ്വീപിൽ കുടുങ്ങി. ഒരു തണുപ്പുകാലം മുഴുവൻ അകപ്പെട്ടു. അന്റാർട്ടിക്ക കണ്ട അപൂർവം രക്ഷപ്പെടുത്തലുകളിലൊന്നായിരുന്നു അദ്ദേഹത്തിന്റേത്.

കപ്പൽ കുറെ നേരം അവിടെ നിർത്തിയിട്ടു. തിമിംഗലങ്ങൾ, പെൻഗ്വിനുകൾ, സീലുകൾ,...

ഇനി വടക്കോട്ടു മടക്കം തന്നെ. വന്ന വഴിയല്ല. ഫാൽക്ക് ലാൻഡ് ദ്വീപുകൾ വഴി. പിന്നെ പോർട്ടു സ്റ്റാൻലി. മാഡ്രിൻ, മോണ്ടി വിഡോ, ഉറുഗ്വേ, വഴി ബ്യൂണസ് അയേഴ്സിലേക്ക്.

തിരിച്ച് ബ്യൂണസ് അയേഴ്സിലെത്തിയത് ഫെബ്രുവരി മൂന്നിന്. കരയിലെത്തി. ഇനി മടക്കമാണ്. ഫെബ്രുവരി അഞ്ചിന് ദുബായ് വഴി കൊച്ചിയിൽ.

സസ്യാഹാരിയായ ഭട്ടതിരിപ്പാട് പൂണൂൽ ഉപേക്ഷിച്ചിട്ടില്ല. രണ്ടു നേരവും ഗായത്രിയും മുടക്കാറില്ല. യോഗയും സൂര്യനമസ്കാരവും കൂട്ടിനുണ്ട്. ഉപനയനവും സമാർവത്തനവും എല്ലാം ചെയ്ത രണ്ടാൺമക്കൾ. മൂത്തമകൻ സാജൻ തൃശൂരിൽ കാത്തലിക് സിറിയൻ ബാങ്കിൽ. രണ്ടാമൻ സഞ്ജയൻ എച്ച്.ഡി.എഫ്സിയിൽ മാനേജർ. ●

**മൊബൈൽ 9744999300**


യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

**ചെക്ക് /ഡ്രാഫ്ട്, എം.ഒ.** എന്നിവ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി എന്ന പേരിൽ താഴെ കാണിച്ച മേൽവിലാസത്തിൽ അയക്കുക.

**യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,ജില്ലാ ആസ്ഥാനമന്ദിരം,**
**കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,**
**പി.ഒ. ചേവായൂർ, കോഴിക്കോട് 673017**



വാർഷിക വരിസംഖ്യ 200 രൂപ

വരിസംഖ്യ /പരസ്യം തുക അടക്കാൻ :
Net Banking

| | |
|---|---|
| Name of A/c: | Yogakshema sabha Kozhikode Dt. Committee |
| Bank: | DhanalakshmiBank |
| Branch: | Chevarambalam |
| A/c No. | 013303800000664 |
| IFSC | DLXB0000133 |

തുക അടച്ച വിവരം 9447332611 ഈ നമ്പറിൽ
നാറണിയാട് ദാമോദരൻ നമ്പൂതിരിക്ക് വാട്സ് ആപ് ചെയ്യണം

**സ്വസ്തി കിട്ടിയില്ലെങ്കിൽ വിളിക്കാം**

Missed call 9895621493

# കവിതയുടെ ഡി.എൻ.എ കണ്ടുപിടിച്ച ആൾ

ശ്രീവല്ലഭന്റെ ശാന്തിക്കാരൻ എന്നു വിശേഷിപ്പിച്ചാൽ ആരെങ്കിലും വിഷ്ണു നാരായണൻ നമ്പൂതിരിയെ തിരിച്ചറിയുമോ. യോഗക്ഷേമസഭയുടെ മാസികയിലെങ്കിലും ആ വിശേഷണം ആവാം. കാശിനു വേണ്ടിയല്ലാതെ ഭഗവത് സേവക്കായി ഒരു ക്ഷേത്രത്തിൽ ഉപാസകനായ കവി! തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് ഇംഗ്ലീഷ് വകുപ്പ് അധ്യക്ഷനായി വിരമിച്ച ശേഷമാണ് മൂന്നു വർഷം തിരുവല്ലയിൽ ശാന്തിക്കാരനായത്. സാഹിത്യജീവിതത്തിലും ഇത്തരം വേറിട്ട വഴികളിലൂടെയായിരുന്നു യാത്ര. കവിതയുടെ ഡി.എൻ.എ എന്നാണ് അദ്ദേഹം രചിച്ച ഒരു പുസ്തകത്തിന്റെ പേര്!



1939 ജൂൺ 2 / 2021 ഫെബ്രുവരി 25

ആത്മീയദാഹം തീർക്കാൻ ഹിമാലയത്തിൽ പോവുന്ന പോലെയായിരുന്നു കവിക്ക് ശ്രീവല്ലഭന്റെ ശാന്തിപ്പണി. ഇങ്ങനെ ചെയ്ത ഒരു പ്രൊഫസറേ അക്കാഡമിക് ചരിത്രത്തിലുണ്ടാവൂ. തിരുവല്ല എന്നാൽ ശ്രീവല്ല തന്നെ. താമസം തിരുവനന്തപുരത്ത് ആക്കിയപ്പോഴും ശ്രീവല്ലിയെന്നായിരുന്നു ഇല്ലത്തിനു പേര്.

ഒരു വർഷമായിപൂർണമായ മറവി രോഗം ബാധിച്ച അവസ്ഥയായിരുന്നു. പക്ഷേ, കവിയെ നമുക്ക് മറക്കാനാവില്ലല്ലോ. മരിച്ചാലും. കവികൾക്ക് മരണമില്ലല്ലോ. കവിതയിലൂടെ സഹസ്രാബ്ദങ്ങൾ ജീവിക്കുന്നവരാണ് മികച്ച കവികൾ. വിഷ്ണുപാദത്തിൽ തന്നെയല്ലേ വിഷ്ണുവും നാരായണനുമായ ഒരാൾക്ക് ചെന്നു ചേരാനാവൂ. പ്രാർത്ഥിക്കാം അതിനായി.

പത്തു വർഷം മുമ്പ് ഒരു ലക്ഷം രൂപ അവാർഡായി കിട്ടിയപ്പോൾ കവിപറഞ്ഞത് ഇത്രയൊന്നും കാശ് തനിക്ക് വേണ്ടെന്നാണ്. അങ്ങേയറ്റം ലളിതമായിരുന്നു ജീവിതം. അല്പം നേദ്യച്ചോറും മോരും എന്നു പറയാറില്ലേ. അത്രക്ക് ലളിതം.

ഹിമവാനെയും കാളിദാസനെയും ഇത്രക്ക് ഉള്ളിൽ ചേർത്ത മറ്റൊരാളുണ്ടാവില്ല. പാരമ്പര്യവും ആധുനികതയും ഒന്നുചേർന്ന കാവ്യസംസ്കാരം. ഉപനയനത്തിനു മുമ്പ് ശുദ്ധമായി മുങ്ങിക്കുളിക്കാൻ പഠിച്ചത് പോലും അസ്സൽ നീരാട്ടായി കവിതയാക്കി മാറ്റി വിഷ്ണു. വേദങ്ങൾ, സംസ്കൃതസാഹിത്യം, യൂറോപ്യൻ കവിത, മലയാളകവിത എന്നിവയെല്ലാം ആ കവിതകളിൽ ഒത്തുചേർന്നു.

അധ്യാപകനായിരുന്നു. പത്രാധിപരായിരുന്നു. 2014 ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്. കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡുകളും എഴുത്തച്ഛൻ പുരസ്കാരവും ഉൾപെടെ നിരവധി അവാർഡുകളും ലഭിച്ചിട്ടുണ്ട്.

1939 ജൂൺ രണ്ടിന് തിരുവല്ലയിലാണ് ജനനം. പിതാവ് വിഷ്ണുനമ്പൂതിരി, മാതാവ് അദിതി അന്തർജനം. മുത്തച്ഛനിൽ നിന്ന് സംസ്കൃതവും വേദവും പുരാണങ്ങളും പഠിച്ചു. കൊച്ചുപെരിങ്ങര സ്കൂൾ, ചങ്ങനാശേരി എസ്ബി കോളജ്, കോഴിക്കോട് ദേവഗിരി കോളജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം.

എംഎയ്ക്ക്ശേഷം മലബാർ ക്രിസ്ത്യൻ കോളജിൽ ഇംഗ്ലിഷ് അധ്യാപകനായി. കൊല്ലം എസ്എൻ കോളജിലും വിവിധ സർക്കാർ കോളജുകളിലും അധ്യാപകനായിരുന്നു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് ഓഫിസറും ഗ്രന്ഥാലോകം മാസികയുടെ പത്രാധിപരുമായിരുന്നു. കേരള സാഹിത്യ അക്കാദമി, പ്രകൃതി സംരക്ഷണസമിതി, കേരളകലാമണ്ഡലം തുടങ്ങിയവയുടെ ഭാരവാഹിയായും പ്രവർത്തിച്ചു.

യാത്രകളെ ഒരുപാടിഷ്ടമായിരുന്ന കവി അമേരിക്ക, ഇംഗ്ലണ്ട്, അയർലൻഡ്, ഗ്രീസ് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. എട്ടുതവണ ഹിമാലയത്തിലേക്കു പോയി. കാളിദാസകവിതയുമായി ആത്മൈക്യം നേടിയ കവിയായിരുന്നു വിഷ്ണുനാരായണൻ നമ്പൂതിരി. അദ്ദേഹത്തിന്റെ 'ഉജ്ജയനിയിലെ രാപ്പകലുകൾ', 'ഇന്ത്യയെന്ന വികാരം' തുടങ്ങിയ കവിതകളിലൊക്കെ ഇതിന്റെ സാക്ഷാത്കാരം കാണാം. സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു ഗീതം, പ്രണയഗീതങ്ങൾ, ഭൂമിഗീതങ്ങൾ, ഇന്ത്യയെന്ന വികാരം, മുഖമെവിടെ?, അതിർത്തിയിലേക്ക് ഒരു യാത്ര, ആരണ്യകം, അപരാജിത, ഉജ്ജയിനിയിലെ രാപകലുകൾ, പരിക്രമം, ശ്രീവല്ലി, ഉത്തരായനം, തുളസീദളങ്ങൾ, രസക്കുടുക്ക, വൈഷ്ണവം (കവിത), കവിതയുടെ ഡിഎൻഎ, അസാഹിതീയം, അലകടലുകളും നെയ്യാമ്പലുകളും (ലേഖനസമാഹാരം). ഗാന്ധി, സസ്യലോകം, ഋതുസംഹാരം (വിവർത്തനം), കുട്ടികളുടെ ഷേക്സ്പിയർ (ബാലസാഹിത്യം), തുടങ്ങിയവയാണ് പ്രധാന കൃതികൾ.

കേരള സാഹിത്യ അക്കാദമി അവാർഡ് (1979), ഓടക്കുഴൽ അവാർഡ് (1983), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1994,) ആശാൻ പുരസ്കാരം (1996), കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനാ പുരസ്കാരം (2004), മാതൃഭൂമി സാഹിത്യ പുരസ്കാരം (2010), വള്ളത്തോൾ പുരസ്കാരം (2010), വയലാർ അവാർഡ് (2010), ചങ്ങമ്പുഴ പുരസ്കാരം (1989) ഉള്ളൂർ അവാർഡ് (1993), സാഹിത്യകലാനിധി സ്വർണമുദ്ര, വീണപൂവ് ശതാബ്ദി പുരസ്കാരം (2008), എഴുത്തച്ഛൻ പുരസ്കാരം (2014) തുടങ്ങിയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഭാര്യ; സാവിത്രി, മക്കൾ: അദിതി, അപർണ. ●

# 1921 / 2021

# ഇരകളുടെ നൂറ്റാണ്ട്

ബ്രിട്ടീഷ് മലബാർ ജില്ലയിലെ ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ 1921ൽ നടന്ന ലഹളകളുടെ ഇരകളായ നമ്പൂതിരിമാരെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല.അവർക്കൊന്നും ഒരു നഷ്ടപരിഹാരവും ലഭിച്ചിട്ടുമില്ല. കൊല ചെയ്യപ്പെട്ടവരുടെ കുടുംബങ്ങൾക്കു പോലും. നേരെ മറിച്ച് കൊല നടത്തിയവർ സ്വാതന്ത്ര്യ സമരപെൻഷൻ വാങ്ങുകയും ചെയ്തു. കൊടിയ അനീതിയായിരുന്നു അത്.

ചുഴലിപ്പുറം വാസുദേവൻ നമ്പൂതിരി, ചെമ്പാഴി വിഷ്ണു നമ്പൂതിരി, ആറ്റുപുറം വാസുദേവൻ നമ്പൂതിരി തുടങ്ങിയവരെല്ലാം കൊല ചെയ്യപ്പെട്ടത് അഞ്ചാറു കിലോമീറ്ററിനുള്ളിലാണ്. ഇതുപോലെ വേറെയും നിരവധി നമ്പൂതിരിമാർ ശിരച്ഛേദം ചെയ്യപ്പെട്ടതിന്റെ ഓർമ്മകളുമായാണ് ഈ ഇല്ലങ്ങളിലെ പിൻമുറക്കാർ കഴിയുന്നത്. ചെമ്പാഴിയിലെ കൊല നേരിൽ കണ്ടതിന്റെ ഓർമ്മയുമായാണ് പേരക്കുട്ടി ദേവകി അന്തർജനം ജീവിച്ചത്. ഇരകളോട് കാണിക്കേണ്ട ഒരു പരിഗണന ഈ സമയത്തെങ്കിലും വേണ്ടതാണ്. ചുരുങ്ങിയത് സത്യത്തെ സത്യമായെങ്കിലും കാണുന്ന കണ്ണ്. അതെങ്കിലും ഈ സമുദായത്തോട് ചരിത്രകാരന്മാർ കാട്ടണം.

മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരി 'ഖിലാഫത്ത് സ്മരണകളി' ലും മഹാകവി കുമാരനാശാൻ 'ദുരവസ്ഥ ' യിലും കെ.മാധവൻ നായർ 'മലബാർ കലാപ' ത്തിലും കെ.പി.കേശവമേനോൻ 'കഴിഞ്ഞ കാല' ത്തിലും ഗദ്യത്തിലും പദ്യത്തിലും പ്രതിപാദിച്ചിട്ടുണ്ട് അന്നത്തെ ഇരകൾ നേരിട്ട ക്രൂരതകൾ. ചില സർക്കാർ രേഖകളിലും വിശദാംശങ്ങൾ ഉണ്ട്. മുമ്പൊരു ലക്കം സ്വസ്തിയിലും അവയിലെ ചില സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

മാപ്പിള ലഹളക്കാരിൽ നിന്ന് നിരപരാധികളായ നമ്പൂതിരിമാരും മറ്റും അനുഭവിക്കേണ്ടി വന്ന കൊല- കൊള്ള- മതംമാറ്റ-പീഡനമടക്കമുള്ള രേഖപ്പെടുത്താതെ പോയ നിരവധി സംഭവങ്ങളുണ്ട്. സ്വാതന്ത്ര്യ സമരവുമായി പുലബന്ധം പോലുമില്ലാത്തവ. ക്രൂരകൃത്യങ്ങളുടെ കലാപകാലത്ത് നിരപരാധികളായ 'ഇരകൾ' അനുഭവിച്ച സങ്കടങ്ങൾ രേഖപ്പെടുത്തപ്പെടാതെ പോകരുതെന്ന സദുദ്ദേശത്തോടെ ഏതാനും കഥനങ്ങൾ സ്വസ്തിയുടെ ഈ ലക്കത്തിൽ അവതരിപ്പിക്കുന്നു .വായനക്കാർക്ക് ഇതുപോലെയോ വ്യത്യസ്തമായതോ ആയ അറിവുകൾ ഉണ്ടെങ്കിൽ സ്വസ്തിയുമായി പങ്കുവെക്കാവുന്നതാണ് – പത്രാധിപർ



### 1921ലെ മാപ്പിള ലഹളയിൽ നാടുവിട്ട ഒരു നമ്പൂതിരിയുടെ

# ഡയറിക്കുറിപ്പുകൾ

**ലേഖനങ്ങളിൽ ആരും ഉൾക്കൊള്ളിക്കാതെ കിടന്ന ചരിത്രശേഷിപ്പുമായി കരിക്കാട് പാലശ്ശേരിഇല്ലത്തെ തന്റെ അച്ഛൻ നാരായണൻ നമ്പൂതിരിയുടെ ഡയറിയെ ഉപജീവിച്ച് തയ്യാറാക്കിയത്**


**എം.പി.ഉണ്ണികൃഷ്ണൻ നമ്പൂതിരി**

ഞങ്ങളുടെ അച്ഛൻ മൂത്തേടത്ത് പാലശ്ശേരി നാരായണൻ നമ്പൂതിരി (1903_1989) ഡയറി എഴുതാൻ തുടങ്ങിയത് പതിനെട്ടാം വയസ്സു മുതലാണ്. പതിനെട്ടു വയസ്സെന്നാൽ 1921 കാലം. എൺപത്തി ആറാം വയസ്സിൽ മരിക്കുന്നതിനു ഏതാനും ദിവസങ്ങൾ മുമ്പു വരെ മുടങ്ങാതെ ഡയറി എഴുതിയിരുന്നു.

ചരിത്രത്തിനു മറക്കാൻ കഴിയാത്ത 1921 ലെ ഡയറിയിലുള്ള ചില വിവരങ്ങളും അച്ഛനുമായി എന്റെ ജ്യേഷ്ഠൻ 1970ൽ സംസാരിച്ച് റിക്കാർഡ് ചെയ്ത് വെച്ച അഭിമുഖ സംഭാഷണത്തിൽ നിന്നുള്ളതും, പല അവസരങ്ങളിലായി അച്ഛൻ നേരിട്ടു പറഞ്ഞ വസ്തുതകളുമാണ് ഇവിടെ കുറിക്കുന്നത്.,

ചെറുപ്പകാലത്തെക്കുറിച്ച് റിക്കാർഡ് ചെയ്തു വെച്ച അച്ഛന്റെ വാക്കുകളിൽ നിന്ന്.

'ഞാൻ സമാവർത്തനം കഴിഞ്ഞ് തെന്നാടിന്റെ ശിക്ഷണത്തിൽ വേദാദ്ധ്യയനം കഴിഞ്ഞ് ഇരിക്കുന്ന കാലം. തെന്നാട്, മണ്ണഴി, പുല്ലൂര്, മൂത്തേടം എന്നിവരുടെ കൂടെ



— 66 —
Friday, October 21, 1921

***ചരിത്രത്തിനു സാക്ഷി :*** *1921ഒക്ടോബർ 21 വെള്ളിയാഴ്ച തളിപ്പറമ്പിലെ മൂത്തേടത്ത് മല്ലിശ്ശേരിയിൽ അഭയാർത്ഥിയായി കഴിയുമ്പോൾ എഴുതിയ ഡയറിക്കുറിപ്പിൽ നിന്ന്.*

**ഇന്ന മൂത്തെടത്ത മല്ലിശ്ശീരി നമ്പൂതിരിയുടെ ഇല്ലത്ത തന്നെ. വിശെഷാൽ ഒന്നു ഇല്ല. 3 മണിക്ക പുറപ്പെട്ടു.5 മണിക്ക നരിക്കൊട്ട എത്തി. നാരായണന ചായക്ക കൊടുത്ത ചില പണം 2-0 അടികളെടത്തിനൊട കടം വാങ്ങിയാണ**

*മലയാളലിപിയിൽ ചന്ദ്രക്കലയും ദീർഘ കെട്ടുപുള്ളിയും ഒന്നും ആരംഭിച്ചിട്ടില്ലാത്ത കാലമാണ് അത്. ഭാഷയിൽ അത് പ്രകടം. ഈ എന്നതിന് ഠരം എന്നായിരുന്നു പൊതുവെ എഴുതിയിരുന്നത്.*

# ജ്ഞാനത്തിന്റെ ഉപാസകരായിരുന്ന കാണിപ്പയ്യൂർ മനയിലെ മനീഷികൾ



### പഞ്ചാംഗം പ്രസ്സും പുസ്തകശാലയും

ചിന്തകനും സമൂഹപരിഷ്ക്കരണകർമ്മനിരതനും ഗ്രന്ഥകാരനുമായിരുന്ന പണ്ഡിതരാജൻ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ (1891-1981) മുൻഗാമികളും പിൻഗാമികളുമായി കുലവിദ്യകളായ വാസ്തുശാസ്ത്രവും ജ്യോതിഷവും കൈകാര്യം ചെയ്ത നിരവധി വിദ്യാവ്യസനികൾ ഇവിടെ വാണിരുന്നു. പ്രസ്തുത കിലവിദ്യകളുടെ അധീതിബോധാചരണപ്രചരണങ്ങളിൽ അവർ നിഷ്ണാതരായിരുന്നു. വാസ്തുവിദ്യയുടേയും ജ്യോതിശ്ശാസ്ത്രത്തിന്റേയും വിനിയോഗം ഒരു നിയോഗംപോലെ അവർ ഏറ്റെടുത്തു. ജനപദകേന്ദ്രങ്ങളിലുയർന്നുവന്ന ദേവാലയങ്ങളുടേയും മനുഷ്യാലയങ്ങളുടേയും നിർമ്മിതിയിൽ കാണിപ്പയ്യൂർ നമ്പൂതിരിമാരുടെ വാസ്തുശാസ്ത്ര - ജ്യോതിശ്ശാസ്ത്ര വൈദഗ്ദ്ധ്യം മേളിച്ചു.

കാണിപ്പയ്യൂര് ശങ്കരൻ നമ്പൂതിരിപ്പാട് നമ്പൂതിരിയുവജനസംഘം കാര്യദർശിയായും യോഗക്ഷേമസഭാദ്ധ്യക്ഷനായും പഴയകാലത്തെ സാമൂഹികപരിഷ്ക്കരണപ്രസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ചു. യോഗക്ഷേമപഞ്ചാംഗം ആദ്യം ഗണിച്ചത് കാണിപ്പയ്യൂർ പരമേശ്വരൻ നമ്പൂതിരിപ്പാടായിരുന്നു (1878-1921). അത് അച്ചടിക്കാനായി ശങ്കരൻ നമ്പൂതിരിപ്പാട് 1929 ൽ പഞ്ചാംഗം പ്രസ്സ് സ്ഥാപിച്ചു. നമ്പൂതിരിനവോത്ഥാനപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന വി.ടി.യുടേയും എം.ആർ.ബി.യുടേയും പ്രേരണ ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. ഗ്രന്ഥങ്ങൾ അച്ചടിച്ചു വിതരണം ചെയ്ത് സമൂഹത്തിന് അറിവും ആത്മവിശ്വാസവും നൽകി ഉണർത്തുക എന്ന മഹായജ്ഞത്തിന്നാണ് അദ്ദേഹം നാന്ദികുറിച്ചത്. സംസ്കൃതമലയാള നിഘണ്ടു, ഔഷധനിഘണ്ടു, എന്റെ സ്മരണകൾ (3ഭാഗം), ആര്യന്മാരുടെ കുടിയേറ്റം (4 ഭാഗം), നായന്മാരുടെ പൂർവ്വചരിത്രം (2 ഭാഗം), നമ്മുടെ നാട്ടുരാജ്യങ്ങൾ, ജ്യേഷ്ഠനായ കാണിപ്പയ്യൂർ ദാമോദരൻ നമ്പൂതിരപ്പാട് (1889-1935) ക്രമീകരിച്ചു വെച്ചിരുന്ന തന്ത്രസമുച്ചയം (ശില്പഭാഗം), തച്ചുശാസ്ത്രത്തിലെ ഗൃഹനിർമ്മാണത്തെ പ്രതിപാദിയ്ക്കുന്ന ആധികാരിക ഗ്രന്ഥവും തിരുമംഗലത്ത് നീലകണ്ഠൻ രചിച്ചതുമായ മനുഷ്യാലയചന്ദ്രികയ്ക്കുള്ള വ്യാഖ്യാനം തുടങ്ങി ചരിത്രപരമായി പ്രാധാന്യം ഉൾക്കൊള്ളുന്ന അമ്പതിലധികം ഗ്രന്ഥങ്ങളുടെ രചയിതാവായിരുന്നു ശങ്കരൻ നമ്പൂതിരിപ്പാട്. ദന്തഗോപുരനിവാസിയായ ഒരു പണ്ഡിതനായിരുന്നില്ല അദ്ദേഹം. കണ്ണും കാതും മനസ്സും ചുറ്റുപാടുകളിലേക്കു തുറന്നിട്ട ആ മനീഷി സ്വഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയ ഗതകാലജീവിതചിത്രങ്ങളും നിരീക്ഷണങ്ങളും കേരളസമൂഹത്തിന്റെ ചരിത്രം പഠിയ്ക്കുന്ന വിദ്യാർത്ഥിയ്ക്ക് ഏറെ പ്രയോജനപ്പെടും.

**മഹത്തായ ആ പാരമ്പര്യത്തിന്റെ ആധുനികകാലത്തെ വക്താക്കളും പ്രയോക്താക്കളുമാണ് വാസ്തുശാസ്ത്രവിശാരദരായ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ കനിഷ്ഠസഹോദരനായ കാണിപ്പയ്യൂർ പരമേശ്വരൻ നമ്പൂതിരപ്പാടും ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധനായ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാടും.**

### കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് സ്മാരകഗ്രന്ഥശാല

ശങ്കരൻ നമ്പൂതിരിപ്പാടിന്റെ സ്വന്തം ശേഖരത്തിലുള്ളതും ബ്രാഹ്മണഗൃഹങ്ങളിൽനിന്ന് സംഭാവനയായി ലഭിച്ചതുമായ സംസ്കൃതലിപിയിലുള്ള പുരാണം, ഇതിഹാസം, ജ്യോതിഷം, ആയുർവ്വേദം, തച്ചുശാസ്ത്രം, തന്ത്രം, സംഗീതം തുടങ്ങിയ വിവിധ വിഷയങ്ങളിലുള്ള ആയിരത്തോളം ഗ്രന്ഥങ്ങളും മുന്നോറോളം താളിയോലകളുമായാണ് 1991 ൽ കാണിപ്പയ്യൂർ സ്മാരകഗ്രന്ഥശാല നിലവിൽ വന്നത്. സംസ്കൃതത്തിലെ പഴയ വിജ്ഞാനശാഖകളുമായി ബന്ധപ്പെട്ട പഴയതും പുതിയതുമായ ഗ്രന്ഥങ്ങളും; മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പുതുകൃതികളും, പഴയഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഗവേഷണവിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന നിരവധി രേഖകൾ, ഉണ്ണിനമ്പൂതിരി പോലുള്ള പഴയ മാസികകളും വിവിധതരത്തിലുള്ള സംസ്കൃതഭാഷാസഹായികളും ലൈബ്രറിയിൽ സമാഹരിച്ചിട്ടുണ്ട്.



### പുതിയസംരംഭം

വേദങ്ങൾ, വേദാംഗങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ, സ്മൃതികൾ മുതലായ ഇരുനൂറോളം വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രാചീന ഭാരതീയവിജ്ഞാനശാഖകളെ പുതുതലമുറയ്ക്കു പരിചയപ്പെടുത്താനുള്ള ഒരു പദ്ധതിയാണ് ഗ്രന്ഥശാലാപ്രവർത്തകർ ഏറ്റെടുത്തിട്ടുള്ളത്. അറിവിന്റെ ആകരമായ സംസ്കൃതത്തിലെ വിജ്ഞാനമണ്ഡലങ്ങളെ അധികരിച്ച് ഒരു ബൃഹത് ഗ്രന്ഥപരമ്പര; പ്രസ്തുത വിജ്ഞാനശാഖകളെ പരിചയപ്പെടുത്തുന്ന അമരഭാരതി - ഭാരതീയവിജ്ഞാനധാരകൾ, ഋഗ്വേദഭൂമിക, സാമവേദദർപ്പണം, യജുർവ്വേദസമീക്ഷ, അഥർവ്വവേദാലോകം, വ്യാകരണമെന്ന വേദാംഗം, കല്പം ഒരു സമഗ്രവേദാംഗം, ആരണ്യകങ്ങൾക്ക് ഒരാമുഖം, ഉപനിഷത്തുക്കളുടെ ലോകം(2ഭാഗം), ബ്രാഹ്മണങ്ങൾ ഒരു പഠനം, ശിക്ഷാവേദാംഗം, ന്യായദർശനം, കൗടിലീയർത്ഥശാസ്ത്രം, സ്മൃതിഗ്രന്ഥങ്ങൾ, നിരുക്തമെന്ന വേദാംഗം, ധനുർവ്വേദംപുരാതന ഭാരതത്തിന്റെ ആയോധനശാസ്ത്രം, ശ്രുതിസൗരഭം, വേദദീപിക, വേദപാഠസംരക്ഷണം, വേദകിരണങ്ങൾ, വൃത്തവും അലങ്കാരവും, സന്ധിയും സമാസവും സംസ്കൃതത്തിൽ, സർവ്വജ്ഞശങ്കരം തുടങ്ങി വേദങ്ങൾ, വേദാംഗങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ, സ്മൃതികൾ മുതലായ വിഷയങ്ങളുമായി ബന്ധപ്പെട്ട 30 ലധികം പുസ്തകങ്ങൾ പുതിയതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്കൃതഭാഷ(3ഭാഗം), അമരകോശം, സിദ്ധരൂപം എന്നിവയാണ് ഗ്രന്ഥശാലയിൽനിന്ന് പുറത്തിറക്കിയ മറ്റു ഗ്രന്ഥങ്ങൾ.

**കാണിപ്പയ്യൂർ**
**പഞ്ചാംഗം പ്രസ്സ് & പുസ്തകശാല**
**കുന്നംകുളം, തൃശ്ശൂർ ജില്ല.**
**PH: 04885 – 222810, 221990**

**ശങ്കരൻ നമ്പൂതിരിപ്പാട് സ്മാരകഗ്രന്ഥശാല**
**(കാണിപ്പയ്യൂർ) PH: 04885 – 211851**

എന്റെ സമപ്രായക്കാരായ കിടങ്ങഴി നമ്പൂരി, തെന്നാട് നാരായണൻ എന്നിവർ തൃശൂർക്ക് ഓത്തൂട്ടിനു പോവുന്നുണ്ടെന്നു എന്നെ അറിയിച്ചു. എന്നേയും കൂടെ കൂട്ടണമെന്ന് അവർക്ക് മോഹം.

പുറം ലോകം കാണാൻ കിട്ടിയ ഒരവസരം. പ്രത്യേകിച്ച് തറവാട്ടിലെ ഉത്തരവാദിത്തങ്ങളൊന്നും ഞാൻ ഏറ്റെടുത്തിട്ടില്ലാത്ത സമയമാണു താനും. കൂട്ടുകാരോടൊത്തുള്ള യാത്രക്ക്, അതും ഓത്തൂട്ടിനായതിനാൽ അമ്മയും വല്യമ്മയും സമ്മതവും തന്നു'

ഓത്തൂട്ടിനു ഇറങ്ങിയവർ ആദ്യം ഗുരുവായൂർക്കാണ് പോയതെന്ന് ഡയറിയിൽ നിന്നും മനസ്സിലാക്കാം.

1094 ചിങ്ങം 1 (1921 ആഗസ്റ്റ് 17) ഡയറിയിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്. കലാപം തുടങ്ങുന്നതിനു മുമ്പുള്ളതാണ് ഈ കുറിപ്പ്.

'ഇന്ന് ഗുരുവായൂര ആയിരുന്നു വിശേഷാൽ ഒന്നും ഇല്ല. ഗുരുവായൂരിൽ നിന്നും തൃശ്ശൂരിലെത്തി.ഒല്ലൂക്കര പൂത്രക്കോവിൽ അമ്പലത്തിലാണ് ഓത്തൂട്ട്.'

ആ ദിവസങ്ങളെപ്പറ്റി അച്ഛൻ അഭിമുഖത്തിൽ പറഞ്ഞത് ഇങ്ങനെ:

'ഒല്ലൂക്കര അമ്പലത്തിലും , പെരുമ്പടപ്പിലും, വെള്ളാനിയിലും കൂട്ടുകാരൊത്ത് ഓത്തൂട്ടും, സദ്യയും രസകരമായി ഒന്നര മാസം കഴിഞ്ഞതറിഞ്ഞില്ല. അതിനിടയിലാണ് മഞ്ചേരിയിൽ ലഹള തുടങ്ങി എന്നു കേട്ടത്. പുല്ലൂരിന്റെ ബാങ്ക് കൊള്ളയടിച്ചെന്നും പല ഇല്ലങ്ങളിലും ലഹളക്കാർ കയറി എന്നും കേട്ടു.

ഇല്ലത്തെ അവസ്ഥ ചിന്തിച്ചപ്പോൾ ഉള്ളിലൊരു നടുക്കം. ഇല്ലത്ത് രണ്ട് അമ്മമാർ മാത്രമാണ് ഉള്ളത്.അച്ഛൻ മരിക്കുമ്പോൾ എനിക്ക് ഒമ്പതു വയസ്സായിരുന്നു. ഉപിനിച്ചിരിക്കുന്ന കാലത്താണ് അച്ഛൻ മരിച്ചത് . അതിനു ശേഷം സമാവർത്തനം കഴിഞ്ഞ് ഓത്തുചൊല്ലാൻ വല്യമ്മയുടെ ഇല്ലമായ തെന്നാട്ടായിരുന്നു താമസം.ഇല്ലത്ത് വല്യമ്മയും അമ്മയും സഹായത്തിനായി പ്ണാവ് (ഇരിക്കണമ്മ ) നാണിയും കാര്യസ്ഥനായി ഗോവിന്ദനും ഉണ്ടാകും. അതായിരുന്നു ഇല്ലത്തെ സാഹചര്യം.

എനിക്ക് ഇല്ലത്തെത്താൻ ധൃതിയായി. കൂടെയുള്ളവരോട് യാത്ര പറഞ്ഞ് ഞാൻ ഷൊർണ്ണൂർക്ക് വണ്ടി കയറി. ഷൊർണ്ണൂർ റെയിൽവെ സ്റ്റേഷനിൽ വെച്ച് ഇല്ലത്തെ കാര്യസ്ഥൻ ഗോവിന്ദനെ കണ്ടു. എന്നെ കൂട്ടി കൊണ്ടു വരാൻ തൃശൂർക്ക് അമ്മമാർ പറഞ്ഞയച്ചതാണ് ഗോവിന്ദനെ. ഗോവിന്ദന്റെ കൂടെ തിരൂരിലേക്ക് ടിക്കറ്റെടുത്തു തിരൂരിൽ എത്തി. തീവണ്ടി




*നാരായണൻ നമ്പൂതിരിയും ദേവസേന അന്തർജ്ജനവും.*

ആഫീസിലോ പുറത്ത് നിരത്തിലോ ജനങ്ങളെ അധികം കാണാനില്ല. മഞ്ചേരിയിലേക്ക് എത്തിപ്പെടാൻ യാതൊരു മാർഗവുമില്ല. യാത്രക്കാരായി ആരുമില്ല. പലയിടത്തും പട്ടാളക്കാരെ കാണാനുണ്ട്.

ഈ സമയത്തുള്ള യാത്ര സുരക്ഷിതമല്ലാത്തതിനാൽ ഞങ്ങൾ സന്ധ്യയ്ക്കു മുമ്പായി തൃക്കണ്ടിയൂർ അമ്പലത്തിലേക്കു പോയി. കുളിച്ചു തൊഴുതു. പട്ടാളക്കാർ നാളെ രാവിലെ മഞ്ചേരിയിലേക്കാണ് പോകുന്നതെന്ന് അമ്പലത്തിൽ വെച്ച് ചിലർ പറയുന്നതു കേട്ടു. ഭക്ഷണവും കഴിച്ച് അമ്പലത്തിന്റെ പത്തായപ്പുരയിൽ കിടന്നു.രാവിലെ പട്ടാളക്കാരുടെ കൂടെ പോകാമെന്ന് ഞാനും ഗോവിന്ദനും തീരുമാനിച്ചു.

പുലർച്ചെ എണീറ്റ് മഞ്ചേരിയിലേക്കുള്ള നിരത്തു വക്കിലെത്തി. പട്ടാളക്കാർ വരുന്നതും നോക്കിയിരുന്നു. തിരൂർ നിന്നു നടന്നു വരുന്ന പട്ടാളക്കാരുടെ ബൂട്ട്സിന്റെ ശബ്ദം ദൂരെ നിന്നു കേട്ടുതുടങ്ങി. ഇത്രയധികം പട്ടാളക്കാരെ ആദ്യമായിട്ടാണ് കാണുന്നത്. അവരുടെ തൊട്ടുപിന്നാലെ ഞങ്ങളും നടന്നു'

ഇത്രയും എഴുതിയത് അച്ഛന്റെ റിക്കാർഡ് ചെയ്തു സൂക്ഷിച്ച അഭിമുഖത്തിലുള്ളതാണ്.

ഇനി അന്നത്തെ ഡയറി നമുക്കൊന്ന് നോക്കാം.

1094 കന്നി 15 - ശനിയാഴ്ച
Saturday, October 1 , 1921.

'രാവിലെ പട്ടാളത്തിന്റെ ഒരുമിച്ചു പുറപ്പെട്ടു. കൊട്ടക്കൽ എത്തി.8 മണിക്ക് വീണ്ടും പുറപ്പെട്ടു. 12 ന് മഞ്ചേരി എത്തി. അവിടെ നിന്നും കരുവമ്പുറത്ത് അമ്മാത്ത് എത്തി.'

ഏറെ നാളായി പിരിഞ്ഞിരുന്ന അമ്മയും മകനും നേരിൽ കണ്ടപ്പോഴുണ്ടായ സന്തോഷം അച്ഛൻ നേരിട്ട് പറഞ്ഞത് ഇങ്ങനെയാണ്. 'അമ്മയെ അവിടെ കണ്ടപ്പോൾ എനിക്കും, എന്നെ കണ്ടപ്പോൾ അമ്മയ്ക്കും സമാധാനമായി. പിറ്റേദിവസം രാവിലെ ഗോവിന്ദനേയും കൂട്ടി കരിക്കാട്ടെ ഇല്ലത്തേക്കു പോയി നോക്കി. ലഹ




ഈ പെട്ടിയിലുറങ്ങുന്നു ഒന്നേകാൽ നൂറ്റാണ്ടിന്റെ ഓർമകൾ...

*ഒന്നര നൂറ്റാണ്ടു പഴക്കമുള്ള പെട്ടി. അന്ന് കത്തിയമരാത്ത രേഖകളാണ് അതേ പെട്ടിയിൽ ഇന്നും ഭദ്രമായി ഇരിക്കുന്നത്.*

ഉക്കാർ കൊള്ളയടിച്ച സ്വന്തം ഇല്ലം നടുക്കത്തോടെ കണ്ടപ്പോൾ സങ്കടം തോന്നി. പത്തായവും, അരി മഞ്ചയും കാലിയായി കിടക്കുന്നതു കണ്ടു. നിലവറക്കുണ്ടിലെ പാത്രങ്ങൾ ഒന്നു പോലുമില്ല.

എല്ലാറ്റിനും സാക്ഷിയായ കാര്യസ്ഥൻ ഗോവിന്ദൻ ഉണ്ടായതെല്ലാം വിവരിച്ചു പറഞ്ഞു. 'ലഹളക്കാരുടെ ആക്രോശങ്ങളും അട്ടഹാസങ്ങളും ദൂരെനിന്നു കേട്ടപ്പോൾ തന്നെ അകത്തുള്ള അമ്മാത്തേലോട് അടിയൻ പറഞ്ഞു. 'വേഗം വടക്കേ വാതിൽ തുറന്നു പറമ്പിലെ കൂവകാട്ടിൽ പോയി ഒളിച്ചിരുന്നോളൂ. ലഹളക്കാർ വരുന്നുണ്ട്. വേഗം പോകൂ'.

പരിഭ്രമിച്ചിറങ്ങുന്ന അമ്മമാരിൽ വലിയമ്മ സ്വർണ്ണപ്പണ്ടങ്ങൾ ഒരു ശീലയിൽ കെട്ടി നടുമുററത്തെ ഓവിനുള്ളിലേക്ക് തിരുകി വെച്ചു. വലിയ അടപ്പൻ (വെറ്റിലചെല്ലത്തിൽ ചുണ്ണാമ്പാക്കുന്ന പാത്രം ) ശീലയിൽ പൊതിഞ്ഞ് ഓവിന്റെ വായ അടച്ചുവത്രെ. ലഹളക്കാർ വരുമെന്ന സൂചന കേട്ടപ്പോൾ തന്നെ വലിയമ്മ, ഭഗവതിയുടെ വിഗ്രഹവും അയ്യപ്പനേയും സാളഗ്രാമങ്ങളും ചെമ്പുപാത്രത്തിലാക്കി കയർ കെട്ടി കിണറ്റിലേക്ക് താഴ്ത്തി ഇറക്കിവെച്ചു. അമ്മമാർ രണ്ടു പേരും വടക്കെതൊടിയിലെ കൂവക്കാട്ടിൽ പോയി ഒളിച്ചിരുന്നു.

ലഹളക്കാർ കയറി പത്തായത്തിലെ നെല്ലും അരിയും ചെമ്പുകളും ചരക്കുകളും ഓട്ടുപാത്രങ്ങളും എല്ലാം കവർച്ചചെയ്തു കൊണ്ടുപോവുന്നത് നോക്കി നിൽക്കാനെ ഗോവിന്ദന് കഴിഞ്ഞുള്ളു.

മാളിക മുറിയിലെ വലിയ കാൽപെട്ടി കണ്ടപ്പോൾ അതിനുള്ളിലെ പണവും സ്വർണവും എടുക്കാമെന്നു കരുതി ലഹളക്കാർ പെട്ടി കുത്തിപ്പൊളിക്കാൻ ശ്രമിച്ചു. അപ്പോൾ ഗോവിന്ദൻ പറഞ്ഞു. 'അതു വെട്ടി പൊ

തിരൂരിലെത്തി തീവണ്ടി കയറിയിട്ടുവേണം തെക്കോട്ടും വടക്കോട്ടും പോകാൻ. ഈ ലഹളക്കാരുടെ ഇടയിലൂടെ സ്ത്രീകളേയും കുട്ടികളേയും സുരക്ഷിതമായി എങ്ങിനെ തിരൂരിലെത്തിക്കും. മഞ്ചേരി നിന്നും തിരൂർ വരെ നടന്നു തന്നെ പോകണം.

ളിക്കരുതേ, അരുത് ഞാൻ തുറന്നു തരാം' ഗോവിന്ദൻ പെട്ടി തുറന്നു കൊടുത്തു. അതിനുള്ളിലെ പഴയ രേഖകളെല്ലാം അവർ പുറത്തേക്കു വലിച്ചിട്ടു. അതിനുള്ളിൽ കാര്യമായിട്ടൊന്നുമില്ല എന്നു മനസ്സിലാക്കിയ ഒരുത്തൻ പറഞ്ഞു.

'ഞമ്മക്ക് ഒരു തീപ്പെട്ടിക്കൊള്ളി ചെലവാക്കാം ന്താ ?' .

ഗോവിന്ദൻ അവരുടെ കാലു പിടിച്ച് പറഞ്ഞു.' ഇവിടെയുള്ളതെല്ലാം നിങ്ങളെടുത്തോളിൻ ഈ വില കിട്ടാത്ത കടലാസ് കത്തിച്ചിട്ട് ങ്ങക്ക് എന്ത് കിട്ടാനാ '

'ഉം...ന്നാ വേണ്ടടാ , എല്ലാരും പോരിൻ ' നേതാവ് ശാസിച്ചപ്പോൾ എല്ലാവരും പുറത്തേക്കിറങ്ങി പോയി. അന്ന് കത്തിയമരാത്ത രേഖകളാണ് അതേ പെട്ടിയിൽ ഇന്നും ഭദ്രമായി ഇരിക്കുന്നത്.

പിന്നീട് നടന്ന സംഭവങ്ങൾ അച്ഛൻ വിസ്തരിച്ചു പറഞ്ഞത് ഇങ്ങനെ. 'ദിവസംകഴിയുംന്തോറും ലഹളക്കാരുടെ അക്രമ വാർത്തകളാണ് കേൾക്കുന്നത്. ജീവരക്ഷക്കായി ഈ പ്രദേശത്തു നിന്നും പാലായനം ചെയ്യാൻ തന്നെ വിവിധ ഇല്ലങ്ങളിലെ കാരണവന്മാർ തീരുമാനിച്ചു.

നമ്പൂതിരിമാരും അന്തർജ്ജനങ്ങളും കുട്ടികളും സ്വന്തം ഇല്ലവും തേവാരവും ഉപേക്ഷിച്ച് ഒരു സംഘം വടക്കോട്ട് തളിപ്പറമ്പിലേക്കും മറ്റൊരു സംഘം തെക്കോട്ട് പെരുവനത്തേക്കും പോകാനൊരുങ്ങി .

തിരൂരിലെത്തി തീവണ്ടി കയറിയിട്ടുവേണം തെക്കോട്ടും വടക്കോട്ടും പോകാൻ. ഈ ലഹളക്കാരുടെ ഇടയിലൂടെ സ്ത്രീകളേയും കുട്ടികളേയും സുരക്ഷിതമായി എങ്ങിനെ തിരൂരിലെത്തിക്കും. മഞ്ചേരി നിന്നും തിരൂർ വരെ നടന്നുതന്നെ പോകണം. നടുവത്ത് നമ്പൂതിരിയും കിടങ്ങഴി നമ്പൂതിരിയും അവരുടെ ഏറ്റവും വിശ്വസ്തരായ ചില മാപ്പിളമാരേയും നായന്മാരേയും അകമ്പടിക്കാരായി നിയോഗിച്ചു.

1921 ഒക്ടോബർ പതിനാലാം തീയതി വെള്ളിയാഴ്ച പുറപ്പെടാൻ എല്ലാ ഇല്ലക്കാർക്കും വിവരം നൽകി. മാപ്പിളമാർക്ക് വെള്ളിയാഴ്ച പള്ളിയിൽ പോകേണ്ടതിനാൽ അന്ന് യാത്രക്ക് ലഹളക്കാരുടെ ശല്യം കുറയുമെന്നായിരുന്നു വിശ്വാസം. നടുവത്ത് നമ്പൂതിരി, മാങ്ങോട്ടശ്ശേരി നമ്പൂതിരി, കിടങ്ങഴി നമ്പൂതിരി ,പുളിക്കത്തോടി, തെന്നാട്, കടുമുണ്ടത്ത് പാലശ്ശേരി, ചെറിയ തെന്നാട്, അടുകളേടം എന്നിവരുടെ കൂടെ ഞാനും തളിപ്പറമ്പിലേക്ക് പുറപ്പെട്ടു.

ഇങ്ങനെ വേറേയും ഇല്ലക്കാരോടൊപ്പം മറക്കുടയും മാറാപ്പുമായി അന്തർജ്ജനങ്ങളും പലപ്രായക്കാരായ കുട്ടികളും മലപ്പുറത്തേക്ക് കാൽ നടയായി യാത്രയായി. അന്തർജ്ജനങ്ങളുടെ ഇടയിൽ പൂർണ്ണ ഗർഭിണിയായ ഒരു യുവതിയുടെ അവസ്ഥയിലായിരുന്നു ഏവർക്കും ഉൽക്കണ്ഠ. എടുത്തു നടക്കേണ്ട പ്രായക്കാരായ കുട്ടികളെ കഴുത്തിൽ ഇരുത്തി യാത്ര ചെയ്യാനായി ഏതാനും നായന്മാരും നായർ സ്ത്രീകളും കൂടെയുണ്ടായിരുന്നു. ലഹളക്കാരുടെ കണ്ണിൽ പെടാതെയിരിക്കാൻ പ്രധാന വഴിവിട്ട്

കാടും തോടും കുണ്ടനിടവഴിയും താണ്ടി വളരെപ്രയാസപ്പെട്ടാണ് മലപ്പുറത്ത് എത്തിയത് .

മലപ്പുറം പാറനമ്പിയുടെ അമ്പലത്തിലെത്തി. നമ്പിയുടെ വക എല്ലാവർക്കും ഊണുണ്ടായിരുന്നു. വെള്ളിയാഴ്ച ഉച്ചക്ക് ശേഷമുള്ള യാത്ര അപകടമാണെന്ന് വിവരംകിട്ടിയതിനാൽ അന്നവിടെ തങ്ങി. പിറ്റേദിവസം രാവിലെ യാത്ര തുടർന്നു. ഉച്ചയോടെ കോട്ടക്കലെത്തി. എല്ലാവരും കുളിച്ചു കോവിലകത്ത് നിന്ന് ഊണു കഴിച്ചു അല്പം വിശ്രമിച്ച ശേഷം തിരൂരിലേക്ക് നടന്നു. രാത്രി 8 മണിയോടെ തിരൂരിലെത്തി. ഊട്ടിൽ നിന്ന് ഊൺ കഴിച്ചു വിശ്രമിച്ചു. പിറ്റെ ദിവസം രാവിലെ അകമ്പടി വന്നവരും കുട്ടികളെ എടുക്കാനായി കൂടെ വന്ന നായന്മാരും സ്ത്രീകളും തിരികെ മഞ്ചേരിയിലേക്ക് മടങ്ങിപ്പോയി.

എല്ലാവരും ഊട്ടിൽ നിന്നും പ്രാതൽ കഴിച്ച് തിരൂരിൽ നിന്നും തളിപ്പറമ്പിലേക്ക് തീവണ്ടി കയറി. തളിപ്പറമ്പിൽ മൂത്തേടത്ത് മല്ലിശ്ശേരിയുടെ ബാങ്കിലായിരുന്നു നമ്പൂതിരിമാരെല്ലാം താമസിച്ചിരുന്നത്. അഭയാർത്ഥികളായി എത്തിയ ഞങ്ങളെ എല്ലാവരേയും ബന്ധുക്കളെപ്പോലെയാണ് തളിപ്പറമ്പിലുള്ള ഇല്ലക്കാർ സ്വീകരിച്ചത്.

വെള്ളിയാഴ്ച ഉച്ചക്ക് ശേഷമുള്ള യാത്ര അപകടമാണെന്ന് വിവരംകിട്ടിയതിനാൽ അന്നവിടെ തങ്ങി. പിറ്റേദിവസം രാവിലെ യാത്ര തുടർന്നു. തളിപ്പറമ്പിൽ മൂത്തേടത്ത് മല്ലിശ്ശേരിയുടെ ബാങ്കിലായിരുന്നു നമ്പൂതിരിമാരെല്ലാം താമസിച്ചിരുന്നത്.

മാസങ്ങളോളം എല്ലാവരും തളിപ്പറമ്പിലെ പല ഇല്ലങ്ങളിലായി താമസിച്ചു. ഒരു വരുമാനവുമില്ലാത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഞങ്ങൾക്ക് തളിപ്പറമ്പിലെ ഇല്ലക്കാർ തന്നെ താൽക്കാലിക പരിഹാരം കണ്ടെത്തി. ഇല്ലങ്ങളിലെ പിറന്നാൾ ഹോമം, പ്രത്യേക പൂജ, ചാത്തം അമ്പലങ്ങളിൽ വാരമിരിക്കൽ എന്നിവക്ക് കരിക്കാട്ടു നിന്നും എത്തിയ നമ്പൂതിരിമാർക്ക് പ്രഥമ പരിഗണന നൽകി. അങ്ങിനെ കിട്ടുന്ന ദക്ഷിണ ഞങ്ങൾക്ക് വലിയൊരു ആശ്വാസമായി.

അന്നത്തെ ചില സംഭവങ്ങൾ മറ്റു പലരിൽ നിന്നും കേട്ടത് കൂടെ ഞാൻഇവിടെ കുറിക്കട്ടെ. അന്ന് തളിപ്പറമ്പിലേക്കു പോയ സംഘത്തിൽ പൂർണ്ണ ഗർഭിണിയായ ഒരു അന്തർജ്ജനവും ഉണ്ടായിരുന്നുവെന്ന് അച്ഛന്റെ ഡയറിയിലുണ്ടായിരുക്കല്ലൊ. അവരുടെ പ്രസവവും പ്രസവാനന്തര ശുശ്രൂഷയും എല്ലാം തളിപ്പറമ്പിലെ ഒരു ഇല്ലക്കാരാണ് ഭംഗിയായി നിർവ്വഹിച്ചത് എന്ന് കേട്ടിട്ടുണ്ട്. മകളുടെ പെൺകൊട നടത്താൻ അച്ഛൻ വീണ്ടും വേളി കഴിക്കുന്ന കാലത്ത് ഒരു മുന്നൊരുക്കവും ഇല്ലാതെ സാമ്പത്തിക ബാദ്ധ്യതയില്ലാതെ ഒരു പെൺകിടാവിന്റെ പെൺകൊടയും ഉണ്ടായി എന്നതും എടുത്തു പറയേണ്ടതാണ്.

ഡിസംബർ 17-ന് അച്ഛനും കുറച്ചു പേരും മഞ്ചേരിയിലേക്ക് തിരികെ പോന്നു. അപ്പോഴേക്കും ഏറെക്കുറെ ശാന്തമായ ഒരവസ്ഥയായിരുന്നു. എങ്കിലും എല്ലാവരുടെയും മനസ്സിൽ അതിന്റെ ഭയാശങ്കകൾ വർഷങ്ങളോളം മായാതെ നിന്നു. ഇല്ലത്തെ ഒന്നര നൂറ്റാണ്ടു പഴക്കമുള്ള ആ പഴയ പെട്ടി കാണുമ്പോൾ അച്ഛന്റെ ഡയറിക്കുറിപ്പുകൾ കാണുമ്പോൾ റിക്കാർഡ് ചെയ്തു വച്ച ശബ്ദത്തിലൂടെ പഴയ കഥകൾ കേൾക്കുമ്പോൾ ആ നീറ്റൽ ഇപ്പോഴുമുണ്ട്. ●

(എം. പി. ഉണ്ണികൃഷ്ണൻ നമ്പൂതിരി
പാലശ്ശേരി ഇല്ലം കരിക്കാട്.
മഞ്ചേരി. മൊബൈൽ 9496702912)


## ശതാഭിഷിക്തയായി


**മുൻ ഗുരുവായൂർ മേൽശാന്തി പരേതനായ ചേകൂർ വാസുദേവൻ ഭട്ടതിരിപ്പാടിന്റെ സഹധർമ്മിണി കൈപ്പള്ളി മഹൾ**
**<u>സാവിത്രി അന്തർജ്ജനം</u>**
**2021 ജനുവരി 11ന് ശതാഭിഷിക്തയായി.**

ആയുരാരോഗ്യം
നേർന്നുകൊണ്ട്....
അമ്മയുടെ മക്കളും
മരുമക്കളും
പേരക്കുട്ടികളും.
മൊബൈൽ
9495397580



ലഹള ശമിച്ചിട്ടും പലരും കുറുമ്പത്തൂരിലേക്കു താമസം മാറ്റിയിട്ടും മുത്തശ്ശൻ മായന്നൂരിൽ നിന്ന് മറ്റെങ്ങോട്ടും മാറിയില്ല. അവിടെ താമസിച്ചാണ് 1929ൽ മുത്തശ്ശൻ മരിച്ചത്.

# ഒരു പിറന്നാൾ ആഘോഷത്തിന്റെ തലേന്ന് സംഭവിച്ചത്



നല്ലേടത്തു മനയിലെ പ്രിയദത്ത അന്തർജ്ജനം. ഭട്ടാചാര്യയുടെ ചിറ്റശ്ശി. ആ സംഭവം നടക്കുമ്പോൾ 28 ദിവസം മാത്രം പ്രായമുണ്ടായിരുന്ന പിറന്നാളുകാരി. 2019 ൽ 98-ാം വയസ്സിലാണ് ഇവർ മരിച്ചത്.



പാഴിയോട്ടു മന ഇപ്പോഴത്തെ കാരണവർ ശങ്കരനാരായണൻ ഭട്ടതിരിപ്പാട് എന്ന എസ്. എൻ ഭട്ടാചാര്യ

## എസ്.എൻ.ഭട്ടാചാര്യ

1921 കർക്കിടകത്തിലെ പൂരോരുട്ടാതി. കുമ്പത്തൂർ പാഴിയോട്ടു മനയിൽ ഒരു ചോരക്കുഞ്ഞിന്റെ ഇരുപത്തെട്ടാം നാളായിരുന്നു പിറ്റേന്ന്. അതിന്റെ ഒരുക്കങ്ങളും മറ്റുമായി ഒരു ആഘോഷത്തിന്റെ ഉത്സാഹം.

എന്റെ അമ്മാത്തെ മുത്തശ്ശി പ്രസവിച്ചുണ്ടായ രണ്ടാമത്തെ കുട്ടിയായിരുന്നു അത്. നല്ലേടത്തെ ശിറ്റശ്ശി. മൂത്തത് എന്റെ അമ്മ. പിറന്നാളാഘോഷത്തിന് ഒരുക്കങ്ങളെല്ലാം പൂർത്തിയായി.

സന്ധ്യക്കുമുമ്പായി ചന്ദനക്കാവു സ്വദേശിയായ നമ്പീശൻ അത്യന്തം പരിഭ്രമിച്ച് പാഴിയോട്ടു മനയിലെത്തി. പേടിച്ചു വിറക്കുന്ന സ്വരത്തിൽ മുത്തശ്ശന്റെ അടുത്തു ചെന്ന് ശബ്ദം താഴ്ത്തി പറഞ്ഞു.മാപ്പിളമാർ തിരൂരിലെ താലൂക്കാഫീസ് ആക്രമിച്ച് കൊള്ള ചെയ്യുകയും റിക്കാർഡുകൾ തീയിട്ടു നശിപ്പിക്കുകയും ചെയ്തിരിക്കുന്നു.വെട്ടത്തു ഒരലാശ്ശേരി മനയും പാഴിയോട്ടുമനയും ഇന്നു രാത്രി കൊള്ള ചെയ്യാനെത്തുമെന്ന സുചനയുണ്ട്.

ഈ മുന്നറിയിപ്പിനെ എന്റെ മുത്തശ്ശനായ പാഴിയോട് ദാമോദരൻ ഭട്ടതിരിപ്പാട് ഗൗരവത്തിലെടുത്തില്ല. നമ്പീശന്റെ ഭീരുത്വത്തെ പരിഹസിക്കുകയും ചെയ്തു. നമ്പീശൻ പറഞ്ഞ രഹസ്യം എല്ലാവരും കേൾക്കെ വെളിപ്പെടുത്തുകയും ഉണ്ടായി. കണക്കറ്റ സമ്പത്തായിരുന്നു അക്കാലത്ത് അമ്മാത്തെ മുത്തശ്ശന് .പൂമുള്ളി നമ്പൂതിരി നടത്തുന്ന കുറികിട്ടിയ അമ്പതിനായിരം രൂപയും കല്പകഞ്ചേരി മൂപ്പൻ എടപാടു തീർത്ത് നൽകിയ അമ്പതിനായിരത്തിൽ കുറയാത്ത സംഖ്യയും അവിടെ ഉണ്ടായിരുന്നു.

അന്ന് ബാങ്കും കറൻസിരൂപത്തിലുള്ള നോട്ടും ഒന്നും

ഉണ്ടായിരുന്നില്ല.വെള്ളി സ്വർണ്ണം ചെമ്പു നാണ്യങ്ങൾ തട്ടുമ്പുറത്തെ കുട്ടി മുറിയിലെ വലിയ ചരക്കും നിറഞ്ഞു കവിഞ്ഞ് നിലത്തൊക്കെ വാരിക്കോരാവുന്ന വിധം കുമി ഞ്ഞുകൂടിയിരുന്നു.

നമ്പീശൻ പറഞ്ഞ പോലെത്തന്നെ അന്നു രാത്രി ആയിര ക്കണക്കിൽ കലാപകാരികൾ ഇല്ലത്തെത്തി.


നാണ്യങ്ങളും പാത്രങ്ങളും ചാക്കുകളിലാക്കി തലച്ചുമടായി ഒരു കൂട്ടർകടത്തിക്കൊണ്ടിരുന്നു. മുത്തശ്ശനെ തട്ടുമ്പുറത്തെ കുട്ടി മുറിയിൽ കൊണ്ടുപോയി കഠിനമായി ദേഹോപദ്രവം ഏല്പിക്കുകയും രണ്ടു കോണിപ്പടികളിലൂടെ ഉന്തി താഴേ ക്കു തള്ളിയിടുകയും ഒക്കെ ചെയ്തു.

അന്തർജ്ജനങ്ങളുടേയും കഴുത്തിലും കാതിലും കൈകളി ലും ആഭരണപ്പെട്ടികളിലും ഉള്ളവയും വസ്ത്രങ്ങളും നെല്ലും അരിയുമെല്ലാം കൊള്ളയടിക്കപ്പെട്ടു. ഉടുത്തവസ്ത്രങ്ങൾ മാ ത്രമായി നേരം പുലർന്നപ്പോൾ അമ്മാത്തുണ്ടായിരുന്നവർ പ്രസവിച്ചു കിടക്കുന്ന മുത്തശ്ശിയും ഒരു മാസം പ്രായമുള്ള പെൺകുഞ്ഞിനെയുമുൾപ്പെടെ സാവകാശം തിരുന്നാവായ ക്കു നടന്നു. ശാരീരികമായും മാനസികമായും ജീവശ്ശവമായ മുത്തശ്ശനേയും മറ്റുള്ളവർ കൈപിടിച്ചു നടത്തി.തിരുന്നാവാ യയിൽ ക്ഷേത്രസമീപത്തെ സാമൂതിരി കോവിലകം വക സ്ഥലമായിരുന്നു ആദ്യത്തെ അഭയ കേന്ദ്രം. രണ്ടു മൂന്നു ദിവസം അവിടെ താമസിച്ചു.

ഒരു തോണി ഏർപ്പാടാക്കി ഭാരതപ്പുഴയിലെ ഒഴുക്കിനെതിരെ കിഴക്കോട്ടു തുഴഞ്ഞ് മായന്നൂർ ലക്ഷ്യമാക്കി പതിനഞ്ചോളം വരുന്ന ആ സംഘം നീങ്ങി.കാലാവസ്ഥയും പ്രതികൂലം. തോണി പട്ടാമ്പിയിൽ എത്തിയപ്പോൾ ചാത്തനൂർ എല്ലാവ രും കിഴക്കേടത്തേക്ക് നടന്നു. മുത്തശ്ശിയുടെ ഇല്ലമാണത്. അമ്മയേയും പിഞ്ചു കുഞ്ഞിനേയും അവിടെ സംരക്ഷണ യിലാക്കി. രണ്ടു മൂന്നു ദിവസം അവരോടൊപ്പം താമസി ച്ചു. പിന്നെ പട്ടാമ്പിയിൽ വന്ന് ഷൊർണ്ണൂർ, ഒറ്റപ്പാലം വഴി തോണിമാർഗ്ഗം മായന്നൂർ ഓട്ടൂർ മനയിൽ എത്തിച്ചേർന്നു.

അക്കാലത്ത് ഓട്ടൂർ മനയിലുണ്ടായിരുന്നവർ പാഴിയോ ട്ടെ മരുമക്കളാണെന്നതും ലഹളക്കാരുടെ ശല്യമില്ലാത്ത സ്ഥലമെന്നതും അവിടെ അഭയം തേടുന്നതിന് ദാമോദരൻ ഭട്ടതിരിപ്പാടിനെ മുത്തശ്ശനെ പ്രേരിപ്പിച്ചിരിക്കാം. അദ്ദേഹം വൈകാതെ മായന്നൂരിലെ ക്ഷേത്രപരിസരത്ത് ഒരു സ്ഥലം വാങ്ങുകയും ഇല്ലം പണി കഴിപ്പിച്ച് അങ്ങോട്ടു സകുടുംബം താമസം മാറ്റുകയും ചെയ്തു. ലഹള ശമിച്ചിട്ടും പല കുടും ബാംഗങ്ങൾ കുറുമ്പത്തൂരിലേക്കു താമസം മാറ്റിയിട്ടും മു ത്തശ്ശൻ മായന്നൂരിൽ നിന്ന് മറ്റെങ്ങോട്ടും മാറിയില്ല. അവിടെ താമസിച്ചാണ് 1929ൽ മുത്തശ്ശൻ മരിച്ചത്. പിൽക്കാലത്ത് ഉദിയന്നൂർ മനക്കാർ ആ ഇല്ലം വാങ്ങി താമസിച്ചു.

കാടാമ്പുഴ അവുഞ്ഞിക്കാട്ടു മനയിലെ ശങ്കരനാരായണൻ ഭട്ടതിരിപ്പാടിനെ അമ്മാത്തായ കുറുമ്പത്തൂർ പാഴിയോട്ടേക്ക് പിൻഗാമിയായി നിശ്ചയിച്ചത് അമ്മാത്തെ മുത്തശ്ശിയായിരു ന്നു. ഈ സംഭവത്തിലെ നവജാത ശിശുവിന്റെ അമ്മ. ആൺപ്രജകൾ വേറെ ഇല്ലാത്തതും മറ്റുള്ളവർ കലാപം കാരണം സ്ഥലം വിട്ടുപോയതിനാലും ഇല്ലം അന്യമാ വാതിരിക്കാൻ.അന്നത്തെ ആ നവജാത ശിശുവിന്റെ ജ്യേ ഷ്ഠത്തിയാണ് പിൽക്കാലത്ത് എന്റെ അമ്മയായത്. ആ ശിശു എന്റെ ശിറ്റിശ്ശിയും. നല്ലേടത്തു മനയിൽ തൊണ്ണൂറ്റി എട്ടുവയസ്സുവരെ ജീവിച്ച അവർ 2019 ലാണ് മരിച്ചത്. കലാപത്തിന്റെ തീയിൽ കുരുത്ത കുഞ്ഞിന്റെ ആയുർബ ലം അപാരം തന്നെ. ●




*ഈ കോണിയിൽ നിന്നാണ് കലാപകാരികൾ മുത്തശ്ശനെ താഴേക്കു തള്ളിയിട്ടത്.*

( ബോംബെയിൽ എയർ ലൈൻസിൽ ജോലി ചെയ്തവെ ശങ്കരനാരായണൻ ഭട്ടതിരി എസ്.എൻ ഭട്ടാചാര്യയായി മാറി.ആ കഥ മുമ്പൊരിക്കൽ സ്വസ്തി വിസ്തരിച്ചിട്ടുണ്ട്. ഇന്ന് പാഴിയോടെ കാരണവരായി എൺപതു കഴിഞ്ഞ് വിശ്രമജീവിതം നയിക്കുന്നു.

**ഭട്ടാചാര്യയുടെ മൊബൈൽ 9446648792** )

# ദേവസ്വം ജീവനക്കാരുടെ സമരം

മലബാർ ദേവസ്വം ജീവനക്കാർ കോഴിക്കോട് മലബാർ ദേവസ്വം ബോഡ് ഓഫീസിനു മുൻപിൽ 2 മാസമായി നടത്തുന്ന ധർണ്ണയ്ക്ക് ഐക്യദാഢ്യം പ്രഖ്യാപിച്ച് യോഗ ക്ഷേമസഭ ദക്ഷിണമേഖലയുടെപ്ര തിനിധികൾ സമരപ്പന്തലിൽ എത്തി സമരരംഗത്തുള്ള സഹോദരങ്ങൾക്ക് അഭിവാദ്യം അർപ്പിച്ചു.

ദക്ഷിണ മേഖല പ്രസിഡന്റ് കെ.പി.വിഷ്ണു നമ്പൂതിരി, തി രുവനന്തപുരം ജില്ലാ പ്രസിഡന്റ് അഡ്വ. ശംഭു നമ്പൂതിരി, ആലപ്പുഴ ജില്ലാ പ്രസിഡന്റ് എ.ബി.സുരേഷ് കുമാർ ഭട്ടതിരിപ്പാട്, ജില്ലാ സെക്ര ട്ടറി ഡോ.ഇ.കൃഷ്ണൻ നമ്പൂതിരി, സംസ്ഥാന കമ്മറ്റിയംഗം സാജൻ പണ്ടാരത്തിൽ എന്നിവർ ദക്ഷിണ മേഖലയെ പ്രതിനിധീകരിച്ച് കോ ഴിക്കോട് സമരപ്പന്തലിലെത്തി.



# 1921ൽ മുറിച്ചു മാറ്റിയ വാതിലിന്റെ സൂത്രോട്ടി




മലപ്പുറം പൂക്കോട്ടൂരിലെ വാർ മെമ്മോറിയൽ ഗേറ്റിൽ നിന്ന് മൂന്നു കിലോമീറ്റർ മാത്രമേ വെള്ളൂർ കളത്തിലേക്ക് ദൂരമുള്ളൂ

**ജിത അനിയൻ**



പൂക്കോട്ടൂർ വാർ മെമ്മോറിയൽ ഗേറ്റിൽ നിന്ന് നിന്ന് മൂന്നു കിലോമീറ്ററേ ദൂരമുള്ളൂ ഞങ്ങൾ താമസിക്കുന്ന വെള്ളൂർ കളത്തിലേക്ക്. ഇല്ലം കണ്ണൂരിലെ തളിപ്പറമ്പിലാണെങ്കിലും അക്കാലത്ത് മലപ്പുറത്തെ ഏറനാട്ടിൽ പുടയൂർ ഇല്ലക്കാർക്ക് ഭൂമിയും പാട്ടം വരവുമുണ്ടായിരുന്നു. പാട്ടം പിരിയുന്ന നെല്ലും മറ്റും സൂക്ഷിക്കാനും അതിനായി എത്തുമ്പോൾ താമസിക്കാനും നിർമ്മിച്ചതാണ് പൂക്കോട്ടൂരിലെ വെള്ളൂർ കളം.1921 ലെ കലാപം ഏറ്റവുമധികം ബാധിക്കപ്പെട്ട പ്രദേശങ്ങളിലൊന്നാണ് പൂക്കോട്ടൂർ.

അച്ഛൻ പറഞ്ഞു കേട്ട വിവരങ്ങളാണ് അതേപ്പറ്റി ഉള്ളത്. അക്കാലത്ത് വെള്ളൂരിൽ സ്ഥിരമായി താമസിക്കാറില്ല. തൊട്ടടുത്ത അമ്പലത്തിലെ ശാന്തിക്കാരോ കഴക്കക്കാരോ കാര്യസ്ഥനോ മറ്റോ ആവും ഇവിടെ താമസം. അച്ഛൻ വാസുദേവൻ നമ്പൂതിരിയുടെ അപ്ഫനായിരുന്ന മഹേശ്വരൻ നമ്പൂതിരി തളിപ്പറമ്പിൽ നിന്ന് പാട്ടം പിരിക്കാൻ വന്നതായിരുന്നു. അക്കാലത്ത് ഇല്ലത്ത് സ്വന്തമായി കാറ് ഉണ്ടായിരുന്നു. പഴയ ഫോർഡ് കമ്പനിയുടെ കാർ. അത് തളിപ്പറമ്പിലാവും. സ്വന്തം കാറുള്ള അപൂർവം നമ്പൂതിരിമാരിൽ ഒരാളായിരുന്നു മുത്തപ്ഫൻ.

അവിടെ നിന്ന് തീവണ്ടിക്ക് ഫറോക്കിലെത്തും. ഫറോക്കിലും പാട്ടം പിരിക്കാനും താമസിക്കാനും ഒരു മഠമുണ്ടായിരുന്നു. ഫറോക്കിൽ നിന്ന് വെള്ളൂരിലേക്ക് കാളവണ്ടിയിലാവും. ഇങ്ങനെയാണ് അക്കാലത്തെ യാത്ര. പിന്നീടാണ് കോഴിക്കോട് നിന്ന് മഞ്ചേരിയിലേക്ക് ആദ്യമായി ഇന്ത്യൻ ബസ് സർവീസ് എന്ന പേരിൽ ബസ് ഓടാൻ തുടങ്ങിയത്.

പാട്ടവും വാരവും ഒക്കെ നോക്കി നടത്തായി മുത്തപ്ഫൻ വെള്ളൂർ കളത്തിൽ എത്തിയ സമയത്തായിരുന്നു കലാപം പൊട്ടിപ്പുറപ്പെട്ടത്.



അതിനാൽ സ്ഥിരതാമസമില്ലാഞ്ഞിട്ടും മുത്തപ്ഫൻ അന്ന് കളത്തിൽ അകപ്പെട്ടു. ഞങ്ങളുടെ സമീപത്തുള്ള വെള്ളൂർ പാപ്പാട്ടുങ്ങൽ പാലം തകർത്തിട്ടുണ്ടെന്നും കലാപകാരികൾ വെള്ളൂർ കളം ആക്രമിക്കാൻ



ഇടവലത്ത് പുടയൂർ വാസുദേവൻ നമ്പൂതിരി ലഹളക്കാലത്ത് കൊള്ള ചെയ്യപ്പെട്ട പൂക്കോട്ടൂരിലെ വെള്ളൂർ കളത്തിൽ.ഈ വാതിലിന്റെ സൂത്രോട്ടി മുറിച്ചു മാറ്റിയാണ് കൊള്ളക്കാർ അകത്തു കടന്നത്. വാതിലിന്റെ മുറിച്ചു മാറ്റിയ സൂത്രോട്ടിയും കാണാം

ആസൂത്രണം ചെയ്തിട്ടുണ്ടെന്നും അയൽക്കാരനായ ഒരു മുസ്‌ലീം സഹോദരൻ വിവരം നൽകി.

അതനുസരിച്ച് സ്വർണ്ണവും പണവുമെല്ലാം ഒരു ചാക്കിലാക്കി അതിന്റെ മുകളിൽ കുറെ ചേമ്പ് വിത്ത് വെച്ച് രാമൻ എന്ന കാര്യസ്ഥൻ അവിടെനിന്ന് കടത്തി. ചേമ്പ് വിത്ത് ആണെന്ന് പറഞ്ഞായിരുന്നു അതെല്ലാം അവിടെ നിന്ന് മാറ്റിയത്. അയാൾ ചാക്ക് തലയിൽ വെച്ച് അരിമ്പ്രമല വഴി കാട്ടുവഴികളിലൂടെ നടന്നാണ് കൊണ്ടോട്ടി വരെ പോയത്. അവിടെ നിന്ന് കാളവണ്ടിയിൽ കയറ്റി അപ്ഫൻ ഫറോക്കിലെ മഠത്തിലേക്ക് കൊണ്ടു പോയി. രണ്ടു ദിവസം അവിടെ താമസിച്ചു. പിന്നെ അവിടെ നിന്ന് റെയിൽ മാർഗം മുത്തപ്ഫൻ തളിപ്പറമ്പിലെ ഇല്ലത്തേക്ക് പോയി.


ഞങ്ങൾ താമസിച്ചിരുന്ന വെള്ളൂർ കളത്തിൽ കലാപകാരികൾ എത്തി. വാതിൽ പൊളിച്ചു അകത്തു കടക്കാൻ ശ്രമിച്ചു. പക്ഷേ സാധിച്ചില്ല. അത്രക്കു കരുത്തുള്ളതായിരുന്നു അത്. പിന്നീട് പെരുംകൊല്ലനെ വിളിച്ച് വാതിലിന്റെ സൂത്രോട്ടി മുറിച്ച് അകത്തു കടന്നു. സൂത്രോട്ടി മുറിച്ചാൽ പിന്നെ ഓടാമ്പലിനു തടസ്സമില്ലല്ലൊ. അവിടെയുണ്ടായിരുന്ന നെല്ല് മുഴുവൻ കൊണ്ടു പോയി. ഇപ്പോഴും ആ വാതിലുണ്ട്. ആക്രമത്തിന്റെ ഓർമ്മയുണർത്തിക്കൊണ്ട്. ഉമ്മറത്തെ ആ വാതിൽ കാണുമ്പോഴെല്ലാം പഴയ കാലത്തെ കഥകൾ ഓർമ്മ വരും. പറഞ്ഞു കേട്ട ഭീതിയുണർത്തുന്ന കഥയിലെ അതേ വാതിൽ! മുറിച്ചു മാറ്റിയ വാതിലിന്റെ സൂത്രോട്ടി വേറെ മരം ഉപയോഗിച്ച് ഏച്ചു കൂട്ടിയ നിലയിലാണ് ഇപ്പോൾ.

അയൽക്കാരിയായ പാറുക്കുട്ടിയമ്മക്കുമുണ്ട് ചില സ്മരണകൾ. അവരുടെ മുത്തശ്ശി പറഞ്ഞ ചില കാര്യങ്ങളാണ്. അവരുടെ വീട്ടിൽ സ്ഥിരമായി വരുകയും അടുത്തിടപഴകുകയും ചെയ്തിരുന്ന ഒരാളെ കലാപകാരികളുടെ കൂട്ടത്തിൽ കണ്ടപ്പോൾ എടാ മുഹമ്മദേ നീയും കൂടിയോ ഇവരുടെ കൂട്ടത്തിൽ എന്നു ചോദിച്ചുവത്രെ. വേറെ എവിടെയോ ആക്രമത്തിനു പോവുകയാണെന്നും അയാളെ കിട്ടിയില്ലെങ്കിൽ ഇവിടെ വരുമെന്നും പറഞ്ഞുവത്രെ. അതു കേട്ട് പേടിച്ച് മുത്തശ്ശിയും അന്ന് കുട്ടിയായിരുന്ന കുഞ്ഞികുട്ടിയമ്മയും (പാറുക്കുട്ടിയമ്മയുടെ അമ്മ ) കളത്തിന്റെ അപ്പുറത്തെ കുവ്വക്കാട്ടിൽ ഒളിച്ചതായും പറയുന്നു. ●

(മലപ്പുറം ജില്ലയിലെ പൂക്കോട്ടൂരിലെ വെള്ളൂർ കളത്തിലെ ഇടവലത്ത് പുടയൂർ അനിയൻ നമ്പൂതിരിയുടെ ഭാര്യയാണ് ജിത അനിയൻ. മൊബൈൽ: 9747467883)

# പൂജയുടെ മണിയടിയും ഗൂർഖ പട്ടാളവും

**കെ. എം. പരമേശ്വരൻ**



തെക്കൻ വള്ളുവനാട്ടിൽ ചെർപ്പുളശ്ശേരിയിലെ കാക്കത്തോടിന്റെ പാലം പൊളിച്ചതായിരുന്നു ഗുരുതരമായ ഖിലാഫത്തു കാലത്തെ അക്രമസംഭവം. തൂതപ്പുഴ കടന്ന് (അന്ന് ഇന്നു കാണുന്ന തൂതപ്പാലം നിർമ്മിച്ചിട്ടില്ല.) പാലക്കാട് റോഡിലെ തന്ത്രപ്രധാനമായ കാക്കത്തോട് പാലം പൊളിച്ചതോടെ ചെർപ്പുളശ്ശേരി പ്രദേശം ഒറ്റപ്പെട്ടു. മാപ്പിള ലഹളക്കാരുടെ മുമ്പിൽപ്പെട്ട ഹിന്ദുക്കളായ ഒന്നു രണ്ടു പേരെ വകവരുത്തിയതായി കാറൽമണ്ണയിൽ പറഞ്ഞു കേട്ടിട്ടുണ്ട്. 28-ാം മൈൽ കുറ്റി ഉണ്ടായിരുന്ന മഹാകാളി കുന്നിന്റെ താഴെയാണ് ഒരു നായർ വധിക്കപ്പെട്ടത്. അമ്പല റോഡ് തുടങ്ങുന്ന ആ സ്ഥലം പൂളക്കൽ എന്നാണ് അറിയപ്പെട്ടിരുന്നത്. ഇല്ലങ്ങളിലുള്ള പ്രായമേറിയവരും കുട്ടികളും അതിനിടയ്ക്ക് വിദൂരങ്ങളിലെ ബന്ധു ഗൃഹങ്ങളിലേക്ക് താമസം മാറ്റിയിരുന്നു. അതിനാൽ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെട്ടു.


ഒളിച്ചിരിക്കുന്ന കലാപകാരികളെ പിടികൂടാൻ 1921 ന്റെ അവസാനത്തിൽ ഒരു സംഘം ഗൂർഖപ്പടയാളികൾ കാറൽമണ്ണയിലെ എന്റെ ഇല്ലമായ കൊയ്ത്തൊടി മനയിലും വന്നു. ആളുകൾ ഒഴിഞ്ഞുപോയ മനകളും മഠങ്ങളും കോവിലകങ്ങളും ഒക്കെ സുരക്ഷിത താവളങ്ങളായി കണ്ടിരുന്നു ലഹളക്കാർ. അത്തരം സ്ഥലങ്ങളിൽ ഒളിച്ചിരുന്നാൽ ബ്രിട്ടീഷ് പട്ടാളം പിടിക്കില്ലെന്ന് അവർ ധരിച്ചു. എന്നാൽ ഇല്ലത്തെ അഗ്നിഹോത്രങ്ങളും ശ്രീലകത്തെ തേവാരങ്ങളും മുടങ്ങാതിരിക്കാൻ മദ്ധ്യവയസ്കരും ചെറുപ്പക്കാരുമായ ധാരാളം നമ്പൂതിരിമാർ നാടുവിട്ടിരുന്നില്ല. പത്തു നാഴിക ചുറ്റുവട്ടത്ത് വിവരങ്ങൾ ശേഖരിക്കലും ഓടിപ്പോയി അറിയിക്കലും അമ്പലവും ഇല്ലങ്ങളും കാത്തുരക്ഷിക്കലും മറ്റുമായിരുന്നു അവർ ചെയ്തിരുന്നത്.



*പൂജയുടെ മണിയടിയൊച്ച കേട്ട് പട്ടാളം തിരിച്ചിൽ ഒഴിവാക്കിയ കൊയ്ത്തടി ചെറുമുക്ക് മന ചെർപ്പുളശ്ശേരി*

ഒരു ദിവസം അതിരാവിലെ നേപ്പാൾ സ്വദേശികളായ ഗൂർഖപട്ടാളക്കാർ ഇല്ലത്തെ മുറ്റത്തെത്തി. ആൾപ്പെരുമാറ്റമുള്ളതായി അവർക്കു തോന്നി. നമ്പൂതിരിമാർ ഒഴിവാക്കിപ്പോയ ഇല്ലമാവുമെന്നും അവിടെ കലാപകാരികൾ ഒളിവിൽ കഴിയുകയാവുമെന്നും കരുതി. അതിനാൽ നാലു കെട്ടിനുള്ളിൽ കടന്നു പരിശോധിക്കാൻ തെക്കിനിയുടെ ചാരിയ വാതിൽ തള്ളിത്തുറന്നതും ശ്രീലകത്തുനിന്ന് പൂജയുടെ ആദ്യ മണി കൊട്ടൽ ഉണ്ടായതും ഒപ്പമായിരുന്നു.

അതോടെ 'ബ്രഹ്മാലയം ബ്രഹ്മാലയം' എന്നു പറഞ്ഞ് അവർ ബൂട്ടിട്ട കാൽ പിന്നോട്ടെടുത്തു. തൊടിയും പരിസരവും അവർ തിരഞ്ഞു കഴിയുമ്പോഴേക്കും മുത്തശ്ശന്റെ തേവാരം കഴിഞ്ഞ് പുറത്തുവന്നു. അവർ നമസ്കാരം പറഞ്ഞു യാത്രയായി. മുത്തശ്ശിമാരും അച്ഛൻ പെങ്ങൾമാരും പറഞ്ഞു കേട്ട കഥകളിൽ നിറഞ്ഞു നിൽക്കുന്നത് ഈ പൂജയുടെ മണിയടിയാണ്. ● **ബെൽ:9072383651**



● മോഴികുന്നം സ്മരണ

# ഇരയായിട്ടും ബ്രഹ്മദത്തൻ നമ്പൂതിരി

# ബെല്ലാരി ജയിലിൽ

**ജയിൽവാസത്തിന്റെ പേരിൽ സമുദായം ഭ്രഷ്ട് കല്പിച്ച് മോഴികുന്നത്തെ ബഹിഷ്ക്കരിച്ചു. അമ്മയെ ശുശ്രൂഷിക്കാനോ ശയ്യക്കരികിൽ നിൽക്കാനോ മരണാനന്തര ചടങ്ങുകൾ ചെയ്യാനോ സമുദായ ഭ്രഷ്ടുകാരണം അനുവദിച്ചില്ല. മകനെ ഓർത്ത് ഏറെ സങ്കടപ്പെട്ടാണ് അമ്മമരിച്ചത്. പുത്രധർമ്മം ചെയ്യാനാകാത്തതിൽ മകനും അത്യന്തം ദുഃഖിച്ചു.**

'നമുക്കു നമ്മുടെ കാര്യങ്ങൾ നടത്താൻ ഈ നമ്പൂരിയുടെ സമ്മതം വേണോ?' തൂതപ്പുഴ കടന്ന് ചെർപ്പുളശ്ശേരിക്കു മുന്നേറുന്ന മാപ്പിളലഹളക്കാർ തങ്ങളെ പിന്തിരിപ്പിക്കാൻ വടക്കെ പാതയിൽ എത്തിയ ഗാന്ധിയനും അന്നാട്ടിലെ കോൺഗ്രസ് അദ്ധ്യക്ഷനുമായ മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിയോട് തട്ടിക്കയറി. കല്ലെറിയുകയും ചെയ്തു.

അവർ നേരെ കല്ലേരിക്കുന്നു പള്ളിയിൽ പോയി. സ്ഥലം പോലീസ് ഇൻസ്പെക്ടർ മൊയ്തീന്റെ ബാപ്പ മമ്മത്ഹാജി കൂട്ടബാങ്കുവിളിക്ക് നേതൃത്വം കൊടുത്തു.1921 ആഗസ്റ്റ് 23-ആം തിയ്യതിയാണ് ഖിലാഫത്ത് ലഹളക്കാർ പള്ളിയിൽ നിന്നും ഇറങ്ങി പാലക്കാട് റോഡിലെ കാക്കത്തോടു പാലം ഭാഗികമായി പൊളിച്ചു കളഞ്ഞത്.

എന്നാൽ പാലം പൊളിച്ചതിന്റേയും ലഹളക്കു നേതൃത്വം നൽകി ബ്രിട്ടീഷ് രാജിനോട് യുദ്ധം ചെയ്തതിന്റേയും കുറ്റമൊക്കെ നമ്പൂരിയുടെ തലയിലും! സെപ്തംബർ ഒന്നാം തിയ്യതി പ്രാതൽ പോലും കഴിക്കാൻ സമ്മതിക്കാതെ ബ്രിട്ടീഷ് കുതിരപ്പട്ടാളത്തിന് വഴികാട്ടിയായി മോഴികുന്നത്തു മനയിലെത്തിയത് മൊയ്തീൻ ഇൻസ്പെക്ടറും !

അമ്മമാരടക്കമുള്ളവർ ആർത്തുകരയവെ കൈകൾ പുറകിൽ ബന്ധിച്ച് മറേറ തല കഴുത്തിൽ കുരുക്കി വടക്കേപാത വഴി കച്ചേരിക്കുന്നിലേക്കും അവിടേനിന്ന് പൊരിവെയിലത്ത് കാറൽമണ്ണ പൊട്ടത്തിപ്പറമ്പിലേക്കും. 21 പേരെ കോമ്പലയായി ഏച്ചുകെട്ടി ഓടിച്ചാണ് കൊണ്ടുപോയത്. പട്ടാളക്കാർക്ക് കോഴിയിറച്ചി സദ്യ. മാപ്പിളലഹളക്കാർക്ക് അതിന്റെ ഉച്ഛിഷ്ടം! മോഴികുന്നം അതു കഴിക്കാൻ കൂട്ടാക്കിയില്ല. തിരുമുല്ലപ്പള്ളി ശിവക്ഷേത്രത്തിലെ നമസ്കാര വിഭവങ്ങളുമായെത്തിയ രണ്ടു ഉണ്ണിനമ്പൂരിമാരിൽനിന്നും ഗോകർണ്ണപാത്രത്തിൽ ചോറും മോരും കലക്കിക്കുടിച്ച് വിശപ്പക്കാൻ കൈ പുറകിൽ കെട്ടിയത് അഴിക്കാൻ സമ്മതിക്കാത്തതിനാൽ കൃഷ്ണപട്ടർ വായിൽ ഒഴിച്ചു കൊടുക്കുകയായിരുന്നു.

പിന്നെ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിലേക്ക്. ചെർപ്പുളശ്ശേരി പുത്തനാൽക്കൽ ഭഗവതി ക്ഷേത്രനടയിലൂടെ കുതിരപ്പട്ടാളം ആട്ടിയോടിക്കുകയായിരുന്നു. പരദേവതയെ ഉള്ളുരുകി പ്രാർത്ഥിച്ചു. ഒറ്റപ്പാലം റോഡിലുടെയുള്ള തെക്കോട്ടു പാച്ചിൽ എലിയപ്പറ്റ കയറ്റത്തിൽ വെച്ചു സ്തംഭിച്ചു. തല കറങ്ങി വീണ ഒരു കലാപകാരിയെ ഉന്തുവണ്ടിയിൽ വലിക്കാൻ മോഴികുന്നവും നിയുക്തനായത് ആശ്വാസമായി. കുറേദൂരം പോയപ്പോൾ എതിരെ വന്ന മൂന്നു കാളവണ്ടികൾ സംഘടിപ്പിച്ചു. എല്ലാവരേയും അവയിൽ കുത്തിനിറച്ച് വാണിയംകുളം വരെ കാളകളെ പറപ്പിച്ചുകൊണ്ടായി യാത്ര .ആ മിണ്ടാപ്രാണികൾ കുഴഞ്ഞുവീണു. വീണ്ടും ഷൊർണ്ണൂരിലേക്കു കോമ്പലയായി ആട്ടിയോടിക്കൽ. അവിടെയെത്തിയപ്പോൾ മർദ്ദകവീരരായ പോലീസുദ്യോഗസ്ഥരുടെ കൈത്തരിപ്പു തീർക്കൽ. ലഹളക്കാരായ തടവുകാർക്ക് ഭക്ഷണമെത്തിച്ചപ്പോൾ മോഴികുന്നം അതു കഴിച്ചില്ല. ബ്രാഹ്മണനായ ഒരു പോലീസ് ഓഫീസർ വന്ന് എന്താ വേണ്ടതെന്നു ചോദിച്ചപ്പോൾ ഒന്നു കുളിച്ചു സന്ധ്യാവന്ദനം ചെയ്യാൻ സൗകര്യപ്പെടുമോ എന്നു മോഴികുന്നം ചോദിച്ചു. കൈകാൽ മുഖം കഴുകി സന്ധ്യാവന്ദനം ചെയ്തു കഴിഞ്ഞപ്പോഴേക്കും കുറച്ചു പഴം വാങ്ങിക്കൊടുത്തു. അങ്ങിനെ അത്താഴപ്പഷ്ണി കൂടാതെ കഴിഞ്ഞു.

24ാം തിയ്യതി ഷട്ടിലിൽ കോയമ്പത്തൂർക്ക്. അവിടെ ജയിലിൽ. പിന്നെ പാലക്കാട്ടെ ട്രിബ്യൂണൽ കോടതി ജാമ്യത്തിൽ വിട്ടു. ഇല്ലത്തു തിരിച്ചെത്തിയപ്പോൾ പോലീസ് രാജിൽ ഭീതി പൂണ്ട നാട്ടുകാർ

ഖിലാഫത്ത് സ്മരണകൾ എഴുതിയ സ്വാതന്ത്ര്യ സമര സേനാനിയും യോഗക്ഷേമസഭാ കോൺഗ്രസ് നേതാവും ആയിരുന്ന മോഴികുന്നത്തെ പട്ടാമ്പിയിലെ ഇല്ലത്തു ചെന്ന് ഞാൻ കണ്ടത് 1960കളുടെ ആദ്യവർഷങ്ങളിലാണ്.1921 സെപ്തംബർ 1ന് ചെർപ്പുളശ്ശേരിയിലെ കോൺഗ്രസ് കമ്മറ്റി അദ്ധ്യക്ഷനായ മോഴികുന്നത്തെ, മാപ്പിള ലഹളക്കാർ കാക്കത്തോടിന്റെ പാലം പൊളിച്ച കേസിൽ പ്രേരണാകുറ്റം ചാർത്തി ബ്രിട്ടീഷ് ഭരണകൂടം അറസ്റ്റു ചെയ്തു. കഠിനമായ ദേഹോപദ്രവത്തിനു ശേഷം ജീവശവമായിമാറിയ അദ്ദേഹത്തെ കുതിരയുടെ പുറകിൽ കെട്ടി വലിച്ചാണ് ഒറ്റപ്പാലം റോഡിലുടെ വാണിയംകുളം വഴി ഷൊർണ്ണൂരിലേക്കു കൊണ്ടുപോയത്.
കോഴിക്കോട്ടായിരുന്നു കോടതി വിചാരണ: ജീവപര്യന്തം തടവുശിക്ഷയും (അന്തമാനിലേക്കു ) നാടുകടത്തലും! ബെല്ലാരി ജയിലിൽ മാപ്പിള കലാപകാരികൾക്കൊപ്പം കൊണ്ടിട്ടു.ജയിൽവാസത്തിന്റെ പേരിൽ സമുദായം ഭ്രഷ്ട് കല്പിച്ച് മോഴികുന്നത്തെ ബഹിഷ്ക്കരിച്ചു. അമ്മയെ ശുശ്രൂഷിക്കാനോ ശയ്യക്കരികിൽ നിൽക്കാനോ



പട്ടാളക്കാരോട് എന്റെ ഉണ്ണിയെ കൊണ്ടുപോകല്ലേ എന്ന് വാവിട്ടു കരഞ്ഞ് മോഴികുന്നത്തിന്റെ അമ്മ അപേക്ഷിച്ച അറയുടെ കിളിവാതിൽ

*മോഴികുന്നം മന*

മരണാനന്തര ചടങ്ങുകൾ ചെയ്യാനോ സമുദായ ഭ്രഷ്ടുകാരണം അനുവദിച്ചില്ല. മകനെ ഓർത്ത് ഏറെ സങ്കടപ്പെട്ടാണ് അമ്മമരിച്ചത്. പുത്രധർമ്മം ചെയ്യാനാകാത്തതിൽ മകനും അത്യന്തം ദുഃഖിച്ചു. പ്രായശ്ചിത്തം ചെയ്തിട്ടും മോഴികുന്നത്തിന്റെ ഭ്രഷ്ട് നീങ്ങിയില്ല. അതിനാൽ ഇല്ലക്കാർ പെൺകിടാങ്ങളെ വിവാഹം ചെയ്തു കൊടുക്കാൻ തയ്യാറായില്ല. അത്തരം അവസ്ഥയിലാണ് ആട്ടയൂർ കേശവൻ നമ്പൂതിരിയെപ്പോലുള്ള പുരോഗമനാശയക്കാരായ സമുദായസ്നേഹികളുടെ ശ്രമഫലമായി വള്ളിക്കുന്ന് എടശ്ശേരി ഇല്ലത്തെ ശ്രീദേവി അന്തർജ്ജനത്തിന്റെ പുത്രി സാവിത്രിയെ മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിയെക്കൊണ്ട് വേൾപ്പിക്കാനുള്ള നിശ്ചയമുണ്ടായത്. വേളിമുടക്കികൾ എടശ്ശേരി അമ്മയേയും സമീപിച്ചുവത്രെ- മോഴികുന്നം മോഷ്ടിച്ചിട്ടൊന്നുമല്ലല്ലോ ജയിലിൽ പോയത്. മഹാത്മാ ഗാന്ധിയുടേയും നെഹ്രുജിയുടേയും ഒക്കെ കൂടെയാ. ശ്രീദേവി അന്തർജ്ജനം ചുട്ട മറുപടി കൊടുത്തു. വി.ടി.ഭട്ടതിരിപ്പാട്, എം.ആർ.ബി, പ്രേംജി തുടങ്ങിയ മോഴികുന്നത്തിന്റെ യോഗക്ഷേമസഭാ സഹപ്രവർത്തകരുടെ സാന്നിദ്ധ്യത്തിലായിരുന്നു വേളിച്ചടങ്ങുകൾ. ●

.യാഥാസ്ഥിതികരുടെ ഭ്രഷ്ടു ഭീഷണിയിൽ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങിയ കുടുംബാംഗങ്ങൾ. കോഴിക്കോട്ടെ സെഷൻസ് കോടതിയിൽ പ്രഗൽഭരായ രാമമേനോനേയും പരപ്പിൽ മാധവമേനോനേയും വെച്ചു വാദിച്ചെങ്കിലും ഒരു കോൺഗ്രസ്സു നേതാവിനെങ്കിലും കഠിനശിക്ഷ നൽകാതെ വിടരുതെന്ന ബ്രിട്ടീഷ് നയത്തിന് ഇരയാകേണ്ടി വന്നത് മോഴികുന്നത്തിനായി. ജീവപര്യന്തം തടവും അന്തമാനിലേക്കു നാടുകടത്തലും ശിക്ഷ വിധിച്ചു.

ബെല്ലാരിയിൽ ശിക്ഷയനുഭവിച്ചുകൊണ്ട് മദ്രാസ് ഹൈക്കോടതിയിൽ അപ്പീൽ വിചാരണ. അതിൽ ജീവപര്യന്തവും നാടുകടത്തലും ഒക്കെ റദ്ദാക്കപ്പെട്ടു.

ഇല്ലത്തു മടങ്ങിയെത്തിയെങ്കിലും സമുദായവും സമുദായ സംഘടനയും ഉൾക്കൊള്ളാൻ പാകപ്പെട്ടിരുന്നില്ല.ഇല്ലക്കാരാണ് ഇതിന്റെഫലം അനുഭവിക്കേണ്ടി വന്നത്. കൊല്ലവർഷം 962 ൽ (1787) ആലുവ ദേശത്ത് തിരുവിതാംകൂർ രാജാവിന്റെ രക്ഷാകർത്തൃത്വത്തിൽ നടത്തിയ സോമയാഗ അതിരാത്രത്തിലെ യജമാനനായിരുന്ന മോഴികുന്നം അക്കിത്തരുടെ നേർപരമ്പരയിലെ കർമ്മ കുശലന്റെ നേതൃത്വം ഉപയോഗിക്കാൻ കഴിയാതെ പോയി. 1923 ൽ അങ്ങേയറ്റം മനോവേദനയോടെ പട്ടാമ്പിക്ക് താമസം മാറ്റാൻ നിർബ്ബന്ധിതനായി.1897 ൽ ജനിച്ച് 1964ൽ നിര്യാതനായ ശേഷമാണ് ഖിലാഫത്ത് സ്മരണകൾ പുസ്തകരൂപത്തിൽ ഇറങ്ങിയത്. യോഗക്ഷേമസഭാപ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി അനുഭവക്കുറിപ്പുകൾ എഴുതിയിട്ടുണ്ട്. വള്ളിക്കുന്ന് എടശ്ശേരി ഇല്ലത്തെ സാവിത്രിയെ വേളി കഴിച്ചു.
അഞ്ചുആൺ കുട്ടികളും രണ്ടു പെൺകുട്ടികളും ഉണ്ടായി. മരുമക്കളും പേരമക്കളും അവരുടെ പരമ്പരയും അഭിമാനപൂർവ്വം ഇന്നും ഓർത്തുകൊണ്ടിരിക്കുന്നു ഈ ധീര ദേശാഭിമാനിയെ ●

(കൊയ്ത്തടി പരമേശ്വരൻ എടശ്ശേരി ഇല്ലത്തെ നീലകണ്ഠൻ മാഷേയും ആട്ടയൂർ നീലി ദേവി അന്തർജ്ജനത്തേയും കണ്ടു സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ എഴുതിയത്.



*കാക്കത്തോട് പഴയപാലം,*



അശീതി കഴിഞ്ഞ പ്രമുഖ നാടക പ്രവർത്തകൻ തോട്ടുപുറം ശങ്കരനെക്കുറിച്ച് മകൾ

## എൺപതു തികഞ്ഞു എന്റെ അച്ഛന്

# എന്റെ സൂപ്പർ ഹീറോയ്ക്ക്

**വിദ്യ ടി.എസ്**



ഏതൊരു പെൺകുട്ടിക്കും അവളുടെ ജീവിതത്തിലെ സൂപ്പർ ഹീറോ അച്ഛനായിരിക്കും. എന്നെ ഏറെ സ്വാധീനിച്ചത് അച്ഛനാണ്. ടി.പിയുടെ മകൾ എന്നറിയപ്പെടുന്നതിൽ ഇന്നും അഭിമാനമാണ്. 80 ന്റെ നിറവിലെത്തിയ അച്ഛനെക്കുറിച്ച് പറയാൻ ഒട്ടേറെയുണ്ട്. ഒരിക്കൽപ്പോലും ഞങ്ങൾ കുട്ടികളോട് ദേഷ്യപ്പെട്ട് സംസാരിച്ചിട്ടേ ഇല്ല. സൗഹൃദത്തോടെ മാത്രമേ പെരുമാറിയിട്ടുള്ളു. താൻ വരച്ച വരയിൽ മക്കൾ നടക്കണമെന്ന് ശഠിച്ചിരുന്നില്ല. മറിച്ച് ഞങ്ങൾ തിരഞ്ഞെടുത്ത വഴിയിലൂടെ ആപത്തൊന്നും കൂടാതെ പോകാൻ പറ്റണേ എന്ന് പ്രാർത്ഥിക്കുകയാണു പതിവ്. ആ പ്രാർത്ഥനയുടെ ശക്തി എന്നുമുണ്ടെന്നു തന്നെയാണ് വിശ്വാസം.

കർക്കശ്ശക്കാരൻ, മുൻശുണ്ഠിക്കാരൻ എന്നിങ്ങനെയുള്ള വിശേഷണങ്ങൾക്കൊന്നും അച്ഛൻ അർഹനല്ല. അമ്മയുടെ തലോടലായി പരിലാളനമായി ഞങ്ങളിൽ നിറഞ്ഞു നിൽക്കുന്നതാണ് അച്ഛനെന്ന വികാരം. ടി.പി., ടി.പി.എസ്, ശങ്കരേട്ടൻ എന്നിങ്ങനെ ചുരുക്കപ്പേരുകളിൽ അറിയപ്പെടുന്ന തോട്ടുപുറം ശങ്കരൻ. അതെ ഞങ്ങളുടെ അച്ഛൻ. വിളിപ്പേരിലെ വൈവിധ്യം പോലെത്തന്നെ വൈവിധ്യമേറിയതായിരുന്നു ആ വ്യക്തിത്വവും. കലാകാരൻ, രാഷ്ട്രീയ പ്രവർത്തകൻ, സാഹിത്യ സാംസ്കാരിക പ്രവർത്തകൻ എന്നിങ്ങനെ ബഹുമുഖപ്രതിഭ.



ശുകപുരം ഗ്രാമത്തിലെ വട്ടംകുളത്തിനടുത്ത് കുറ്റിപ്പാലയിലാണ് തോട്ടുപുറം ഇല്ലം. പരമേശ്വരൻ നമ്പൂതിരിയുടേയും വള്ളൂർ മഹൾ സാവിത്രിയുടേയും മകനായി1116 ൽ ജനനം. മുത്തശ്ശൻ ഇ.എം.എസിന്റെ സഹചാരി യായിരുന്നു.ഒട്ടേറെ പ്രമുഖ നേതാക്കളും അക്കാലത്ത് ഇല്ലത്തെ സന്ദർശകരായിരുന്നു. ഈ അടുപ്പമാവാം അച്ഛന്റെയുള്ളിൽ രാഷ്ട്രീയത്തിന്റെ വിത്തുപാകിയത്. പിൽക്കാലത്ത് വട്ടംകുളം പഞ്ചായത്ത് അംഗമായി പ്രവർത്തിക്കാനും അച്ഛനു സാധിച്ചു.

ആ കാലത്ത് രാഷ്ട്രീയ ചർച്ചകൾക്ക് സ്ഥിരംവേദിയായിരുന്നു ഞങ്ങളുടെ വീട്. പരാതികളും പരിവേദനങ്ങളുമായിഎത്തുന്നവർ എന്റെ കുട്ടിക്കാലത്തെ സ്ഥിരം കാഴ്ചയായിരുന്നു. ഇല്ലത്തിനടുത്തുള്ള കോളനികളിലെ അന്തേവാസികൾ ചെറിയ ചെറിയ അതിർത്തി തർക്കങ്ങൾക്കും, കുടുംബ വഴക്കുകൾക്കും പരാതിയുമായി എത്തും. മനക്കലെ തമ്പ്രാനായല്ല, മറിച്ച് അവരിലൊരാളായി മാറാൻ കഴിഞ്ഞതു കൊണ്ടുതന്നെയാണ് ഇത്രമാത്രം സമ്മതനാവാൻ സാധിച്ചത്. ഏതൊരാളോട് ഇടപഴകുമ്പോഴും അവരിലേക്ക് ഇറങ്ങിച്ചെന്ന് അവരിൽ ഒരാളായിത്തീരാനുള്ള അച്ഛന്റെ കഴിവ് എന്നെ അതിശയപ്പെടുത്തിയിട്ടുണ്ട്. ഇന്നും ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ അച്ഛന് സാധിക്കുന്നതും ഈ സ്വഭാവ സവിശേഷത കൊണ്ടുതന്നെയാണ്.

രാഷ്ട്രീയത്തിനൊപ്പം കലാസാംസ്കാരിക പ്രവർത്തനങ്ങളുമുണ്ടായിരുന്നു. വട്ടംകുളത്ത് ആദ്യമായി കലാസമിതിയും നാടക ട്രൂപ്പും ആരംഭിച്ചത് അച്ഛന്റേയും കൂട്ടുകാരുടേയും പ്രവർത്തന ഫലമാണ്. അങ്ങനെയാണ് വട്ടംകുളത്ത് സ്കൈലാബ് തീയറ്റേഴ്സ് ആരംഭിക്കുന്നത്. അതിന്റെ ആഭിമുഖ്യത്തിൽ അഗ്നിവലയം , സമസ്യ തുടങ്ങി ഒട്ടേറെ നാടകങ്ങൾ വട്ടംകുളത്തും പരിസരങ്ങളിലുമായി അരങ്ങേറി. സ്കൈലാബ് തീയറ്റേഴ്സ് മാറി പിന്നീട് അമ്പിളി കലാസമിതി വന്നപ്പോഴും അതിന് ചുക്കാൻ പിടിച്ചിരുന്നത് അച്ഛനായിരുന്നു.

'അമ്പിളി നോക്കുന്ന ആൾ' എന്ന് അച്ഛനെ കുറിച്ച് പറയുന്നത് കേട്ടിട്ടുണ്ട് ,'അമ്പിളി' യുടെ നാടകറിഹേഴ്സൽ കളരിയായിരുന്നു ഇല്ലത്തെ പൂമുഖം. കൂട്ടുകൃഷി, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്നീ നാടകങ്ങളുടെ റിഹേഴ്സൽ ക്യാമ്പ് മാസങ്ങളോളം നീണ്ടുനിന്നിരുന്നു. ഞങ്ങൾക്ക് അത് ഉത്സവം തന്നെയായിരുന്നു. ഈ നാടകങ്ങളിലൂടെ പ്രശസ്തരായ പല സംവിധായകരോടും നടന്മാരോടും ഒപ്പം അനവധി വേദികളിൽ പ്രവർത്തിക്കാൻ സാധിച്ചത് അദ്ദേഹത്തിന്റെ അഭിനയ മികവിനു മാറ്റുകൂട്ടാൻ സഹായിച്ചു. എഴുപതുകളിൽ തുടങ്ങിയ കലാ സാംസ്കാരിക പ്രവർത്തനം ഇന്നും ഊർജസ്വലതയോടെ കൊണ്ടുപോകാൻ സാധിക്കുന്നത് കലയോടുള്ള ഒടുങ്ങാത്ത അഭിനിവേശം കൊണ്ടാണ്.

ടി.പി.എസ് എന്ന വ്യക്തിത്വം വട്ടംകുളത്തിന്റെ '0' വട്ടത്തിൽ ഒതുങ്ങുന്നതല്ല. കേരള സംഗീത നാടക അക്കാദമി അംഗം, നാടക പ്രവർത്തകൻ എന്നിങ്ങനെ ആ പേര് കേരളക്കരയാകെ വ്യാപിച്ചു. വട്ടംകുളം ഗ്രാമീണ വായനശാലയുമായുള്ള ബന്ധത്തിലൂടെ പൊന്നാനി താലൂക്ക് ഗ്രന്ഥശാലാ സെക്രട്ടറി, ഗ്രന്ഥശാലാ സംഘം സംസ്ഥാന കൗൺസിലർ എന്നീ നിലകളിലെത്തി. ഇവിടെയെല്ലാം കാണിച്ച സംഘാടന പാടവം മാതൃകാപരമാണ്. ഒട്ടേറെപ്രമുഖ വ്യക്തികൾ അച്ഛന്റെ സുഹൃദ്വലയത്തിൽ അന്നും ഇന്നും ഉണ്ട്. കേരള സംഗീത നാടക അക്കാദമി അംഗമായിരിക്കേ പി.ഭാസ്കരൻ, കെ.പി.ഉദയഭാനു, ഇയ്യങ്കോട് ശ്രീധരൻ തുടങ്ങി പ്രമുഖരുമായി അടുത്തിടപഴകാൻ അച്ഛന് സാധിച്ചു. മുല്ലനേഴി, പ്രേംജി, മാടമ്പ് തുടങ്ങിയ പ്രശസ്ത നടൻമാരെ പരിചയപ്പെടാൻ അച്ഛൻ വഴി ഞങ്ങൾക്കും സാധിച്ചിട്ടുണ്ട്. അവരുമായുള്ള അച്ഛന്റെ ഈ ബന്ധം തന്നെയാണ് അശ്വത്ഥാമാവ് എന്ന സിനിമയിൽ കേന്ദ്ര കഥാപാത്രമായി അഭിനയിക്കാൻ അമ്മയ്ക്ക് അവസരമൊരുക്കിയത്.

രാഷ്ട്രീയമല്ല തന്റെ കർമ്മരംഗം എന്ന് തിരിച്ചറിഞ്ഞത് മുഴുവൻ സമയ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ മുഴുകിയപ്പോഴും അദ്ധ്യാപികയായിരുന്ന അമ്മക്ക് പരിപൂർണ്ണ പിന്തുണ നല്കി കുടുംബകാര്യങ്ങളും ഞങ്ങൾ കുട്ടികളുടെ കാര്യങ്ങളും ശ്രദ്ധയോടെ ചെയ്യാൻ അച്ഛൻ ശ്രമിച്ചിരുന്നു. ചോറുരുളകൾ വാരിത്തന്നതും കഥകൾ പറഞ്ഞുതന്നതും, കളിക്കൂട്ടുകാരനായി കൂടെ നടന്നതും, നൊമ്പരങ്ങളിൽ സ്വാന്തനമേകിയതും, ഏറ്റവും നല്ല സുഹൃത്തായി സ്നേഹിച്ചതും എല്ലാമെല്ലാം അച്ഛനാണ്. എല്ലാം ഇന്നലെ കഴിഞ്ഞപോലെ.അച്ഛന് അശീതിയായെന്ന് വിശ്വസിക്കാനാവുന്നില്ല.

എല്ലാവിധ ആശംസകളും നേരുന്നു. ●

**വിദ്യ ടി.എസ്,**
**മൊബൈൽ 95626 10112**






## ശ്രീ അയ്യപ്പകീർത്തി പുരസ്കാരം

പ്രഗത്ഭ തന്ത്രശാസ്ത്ര പണ്ഡിതനും ആദ്ധ്യാത്മിക സാംസ്കാരിക സാമൂഹ്യ മേഖലകളിൽ നിറഞ്ഞ സാന്നിദ്ധ്യവുമായ താന്ത്രികാചാര്യൻ ബ്രഹ്മശ്രീ. മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിക്ക് കേരളീയ ക്ഷേത്ര പദ്ധതിക്ക് നൽകി വരുന്ന സമഗ്ര സംഭാവനകൾ പരിഗണിച്ച്നെന്മാറ തെങ്ങുപ്പാടം ശ്രീധർമശാസ്താ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാ നവീകരണ കലശത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ശബരിമല തന്ത്രി താഴമൺ മഠം ബ്രഹ്മശ്രീ. കണ്ഠരു മഹേഷ് മോഹനരുതന്ത്രി ശ്രീ അയ്യപ്പകീർത്തി പുരസ്കാരം നൽകുന്നു.





<u>അറിയേണ്ട നമ്പൂതിരി</u>

# അമേരിക്കൻ കൗൺസിലർ

**1972 ലാണ് തൃശ്ശൂർ പൊറക്കുടിഞ്ഞത്ത് മനയിലെ നാരായണൻ ആദ്യമായി അമേരിക്കയിൽ എത്തുന്നത്. വെറും പതിനെട്ടു വയസുള്ളപ്പോൾ. 49 വർഷങ്ങൾക്കിപ്പുറം ഇന്ന് മിനസോട്ട (Minnesota) സ്റ്റേറ്റിലെ ഈഡൻ പ്രയറി (Eden Prairie) സിറ്റിയിലെ കൗൺസിലറാണ്! ഇലക്ഷനിൽ മത്സരിച്ച് 17,536 വോട്ടുകളോടെയാണ് ജയം!! ഇങ്ങനെ ജയിക്കുന്ന ആദ്യത്തെ ഇന്ത്യൻ വംശജനാണ് പി.ജി. എന്ന പി.ജി.നാരായണൻ.**

**ശ്രീദത്ത് പാനാട്ട്**




പൊറക്കുടിഞ്ഞത്തെ ഗംഗാധരൻ ഭട്ടതിരിപ്പാടിന്റെയും കാളി അന്തർജനത്തിന്റെയും മകൻ ഇങ്ങനെയെല്ലാമാവുമെന്ന് ഒരാളും കരുതിയില്ല. പന്ത്രണ്ടു വയസ്സുവരെ സ്കൂളിൽ പോവാത്ത കുട്ടി. അക്കാലത്ത് സമാവർത്തനമെല്ലാം കഴിഞ്ഞേ നമ്പൂതിരിമാർ സ്കൂളിൽ ചേരാറുള്ളൂ. അതുവരെ പൂജയും തന്ത്രവും മാത്രമായിരുന്നു പരിപാടി. പക്ഷേ പൂജയേക്കാൾ എളുപ്പം മാത്തമാറ്റിക്സും, ഫിസിക്സും വഴങ്ങുന്നത് തിരിച്ചറിഞ്ഞപ്പോൾ പന്ത്രണ്ടാം വയസിൽ ഒറ്റ വർഷംകൊണ്ട് അഞ്ചാം ക്ലാസ് വരെയുള്ളത് പഠിച്ചെടുത്തു; പതിമൂന്നാം വയസിൽ അഞ്ചാം ക്ലാസ് പാസായി. പതിനെട്ടാം വയസ്സിൽ പത്താം ക്ലാസും.

അതിനുശേഷമുള്ള കഥ ഇൻസ്പയറിങ് മാത്രമല്ല അവിശ്വസനീയം കൂടിയാണ്. ആ സമയത്ത് ഓപ്പോൾ സാവിത്രി അമേരിക്കയിലെ ടോപ്പ് സർവ്വകലാശാലയായ ഹാർവാർഡിൽ (Harvard) അപ്ലൈഡ് മാത്തമാറ്റിക്സിൽ പി.എച്ച്.ഡി. ചെയ്യുകയായിരുന്നു. ഓപ്പോളും അച്ഛനമ്മമാരും പിന്തുണയും പ്രേരണയും നൽകി. ചെലവിനുള്ള പണം പലരുടേയും കയ്യിൽ നിന്ന് അച്ഛൻ കടം വാങ്ങി. അങ്ങനെ 1972 സെപ്റ്റംബർ 19നു ബോസ്റ്റൺ ലോഗൻ (Boston Logan) എയർപോർട്ടിൽ ലാൻഡ് ചെയ്തു.

അമേരിക്കൻ കൾച്ചറൽ ഷോക്കും സർവൈവലുമായിരുന്നു ആദ്യകാലത്തെ പ്രയാസം. കൗമാരം പിന്നിടാത്ത പ്രായം. ഇംഗ്ലീഷിൽ ഒറ്റ വാക്കും അറിയില്ല. 40 കിലോഗ്രാം മാത്രം തൂക്കം. ഒരു മെലിഞ്ഞ നാട്ടിൻപുറത്തുകാരൻ പയ്യൻ. കത്തിടപാടു മാത്രമാണ് ഇല്ലവുമായി ബന്ധപ്പെടാനുള്ള ഏകവഴി. അതു തന്നെ രണ്ടാഴ്



*പി. ജി നാരായണൻ ഭാര്യ ഇന്ദിര, ഇളയമകൻ മനോജ്, മരുമകൾ പ്രിയ,പേരക്കുട്ടി സഹാന, മൂത്തമകൻ സുനോജ് എന്നിവരൊത്ത്*




*പി. ജി നാരായണൻ മാരത്തൺ മത്സരത്തിനിടയിൽ*

## അമ്പത്തിനാലാം വയസ്സിൽ മാരത്തൺ

### മാരത്തണിൽ 42 കിലോമീറ്റർ നിർത്താതെ ഓടണം. അത് 3 മണിക്കൂർ 42 മിനുറ്റിൽ ഫിനിഷ് ചെയ്തു.

ഒരു കാര്യം വേണമെന്ന് തോന്നിയാൽ അത് ചെയ്തിരിക്കും. 54ആം വയസ്സിലാണ് പി.ജി.ക്ക് മാരത്തൺ ഓടണമെന്ന് തോന്നിയത്. സുഹൃത്തുക്കളോടും ഡോക്ടർമാരോടും അഭിപ്രായം ചോദിച്ചു. ജീവിതത്തിലാദ്യമായി ഇത്തരമൊരു ഹെവി ഫിസിക്കൽ ആക്ടിവിറ്റി ചെയ്യുന്ന റിസ്കിനെ പറ്റി. എല്ലാവരും സപ്പോർട്ടീവ് ആയിരുന്നു. അങ്ങനെ മാരത്തൺ ഓടാൻ തീരുമാനിച്ചു. നമ്മൾ ടിവിയിലും പത്രങ്ങളിലും ഒക്കെ കാണുന്നതാണെങ്കിലും 2 കിലോമീറ്റർ പോലും നിർത്താതെ ഓടാൻ പറ്റാത്തവരാണ് ഭൂരിഭാഗവും.

മാരത്തൺ എന്നത് ഓട്ടമല്ല, ടോർച്ചർ ആണ്. 42 കിലോമീറ്റർ നിർത്താതെ ഓടണം. ഫിനിഷിങ് ആവുമ്പോഴേക്കും ഡീഹൈഡ്രേഷൻ കാരണം മൂത്രമൊഴിക്കുമ്പോൾ ചോര വരുന്ന പോലെ തോന്നും. ശരീരം ഇതുവരെ അനുഭവിക്കാത്ത ലെവൽ ഫിസിക്കൽ അധ്വാനം അനുഭവിക്കുമ്പോൾ പാനിക് അറ്റാക്ക് വരെ വരാം. ഇതു മറി കടക്കാനായി 18 ആഴ്ച നിരന്തരപരിശീലനം.

മാരത്തണിന് ഒരാഴ്ച മുന്നേ കഠിനമായ മുട്ട് വേദന വന്നു. ഓടിയാൽ മുട്ടിനു സ്ഥിരമായ തകരാർ വരുമോ എന്ന് ഡോക്ടറോട് ചോദിച്ചു. അതിനു സാധ്യത കുറവാണ്. പക്ഷെ വേദന അസഹ്യമായിരിക്കും എന്ന് പറഞ്ഞു. വേദന വിഷയമല്ല മാരത്തൺ ചെയ്തിരിക്കും. അതായിരുന്നു മറുപടി. 3 മണിക്കൂർ 42 മിനുറ്റിൽ മാരത്തൺ ഫിനിഷ് ചെയ്തു. ജീവിതത്തിൽ ഏറ്റവും അഭിമാനം തോന്നിയ നിമിഷം. ●

ച്ചയെടുക്കും. അറിയാവുന്ന ഒരാളേ അമേരിക്കയിലുള്ളൂ- ഓപ്പോൾ സാവിത്രി. ഒരു വർഷത്തേക്കുള്ള ചെലവുകൾ താൻ നോക്കാമെന്നു ഓപ്പോൾ.അപ്പോഴേക്കും ഒരു ജോലി ശരിയാക്കണം. അതായിരുന്നു കണ്ടീഷൻ. ഓപ്പോളുടെ കൂടെത്തന്നെ ആയിരുന്നു താമസം. ആ സമയത്തെല്ലാം ഇന്ത്യൻ, അമേരിക്കൻ സുഹൃത്തുക്കൾ വരുമ്പോൾ ഇംഗ്ലീഷ് അറിയാത്തതിനാൽ ഒരു മൂലക്ക് ഒതുങ്ങും.

പക്ഷെ ഈ പ്രശ്നം അധികനാൾ ഉണ്ടായില്ല. അതിനിടക്ക്, ബോസ്റ്റണിൽ തന്നെ കുറച്ചകലെ ഒരു കമ്മ്യൂണിറ്റി കോളേജിൽ അഡ്മിഷൻ ലഭിച്ചു. കോളേജിനടുത്ത് അമേരിക്കൻ ദമ്പതികൾ താമസിക്കുന്ന വീട്ടിലെ വാടക മുറിയിലേക്ക് താമസവും മാറ്റി. ഇംഗ്ലീഷ് അറിയാത്തതിൻറെ ബുദ്ധിമുട്ട് ഏറ്റവുമനുഭവിച്ച സമയം. അവിടുന്നങ്ങോട്ട് ഒരു സർവൈവൽ സ്ട്രഗിൾ തന്നെ ആയിരുന്നു. കമ്യൂണിറ്റി കോളേജിൽ ഇംഗ്ലീഷും മാത്ത്സും ആണ് പ്രധാനമായി പഠിച്ചത്. മാത്തമാറ്റിക്സ് എളുപ്പമായിരുന്നെങ്കിലും ഡിക്ഷ്ണറിയുടെ സഹായത്തോടെയിരുന്നു ഇംഗ്ലീഷ് പഠനം. അങ്ങനെ ഇംഗ്ലീഷും

> **ബോസ്റ്റണിൽ തന്നെ ഉള്ള ചൈനീസ് റസ്റ്റോറൻറ്കളിലും ഐസ്ക്രീം പാർലറുകളിലും പാത്രം കഴുകൽ, നിലം തുടക്കൽ, കാറ്ററിംഗ് തുടങ്ങി അക്കാലത്ത് ഒരുവിധം ചെയ്യാത്ത ജോലികളില്ല.**

അമേരിക്കൻ കൾച്ചറൽ ഷോക്കും ആയുള്ള സ്ട്രഗിളിനു ശേഷം നോർത്ത് ഈസ്റ്റേൺ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ കിട്ടി. ഒരു വർഷം തികയുന്നതിനു മുമ്പു തന്നെ പാർട്ട് ടൈം ജോലികളും ചെയ്തു തുടങ്ങിയിരുന്നു. ബോസ്റ്റണിൽ തന്നെ ഉള്ള ചൈനീസ് റസ്റ്റോറൻറ്കളിലും ഐസ്ക്രീം പാർലറുകളിലും പാത്രം കഴുകൽ, നിലം തുടക്കൽ, കാറ്ററിംഗ് തുടങ്ങി അക്കാലത്ത് ഒരുവിധം ചെയ്യാത്ത ജോലികളില്ല. മണിക്കൂറിനു രണ്ട് ഡോളറായിരുന്നു ശമ്പളം (അക്കാലത്തെ പത്തു രൂപ). മാസത്തിലൊരിക്കൽ ബാക്കി വരുന്ന പണം നാട്ടിലേക്കയക്കും.

ഗ്രാജുവേഷൻ കഴിഞ്ഞ ഉടനെ തന്നെ ജോലി ശരിയായി. എങ്കിലും ആദ്യം ജോലി ചെയ്ത കമ്പനികളിൽ വളർച്ച കുറവായതിനാൽ വാഷിംഗ്ട്ടണിൽ മറ്റൊരു കമ്പനിയിൽ സീനിയർ എഞ്ചിനീയർ ആയി. പിന്നീട് പിൻതിരിയേണ്ടി വന്നില്ല. വർച്ചയുടെ നാളുകൾ ആയിരുന്നു. ദിവസേന 18 മണിക്കൂർ വരെ വർക്ക് ചെയ്ത നാളുകൾ. 33ആം വയസ്സിൽ തന്റെ കമ്പനിയിലെ ബോസിനോട് പറഞ്ഞു- 35ആം വയസ്സിൽ തനിക്ക് ഈ കമ്പനിയുടെ വൈസ് പ്രസിഡന്റ് ആവണമെന്ന്. രണ്ടു വർഷത്തിനകം അതും നേടി! ഇന്നത്തെ 7000 കോടിയിൽ രൂപയിലധികം മാർക്കറ്റ് ക്യാപ് ഉള്ള കമ്പനിയുടെ വൈസ് പ്രസിഡന്റ്!! തൻറെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നായി പി.ജി തന്നെ സ്വയം വിലയിരുത്തുന്ന ഒരു നേട്ടം.

അമേരിക്കയിൽ പോയി എട്ടു വർഷം കഴിഞ്ഞായിരുന്നു നാട്ടിലേയ്ക്കുള്ള ആദ്യ വരവ്. വീണ്ടും നാല് വർഷങ്ങൾ കഴിഞ്ഞ് മുത്തശ്ശിയുടെ നൂറാം പിറന്നാളിന് രണ്ടാം വരവും. അപ്പോഴാണ് ഭാവിവധുവായ പുലിയന്നൂരിലെ ഇന്ദിരയെ ഇല്ലത്തുള്ളവർ പരിചയപ്പെടുത്തുന്നത്. പരിചയപ്പെട്ട് ഒരാഴ്ചയ്ക്കകം വിവാഹവും.

വിവാഹം കഴിഞ്ഞ് പി.ജി. അമേരിക്കയിലേക്ക് പോയെങ്കിലും ഒരു വർഷത്തിനുശേഷമാണ് ഇന്ദിര അമേരിക്കയലെത്തിയത്. സംസ്കൃതത്തിൽ ബിരുദാനന്തരബിരുദം ഉള്ള ആളാണ് ആണ് ഇന്ദിര.

ഇവരുടെ മൂത്തമകൻ സുനോജ് അമേരിക്കയിൽതന്നെ ഒരു ബയോമെഡിക്കൽ കമ്പനിയിലാണ്. ഭാര്യ പ്രിയ അഭിഭാഷകയാണ്. സുനോജിൻറെയും പ്രിയയുടെയും മകളുടെ പേര് സഹാന. ഇളയമകൻ മനോജ് പി.ജി.യുടെ സ്വന്തം കമ്പനിയായ Smi ഫോഴ്സിൽ വർക്ക് ചെയ്യുന്നു.

**ഇന്ദിരയുടെ കൾച്ചറൽ സെൻസ് വളരെ സ്ട്രോങ്ങ് ആയതുകൊണ്ട് രണ്ടു മക്കളുടെയും ഉപനയനം, സമാവർത്തനം എന്നിവ കഴിഞ്ഞിട്ടുണ്ട്. അമേരിക്കയിൽ സെക്കൻഡ് ജനറേഷൻ ആയിട്ടുപോലും സുനോജും മനോജും സ്ഥിരമായി രാവിലെ ഗായത്രി ജപിക്കുന്നവരാണ്.**

മിനസോട്ടയിൽ ഇലക്ഷൻ ജയിച്ചത് വഴിയാണ് നമ്മൾ പി.ജി.യെ അറിയുന്നത്. സംശയം വേണ്ട ഇലക്ഷനിൽ ജയിച്ച നേട്ടം തന്നെ ആണ് ഏറ്റവും മികച്ച അചീവ്മെന്റ് ആയി പി.ജി. കരുതുന്നതും. പക്ഷെ അതിനൊക്കെ മുൻപ് തന്നെ ഒരു വലിയ സംരംഭകനാണ്. അതുപോലെ തന്നെ ടെലികമ്മ്യൂണിക്കേഷൻ ടെക്നോളജിയിൽ ലോകോത്തര സാങ്കേതിക വിദഗ്ധനും. 1995-2005 കാലഘട്ടത്തിൽ ജോലി ചെയ്തിരുന്ന ഫോർച്യൂൺ -500 ലിസ്റ്റിൽ ഉള്ള ബില്യൺ ഡോളർ കമ്പനികളിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, സി.ഇ.ഒ, സി.ടി.ഒ തുടങ്ങിയ സ്ഥാനങ്ങൾ ആണ് കൈകാര്യം ചെയ്തിരുന്നത്. ഇത്രയധികം എന്റർപ്രൈസിങ് ആയ മലയാളികൾ അക്കാലത്തു വേറെ ഉണ്ടായിരുന്നോ എന്ന് സംശയം. ജോലി ചെയ്തിരുന്ന കമ്പനികളിൽ താൻ ക്രിയേറ്റ് ചെയ്തിരുന്ന വാല്യൂ കണ്ടിട്ടാണ് എന്ത് കൊണ്ട് അത് സ്വയം ചെയ്തുകൂടാ എന്ന് തിരിച്ചറിയുന്നത്. അങ്ങനെയാണ് SmiForce എന്ന സ്വന്തം ഡാറ്റാ അനലിറ്റിക്സ് കമ്പനിയുടെ ജനനം. നിലവിൽ Smi Force ന്റെ ഫൗണ്ടറും സി.ഇ.ഒയുമാണ്. ●

(പി.ജി നാരായണൻ ഇ മെയിൽ: pgnarayanan@smiforce.com
അമേരിക്കയിലെ മാസച്ചുസെറ്റ്സ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ പി.എച്ച്.ഡി സ്കോളറാണ് ശ്രീദത്ത് പാനാട്ട്
sreedath@mit.edu Mob+1 8572539055)



*ഈഡൻ പ്രയറി സിറ്റി കൗൺസിൽ ഓഫീസിൽ*

# PG for EP

**2020** ലെ ഇലക്ഷനിലാണ് ഈഡൻ പ്രയറി (Eden Prairie or EP) സിറ്റി കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. 2018 ൽ ഒരു കൗൺസിൽ മെമ്പർ മരണപ്പെട്ട ഒഴിവിലേക്ക് നിയമിക്കപ്പെട്ടിരുന്നു.

പക്ഷെ ഇത്തവണ ഇലക്ഷൻ എന്ന യഥാർത്ഥ കോംപെറ്റീഷന്റെ ചൂട് അനുഭവിച്ചു. 25000 വീടുകൾ. ഇവർക്കൊക്കെ കത്തയക്കുക, പതിനായിരക്കണക്കിന് ഫോൺ ചെയ്യുക, ഫേസ്ബുക് പ്രചാരണങ്ങൾ. അങ്ങനെ കോവിഡ് കാലത്തു ചെയ്യാൻ പറ്റുന്ന എല്ലാം. കഴിഞ്ഞ ഒരു വർഷം മുഴുവൻ രാവിലെ 5 മുതൽ രാത്രി 8 വരെ ഇലക്ഷൻ കാര്യങ്ങളായിരുന്നു. ഫാമിലി ആയിരുന്നു ഇതിൽ ഏറ്റവും വലിയ സപ്പോർട്ട്.

യാർഡ് സൈൻസ് എന്ന് പറയുന്ന ഒരു ഏർപ്പാട് ഉണ്ട് അമേരിക്കയിൽ. ഇലക്ഷൻ സമയത്ത് വീടുകളുടെ മുൻവശത്തെ മുറ്റത്തു ചെറിയ ബോർഡുകൾ കുത്തി വെക്കും സ്ഥാനാർത്ഥികൾ. ഇത് ആ വീട്ടുകാർ സമ്മതിച്ചാൽ മാത്രം. ‘PG for EP” എന്ന് എഴുതിയ 200 യാർഡ് സൈൻസ് ആണ് കുത്തി വെക്കാൻ ഉദ്ദേശിച്ചത്. പക്ഷെ ഇതിനു വില്ലിങ് ആവുന്ന 200 വീട്ടുകാരെ കണ്ടുപിടിക്കാൻ കുറച്ചല്ല കഷ്ടപ്പെട്ടത്.

ഇലക്ഷൻ ജയിക്കാൻ ബുദ്ധിയല്ല വേണ്ടത്. കണക്ഷൻസ് ആണ്. സ്മാർട്ട് ആയതുകൊണ്ടോ കുറച്ചു ഇന്ത്യക്കാരെ പരിചയമുള്ളതുകൊണ്ടോ മാത്രം അല്ല ഇലക്ഷൻ ജയിച്ചത്. അമേരിക്കൻ സപ്പോർട്ട് തന്നെ വേണം. ആളുകൾ കൂടുന്നിടത് ലീഡ് ചെയ്യാൻ പറ്റണം. അവരെ സഹായിക്കാൻ പറ്റണം. ഇവരിലേക്ക് ഒക്കെ ഇറങ്ങി ചെല്ലണം വോട്ട് കിട്ടാൻ.

മിനസോട്ടയിൽ തന്നെ ഒരുപാടു സിറ്റികൾ ഉണ്ട്. അതിൽ ഒന്നാണ് ഈഡൻ പ്രയറി. അവിടെ മേയർ അടക്കം അഞ്ച് സിറ്റി കൗൺസിൽ മെമ്പേഴ്സ് ആണ് ഉള്ളത്. ഒരു സിറ്റിയെ സംബന്ധിച്ചുള്ള ഒരുവിധം എല്ലാ ആഭ്യന്തര സാമ്പത്തിക കാര്യങ്ങളും ഡീൽ ചെയ്യുന്നത് സിറ്റി കൗൺസിൽ ആണ്. മാസത്തിൽ രണ്ട് തവണ ആണ് കൗൺസിൽ മീറ്റിംഗ്. സിറ്റി കൗൺസിൽ ഒരു ജോലിയല്ല. ഒരു പദവി ആണ്. ഏകദേശം 50 മില്യൺ ഡോളർ (350 കോടി രൂപ) ആണ് സിറ്റി കൗൺസിൽ ഒരു വർഷം കൈകാര്യം ചെയ്യുന്നത്. റോഡ് നിർമ്മാണം, പാർക്ക് നവീകരണം തുടങ്ങി ഒരു സിറ്റിയിലെ ഗവണ്മെന്റ് കാര്യങ്ങൾ മൊത്തം പ്ലാൻ ചെയ്യണം. ●




## കുട്ടികളോട് പറയാനുള്ളത് ” *Be fearless*

**ഇം**ഗ്ലീഷ് അറിയാതെ പതിനെട്ടാം വയസ്സിൽ ഇംഗ്ലീഷ് സംസാരിക്കുന്ന നാട്ടിൽ വന്ന് ഇതു വരെ ചെയ്ത കാര്യങ്ങൾ അസാധാരണം ആണ്. ലോകോത്തര സാങ്കേതിക വിദഗ്ധൻ, മികച്ച entrepreneur, 54ആം വയസ്സിൽ മാരത്തൺ ഓടി ഫിനിഷ് ചെയ്ത ആൾ, ഇപ്പോൾ ഇതാ മിനസോട്ട സിറ്റി കൗൺസിൽ മെമ്പർ. ഇനി അടുത്ത പരിപാടി എന്താണെന്ന് ഇപ്പോൾ അറിയില്ല. പക്ഷെ അതെന്തായിരുന്നാലും വേണം എന്ന് വിചാരിച്ചാൽ അതും ഉദ്ദേശിച്ച രീതിയിൽ നടത്തും. പി.ജി.യുടെ സ്റ്റോറി വളരെ അധികം പ്രചോദനം നൽകുന്നതാണ്. ജീവിതത്തിൽ ഒരുപാടു കാര്യങ്ങൾ ചെയ്യാൻ താൽപര്യപ്പെടുന്ന യങ് ആൻഡ് അമ്പീഷ്യസ് ആയ കുട്ടികളോട് പി.ജി.ക്ക് പറയാൻ ഉള്ളത് താഴെ കൊടുക്കുന്നു. തർജുമ ചെയ്യാതെ. “I hope this story gives them hope. I hope they stretch and push the limits of the set rules to achieve what they want to achieve. Let them take chances and let them be fearless!.” ●

# പഴമ


പൂച്ചിന്നിപ്പാടം
(തൃശ്ശൂർ – ഇരിങ്ങാലക്കുട റൂട്ട്), തൃശ്ശൂർ ജില്ല.
**Mob: 9847616608**

## പഴമയുടെ ശേഖരത്തിലുള്ളവ ⬇



നമ്പൂതിരി ഇല്ലങ്ങളിൽ ഉണ്ടാക്കുന്ന അച്ചാറുകൾ:-
കടുമാങ്ങ, ഉലുവാ മാങ്ങ, ഉപ്പുമാങ്ങ, ചെത്ത് മാങ്ങ, എണ്ണ മാങ്ങ, എരി മാങ്ങ, മധുര മാങ്ങ, നാരങ്ങ, വറുത്ത നാരങ്ങ, വടുകപ്പുളി നാരങ്ങ, വടുകപ്പുളി Dry, കയ്പ നാരങ്ങ (നാർത്തങ്ങ), നെല്ലിക്ക, വറുത്ത നെല്ലിക്ക, വെളുത്തുള്ളി, പാവയ്ക്ക (കയ്പക്ക),ഈന്തപ്പഴം അച്ചാർ.

കൊണ്ടാട്ടങ്ങൾ:-
മുളക്, കയ്പക്ക, പയർ, ഉണ്ണി പിണ്ടി, താമര വളയം, അരി കൊണ്ടാട്ടം, മർത്തങ്കാളി, ചുണ്ടങ്ങ



കറിക്കൂട്ടുകൾ :-
സാമ്പാർ പൊടി, ചട്ണി പൊടി, ചമ്മന്തി പൊടി, രസം പൊടി, വേപ്പിലക്കട്ടി,

പരിശുദ്ധമായ വെളിച്ചെണ്ണയിൽ വറുത്തെടുത്ത ചിപ്സ് :-
കായ വട്ടൻ, 4 കീറ്, പഴം വറുത്തത്, ശർക്കര ഉപ്പേരി, പൊക്കവട, മിക്ചർ, കൊള്ളി വറുത്തത്, അരിമുറുക്ക്.



ഇവ കൂടാതെ പുളീഞ്ചി, ചക്കവരട്ടിയത്, മാങ്ങാത്തേര, വെന്ത വെളിച്ചെണ്ണ, നീലിഭൃംഗാദി എണ്ണ, ആവണക്കെണ്ണ, കടുകെണ്ണ, വേപ്പെണ്ണ, നാൽപാമരാദി വെളിച്ചെണ്ണ, പുൽതൈലം, യൂക്കാലി തൈലം, ബാഷ്പിക തുളസി (ചുമ, കഫകെട്ട്, തുമ്മൽ, തലവേദന, പൊള്ളൽ, മുറിവ് , കുഴിനഖം എന്നിവക്കുള്ള ഒറ്റമൂലി), തേൻ, ചെറുതേൻ, തേൻ നെല്ലിക്ക, തേൻ വെളുത്തുള്ളി, തേൻ ഇഞ്ചി, നാടൻ പശുവിൻപാൽ, മോര്, തൈര്, നെയ്യ്, നറു നീണ്ടി, നെല്ലിക്കാ കാന്താരി ജ്യൂസ്, Organic ശർക്കര, പനം ചക്കര, പനംകൽക്കണ്ടം, തെങ്ങിൻ ചക്കര, ചെറുപയർ പൊടി, താളി പൊടി, ദാഹശാന്തി ചുക്കുവെള്ളപൊടി, ഉമിക്കരി, പൽപ്പൊടി, വരട്ട് മഞ്ഞൾ പൊടി, ഉലുവാ പൊടി, കസ്തൂരി മഞ്ഞൾ പൊടി, രക്തചന്ദന പൊടി, നീലമരി, മൈലാഞ്ചി, വയമ്പ്, ചുക്ക്, ഇരട്ടി മധുരം, അയമോദകം, കല്ലൂർവഞ്ചി, കൂവപ്പൊടി, കളി അടക്ക, മഞ്ചാടി, കുന്നിക്കുരു, കവിടി, ഓലക്കുട, പറകൊട്ട, മുറം, കൊമ്പ് മുറം, മെതിയടി, കടകോൽ, ചിരട്ട കയ്യിൽ, ഭസ്മകൊട്ട, മൺപാത്രങ്ങൾ, കൂടാതെ മറ്റനേകം കരകൗശല വസ്തുക്കളും പഴമയിൽ ലഭ്യമാണ്.



കൂത്താമ്പുള്ളി സെറ്റ് മുണ്ട്, സെറ്റ് സാരി, ഡബിൾമുണ്ട്, സിംഗിൾ മുണ്ട്, കാവി മുണ്ട് എന്നിവയും പഴമയിൽ ലഭ്യമാണ്.

വിവാഹം, തിരുവാതിരക്കളി എന്നിവക്കാവശ്യമായ സെറ്റ് മുണ്ടുകൾ ഉത്തരവാദിത്വത്തോടെ മിതമായ നിരക്കിൽ എത്തിച്ച് കൊടുക്കുന്നു. മോഡലുകൾ കാണുന്നതിന് വേണ്ടി 9847616608 എന്ന വാട്സ് ആപ്പ് നമ്പറിൽ ബന്ധപ്പെടുക.



നല്ല വെള്ളിയിലുള്ള ആഭരണങ്ങൾ മാത്രം (മാല, കൈ ചെയിൻ, ഏലസ്സ്, ലോക്കറ്റ്, മോതിരം, തള, വള, പാദസരം, അരഞ്ഞാണം , മൂക്കുത്തി, മിഞ്ചി, ശംഖ്) ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് മിതമായ നിരക്കിൽ പണിതു കൊടുക്കുന്നു.

പൂജാ സാധനങ്ങൾ :-
നവീകരണകലശം, ഹോമം, പ്രതിഷ്ഠാദിനം, കെട്ട് നിറ, വിളക്ക്, കളംപാട്ട് തുടങ്ങീ എല്ലാ ആവശ്യങ്ങൾക്കുമുള്ള പൂജാ സാധനങ്ങളും അമ്പലങ്ങളിലേക്കോ വീടുകളിലേക്കോ എവിടേക്കാണ് ആവശ്യം അവിടേക്ക് കൃത്യസമയത്തിനുള്ളിൽ ഉത്തരവാദിത്വത്തോടെ എത്തിച്ച് കൊടുക്കുന്നു.



പഴമയെക്കുറിച്ച് കൂടുതൽ അറിയുവാനായി പഴമയുടെ
**Facebook പേജ് സന്ദർശിക്കുക.**
https://www.facebook.com/Pazhama-100438418043215/

കീർത്തിരാജ് കെ.വി.
**കിഴിയേടത്ത് മന. ഫോൺ: 9847616608**



കൊറിയർ
സംവിധാനം
ലഭ്യമാണ്.



**സംസ്കൃത പ്രതിജ്ഞ ഇങ്ങനെ:**

**അയ്മനം പഞ്ചായത്തസ്യ മണ്ഡലസദസ്യത്വേന നിർവാഹിക ദേവകീ നാമിക അഹം നിയമാനുസാരം സംസ്ഥാപിതം ഭാരതീയ സംവിധാനം പ്രതി യഥാർത്ഥം വിശ്വാസം വിധേയത്വം ച വിധാസ്യാമി ഇതി ഭാരതസ്യ പരമാധികാരം അഖണ്ഡതാം ച പരിപാലയിഷ്യാമി ഇതി തഥാ ഭയാശങ്കാ: മമതാം വാത്സല്യം വിദ്വേഷം വാ വിനാ അഹം മമ ഔദ്യോഗികാനി കർത്തവ്യാനി യഥാവിധി വിശ്വസ്തയാ യഥാശക്തി യഥാമതി വിവേചനശക്തിമനുസൃത്യാ ച നിർവഹിക്ഷ്യാമി ഇതി ഈശ്വര നാംനാ ദൃഢപ്രതിജ്ഞാം കരോമി**

**ഇനി പഞ്ചായത്ത് ഭരിഷ്യാമി, ഇതി പ്രതിജ്ഞാം കരോമി:** *അയ്മനം ഗ്രാമ പഞ്ചായത്ത് 15-ാം വാർഡ് അംഗം ദേവകി ടീച്ചർ സംസ്കൃതത്തിൽ സത്യപ്രതിജ്ഞ ചൊല്ലുന്നു.*

# ആ ദേവകി ടീച്ചർ ഇതാ ഇവരാണ്

**അനിൽ നമ്പൂതിരി**



തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ഒരു അന്തർജനം സാമൂഹ്യ മാധ്യമങ്ങളിൽ വൈറലായി. അവരുടെ സത്യപ്രതിജ്ഞയാണ് പരക്കെ ചർച്ചയായതും വാട്ട്സ് ആപ്പിൽ പ്രചരിക്കപ്പെട്ടതും. സത്യം സംസ്കൃതവാക്കാണ്. പ്രതിജ്ഞയും. അതുകൊണ്ട് സത്യപ്രതിജ്ഞ സംസ്കൃതത്തിലാവുന്നതിൽ ഒട്ടും അനൗചിത്യമില്ല.

എന്തുകൊണ്ട് സത്യപ്രതിജ്ഞ സംസ്കൃതത്തിലായി എന്ന ചോദ്യത്തിന് ഉത്തരം റെഡിയായിരുന്നു, 'ഞാൻ പഠിച്ചതും പഠിപ്പിക്കുന്നതും സംസ്കൃതമാണ്, എൻേറത് ഒരു സംസ്കൃത കുടുംബമാണ്.' കോട്ടയം അയ്മനം പഞ്ചായത്തംഗം അയ്മനം 'ശിവദ'ത്തിൽ ദേവകി ടീച്ചർക്ക് ഒരു നിമിഷം പോലും ആലോചിക്കേണ്ടിവന്നില്ല. രണ്ടാമത്, കൂടുതൽ ഭൂരിപക്ഷത്തിന് വിജയിച്ച ദേവകി ടീച്ചർ തിരുവല്ല കുന്നന്താനം എൻ.എസ്.എസ് ഹയർ സെക്കണ്ടറി സ്കൂളിലെ യുപി വിഭാഗത്തിൽ സംസ്കൃതം അധ്യാപികയാണ്.

സംസ്കൃതം അധ്യാപിക സംസ്കൃതത്തിൽ അല്ലാതെ മറ്റേതു ഭാഷയിലാണ് സത്യപ്രതിജ്ഞയെടുക്കേണ്ടത്. സംസ്കൃതം ജീവിതത്തിന്റെ ഭാഗമാണ്. ആശയവിനിമയത്തിനും സംസ്കൃതം ഉപയോഗിക്കാറുണ്ട്. 2010 ലാണ് അധ്യാപികയായത്. കോട്ടയം തിരുനക്കര മഹാദേവ ക്ഷേത്ര മേൽശാന്തി കുടമാളൂർ കിഴക്കില്ലത്ത് പ്രകാശൻ നമ്പൂതിരിയാണ് ഭർത്താവ്. മൂത്ത മകൻ അഭിജിത്ത് ഡോക്ടറാണ്. രണ്ടാമത്തെ മകൻ അഭിഷേക് രണ്ടാമത്തെ മകൻ അഭിഷേക് പാലാ സംസ്കൃത കോളേജിലെ ഒന്നാം വർഷ സംസ്കൃത വിദ്യാർഥിയും.

ബിജെപി ജില്ലാ സെക്രട്ടറി കൂടിയായ ദേവകി ടീച്ചർ കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ 27 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് താമര ചിഹ്നത്തിൽ ജയിച്ചത്. ഇക്കുറി ഭൂരിപക്ഷം ഇരട്ടിയായി. നിലവിലുള്ള പഞ്ചായത്തു പ്രസിഡന്റിനെ തന്നെയാണ് തോൽപ്പിച്ചതും. ●

ദേവകി ടീച്ചർ
മൊബൈൽ 9495393093

( തിരുവല്ല ശ്രീവല്ലഭക്ഷേത്രത്തിനടുത്ത് കാഞ്ഞിരപ്പള്ളി ഇല്ലത്തെ അംഗമാണ് അനിൽ നമ്പൂതിരി. വിലാസം: കാഞ്ഞിരപ്പള്ളി ഇല്ലം , സാരംഗ്, പുതിപ്പള്ളി. കോട്ടയം 8
മൊബൈൽ 9446472145 )



ഇല്ലത്തും കുടുംബാംഗങ്ങൾ തമ്മിൽ സംസ്കൃതത്തിൽ സംസാരിക്കും. ദീർഘകാലം വിശ്വ സംസ്കൃത പ്രതിഷ്ഠാനത്തിന്റെ കോട്ടയം ജില്ലാ സെക്രട്ടറിയായിരുന്നു. ഇപ്പോൾ സംസ്ഥാന സമിതിയംഗം. 28 വർഷമായി വിശ്വ സംസ്കൃത പ്രതിഷ്ഠാനത്തിന്റെ ദശദിന സംസ്കൃത സംഭാഷണ ശിക്ഷിതയായും പ്രവർത്തിക്കുന്നു. നാലു വർഷം മുൻപ് ജമ്മുവിൽ ഏതാനും മാസം സംസ്കൃതം വിസ്താരകയായും സേവനം അനുഷ്ഠിച്ചു. കൈതപ്രം കണ്ണാടിയില്ലത്തെ അംഗമാണ് 47 കാരിയായ ദേവകി. ഇതും സംസ്കൃത കുടുംബം തന്നെ. സഹോദരന്മാർ എല്ലാവരും സംസ്കൃതത്തിൽ സംസാരിക്കും.

## ഗണിതശാസ്ത്രത്തിൽ കേരള സർവകലാശാലയിലെ

# ആദ്യത്തെ പി.എച്ച്.ഡിക്കാരൻ

ഗണിതശാത്രത്തിന് മലയാളികളുടെ വക വലിയ ചില സംഭാവനങ്ങൾ പണ്ടേ ഉണ്ടായിട്ടുണ്ട്. പൈയുടെ മൂല്യം കൃത്യമായി കണ്ടു പിടിച്ചതും മറ്റും അവയിൽ ചിലത്. ചില നമ്പൂതിരിമാരെയും ഗണിതചരിത്രത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. സംഗമഗ്രാമ മാധവനും നീലകണ്ഠസോമയാജിയും പുതുമന ചോമാതിരിയും നമ്മുടെ യശസ്സുയർത്തി.

എന്നാൽ പുതിയ കാലത്ത് ജീനിയസ് എന്നു വിശേഷിപ്പിക്കാവുന്ന ഒരു ഗണിത മനീഷിയുണ്ടായിരുന്നു. ഡോ. പ്രൊഫസർ കെ.എസ്.എസ് നമ്പൂതിരിപ്പാട്. ഒന്നു കൂടി വ്യക്തമാക്കിയാൽ തൃപ്പുണിത്തുറയിലെ പുത്തൻ കുരിശ് അടുത്തുള്ള കോമന മനക്കൽ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്. 2020 ജനുവരി 4 വരെയും നമുക്കൊപ്പമുണ്ടായിട്ടും 84 പിന്നിട്ട് വിഷ്ണുപാദം പൂകിയിട്ടും അദ്ദേഹത്തെ വേണ്ട രീതിയിൽ മനസ്സിലാക്കാൻ നമ്പൂതിരിമാർക്കു പോലും കഴിഞ്ഞില്ല. വിദേശികൾ കൊണ്ടാടിയപ്പോഴും ഇവിടെ ആ അതുല്യ പ്രതിഭാശാലി അറിയപ്പെടാതെ പോയി.2021ജനുവരി 4 തിങ്കളാഴ്ച ഒന്നാം ചരമ വാർഷികം ആയിരുന്നു.

ഗണിതശാസ്ത്രത്തിൽ കേരള സർവകലാശാലയിലെ ആദ്യത്തെ പി.എച്ച് ഡിക്കാരൻ എന്നു പറഞ്ഞാൽ അദ്ദേഹത്തെക്കുറിച്ചുള്ള അറിവിന്റെ എൽ.കെ.ജി യായി.1975 ൽ അവിടെത്തന്നെ അധ്യാപകനാവുകയും1983 മുതൽ 1995 വരെ വകുപ്പ് മേധാവിയായി തുടരുകയും ചെയ്തു എന്നു പറഞ്ഞാലും അദ്ദേഹം ആര് എന്ന് മനസ്സിലാവുകയില്ല.

ചതുഷ്ക്രിയകൾക്കപ്പുറമുള്ള ഗണിതശാസ്ത്രത്തെപ്പറ്റി അധിമൊന്നും അറിയാത്ത സാധാരണക്കാർക്ക് അദ്ദേഹത്തിന്റെ ഗണിതങ്ങൾ അപ്രാപ്യമായിരുന്നു. വിദേശ സർവകലാശാലകൾ അവരുടെ വിദ്യാർത്ഥികൾക്കു വേണ്ടി ചെല്ലും ചെലവും കൊടുത്ത് ഈ നമ്പൂതിരിപ്പാടിനെ അങ്ങോട്ടു കൂട്ടിക്കൊണ്ടു പോയിരുന്നു എന്നു മനസ്സലാക്കുമ്പോഴാണ് മറ്റു പലർക്കും വഴങ്ങാത്ത ചില കണക്കുകളായിരുന്നു കയ്യടക്കി വച്ചിരുന്നത് എന്ന് തിരിച്ചറിയുക.

സ്ട്രക്ചർ തിയറി ഓഫ് റെഗുലർ സെമിഗ്രൂപ്പ്സ് എന്ന വിഷയത്തിലെ ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിച്ചത് അമേരിക്കൻ മാത്തമാറ്റിക്കൽ സൊസൈറ്റിയാണ്! ലോകത്തെ ഏറ്റവും മികച്ച ജേണൽ. ആ പ്രബന്ധം കാലത്തിനു മുൻപേ നടന്ന ഒന്നായിരുന്നു.



**ഗവേഷണ പ്രബന്ധങ്ങൾ**

ജേണൽസ് ഓഫ് സെമി ഗ്രൂപ്പ് ഫോറം, ജേണൽസ് ഓഫ് ആൾജിബ്ര , ക്വാർട്ടർലി ജേണൽസ് ഓഫ് മാത്തമാറ്റിക്സ് , ജേണൽസ് ഓഫ് ആസ്ട്രേലിയൻ മാത്തമാറ്റിക്കൽ സൊസൈറ്റി, എഡിൻബറോ മാത്തമാറ്റിക്കൽ സൊസൈറ്റി, കോളോക്യ മാത്തമാറ്റിക്കൽ സൊസൈറ്റി, ജാനോസ് ബോൾയായ്, സെഗാഡ്, ഹംഗറി, ഹൂസ്റ്റൺ ജേണൽസ് ഓഫ് മാത്തമാറ്റിക്സ് തുടങ്ങിയ അന്താരാഷ്ട്ര ശാസ്ത്ര വാർത്താപത്രികകളിൽ

**വിസിറ്റിംഗ് പ്രൊഫസർ**

നോർത്തേൺ ഇല്ലിനോയിസ്, നെബ്രാസ്ക, ബൗളിംഗ്, ഗ്രീണ സ്റ്റേറ്റ് യൂണിവേഴ്സിറ്റി, യു.എസ് .എ യിലെ നാഷണൽ സീൻ ഫൗണ്ടേഷൻ, ബെൽജിയത്തിലെ ജെന്റ് യൂണിവേഴ്സിറ്റി, ഓസ്ട്രേലിയയിലെ മൊണാഷ് തുടങ്ങി പ്രമുഖ സർവകലാശാലകളിൽ

അക്കാലത്ത് ഈ വിഷയത്തെ കുറിച്ച് പല ശാസ്ത്രജ്ഞർക്കും അറിവുണ്ടായിരുന്നില്ല. ഈ മേഖലയിൽ നടത്തിയ ഗവേഷണങ്ങളും, കണ്ടു പിടുത്തങ്ങളും ഇന്നും ബൃഹത്തും, ആഴമുള്ളതും,ആധികാരികവും,അപ്രതിരോധ്യവുമായ ഒരു നാഴികക്കല്ലായി തുടരുന്നു.

യൂറോപ്പിലെ പല രാജ്യങ്ങളിലെയും, അമേരിക്ക, ഓസ്ട്രേലിയ, ചൈന തുടങ്ങിയ രാജ്യങ്ങളിലെയും ശാസ്ത്രജ്ഞന്മാരും, പണ്ഡിതന്മാരും, ഗവേഷണ വിദ്യാർഥികളും അദ്ദേഹത്തിന്റെ വസതിയിൽ പഠനത്തിനും, സംവാദത്തിനും, ഗണിത ശാസ്ത്രത്തിലെ സങ്കീർണമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും,സംശയ നിവാരണത്തിനും വേണ്ടി വന്ന് ദിവസങ്ങളോളം താമസിച്ചിരുന്നു. അതേ, ഗണിതഗുരുകുലം! അവിടത്തെ ആചാര്യൻ!!

തന്റെ ജോലിയിൽ അങ്ങേയറ്റം സത്യസന്ധതയും, ആത്മാർത്ഥതയും, പ്രതിബദ്ധതയും, അഭിനിവേശവും ഉണ്ടായിരുന്ന വ്യക്തി ആയിരുന്നു അദ്ദേഹം. മണിക്കൂറുകളോളം അദ്ദേഹം തുടർച്ചയായി ജോലി ചെയ്യും. ജോലി ആസ്വദിക്കാൻ കഴിഞ്ഞാൽ, അത് ഒരു അഭിനിവേശം ആയി തോന്നിയാൽ, ജോലി ചെയ്യാൻ എളുപ്പമാണ്. അത് ഇല്ലാത്തവർക്കാണ് രണ്ടു മണിക്കൂർ ജോലി ചെയ്താൽ ക്ഷീണവും, മടുപ്പും, അസ്വസ്ഥതയുമൊക്കെ തോന്നുന്നത്.

പലപ്പോഴും അദ്ദേഹം സ്വന്തം കാശ് ഔദ്യോഗിക ആവശ്യങ്ങൾക്കു ചിലവാക്കിയിരുന്നു. ഔദ്യോഗിക യാത്രകൾ, പലരും പണം സമ്പാദിക്കാനുള്ള ഒരു കുറുക്കു വഴിയായി കാണുന്ന ഇക്കാലത്ത്, ഇതൊക്കെ വിശ്വസിക്കാൻ പലർക്കും വിഷമം ഉണ്ടായിരിക്കും. സത്യസന്ധത, ആത്മാർത്ഥത, നിഷ്കളങ്കത, ലാളിത്യം, ധാർമികത, നൈതികത, സ്നേഹം, വാത്സല്യം, പരസ്പര ബഹുമാനം, വിവേകം എന്നീ ഗുണങ്ങളുടെ ഒരു സമ്മോഹന സമ്മേളനം ആയിരുന്നു ഈ ഗണിതാചാര്യൻ.ഭാര്യ പ്രിയദത്ത (തെക്കേടത്തു കടലായിൽ, കടലാശ്ശേരി, ഊരകം), മകൻ അജയൻ (യു.എസ്.എ) മകൾ പ്രിയ ജിതേഷ് (തിരുവനന്തപുരം) ●

മൊബൈൽ :9446100490

## അനുഭവക്കുറിപ്പ്




**ഇത് എന്റെ മാത്രം അനുഭവമല്ല. എനിക്കൊരു അനുഭവം വന്നപ്പോൾ, എന്നെപ്പോലെ വിളിക്കാതിരിക്കുന്ന ആളുകൾ മാറിച്ചിന്തിക്കണമെന്ന് തോന്നി. അതുകൊണ്ട് എഴുതിയതാണ്.**

### വിളിക്കാതെ അവശേഷിപ്പിച്ച

# വേട്ടാളന്റെ വിളിപ്പേര്

**സുനന്ദ ടി. പി**

കഴിഞ്ഞ പതിനൊന്നു കൊല്ലമായി ഒരുമിച്ചുള്ള യാത്രയാണ്. രാവിലെ എന്നെ ജോലിക്ക് കൊണ്ടാക്കി അമ്പലത്തിൽ പോകും. എന്റെ ഡ്യൂട്ടി രാവിലെ 6 മണിക്ക് തുടങ്ങും. പാൽ സൊസൈറ്റി സെക്രട്ടറിയായതുകൊണ്ട് ശാന്തിക്കാരെപ്പോലെ ജീവിതത്തിൽ ഒരിക്കലും അവധിയില്ല. ഈ യാത്രയിലാണ് ഞങ്ങളുടെ എല്ലാ കാര്യങ്ങളും സംസാരിക്കാറ്.

ഏത് മഴയായാലും മഞ്ഞായാലും കൊണ്ടുവിടും. അധികവും എന്തെങ്കിലും പറഞ്ഞ് തർക്കിക്കും. ഒക്ടോബർ 30 രാവിലെ 5.40 ന് എനിക്ക് ഒരു ഗുഡ് മോണിങ് മെസേജ് അയച്ചു. അന്ന് അതായിരുന്നു വിഷയം. ഉമ്മറത്ത് ഇരുന്ന് മെസേജ് അയക്കാതെ എന്നോട് നേരിട്ട് പറഞ്ഞു കൂടേന്ന് ചോദിച്ചു.

അപ്പോൾ പറഞ്ഞത് ഇങ്ങനെ: 'എല്ലാവർക്കും മെസേജ് അയക്കുന്നത് ഞാൻ ജീവിച്ചിരുക്കുന്നു എന്ന് അറിയിക്കാനാണ് . നിനക്കും അതുപോലെ അയച്ചതാണ്'.ആ മറുപടി അവിടെ തീർന്നു. അതിൻമേൽ കയറി ഉടക്കിയില്ല. എന്നെ പാൽ സൊസൈറ്റിയിൽ ഇറക്കി ശാന്തിക്ക് പോയി.

ഒരു ആറേകാലോടെ മോൻ വിളിച്ചു. അച്ഛനെന്തൊ ആക്സിഡന്റായി. ദേഹം മുഴുവൻ ബ്ലഡ് ആണ്. തനിയെ വണ്ടിയോടിച്ച് വന്നു. കുളിച്ച് വീണ്ടും അമ്പലത്തിൽ പോകാൻ നിൽക്കുകയാണ് എന്ന് പറഞ്ഞു. അതിനു സമ്മതിക്കാതെ അവൻ വേഗം ഹോസ്പിറ്റലിൽ കൊണ്ടുപോയി. നെറ്റിയിൽ ഒരു സ്റ്റിച്ചിട്ട് മരുന്ന് കൊടുത്ത് വിട്ടു. ഇന്ന് റെസ്റ്റ് എടുക്കണം. തലകറക്കമോ ഛർദ്ദിയോ ഉണ്ടായാൽ ചെല്ലാനും പറഞ്ഞു. പോരുന്ന വഴിക്ക് അമ്പലത്തിൽ നിന്ന് വിളിച്ചവരോട് വൈകുന്നേരം ശാന്തിക്കെത്താംന്ന് പറഞ്ഞിരുന്നു. ഇല്ലത്തെത്തി ചായ കുടിച്ച് ഒന്നു കിടന്നു.

പെട്ടെന്ന് ഛർദിച്ചു. ഇത്രയും ആയപ്പോൾ ഞാനും പെട്ടെന്ന് ഇല്ലത്തെത്തി. മുഖമാകെ പേടിച്ച പോലെയുണ്ട്. അടുത്തിരുന്ന് എന്തെങ്കിലും പ്രശ്നമുണ്ടോന്ന് ചോദിച്ചു. നെഞ്ചിലും വയറിലും വേദനയുണ്ട്ന്ന് പറഞ്ഞു. സംസാരത്തിൽ നാക്ക് ചെറുതായി കുഴഞ്ഞ പോലെ ഉണ്ടായിരുന്നു. പേടിക്കേണ്ട നമുക്ക് പോയി നോക്കാം.

വീണ്ടും ആശുപത്രിയിലേക്ക്. പെരിന്തൽമണ്ണയിലെ മൗലാനാ ആശുപത്രിയിലേക്ക്.

കാറിലിരുന്നപ്പോൾ മോള് മാധുരി വിളിച്ചു. വിവാഹം കഴിഞ്ഞു. കുന്ദംകുളം മേക്കാട് മനയിലേക്ക്. അവള് പുതിയ സ്ഥലത്തേക്ക് മാറുകയാണ്. അതിന്റ വിശേഷങ്ങൾ പറയുകയാണ്, എല്ലാതും മൂളി കേട്ടതല്ലാതെ അവളോട് ഒന്നും പറഞ്ഞില്ല.

ഇതിനിടയിൽ രണ്ടു പ്രാവശ്യം കൂടി ഛർദ്ദിച്ചു. എന്റെ തോളിലേക്ക് കിടന്നു. വേദന കൊണ്ടാണോ സങ്കടം കൊണ്ടാണോന്നറിയില്ല, കണ്ണീർ വീണ് എന്റെ ചുമൽ നനഞ്ഞിരുന്നു. ഹോസ്പിറ്റലിൽ എത്തിയപ്പോൾ മാസ്ക് വയ്ക്കണം എന്ന് പറഞ്ഞു. അപ്പോൾ വേഗം കൈയ്യിൽ വാങ്ങി മുഖത്ത് വച്ചു. അപ്പോഴേക്കും സംസാരിക്കാൻ തീരെ പറ്റാതായിരുന്നു.

ചെറിയ കുട്ടികൾ പേടിച്ച് അമ്മയുടെ കൈ പിടിക്കുന്നത് പോലെ. എന്റെ കയ്യിൽ മുറുക്കെ പിടിച്ചിട്ടുണ്ടായിരുന്നു, ഈ നേരമത്രയും. അങ്ങനെ ഉണ്ടായിട്ടില്ല. എനിക്ക് വല്ലായ്മ തോന്നി. കൊച്ചു കുട്ടികൾ പേടിച്ചാലെന്ന പോലെ. കാഷ്വാലിറ്റിയിൽ എത്തിച്ചപ്പോഴേക്കും ശരീരം വല്ലാണ്ട് ദുർബലമായിരുന്നു. നിൽക്കാൻ പോലും സാധിക്കാത്ത രീതിയിൽ.

പെട്ടെന്ന് തന്നെ നഴ്സുമാർ വന്നു. വിവരങ്ങൾ തിരക്കി. ആക്സിഡൻറാണ് എന്ന് പറഞ്ഞപ്പോൾ അതാവാൻ വഴിയില്ല, നോക്കട്ടെ എന്ന് പറഞ്ഞു. മകൻ അപ്പോളേക്കും അഡ്മിഷന്റെ കാര്യത്തിനായി പുറത്ത് പോയി. നഴ്സുമാരും മറ്റും വന്നു പലതരത്തിലുള്ള ഉപകരണങ്ങൾ ശരീരത്തിൽ ബന്ധിപ്പിച്ചു. എക്സറേ, സ്കാനിംഗ്, കോവിഡ് ടെസ്റ്റ്. ആകപ്പാടെ ഒരു അന്ധാളിപ്പ്.

അപ്പോഴും ഒരാശ്രയത്തിന് എന്റെ കൈ മുറുകെ പിടിച്ചിരുന്നു. കണ്ണ് തു

റന്ന് നോക്കുന്നുണ്ട്. കണ്ണിൽ നിന്നു വെള്ളം വരുന്നുണ്ട്. നഴ്സുമാർ വന്ന് വിളിച്ചു ചോദിക്കുന്നുണ്ട് 'അച്ഛാ എന്ത് പറ്റിയതാണ്' എന്നൊക്കെ. അപ്പോഴേക്കും പ്രധാന ഡോക്ടർ വന്നു, എന്നെ അപ്പുറത്തേക്ക് മാറ്റി നിർത്തി. വീണ്ടും എന്തൊക്കെയോ പരിശോധിക്കുന്നു, അവർ പരസ്പരം സംസാരിക്കുന്നു. അതു കഴിഞ്ഞ് എന്നെ വിളിച്ച് എന്നോടായി പറഞ്ഞു.

ചോദിച്ചതിന് കുറേശ്ശെ മൂളുന്നുണ്ട് ,'നിങ്ങൾ ഒന്നു വിളിച്ചു നോക്കൂ എത്രത്തോളം പ്രതികരണം ഉണ്ടെന്നറിയാലോ'

പെട്ടെന്ന് ഞാനൊരു വല്ലാത്ത അവസ്ഥയിലായി.എന്തു വിളിക്കും? ഇതുവരെ അടുത്ത ബന്ധം തോന്നിക്കുന്ന ഏട്ടൻന്നോ മറ്റോ വിളിച്ചിട്ടില്ല. അങ്ങിനെയൊന്നും വിളിക്കേണ്ടി വന്നിട്ടില്ല. വേളി കഴിച്ച ആളുടെ പേര് പറയാൻ പോലും പാടില്ലല്ലൊ. പിന്നെങ്ങനെ വിളിക്കും. പിന്നെ അപൂർവമായി വിളിക്കുന്നത് സാർ എന്നാണ് .ഇത്ര പേരുടെ മുൻപിൽ വച്ച് അങ്ങിനെ വിളിക്കാനുള്ള സങ്കോചത്തിൽ ഒന്നും മിണ്ടാതെ നിന്നു.

ഡോക്ടർക്ക് രോഗിയുടെ ജീവനാണ് വലുത്. അവര് ഐ.സി.യു വിലേക്ക് മാറ്റി. നേഴ്സുമാർ പരസ്പരം പറഞ്ഞു ഭാര്യയായിരിക്കില്ല എന്ന്. അവരെയും തെറ്റ് പറയാൻ പറ്റില്ല, ഏതെങ്കിലും തരത്തിൽ ബന്ധമുള്ളവർ ആണെങ്കിൽ എന്തെങ്കിലും വിളിക്കാതിരിക്കില്ലല്ലോ. ഏട്ടനല്ലെങ്കിൽ അച്ഛൻ, അതല്ലെങ്കിൽ അപ്ഫൻ, അല്ലെങ്കിൽ വല്യച്ഛൻ. ഒരു ബന്ധവുമില്ലെങ്കിൽപ്പോലും വിളിക്കാവുന്ന ഒന്നുണ്ട്! അങ്കിൾ എന്ന അമ്മാമൻ!! ആർക്കും ആരെയും വിളിക്കാവുന്ന സംബോധന.

ഇതിപ്പോൾ ഒന്നും വിളിക്കാതെ. ഒന്നും വിളിക്കാൻ വയ്യാതെ. ഏറ്റവുമധികം വിളിക്കേണ്ട ആവശ്യം വന്ന മുഹൂർത്തത്തിൽ. അതും ഏറ്റവുധികം വേണ്ടപ്പെട്ട ആളെ.30 കൊല്ലം ഒന്നിച്ചു ജീവിച്ച ആളെ.

പെട്ടെന്ന് ഒരു നിമിഷം കൊണ്ട് ഞാൻ ആരുമല്ലാതായി തീർന്ന അവസ്ഥ. അതെന്നെ വല്ലാതെ തളർത്തി. ആശുപത്രിയിൽ നിന്ന് പോന്നിട്ട് വേണം ഏട്ടൻന്ന് ധൈര്യമായി വിളിച്ച് ശീലിക്കാൻ. കുട്ടികൾ കളിയാക്കുമായിരിക്കും. ഇത്രയും കാലമില്ലാത്ത ഒരു ഏട്ടൻ വിളി! ഭർത്താവിനെ അങ്ങിനെ വിളിക്കാൻ പാടില്ല എന്ന് കാരണവന്മാർ പറഞ്ഞപ്പോൾ ധിക്കരിച്ചില്ല എന്നേ ഉള്ളൂ. ജീവിതത്തിന്റെ അനിവാര്യതയിലും വലുതല്ലല്ലൊ കാരണവന്മാരുടെ വിധിവിലക്കുകൾ. കാലത്തിനൊപ്പം മാറിയേ തീരൂ. എന്തായാലും ആശുപത്രി വാസം കഴിയട്ടെ. തല്കാലം അതല്ലല്ലൊ ഇവിടത്തെ വിഷയം. വേഗം അസുഖം മാറട്ടെ.


ആശുപത്രിയിൽ എല്ലാം യാന്ത്രികമായി നടന്നു പോയി. അതിനിടെ ഐ.സി.യു വിൽ നിന്ന് വെന്റിലേറ്ററിലേക്ക് മാറ്റി. കണ്ണുതുറന്ന് നോക്കുകയോ ഞങ്ങളെ കാണുകയോ ചെയ്തില്ല. ആരുടെ വിളിക്കു വേണ്ടിയും കാത്തു നിന്നില്ല. പ്രതികരിച്ചുമില്ല. അതിലും വലിയൊരാൾ വിളിക്കുന്നുണ്ടായിരുന്നു, മറ്റൊരു ലോകത്തേക്ക്. ജീവിച്ചിരിക്കുന്നു എന്നതിനു തെളിവു നൽകാനായി പിന്നീട് ഒരു മെസേജും ആർക്കും അയച്ചുമില്ല. ഒറ്റ മെസേജ് മാത്രം. എല്ലാ പ്രതികരണങ്ങളും നിലക്കുന്ന അവസാനത്തെ ശ്വാസത്തിന്റെ മെസേജ്. അവസാനത്തെ ശ്വാസം വലിക്കുമ്പോൾ... ഒരു തുള്ളി വെള്ളം കൊടുക്കുമ്പോൾ... ഞാൻ വിളിക്കാത്തതിൽ എന്നോട് പരിഭവം തോന്നിയിരിക്കുമോ? സാറേ, ഇനിയില്ല പരിഭവങ്ങൾ. ●

(പാലക്കാട് വെള്ളിനേഴിയിലെ കല്ലൂർ മനയിലെ സുരേശനും സുനന്ദയും. വെള്ളിനേഴിയിൽ ഇല്ലത്ത് അടുത്ത് തന്നെയുള്ള വക്കാലക്കാവിൽ ശാന്തിക്കാരനായിരുന്നു സുരേശൻ. മകൾ മാധുരി വിവാഹം കഴിഞ്ഞു കുന്ദംകുളം മേക്കാട് മനയിൽ. മകൻ മിഥുരാമൻ എം.ഫിൽ ചെയ്യുന്നു. വിലാസം കല്ലൂർ ഇല്ലം,പി. ഒ. വെള്ളിനേഴി, വഴി ചെർപ്പുളശ്ശേരി. പാലക്കാട് ജില്ല. പിൻ. 679504
**മൊബൈൽ 9446241450)**

# പാൽ



തൂവാനൊരുങ്ങുന്ന പാലിനെ ശാസിച്ച്
വേവാനൊരുങ്ങുന്ന ദോശയെ നോക്കി ഞാൻ
ചിന്തിക്കിടക്കുന്ന തേങ്ങയിലിത്തിരി
ചന്തം തൊടാൻ മുളകുപ്പും കുടഞ്ഞിട്ടു
എന്തൊരു ജീവിത,മെന്നുമിപ്പാലിനെ
പൊന്താനനുവദിക്കാതെയിരുത്തണം.
അമ്പതു കൊല്ലമടുപ്പിലിരുന്നിട്ടു-
മംബരം ചുറ്റുവാനാണവൾക്കാഗ്രഹം,
ശീലങ്ങളേ! നിങ്ങളിത്തിരി മാറുക,
വേഗത്തിലപ്പുറം തൂവിപ്പരക്കണം.
കണ്ടൊരാകാശവും തുമ്പിയും പൂക്കളും
ഉണ്ടോ കരയുന്ന പെൻസിലും പേനയും
ഉണ്ടായിരുന്നെനിക്കാശയിന്നോളവും
പൊന്താൻ പതയാൻ കടകോലിനറ്റത്തെ
വെണ്ണയായ് പിന്നെയുരുകി നെയ്യാകുവാൻ
ഉണ്ടായിരിക്കാമൊളിപ്പിച്ച മോഹങ്ങൾ.
കന്നിൻ കിടാവിന്റെ ചുണ്ടിൽപ്പതയായി
കണ്ടാൽച്ചിരിക്കുന്ന പാലു നീയെങ്കിലും
ഒന്നു കരിയാൻ പതയാ,നടുക്കള-
ക്കപ്പുറത്തുള്ളൊരു ലോകമറിയുവാൻ
എത്ര ജന്മം വേണമെങ്കിലു,മെന്നുടെ
ഹൃത്തിലൊരു തുള്ളി തൈരുറഞ്ഞീടിലോ! ●



**മിനി പി എസ്**
മണാട്ടുപൊയിൽ ഇല്ലം, കരുമല, കോഴിക്കോട് ജില്ല
**മൊബൈൽ: 9605317136**

# സ്വസ്തി എക്സ്ക്ലൂസീവ്

**പതിനൊന്നു വയസ്സു വരെ നീലകണ്ഠൻ നമ്പൂതിരിയായി ജീവിച്ച ആൾ. സ്മാർത്ത വിചാരത്തിലൂടെ അപമാനിതനായി ജാതി മാറി ചാക്യാരായി ജീവിക്കുമ്പോഴും ഗായത്രി മുടക്കാത്ത ആൾ. മരിക്കുന്ന സമയത്ത് ഒരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. മരണാനന്തര ചടങ്ങുകൾ നമ്പൂതിരി സമ്പ്രദായത്തിൽ ചെയ്താൽ നന്ന്. ആ അന്ത്യാഭിലാഷം ഒരു നമ്പൂതിരി തന്നെ നിറവേറ്റിയതിന്റെ അപൂർവസുന്ദരമായ അനുഭവം.**

## അവസാനത്തെ സ്മാർത്ത വിചാരത്തിന്റെ പാപക്കറ കഴുകിക്കളഞ്ഞ ഉദകക്രിയ




**പണിക്കത്ത് അപ്പു നമ്പൂതിരി**



എന്റെ ഡിഗ്രി സർട്ടിഫിക്കറ്റിൽ വിദ്യാഭ്യാസ ഡയറക്ടറായി ഒപ്പിട്ടിരിക്കുന്നത് എ.എം.എൻ. ചാക്യാരാണ്. അതു മാത്രമാണ് ചാക്യാരുമായി എനിക്കുള്ള ബന്ധം.1967-ൽ കേരളത്തിൽ ഒരു യൂണിവേഴ്സിറ്റി മാത്രമേയുള്ളൂ. കേരളാ യൂണിവേഴ്സിറ്റി. അതിന്റെ ഡയറക്ടറായിരുന്നു ആ ചാക്യാർ. അത്ര വലിയ പദവിയിൽ വിരാജിച്ച ആൾ. അതാണ് എന്റെ ആദ്യാനുഭവം. ആ ചാക്യാരുടെ സംസ്കാരം പിൽക്കാലത്ത് എന്റെ കൈകൾ കൊണ്ട് വേണ്ടി വന്നു. സമുദായം ചെയ്ത ഒരു തെറ്റിന് പരിഹാരമായി ആ പുണ്യകർമ്മം. അതെല്ലാം ഇപ്പോൾ ഓർക്കാനും എഴുതാനും ഒരു കാരണമുണ്ട്. ജനുവരി ലക്കം സ്വസ്തിയിൽ 'അവസാനത്തെ സ്മാർത്തവിചാരം' എന്ന ലേഖനത്തിൽ എ.എം.എൻ. ചാക്യാരെപ്പറ്റി വായിച്ചു. അപ്പോൾ ചില അനുഭവങ്ങൾ കൂടി പങ്കുവെക്കാമെന്ന് തോന്നി.

പഠനത്തിനു ശേഷം കൊച്ചിയിൽ എഫ്.എ.സി.ടി.യിൽ ജോലിക്കു ചേർന്നു.1996-ൽ സ്വന്തമായി ഒരു വീടു വേണം എന്നു തീരുമാനിച്ചു. അമ്പലവും, നമ്പൂതിരി ഗൃഹങ്ങളുമുള്ള പരിസരങ്ങളിൽ വീടിനുസ്ഥലം അന്വേഷിച്ച് നടക്കുകയായിരുന്നു. അപ്പോഴാണ് നല്ലൊരു സ്ഥലം കണ്ടത്. എ.എം.എൻ. ചാക്യാരുടെ പൂർവ്വാശ്രമത്തിലെ ഇല്ലമായ നെടുമ്പറമ്പ് ഇല്ലത്തിന്റെ പരിസരത്ത്. തൊട്ടു തന്നെ കണ്ണൻതൃക്കോവിൽ ശ്രീകൃഷ്ണക്ഷേത്രം. അവിടെ സ്ഥലം വാങ്ങി വീട് പണിയുവാനുള്ള യോഗമുണ്ടായി.



**നമ്പൂതിരിയായി ജനിച്ച് ചാക്യാരായി ജീവിച്ച ദ്വിജൻ**

*എ.എം.എൻ ചാക്യാരും പത്നിയും*

മുളങ്കൂട്ടവും കാടുമായി വിശാലമായ പറമ്പ്. അതിനു നടുവിൽ വലിയ ഒരു ശ്രീകൃഷ്ണ ക്ഷേത്രം. ഒരെമ്പ്രാന്തിരി ദിവസവും വന്ന് നേദിച്ചു പോകും. പത്തു പേർ പോലും തൊഴാനുണ്ടാവില്ല. എനിക്കെന്തോ അവിടെ ഒരു ചൈതന്യക്കുറവ് അനുഭവപ്പെട്ടു. അങ്ങനെയായതിൽ വല്ലാത്ത വിഷമവും തോന്നി. കൊല്ലത്തിലൊരിക്കൽ പ്രതിഷ്ഠാ ദിനത്തിന് മാത്രം ഉഷാറാകുന്ന ഒരു അമ്പലക്കമ്മിറ്റി. തെക്കൻ പുലിയന്നൂരാണ് തന്ത്രം.

തന്ത്രിയോടു ഇതേപ്പറ്റി പറഞ്ഞു. അദ്ദേഹത്തിന്റെയും കമ്മിറ്റിയുടെയും അനുവാദത്തോടെ ക്ഷേത്രത്തിൽ ദേവപ്രശ്നം വെക്കാൻ തീരുമാനിച്ചു. ചുരുങ്ങിയത് അഷ്ടമംഗല പ്രശ്നം വേണമെന്നാണ് ധരിച്ചിട്ടുള്ളത്. എന്നാൽ തൃപ്പൂണിത്തുറയിലെ ഭാഗവതോത്തമനായ ഇളമന ഹരി എന്ന ശ്രേഷ്ഠ വയോധികൻ എന്നോട് പറഞ്ഞു.

'വലിയ അഷ്ടമംഗല പ്രശ്നത്തിനൊന്നും പോകരുത്. ദോഷങ്ങളറിയാൻ ഒറ്റ രാശി താംബൂല പ്രശ്നം വെക്കുകയായിരിക്കും നല്ലത്. ഗംഭീരമായി ദേവപ്രശ്നം വെച്ച ദിക്കിലൊക്കെ പ്രശ്നങ്ങൾ കൂടുകയേ ചെയ്തിട്ടുള്ളൂ' .വലിയ പ്രശ്നം വച്ചാൽ വലിയ വലിയ പരിഹാരം വേണ്ടി വരുമെന്നാവും അദ്ദേഹം ഉദ്ദേശിച്ചത്.

തന്ത്രിയും സമ്മതിച്ചു. അതിന്റെ പ്രാരംഭമായി 2000 ത്തിൽ ഒരു മഹാഗണപതി ഹോമം നടത്തി.അതിനു തൊട്ടുമുമ്പായി ചോറ്റാനിക്കര കീഴ്ശാന്തിയായിരുന്ന ഒരു ചെറുപ്പക്കാരൻ നമ്പൂതിരിയെ ഞാൻ മുഖാന്തിരം ഈ ക്ഷേത്രത്തിൽ മേൽശാന്തിയാക്കി. യാഗാധികാരവും, വേദാധികാരവുമുള്ള മേൽമുണ്ടയൂർ ഇല്ലത്തെ ഒരു യുവാവ്. അദ്ദേഹം പറഞ്ഞു

'ഞാൻ ചെറുപ്പമാണ് എന്തെങ്കിലും തെറ്റു പറ്റാം. അതുകൊണ്ട് മാസത്തിൽ ഒരു ദിവസം ഒരു തന്ത്രി പൂജ ചെയ്യണം.'

തന്ത്രി എന്നാൽ ദേവന്റെ പിതാവ് എന്നാണല്ലോ സങ്കല്പം. അദ്ദേഹം പൂജ ചെയ്താൽ ആ മാസത്തെ തെറ്റുകൾക്കും ന്യൂനതകൾക്കും പരിഹാരമായി എന്ന്. ഞാൻ പറഞ്ഞപ്പോൾ എല്ലാ മാസത്തേക്കും തന്ത്രിപൂജ സ്പോൺസർ ചെയ്യാൻ ആളെ കിട്ടി. ഒരു മാസത്തെ പൂജ അമ്മയുടെ പേരിൽ ഞാനും ആകാമെന്ന് വെച്ചു. അതിനു ശേഷമാണ് ഈ മഹാഗണപതി ഹോമം നടത്താനും, അന്ന് എ.എം.എൻ. ചാക്യാർ വരാനും കാരണമായത്.

‘എന്റെ പൂർവ്വാശ്രമത്തിലെ അമ്പലമാണ്. 65 കൊല്ലം കഴിഞ്ഞിട്ടാണ് ഞാൻ ഈ ക്ഷേത്രത്തിൽ വരുന്നത് .എനിക്ക് വളരെ സന്തോഷം തോന്നുന്നുണ്ട്. നല്ലൊരു ശാന്തിക്കാരൻ വന്നാൽ ഏതൊരു ക്ഷേത്രവും നന്നാവും’ അദ്ദേഹം പറഞ്ഞു .

‘എനിക്ക് തൊണ്ണൂറു വയസ്സായി. നമ്പൂതിരിയായി ജനിച്ചു. എന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ അച്ഛനും ജാതിഭ്രഷ്ട് വന്നു. ആ ഷോക്ക് കൊണ്ട് അച്ഛൻ ആത്മഹത്യ ചെയ്തു. എന്നെയും, അനുജനെയും രണ്ടു സഹോദരിമാരെയും ഏരൂർ മുതുകുളങ്ങര അമ്പലത്തിൽ വെച്ച് വേഷം കെട്ടിച്ച് ചാക്യാരാക്കി.’ കലിയുഗത്തിൽ പതിത്വം വന്ന കുടുംബത്തിനെ ചാക്യാരാക്കുകയാണ് പതിവ്.

‘കൊടുങ്ങല്ലൂർ ഭഗവതി തേവാരമൂർത്തിയായ എട്ടുകെട്ട് ഇല്ലത്ത് നിന്ന് ഞങ്ങളെ മാറ്റി.തേവാരം മുഴുവനാക്കും മുമ്പായിരുന്നു അന്ന് സ്മാർത്ത വിചാരത്തിന്റെ വിധി അച്ഛന്റെ ചെവിയിലെത്തിയത്. പൂജ ഉദ്വസിക്കും മുമ്പ് തന്നെ ഉത്തരത്തിൽ തൂങ്ങുകയായിരുന്നു. അമ്മയേയും ബന്ധുക്കളേയും അഭിമുഖീകരിക്കാനാവാതെ. ഇല്ലം അച്ഛന്റെ സഹോദരിയുടെ മകൻ പെരിഞ്ഞാട്ടുള്ളിക്ക് കൊടുത്തു. ഇല്ലവും, അമ്പലവും അടങ്ങുന്ന അഞ്ചേക്കർപറമ്പും. ഞങ്ങൾ മക്കളെല്ലാം ഇല്ലത്തിന് വടക്കുഭാഗത്ത് നെടുംപറമ്പ് മഠം പണിത് താമസമാക്കി.’

അദ്ദേഹം തുടർന്നു: ‘ഇന്ന് ഞാൻ നല്ല വിദ്യാഭ്യാസം നേടി. സർക്കാർ ജോലി കിട്ടി. പനമ്പിള്ളി ഗോവിന്ദമേനോന്റെ മരുമകളെ വിവാഹം കഴിച്ചു. ഒരു മകനും, മൂന്നു പെൺമക്കളും ഉണ്ട്. മകൻ പൂനയിൽ ബജാജ് ഓട്ടോ കമ്പനിയുടെ വൈസ് ചെയർമാനാണ്. രണ്ട് മക്കൾ യു.എസ്സിലും സിങ്കപ്പൂരുമാണ്. ഒരു മകൾ നാട്ടിലുണ്ട്, എന്റെ കൂടെ. ഞാൻ നല്ല പദവിയിലിരുന്ന് റിട്ടയർ ചെയ്തു. ലോക രാജ്യങ്ങൾ മുഴുവൻ കണ്ടു. മക്കളൊക്കെ നല്ല നിലയിലായി. എന്റെ കൈയിൽ പണം ധാരാളമുണ്ട്. മക്കൾക്ക് അതിന്റെ ആവശ്യമൊന്നുമില്ല. എനിക്ക് മനസ്സിലായി ഞാൻ പോകുമ്പോൾ ഒരു പൈസ പോലും കൊണ്ടുപോകാൻ പറ്റില്ല എന്ന്. ഇനിയുള്ള കാലം എന്തെങ്കിലുമൊക്കെ സൽകർമ്മങ്ങൾ ചെയ്ത് ആരെയും ബുദ്ധിമുട്ടിക്കാതെ പോകണമെന്നുണ്ട്.’

അമ്പലത്തിന്റെ ഒരു ഭാഗം നെടുംപറമ്പ് ഇല്ലപ്പറമ്പാണ്. പണമുണ്ടെങ്കിൽ അവിടെ മതിലു കെട്ടാമെന്ന് അമ്പലക്കമ്മിറ്റിക്കാർ പറഞ്ഞു. എനിക്കു തോന്നി ക്ഷേത്രേശനെയും ഉടമസ്ഥനെയും മതിലുകെട്ടി വേർപെടുത്തുക അല്ല വേണ്ടതെന്ന്. ഞാനും ശാന്തിക്കാരനും കൂടി ചാക്യാരെ മഠത്തിൽ പോയി കണ്ടു. മതില് കെട്ടുന്നതിനു മുമ്പ് ക്ഷേത്രത്തിന്റെ ഉള്ളിലും കുറേ പണികൾ ചെയ്യുവാനുണ്ട്. ആദ്യം തിരുമുറ്റം കരിങ്കല്ല് വിരിക്കുകയാണ് വേണ്ടത് എന്നാണ് തോന്നുന്നതെന്ന് പറഞ്ഞു. അതിനു വേണ്ട പണം നൽകാമെന്ന് ചാക്യാർ പറഞ്ഞു. ചുമതല ഏൽക്കാനും പറഞ്ഞു. അങ്ങിനെ എന്റെ ചുമതലയിൽ 2000-ാമാണ്ടിൽ കരിങ്കൽ വിരിച്ചു.

അപ്പോൾ ഞാൻ വിചാരിച്ചു ഇദ്ദേഹം ഇത്രയൊക്കെ ചെയ്തുതന്നില്ലേ. എന്നാൽ ഇദ്ദേഹത്തിന്റെ പേര് ഒരു കരിങ്കല്ലിൽ കൊത്തിവെക്കാമെന്ന്. അപ്പോൾ തന്ത്രി പറഞ്ഞു ദേവന്റെതല്ലാതെ ഒരു പേരും തിരുമുറ്റത്ത് എഴുതിവെക്കരുതെന്ന്. വലിയമ്പലത്തിന്റെ പുറത്ത് ചുമരിൽ ഇദ്ദേഹം ഇന്ന ദിവസം സമർപ്പിച്ചു എന്ന് ഒരു ശിലാഫലകത്തിൽ എഴുതിവെക്കാമെന്നും അദ്ദേഹം പറഞ്ഞു.

ഒരുദിവസം യോഗക്ഷേമസഭ ഭാരവാഹികൾ ചാക്യാരോട് പറഞ്ഞു. ‘ഞങ്ങളുടെ പൂർവ്വികർ താങ്കളോട് ചെയ്ത തെറ്റിന് മാപ്പ് പറയണമെന്നുണ്ട് എന്നാണ് വരേണ്ടത്.’അപ്പോൾ അദ്ദേഹം പറഞ്ഞു.

‘നിങ്ങൾ മാപ്പ് പറയേണ്ട കാര്യമൊന്നുമില്ല. അന്ന് അതൊക്കെ ശരിയായിരിക്കാം. എന്തായാലും അന്നു ഞാൻ ജാതി മാറിയതുകൊണ്ട് പഠിക്കാനും ജോലി കിട്ടാനും സാധിച്ചു. അല്ലെങ്കിൽ ഞാൻ ഈ അമ്പലത്തിൽ ശാന്തിക്കാരനായി തീർന്നേനേ.’


പ്രധാന വേദമന്ത്രങ്ങൾ

YouTube യൂട്യൂബിലൂടെ പഠിക്കുക

താഴേ കൊടുത്ത QRCode സ്കാൻ ചെയ്യുക

ഋക്‌വേദീയ പുണ്യാഹം ഭാഗം ഒന്ന് | ഋക്‌വേദീയ പുണ്യാഹം ഭാഗം രണ്ട് | ആയു: സൂക്തം | സ്വയം വര പുഷ്പാഞ്ജലിമന്ത്രം | ഭാഗ്യസൂക്തം

മന്ത്രങ്ങൾ പഠിപ്പിക്കുന്ന വാട്സാപ് ഗ്രൂപ്പിൽ ചേരാൻ പേര് സഹിതം ബന്ധപ്പെടുക.

കിഴുമുണ്ടയൂർ നീലകണ്ഠൻ 9744184434

അതിനുശേഷം അദ്ദേഹം അമ്പലത്തിന്റെ പ്രശ്നപരിഹാരത്തിന് നിരവധി പണം പിരിച്ചുതന്നു. പ്രശ്നപരിഹാരവും, അമ്പലത്തിന്റെ കേടുപാട് തീർക്കലും, ഒരു ചുറ്റുമതിൽ പണിയലും കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു.

'ഈ ശാന്തിക്കാരന് ക്വാർട്ടേഴ്സ് പണിയുകയാണെങ്കിൽ അതിനുള്ള ചെലവ് വഹിക്കാം. ഇദ്ദേഹം ഈ ക്ഷേത്രത്തിന്റെ രക്ഷകനാണ്.' അമ്പലക്കമ്മിറ്റിക്ക് അതിൽ താല്പര്യമൊന്നും കണ്ടില്ല. അപ്പോൾ അദ്ദേഹം ശാന്തിക്കാരനും അമ്പലപ്പറമ്പിൽ അഞ്ചു സെന്റ് സ്ഥലം മൂന്നിലൊന്ന് വിലക്ക് കൊടുത്തു.

അദ്ദേഹത്തിന് തൊണ്ണൂറു വയസ്സുള്ളപ്പോളാണ് ഞാൻ പരിചയപ്പെട്ടത്. വളരെ അടുപ്പമായി. ഇടക്കെല്ലാം അദ്ദേഹത്തിന്റെ മഠത്തിൽ പോയി കുറേനേരം അനുഭവങ്ങൾ പങ്കിടാറുണ്ട്. ഞാൻ അന്യോന്യത്തിൽ ഒരു ലൈബ്രറി തുടങ്ങിയപ്പോൾ അദ്ദേഹം ഒരു അലമാരയും നിരവധി മലയാളം സംസ്കൃതം പുസ്തകങ്ങളും തന്നു.

അങ്ങിനെ ഇരിക്കെ ചാക്യാരിന് സുഖമില്ലാതെ തൃപ്പൂണിത്തുറ ആശുപത്രിയിൽ കൊണ്ടുവന്നിട്ടുണ്ട് എന്നറിഞ്ഞു. അവിടെ പോയി കുറച്ചുനേരം അദ്ദേഹവുമായി സംസാരിച്ചു.

'എനിക്ക് കുറേ കാര്യം പറയാനുണ്ട്. അസുഖം മാറിയാൽ ഒരു ദിവസം മഠത്തിലേക്ക് വരൂ' അദ്ദേഹം പറഞ്ഞു. പക്ഷേ, പിറ്റേ ദിവസം അദ്ദേഹത്തിന്റെ മകൾ എന്നെ വിളിച്ചു.

'അച്ഛന്റെ അസുഖം കൂടി ലേക്ക്ഷോർ ആശുപത്രിയിലേക്ക് മാറ്റി. അച്ഛൻ അവസാനത്തെ ഒരു മോഹം പറയുന്നുണ്ട്. നമ്പൂതിരിയായാണ് അച്ഛൻ ജനിച്ചത്. പിന്നെ സ്മാർത്തവിചാരത്തെ തുടർന്ന് ചാക്യാരാവേണ്ടി വന്നു. എന്നാലും സന്ധ്യാവന്ദനം മുടക്കിയിട്ടില്ല. മരിച്ചാൽ നമ്പൂതിരിമാരുടെ ആചാരപ്രകാരം അച്ഛന്റെ സംസ്കാരവും പിണ്ഡവും നടത്തിത്തരാൻ പറ്റുമോ എന്ന് അച്ഛൻ ചോദിക്കുന്നുണ്ട്. അതാണത്രെ അന്ത്യാഭിലാഷം.'

ജനിച്ചത് നമ്പൂതിരി ഇല്ലത്തിൽ. അച്ഛനും അമ്മയും നമ്പൂതിരി. പതിനൊന്നു വയസ്സു വരെ ജീവിച്ചതും നമ്പൂതിരിയായി. എന്നാൽ പിന്നീട് തന്റേതല്ലാത്ത കാരണത്താൽ ജാതിക്കു പുറത്താവേണ്ടി വന്നു. ഇപ്പോഴിതാ തന്റെ അന്ത്യാഭിലാഷമെങ്കിലും നിറവേറ്റാനാവുമോ എന്നു ചോദിക്കുന്നു. ഇല്ലം വേണ്ട, സ്വത്ത് വേണ്ട, അംഗീകാരം വേണ്ട, തിരിച്ച് ജാതിയിൽ ചേർക്കുകയും വേണ്ട. ഒന്നു മാത്രം മതി. നമ്പൂതിരി സമ്പ്രദായത്തിൽ മരണാനന്തരക്രിയകൾ നടത്തിക്കിട്ടും എന്ന് ഒരു ഉറപ്പു കിട്ടുക. ബോധമുള്ളപ്പോൾ. അങ്ങനെ സമാധാനമായി മരിക്കുക.

ഞാൻ ഒന്നാലോചിച്ച് പറഞ്ഞു.

'അതു പറയാനുള്ള അധികാരം

> **അച്ഛനും അമ്മയും നമ്പൂതിരി. പതിനൊന്നു വയസ്സു വരെ ജീവിച്ചതും നമ്പൂതിരിയായി. എന്നാൽ പിന്നീട് ജാതിക്കു പുറത്താവേണ്ടി വന്നു. ഇപ്പോഴിതാ അന്ത്യാഭിലാഷമെങ്കിലും നിറവേറ്റാനാവുമോ എന്നു ചോദിക്കുന്നു. ഇല്ലം വേണ്ട, സ്വത്ത് വേണ്ട, അംഗീകാരം വേണ്ട, തിരിച്ച് ജാതിയിൽ ചേർക്കുകയും വേണ്ട. ഒന്നു മാത്രം മതി. നമ്പൂതിരി സമ്പ്രദായത്തിൽ മരണാനന്തരക്രിയകൾ നടത്തിക്കിട്ടുക. അങ്ങനെ സമാധാനമായി മരിക്കുക.**

എനിക്കില്ല. എന്നാലും അര മണിക്കൂറിനുള്ളിൽ മറുപടി പറയാം'.

ഓതിക്കൻ തോട്ടയ്ക്കാട് കൃഷ്ണനോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു. 'അപ്പുവേട്ടാ, ഞാൻ അങ്ങേയറ്റം ബഹുമാനിക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സംസ്കാരവും പിണ്ഡവും ഞാൻ നടത്തിത്തരാം.'

ഞാൻ ചാക്യാരിന്റെ മകളോട് വിവരമെല്ലാം പറഞ്ഞു. അതു കേട്ട് അദ്ദേഹത്തിന് വളരെ സമാധാനമായി. ആ സന്തോഷം നിലനിൽക്കെത്തന്നെയായിരുന്നു അന്ത്യം.

നമ്പൂതിരിമാരായ അദ്ദേഹത്തിന്റെ ബന്ധുക്കളൊന്നും ഇല്ലപ്പറമ്പിൽ സംസ്കാരം നടത്താനോ, അദ്ദേഹത്തെ നമസ്കരിക്കാനോ താല്പര്യം കാണിച്ചില്ല. തൊട്ടടുത്തുള്ള സ്വന്തം സഹോദരിയുടെ മഠത്തിൽ സംസ്കാരം നടത്താൻ തീരുമാനിച്ചു. അപ്പോൾ ഒരു പ്രശ്നം. സംസ്കാരം ആരു നടത്തും. മകൻ നായരാണ്. മരുമകൻ ചാക്യാരും. അയാളാണെങ്കിൽ നാട്ടിലില്ല താനും. പൂണൂലുള്ളവർ നടത്തേണ്ടതാണ് സംസ്കാരം. ആരു സംസ്കരിക്കും. അതായി പ്രശ്നം.

വേറെ ആളെ അന്വേഷിച്ചു നടക്കുന്നതിനു പകരം ആ ചടങ്ങ് സന്തോഷത്തോടെ ചെയ്യാൻ തീരുമാനിച്ചു.അച്ഛന്റേതല്ലാതെ ഒരു മൃതദേഹവും അതുവരെയും തൊട്ടിട്ടില്ല. എന്നാൽ എനിക്ക് ഒരു വിഷമവും തോന്നിയില്ല. ഞാനും ചാക്യാരുടെ മരുമകളുടെ ഭർത്താവ് ഏലപ്പിള്ളി കൃഷ്ണൻ നമ്പൂതിരിയും കൂടി പ്രേതശുദ്ധി വരുത്തി സംസ്കാരവും നടത്തി. പുണ്യാഹം തളിച്ച് ശുദ്ധമായി. പിണ്ഡവും ഭംഗിയായി നടത്തി.

ഞാൻ എഫ്.എ.സി.ടി.യിൽ ഇൻസ്ട്രുമെന്റേഷനിൽ മേധാവിയായിരുന്നു. താഴെയുള്ള ഉദ്യോഗസ്ഥരുടെ അച്ഛനും അമ്മയും മരിച്ചാൽ പോവുകയും റീത്ത് വെക്കുകയും വേണം. അങ്ങനെയുള്ള അവസരങ്ങളിൽ ആ ചുമതല എന്റെ കീഴുദ്യോഗസ്ഥർക്ക് കൈമാറുകയാണ് പതിവ്. എന്നാൽ ചാക്യാരുടെ കാര്യത്തിൽ അദ്ദേഹത്തിനു നൽകിയ വാക്കു പാലിക്കേണ്ടതുണ്ട്. അതിനാൽ മറ്റൊന്നും ആലോചിച്ചില്ല.

പിറ്റേന്ന് ചാക്യാരുടെ മകൻ ബാലചന്ദ്രൻ പറഞ്ഞു.

'അച്ഛൻ മരിക്കുമ്പോൾ പോലും ശാന്തിക്കാരനു വീടു പണിയുന്ന കാര്യം പറഞ്ഞിരുന്നു. അച്ഛന്റെ ആത്മാവിനു ശാന്തി കിട്ടണമെങ്കിൽ ആ ശാന്തിക്കാരൻ ഇവിടെ പുര പണിതു താമസമാക്കണം.'

അതനുസരിച്ച് ആറു മാസത്തിനുള്ളിൽ ചാക്യാരുടെ ഓർമ്മക്കായി ശാന്തിക്കാരനു ഒരില്ലം പണിതു കൊടുത്തു. അതിന്റെ ചുമതലയും എനിക്കായിരുന്നു. ഇത്രയും പ്രായമായ ഒരു മഹദ് വ്യക്തിയെ പരിചയപ്പെടാനും, സുഹൃത്തുക്കളാവാനും, അദ്ദേഹത്തിന്റെ അവസാനത്തെ മോഹം സാധിപ്പിച്ചുകൊടുക്കാനും സാധിച്ചത് ഒരു മഹാഭാഗ്യവും ദൈവനിയോഗവുമായും കണക്കാക്കുന്നു. നമ്പൂതിരി സമുദായം ഒരിക്കൽ കാണിച്ച തെറ്റിനുള്ള പ്രായശ്ചിത്തവും. ●


**പണിക്കത്ത് അപ്പു നമ്പൂതിരി**
തൃപ്പൂണിത്തുറ
**മൊബൈൽ: 8547286111**




*ഋഗ്വേദ പണ്ഡിതൻ മേലേടം വാസുദേവൻ നമ്പൂതിരിക്ക് കോഴിക്കോട് പെരുമൺപുറ വൈദിക വിജ്ഞാന കേന്ദ്രത്തിന്റെ വേദരത്നം പുരസ്ക്കാരം തന്ത്രരത്നം പേരൂർ ദാമോദരൻ നമ്പൂതിരി സമ്മാനിക്കുന്നു*



50
സുവർണ്ണ വർഷങ്ങൾ
അമ്പതാം വിവാഹവാർഷികം: 2021 ജനുവരി 15
കണ്ടമംഗലം നാരായണൻ നമ്പൂതിരി/ശ്രീദേവി അന്തർജനം
ആശംസകളോടെ: മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ
സുജ, ജിതേഷ്, പ്രയാഗ്, പ്രശാന്തി (പുതുക്കുളങ്ങര) സുമ, ശ്രീജയൻ, ശ്രിയ, ശ്രീരാഗ് (കാടമ്പറ്റ )
ശ്രീകുമാർ, മഞ്ജുഷ, ശിവ, മിവ (കണ്ടമംഗലം) / മൊബൈൽ: 9446352572

12/2/2021 ന്
ഷഷ്ടിപൂർത്തി
ആഘോഷിച്ച
ശ്രീ. ഒ.ടി ജയശങ്കരൻ നമ്പൂതിരി,
ഒഴുകിൽ തട്ടയൂർ ഇല്ലം,
മുക്കം, കോഴിക്കോട്.
റിട്ടയേർഡ്(31/1/21) ഡിവിഷണൽ
മാനേജർ, കനറാ ബാങ്ക് .
ആശംസകളോടെ:
കുടുംബാംഗങ്ങൾ



## അറിയേണ്ട അന്തർജനം

**ലോകത്തെ വിഖ്യാതമായ സർവകലാശാലകളിലൊന്നായ അമേരിക്കയിലെ സ്റ്റാൻഫർഡ് മികച്ച ശാസ്ത്രജ്ഞരുടെ റാങ്കിംഗ് തയ്യാറാക്കി.ദശലക്ഷങ്ങളിൽ നിന്ന്. അതിൽ ഏറ്റവും മികച്ച രണ്ടു ശതമാനത്തിലൊരാളായി നമ്മുടെ ഒരു അന്തർജനവും! ഡോ.പി. ഉമാദേവി. അപൂർവമായ ഒരു നേട്ടം!! അറിയാം അവരുടെ വിശേഷങ്ങൾ**

# ഏറ്റവും മികച്ച ശാസ്ത്രജ്ഞ

ഡോ:ശ്രീഭ നാറാണിയാട്



ബിരുദപഠനം കഴിഞ്ഞപ്പോൾഉമാദേവിയോട് അമ്മ പറഞ്ഞത് ഇങ്ങനെ:

നാട്ടിലാണെങ്കിൽ മാത്രം തുടർന്നു പഠിയ്ക്കാം. അതായിരുന്നു നിബന്ധന. ഭാഗ്യത്തിന് അടുത്തു തന്നെ കോളേജുണ്ടായിരുന്നു. അങ്ങനെ എം.എസ്.സി. വരെ കൊച്ചിയിലെ കോളേജുകളിൽ. പിന്നെ ആ പെൺകുട്ടി നിബന്ധനകളുടെ പരിധിയും പരിമിതികളും അതിജീവിച്ചു. ജയ്പൂർ, മണിപ്പാൽ, ഭോപ്പാൽ തുടങ്ങി കേരളത്തിനു പുറത്ത്. ജപ്പാൻ ജർമ്മനി തുടങ്ങി ഇന്ത്യക്കു പുറത്തും. മുപ്പത്തഞ്ചിൽപരം വർഷങ്ങൾ. മികച്ച സർവകലാശാലകൾ, ആഗോള സെമിനാറുകൾ, പോസ്റ്റു ഡോക്ടറൽ ഗവേഷണങ്ങൾ. അങ്ങനെയങ്ങനെ.... ആ യാത്രയിൽ ലഭിച്ച അത്യപൂർവമായൊരു ബഹുമതിയാണ് ആദ്യം പറഞ്ഞ അംഗീകാരം. ലോകത്തെ മികച്ച രണ്ടുശതമാനത്തിലെ ഒരാൾ.

ചില്ലറ നേട്ടമല്ല. സ്റ്റാൻഫർഡിലെ വിഖ്യാത പ്രൊഫസർ ഡോ. ജോൺ ഇയോണിഡിസിന്റെ ഗവേഷക സംഘമാണ് റാങ്കിംഗ് പട്ടിക തയ്യാറാക്കിയത്. 2020 ഒക്ടോബറിൽ അത് പി.എൽ.ഒ.എസ്. ബയോളജി എന്ന ശാസ്ത്ര ജേർണലിൽ പ്രസിദ്ധീകരിച്ചു. ആ പട്ടികയിലാണ് ഉമാദേവി ഇടം പിടിച്ചത്. ഒരേയൊരു നമ്പൂതിരി ശാസ്ത്രകാരി. ഏഴു ദശലക്ഷത്തിലെ ടോപ് ടു പെർസെന്റേജ്കാരി.

എച്ച് ഇൻഡക്സ്, കോ ഓതർ, കോമ്പോസിറ്റ് ഇൻഡിക്കേറ്റർ തുടങ്ങിയ പല ഘടകങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റാങ്കിംഗ്. അതല്ലാതെ ആരെങ്കിലും ശുപാർശ ചെയ്തു കിട്ടുന്ന ഒന്നല്ല. ഈ ശാസ്ത്രജ്ഞയെക്കുറിച്ചുള്ള അന്വേഷണം എത്തിച്ചേർന്നത് തിരുവനന്തപുരത്ത് തച്ചോട്ടുകാവിലാണ്.

പാതിരിശ്ശേരി മന എന്ന മേൽവിലാസത്തിലുള്ള വീടിനു പുറത്ത് ഡോ. പി. ഉമാദേവി, ക്ലിനിക്കൽ ഹിപ്നോതെറാപിസ്റ്റ് എന്ന ബോർഡ് കണ്ടപ്പോൾ ലോകോത്തര റേഡിയോ ബയോളജിസ്റ്റായ പ്രൊഫസർ തന്നെയോ ഇവിടെയുള്ളത് എന്ന് സംശയിച്ചു. ഈ ശങ്ക മനസ്സിലാക്കിത്തന്നെയാണ് അകത്തേയ്ക്ക് സ്വീകരിച്ചത്.

'ഇപ്പോൾ ഹിപ്നോസിസിലാണ് താൽപര്യം. ഞാനൊരു ശാസ്ത്രജ്ഞയാണ് എന്നു പോലും ഇവിടെയാർക്കും അറിയില്ല'. കേട്ടപ്പോൾ വിസ്മയിച്ചു. കേവലം ഒരു ചെറിയ റിസർച്ച് പബ്ലിക്കേഷൻ പോലും വൻവാർത്തയാക്കുന്ന ഇക്കാലത്ത് ലോകോത്തര ശാസ്ത്രജ്ഞർക്കിടയിൽ സ്ഥാനം നേടിയ ഒരു പ്രതിഭ ഇത്ര വലിയ നേട്ടത്തെപ്പോലും മഹത്വവൽക്കരിക്കുന്നില്ല. മനസാ നമിച്ചു പോയി.

തൃശൂരിലെ മുരിങ്ങൂർ പാതിരിശ്ശേരി കേശവൻ നമ്പൂതിരിയുടേയും മങ്ങാട്ടെ മഹൾ ഉമാദേവി അന്തർജ്ജനത്തിന്റെയും ഏഴു മക്കളിൽ ഇളയവളായ ഉമാദേവി തന്നെയാണ് നമ്പൂതിരി വനിതകൾക്കിടയിലെ ആദ്യ ഗവേഷണ ബിരുദധാരി.

മൂന്നു പതിറ്റാണ്ടു നീണ്ട ഗവേഷണങ്ങളും യാത്രകളും. ജീവിതം അന്യനാടുകളിൽ. അവധികൾ പോലും അധികമെടുത്തില്ല. തന്റെ ശാസ്ത്രാഭിനിവേശത്തിനും ഗവേഷണപ്രവർത്തനങ്ങൾക്കും വിഘാതമാകും എന്നറിഞ്ഞപ്പോൾ വിവാഹാലോചനകൾക്കു മുമ്പിലും തന്റേടത്തോടെ വിസമ്മതമറിയിക്കുകയായിരുന്നു. സയൻസിന്റെ ലോകത്ത് മറ്റൊരു പങ്കാളി വേണ്ടെന്നു വച്ചു. ഇപ്പോൾ ഈ പ്രായത്തിലും ഒറ്റക്കു കഴിയാൻ പ്രയാസമില്ല. കൂട്ടിനുള്ളത് ഹിപ്നോതെറാപ്പിയുടെ പുതിയ ലോകം.

ചാലക്കുടി മുരിങ്ങൂരിലായിരുന്നു കുട്ടിക്കാലം. ഒമ്പത് വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പിന്നെ അമ്മയുടെ ശിക്ഷണത്തിൽ. സ്കൂൾ വിദ്യാഭ്യാസം നേടിയില്ലെങ്കിലും ഉത്പതിഷ്ണുവായിരുന്നു അമ്മ. അതുകൊണ്ടു തന്നെ മക്കളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്തു.

ചാലക്കുടി സേക്രഡ് ഹാർട്ട്സിൽ നിന്നു പത്താം തരം. എറണാകുളം സെന്റ് തെരേസാസിൽ പ്രീ യൂണിവേഴ്സിറ്റി.(ഇപ്പോഴത്തെ പ്ലസ് ടു). കുട്ടിക്കാലം മുതൽക്കേ നല്ല വായനശീലം. പ്രീയൂണിവേഴ്സിറ്റി മികച്ച രീതി

യിൽ പാസായി. ഇനിയെന്ത്. മെഡിസിൻ, എഞ്ചിനിയറിംഗ്, സിവിൽ സർവ്വീസ് ? പക്ഷേ ഐച്ഛിക വിഷയമായി തെരഞ്ഞെടുത്തത് ജന്തുശാസ്ത്രമായിരുന്നു.

എറണാകുളം മഹാരാജാസിൽ നിന്നു ബിരുദാനന്തര പഠനം പൂർത്തീകരിച്ചപ്പോഴും പഠിക്കാനുള്ള മോഹമടങ്ങിയില്ല. നാട്ടിലാണെങ്കിൽ തുടർപഠനത്തിനുള്ള സാധ്യതകളും വിരളം. ഇതിനിടെ നല്ല ജോലി കിട്ടിയെങ്കിലും അതിനു ചേരാതെ പഠിക്കാനായി ദൂരനാട്ടിലേക്കു പോവുന്നതിനെ പല ബന്ധുക്കളും അഹങ്കാരമായും അത്യാഗ്രഹമായുമാണ് കണ്ടത്. എന്നാൽ മകളുടെ തീവ്രതാൽപര്യത്തിനു മുമ്പിൽ അമ്മയുടെ മനസ്സയഞ്ഞു. ഡൽഹിയിലുള്ള ഏട്ടന്റെ ശുപാർശയും അതിന് വഴിയൊരുക്കി. അങ്ങനെ തുടർ പഠനത്തിനായി ഡൽഹിയിലെത്തി.

ആയിടക്കാണ് ഒരു വാർത്ത കണ്ണിലുടക്കിയത്. ജയ്പൂരിലെ യൂണിവേഴ്സിറ്റി ഓഫ് രാജസ്ഥാനിൽ റേഡിയേഷൻ ബയോളജിയിൽ ആദ്യമായി ഗവേഷണത്തിനുള്ള അപേക്ഷ സ്വീകരിയ്ക്കുന്നു. ആ വിഷയത്തിൽ പഠനം നടത്തുന്ന ഇന്ത്യയിലെ ഏകസ്ഥാപനം. താൽപര്യം കൊണ്ട് അപേക്ഷ അയച്ചു. അഭിമുഖത്തിൽ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അങ്ങനെ 1964 ൽ ഗവേഷണ വിദ്യാർത്ഥിയായി ജയ്പൂരിലേക്ക്.

ജെ.എൻ.യു വൈസ് ചാൻസലറായി വിരമിച്ച ഡോ. പി. എൻ. ശ്രീവാസ്തവയുടെ കീഴിലായിരുന്നു ഗവേഷണം. സാമാന്യ നമ്പൂരിത്തത്തിൽ കഴിച്ചുവശായ പെൺകുട്ടിയ്ക്ക് ജയ്പൂരിലെ കാലാവസ്ഥയും യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ അന്തരീക്ഷവും ജീവിത രീതികളും ഭക്ഷണവുമെല്ലാം പൊരുത്തപ്പെടാൻ കുറേ സമയമെടുത്തു. 1968 ൽ ഗവേഷണ പ്രബന്ധം സമർപ്പിച്ചു.ഒരുകൊല്ലത്തിനകം തന്നെ ഡിപ്പാർട്ട്മെന്റ് ലബോറട്ടറിയുടെ ചുമതല ലഭിച്ചു. പിന്നീട് 1985 വരെ ലക്ചററായും റീഡറായും അവിടെ സുവോളജി ഡിപ്പാർട്ട്മെന്റിൽ.

ഇതിനിടയിൽ ജപ്പാനിലെ ക്യോട്ടോ യൂണിവേഴ്സിറ്റി റേഡിയോ ബയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും ജർമ്മനി എസ്സെൻ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ റേഡിയോ ബയോളജിയിൽ നിന്നും പോസ്റ്റ് ഡോക്ടറൽ ഗവേഷണങ്ങളും പൂർത്തിയാക്കി. 1985 കാലഘട്ടത്തിൽ മണിപ്പാലിൽ നിന്നും എക്സാം ഇൻവിജിലേറ്ററായി രാജസ്ഥാനിൽ വന്ന പ്രൊഫസർക്ക് ഉമാദേവിയുടെ വിഷയ പാണ്ഡിത്യത്തിലും കാര്യപ്രാപ്തിയിലും മതിപ്പു തോന്നി. മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിൽ റേഡിയോ ബയോളജി റിസർച്ച് തുടങ്ങുന്നതിനായി അവർ ഉമാദേവിയെ ക്ഷണിച്ചു.

അങ്ങനെ,രാജസ്ഥാനിൽ നിന്നും താൽക്കാലിക ലീവിൽ മണിപ്പാലിൽ. അവിടത്തെ മെഡിക്കൽ കോളേജിൽ റേഡിയോ ബയോളജി വകുപ്പ് സ്ഥാപിച്ചു. ഒരു മെഡിക്കൽ കോളേജിൽ ആരംഭിക്കുന്ന ആദ്യത്തെ ഗവേഷണ വകുപ്പായിരുന്നു അത്. ഉമാദേവിയുടെ മേൽനോട്ടത്തിൽ അവിടെ നടന്ന ഗവേഷണങ്ങൾ രാജ്യാന്തര തലത്തിൽ പ്രശസ്തി നേടി.

1987 ൽ റേഡിയേഷൻ ബയോളജിയിൽ ആദ്യമായി ഒരു ദേശീയ സിമ്പോസിയം. 1995 ൽ അന്തർദ്ദേശീയ സിമ്പോസിയം. അതിന്റെ തുടർച്ചയായി ഇന്ത്യൻ സൊസൈറ്റി ഫോർ റേഡിയേഷൻ ബയോളജി എന്ന പ്രസ്ഥാനത്തിന്റെ പിറവിയ്ക്കു പ്രേരകശക്തിയായ സംഘാടന മികവ്. രണ്ടായിരത്തിൽ പ്രസിദ്ധീകരിച്ച ഇൻട്രഡക്ഷൻ റ്റു റേഡിയേഷൻ ബയോളജി റേഡിയേഷൻ സയൻസിലെ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽ നിന്നുള്ള ഒരേയൊരു റഫറൻസ് ഗ്രന്ഥമാണിന്നും.

മണിപ്പാലിൽ നിന്നും വിരമിച്ച ശേഷം 2001 ൽ ഭോപ്പാൽ ജവഹർ ലാൽ നെഹ്റു കാൻസർ റിസർച്ച് സെന്ററിൽ വകുപ്പു മേധാവിയുമായി. 32 ശാസ്ത്ര ഗവേഷണപ്രബന്ധങ്ങളുടേയും 25 എം.ഡി / എം.ഫാം / എം.എസ്.സി. പ്രബന്ധങ്ങളുടേയും മാർഗ്ഗദർശിയായിരുന്നു. 260 ൽ പരം ദേശീയ / അന്തർദേശീയ പ്രസിദ്ധീകരണങ്ങളും, നാല് ഗ്രന്ഥങ്ങളും പട്ടികയിലുണ്ട്. സയൻസ് റിപ്പോർട്ടർ, എവരിമാൻസ് സയൻസ് തുടങ്ങിയ ശാസ്ത്രാനുകാലികങ്ങളിലും, മാസികകളിലും , ദിനപ്പത്രങ്ങളിലുമെല്ലാം ലേഖനങ്ങൾ.

തനിക്കു വന്ന രണ്ടവസരങ്ങൾ സംവരണം കാരണം കൈവിട്ടുപോയ കഥയും മറന്നിട്ടില്ല. 1978 ൽ കേരള സർവ്വകലാശാലയിലെ റീഡർഷിപ് തസ്തിക മൂന്നു കൊല്ലത്തോളം നികത്താതെ കിടന്നത്രേ.

നാലു പതിറ്റാണ്ടുകാലത്തെ ദൂരദേശവാസത്തിനു ശേഷം 2006 ൽ നാട്ടിലെത്തി. പക്ഷേ വിശ്രമജീവിതത്തിനല്ല വന്നത്, കർമ്മമേഖല മറ്റൊന്നാണെന്നു മാത്രം. ഒരു പതിറ്റാണ്ടിലേറെയായി ശാസ്ത്ര ഗവേഷണം ഉപേക്ഷിച്ചിട്ട്. പക്ഷേ ഇപ്പോഴും ഇവരുടെ ഗവേഷണപ്രബന്ധങ്ങൾക്ക് പഠിതാക്കളുണ്ട്. കണ്ടെത്തലുകൾക്ക് പ്രസക്തിയുണ്ട്. പുതിയ കാലത്തെ ഗവേഷണ പ്രസിദ്ധീകരണങ്ങളിൽ

## എങ്ങനെ ടോപ് ടു പെർസെന്റേജിൽ വന്നു

ഉമാദേവി എന്ന ശാസ്ത്രജ്ഞയെ ശാസ്തലോകം ശ്രദ്ധിക്കാൻ ഒരുപാട് കാരണങ്ങളുണ്ട്.ഇന്ത്യയിലെ ചില ഔഷധ സസ്യങ്ങളിലെ അർബ്ബുദ പ്രതിരോധ ശേഷിയെക്കുറിച്ചുള്ള പഠനം. ഗർഭകാലത്ത് ഏൽക്കുന്ന വികിരണങ്ങൾ മൂലം ഗർഭസ്ഥ ശിശുവിലുണ്ടാവുന്ന ജനിതകവൈകല്യങ്ങൾ. ഇതെല്ലാം ലോകശ്രദ്ധയാകർഷിച്ചു. അർബ്ബുദ ചികിത്സയുടെ പാർശ്വഫലങ്ങളെ ലഘൂകരിയ്ക്കാനുതകുന്ന സസ്യക്കൂട്ടിനെ ലോകാരോഗ്യമേഖല ഏറെ പ്രതീക്ഷയോടെയാണ് ക്ലിനിക്കൽ പരീക്ഷണത്തിനു വിധേയമാക്കുന്നത്. ഗർഭിണികൾക്ക് നൽകാവുന്ന വികിരണത്തിന്റെ ഡോസ് നിർണ്ണയിക്കുന്നതിൽ ഇവരുടെ ചില പഠനങ്ങളാണ് സുപ്രധാന പങ്കുവഹിച്ചത്.



റേഡിയേഷൻ സയൻസിലും ഭ്രൂണശാസ്ത്ര പഠനങ്ങളിലും പല അംഗീകാരങ്ങളും നേടി. ഇന്റർനാഷണൽ കമ്മീഷൻ ഓൺ റേഡിയോളജിക്കൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് പ്രത്യേക ക്ഷണിതാവാക്കി. 2003 ഐ.സി.ആർ.പി പബ്ലിക്കേഷനിൽ അവരുടെ പഠനങ്ങൾ ഒരു അധ്യായമാക്കി. വികിരണങ്ങളുടെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങളിൽ ഏറ്റവും കൂടുതൽ സൈറ്റേഷൻ നേടിയ പ്രബന്ധമായി ഇവരുടെത്. 2005 ൽ ബ്രിട്ടീഷ് ജേർണൽ ഓഫ് റേഡിയോളജിയുടെ ഒരു അവലോകനം ഇക്കാര്യം പുറത്തു വിടുകയും ചെയ്തു.

1989 ൽ നാഷണൽ അക്കാദമി ഓഫ് സയൻസ് ഫെല്ലോഷിപ്പ് . അമേരിക്കൻ ബയോഗ്രാഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗോൾഡ് റെക്കോർഡ് ഓഫ് അച്ചീവ്മെന്റ് അവാർഡ് . 'മാർക്വിസ് ഹു ഈസ് ഹു' പോലുള്ള അന്തർദ്ദേശീയ ജീവചരിത്രപ്രസിദ്ധീകരണങ്ങളിൽ ഇവരുടെ പ്രൊഫൈൽ ഉൾപ്പെടുത്തി.

പോലും ഡോ. ഉമാദേവിയുടെ പഠനങ്ങൾ ഉദ്ധരിയ്ക്കുന്നു. അതു കൊണ്ടു തന്നെയാണ് 2020 ലെ ശാസ്ത്രജ്ഞർക്കിടയിലും ഇവർ അഗ്രഗണ്യയാകുന്നത്.

ഇപ്പോൾ മനശ്ശാസ്ത്രത്തെക്കുറിച്ചാണ് പഠനം. അംഗീകൃത ഹിപ്നോതെറാപ്പിസ്റ്റാണ്. റീജിയണൽ കാൻസർ സെന്ററുമായി സഹകരിച്ച് പ്രവർത്തിക്കാനായി തിരുവനന്തപുരത്ത് താമസിക്കുമ്പോഴും തൃശൂരിൽ ഒരു ഹിപ്നോതെറാപ്പി സെന്ററും നടത്തി വരുന്നു. ഈ ലോക് ഡൗണിൽ ' ഹിപ്നോതെറാപ്പി: ഹീലിങ്ങ് ത്രൂ മൈൻഡ്' എന്ന ഒരു പുസ്തകവും പുറത്തിറക്കി. 'ലോകാസ്സമസ്താ: സുഖിനോ ഭവന്തു ' എന്ന മന്ത്രത്തിന്റെ കാതലറിഞ്ഞു ലോകരുടെ മനസ്സം തൃപ്തിയ്ക്കായി ഉഴിഞ്ഞു വെച്ച ഈ ശാസ്ത്രകാരിയുടെ ശിഷ്ടജീവിതവും ഒരു വലിയ പാഠമാകുന്നു. ലാളിത്യവും ലോക നൻമയ്ക്കായുള്ള പ്രാർത്ഥനയും കർമ്മ കൗശലവുമൊക്കെയാണ് ബ്രാഹ്മണ്യത്തിന്റെ മുഖമുദ്രയെങ്കിൽ ജൻമനാ മാത്രമല്ല കർമ്മംകൊണ്ടും ബ്രാഹ്മണ്യം നേടിയ പ്രതിഭയാണ് ഇവർ. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ ജീവിതത്തിന്റെ വലിയൊരു പങ്ക് ചെലവഴിച്ചിട്ടും നമ്പൂരിത്തത്തിന്റെ തായ് വേരുകൾ പിഴുതെറിഞ്ഞില്ല. റാങ്കിംഗ് പ്രസിദ്ധീകരണത്തിൽ കണ്ട പാതിരിശ്ശേരി മന എന്ന വിലാസവും, ഉമാദേവി അന്തർജനം @ ജിമെയിൽ. കോം എന്ന മെയിൽ ഐ.ഡിയും മറ്റൊന്നല്ല കാണിക്കുന്നത്. ●

ശ്രീഭ നാറാണിയാട് മൊബൈൽ:9447276760
ഡോ. ഉമാദേവി മൊബൈൽ:9387298719

## പുരസ്കാരങ്ങൾ

| | |
|---|---|
| 1987 | ഇന്റർനാഷണൽ യൂണിയൻ എഗയ്ൻസ്റ്റ് കാൻസർ നൽകിയ ഐ.സി.ആർ.ഇ.റ്റി.റ്റി. അവാർഡ് |
| 1999 | അർമിൽ ബി.കെ. കപൂർ മെമ്മോറിയിൽ ഒറേഷൻ അവാർഡ് |
| 2003 | ഗുരുരാജ് ഹുയിൽഗോൾ മെമ്മോറിയൽ ഒറേഷൻ അവാർഡ് |
| 2006 | ഡോ. രംഗി പ്രസാദ് ഒറേഷൻ അവാർഡ് |
| 2006 | ഹാൻസ് ലാങൻ ഡോർഫ് മെഡൽ (ജർമനി )നേടിയ ആദ്യ ഇന്തക്കാരി |
| 2008 | ജവഹർലാൽ നെഹ്റു നാഷ്ണൽ അവാർഡ് ഫോർ സയൻസ് |

## സ്ഥാനങ്ങൾ

● പ്രസിഡന്റ് (ഇന്ത്യൻ സൊസൈറ്റി ഓഫ് റേഡിയേഷൻ ബയോളജി

● വൈസ് പ്രസിഡന്റ് ( ഇന്ത്യൻ അസോസിയേഷൻ ഓഫ് ഹൈപ്പർ തെർമിക് ഓങ്കോളജി ആന്റ് മെഡിസിൻ )

● കൗസലർ (ഏഷ്യൻ സൊസൈറ്റി ഓഫ് ഹൈപ്പോതെർമിക് ഓങ്കോളജി)

● പ്രോഗ്രാം അഡ്വൈസറി കമ്മിറ്റി മെമ്പർ പ്രോജക്റ്റ് ഇവാല്യുവേഷൻ കമ്മിറ്റി മെമ്പർ ( ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി )

● ഇന്ത്യൻ ജേർണൽ ഓഫ് ജെറന്റോളജി, ബയോസയൻസ്, ഇന്ത്യൻ ജേർണൽ ഓഫ് എക്സ്പിരിമെന്റൽ ബയോളജി, ജേർണൽ ഓഫ് കാൻസർ റിസേർച്ച് ആന്റ് തെറാ പെറ്റിക്സ് തുടങ്ങിയ ജേർണലുകളുടെ എഡിറ്റോറിയൽ ബോർഡ് മെമ്പർ

● ഇന്ത്യൻ സയൻസ് കോൺഗ്രസ്, ഇന്ത്യൻ സൊസൈറ്റി ഫോർ റേഡിയേഷൻ ബയോളജി, അസോസിയേഷൻ ഓഫ് റേഡിയേഷൻ ഓങ്കോളജീസ് ഓഫ് ഇന്ത്യ, സൊസൈറ്റി ഓഫ് ന്യൂക്ലിയർ മെഡിസിൻ ഇന്ത്യ, ഇന്ത്യൻ അസോസിയേഷൻ ഓഫ് റേഡിയേഷൻ പ്രൊട്ടക്ഷൻ തുടങ്ങിയ ശാസ്ത്ര സംഘടനകളുടെ ആജീവനാന്ത മെമ്പർ



## ലണ്ടനിൽ നേഴ്സായ സ്മിത പി നമ്പൂതിരി എഴുതുന്നു

# ഭഗവാനെ അടുത്തറിയുന്ന ജന്മം

### സ്മിത പി നമ്പൂതിരി

ഞാൻ ലണ്ടനിൽ നേഴ്സ് ആണ്. ഭർത്താവും ഇതേ രംഗത്ത്. 2020 മാർച്ച് മുതൽ സ്ഥിരമായി കൊറോണ രോഗികളെ നോക്കി വരികയാണ്. വെല്ലുവിളികൾ നിറഞ്ഞ ജോലി. ശുശ്രൂഷിച്ച പല രോഗികളും ഇന്നില്ല. നിരവധി സഹപ്രവർത്തകരും മരിച്ചു.

പത്തു വയസ്സുള്ള തന്റെ മകന്റെ അന്ത്യം അറിഞ്ഞു എങ്ങനെ പ്രതികരിക്കണം എന്ന് അറിയാതെ പതറി നിന്ന ഒരമ്മയുണ്ടായിരുന്നു. ഒരുപാട് പ്രാർത്ഥനകൾക്കും കാത്തിരിപ്പിനുമൊടുവിൽ ഈശ്വരൻ കനിഞ്ഞു നൽകിയ അവരുടെ മകനെയും കൊറോണ തട്ടിയെടുത്തു. അവനെ അവസാനമായി ഒന്ന് ചുംബിക്കാൻ പോയിട്ട്, അടുത്ത് ചെല്ലാൻ പോലും അവർക്കു സാധിച്ചില്ല. മാലിന്യം നിർമാർജ്ജനം ചെയ്യും പോലെ അവനെയും എവിടെയോ തള്ളപ്പെട്ടിട്ടുണ്ടാവാം.ഗർഭിണിയായ ഒരു സഹപ്രവർത്തകയുടെ മരണവും മറക്കാനാവുന്നില്ല.

പി.പി.ഇ കിറ്റിനകത്തു ഉരുകിത്തീരുന്ന നിമിഷങ്ങളെ പഴിച്ചുപോകും. ഒരു നേഴ്സ് ഒറ്റയ്ക്ക് 14 രോഗികളെ വരെ നോക്കേണ്ടിവന്ന സാഹചര്യമായിരുന്നു. പി.പി.ഇ ധരിക്കുവാൻ കുറഞ്ഞത് 5 മിനിറ്റ് വേണം. അതുകൊണ്ട് ഞാനടക്കമുള്ളവർ എപ്പോഴെങ്കിലുമൊക്കെ ഇതണിയാൻ മടിച്ചിട്ടുണ്ട്.

ഷിഫ്റ്റുകൾ 14-16 മണിക്കൂർ വരെ നീണ്ടപ്പോൾ ഹോസ്പിറ്റലിൽ തന്നെയായിരുന്നു താമസം. അതിനു മറ്റൊരു കാരണം കൂടിയുണ്ട്. വീട്ടിൽ ഞങ്ങളുടെ അമ്മയും കുഞ്ഞും ആണുള്ളത്. മറ്റനേകം അസുഖങ്ങളുള്ള അമ്മയ്ക്കോ കൊച്ചുകുഞ്ഞിനോ കൊറോണ പിടിപെട്ടാൽ കാര്യങ്ങൾ വഷളാവും.

കാർഡിയോളജി മാത്രമായിരുന്ന ഞങ്ങളുടെ ഡിപ്പാർട്ട്മെൻറ് കൊറോണയെ നേരിടാനാണ് ജനറൽ വാർഡായത്. അങ്ങിനെയാണ് 84കാരിയായ ഫിയോണ രോഗിയായി മുന്നിലെത്തിയത്. ബാത്റൂമിൽ വീണ് കാലിന്റെ അസ്ഥി ഫ്രാക്ചർ ആയിരിക്കുകയാണ്. അവർക്കു ഒരേയൊരു ആവശ്യമേയുള്ളു. മൂന്നു ദിവസത്തിനുള്ളിൽ വീട്ടിൽ പോകണം. സർജറി കഴിഞ്ഞത് കൊണ്ട് നല്ല വേദനയുമുണ്ട്.

അവർ പറഞ്ഞു. 'ഫ്രാക്ചർ എനിക്ക് പുതുമയല്ല. ഇത് അഞ്ചാം വട്ടമാണ് എല്ലൊടിയുന്നത്. വീട്ടിൽ ഞാനും ഭർത്താവ് മൈക്കിളും തനിച്ചാണ്. ജന്മനാ അന്ധനായ മൈക്കിൾ സ്ട്രോക്ക്,



കുടലിന്റെ കാൻസർ, കാർ ആക്സിഡണ്ട് എന്നിവയെല്ലാം ഭാഗ്യവശാൽ അതിജീവിച്ചു. എന്നാൽ ഇപ്പോൾ ഹൃദ്രോഗം ബാധിച്ചിരിക്കുകയാണ്. എമർജൻസിയായി ആൻജിയോഗ്രാം വേണം. ഇന്നേക്ക് നാലാം ദിവസമാണ് അത് തീരുമാനിച്ചിരിക്കുന്നത്. ഞാൻ ഡിസ്ചാർജ് ആയി ചെന്നിട്ടുവേണം നടത്താൻ. പിന്നെ ഞങ്ങളുടെ അമ്പത്തി ആറാം വിവാഹവാർഷികമാണ് അടുത്താഴ്ച. അത് ഗംഭീരമാക്കാനുള്ള ആലോചനയിലാണ് ഞങ്ങൾ.'

എനിക്കവരോട് വളരെ ബഹുമാനം തോന്നി. തീയിൽ കുരുത്തവ്യക്തിത്വം. എത്ര ദുരിതാവസ്ഥയിലും തന്റെ ഭർത്താവിന് താങ്ങും തണലും ആയി ഒപ്പമുണ്ടായവൾ. വേഗം ഡിസ്ചാർജ്ആവാൻ കഴിയാവുന്ന സഹായം ചെയ്യാമെന്ന് അറിയിച്ചു. അന്ധനായ ഭർത്താവിനെ കുളിക്കാൻ സഹായിക്കുന്നതിനിടയിലാണ് കാൽവഴുതി വീണ് എല്ലു പൊട്ടിയത്.

'സാരമില്ല. എന്തായാലും ഓപ്പറേഷൻ കഴിഞ്ഞല്ലോ. ഇനി വേഗം നടക്കാൻ സാധിക്കട്ടെ' ഞാൻ പറഞ്ഞു.

പിന്നീട്, ഡ്യൂട്ടി ഓഫ് ഒക്കെ കഴിഞ്ഞു രണ്ടു ദിവസം കഴിഞ്ഞാണ് അവര കാണുന്നത്. ഇത്തവണ അവർ തീർത്തും ദുഃഖിതയായിരുന്നു. മാത്രമല്ല അവരെ ഐസൊലേഷൻ റൂമിലേക്ക് മാറ്റിയിരിക്കുന്നു.വീട്ടിൽ പോകാനിരുന്നപ്പോഴാണ് അവർ കൊറോണ പോസിറ്റീവ് ആയത്. എന്ത് പറഞ്ഞാണ് അവരെ ആശ്വസിപ്പിക്കേണ്ടത്. ഇനി രണ്ടാഴ്ചയെങ്കിലും കഴിയാതെ വീട്ടിൽ പോകാനാവില്ല. ഭർത്താവിന്റെ കാര്യമോർത്തായിരുന്നു വിഷമം. വീട്ടിൽ ആരുമില്ലാതെ ആൻജിയോഗ്രാം ചെയ്യില്ല എന്നത് തീർച്ചയാണ്.

'വിഷമിക്കേണ്ട. സോഷ്യൽ വർക്കേഴ്സ് ആർക്കെങ്കിലും സഹായിക്കാൻ പറ്റുമോ എന്ന് ഞാനൊന്നു നോക്കട്ടെ.' സാധാരണ ആർക്കും അങ്ങന ചെയ്തു കൊടുക്കാൻ വഴിയില്ലാത്തതിനാൽ ഉറപ്പില്ലാതെയായിരുന്നു എന്റെ വാക്കുകൾ. പ്രതീക്ഷിച്ചതു പോലെ തന്നെ ഒന്നും ശരിയായില്ല. പിറ്റേന്ന് രാവിലെ കരഞ്ഞു തളർന്ന കണ്ണുകളോടെയാണ് അവരെ കണ്ടത്. കാര്യമെന്തെന്നു തിരക്കി.

'ഇനി നിങ്ങൾ ബുദ്ധിമുട്ടേണ്ട. വിവാഹ വാർഷികം ആഘോഷിക്കാൻ നിൽക്കാതെ മൈക്കിൾ യാത്രയായി. രാവിലെ ആഹാരം കൊടുക്കാനായി അയൽക്കാരി ചെന്നപ്പോഴാണ് മരിച്ചു കിടക്കുന്നതു കണ്ടത്. പറ്റുമെങ്കിൽ ഒരു സഹായം ചെയ്യണം. ഞാൻ ചെന്ന് പുഴുവരിച്ചു കാണുന്നതിന് മുൻപേ എന്റെ മൈക്കിളിനെ സംസ്കരിക്കണം.'

എന്റെ കണ്ണുകൾ നിറഞ്ഞു. പറയാൻ വാക്കുകളില്ലായിരുന്നു. എന്നാലും ആശുപത്രി അധികൃതരുമായി സംസാരിച്ചു. മൈക്കിളിന്റെ സംസ്കാരം വേണ്ട രീതിയിൽ നടത്താൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമായി. അതിനാൽ, കുറച്ചെങ്കിലും കുറ്റബോധം ഒഴിഞ്ഞു. പക്ഷെ, പിന്നീട് അവരുടെ നില വഷളാവുകയായിരുന്നു, ഐ.സി.യുവിൽ വച്ച് ഹൃദയാഘാതം. അങ്ങനെ അവരും മൈക്കിളിനൊപ്പം പോയി. ഇങ്ങനെ എത്രയോ സ്നേഹബന്ധങ്ങളാണ് കൊറോണ കാരണം അറ്റു പോയിട്ടുള്ളത്? ബാക്കി വച്ച ആഗ്രഹങ്ങളുമായി പലരും വിടപറഞ്ഞിട്ടുണ്ടാവാം!

ഞാൻ ഈ മേഖലയിലേക്ക് കടക്കുമ്പോൾ അടുത്ത ബന്ധുക്കളടക്കം മിക്കവരും തികഞ്ഞ പുച്ഛത്തോടെയാണ് നോക്കിയത്. 'വേറൊന്നും കിട്ടിയില്ലേ കുട്ടിക്ക്,നമ്മുടെ കൂട്ടത്തിലുള്ളവർ ഇതിനൊക്ക മുതിരുമോ?' എന്നാണ് പലരും ചോദിച്ചത്.

എന്നാൽ ഈ ഒരു രംഗത്ത് എത്തിയതോടു കൂടിയാണ് സത്യത്തിൽ നമ്മളൊക്കെ എത്ര ഭാഗ്യശാലികളാണെന്ന് തിരിച്ചറിയുന്നത്. കാരണം, കൺമുന്നിലെത്തുന്നവരെല്ലാം മൃതപ്രായർ. ഒന്നിലും തൃപ്തിയില്ലാതെ ജീവിച്ച് പലരും മരണക്കിടക്കയിൽ അതിനെയോർത്ത് വേവലാതിപ്പെട്ട് കരയുന്നത് കണ്ടിട്ടുണ്ട്. അത് കൊണ്ട്, ഇത്രയും മനോഹരമായ ജീവിതം തന്നതിന് ഇത് വായിച്ചു കഴിയുന്നത് വരെ തികഞ്ഞ ആരോഗ്യത്തോടെ ഇരിക്കുന്നതിന്, ഈശ്വരനോട് നന്ദിപറയാം. നല്ലൊരു നാളേക്കായി പ്രാർത്ഥിക്കാം. ●

സ്മിത പി നമ്പൂതിരി
ശ്രീപ്രിയം , പോടൂർ ഇല്ലം,
മാവേലിക്കര, വാട്ട്സ് ആപ്പ്
: +44 07425696953

# രണ്ടു അന്തർജനക്കവിതകൾ



സുഷമ
അമ്മങ്കോട്,

അമ്മങ്കോട് മന,
പി.ഒ.വെങ്ങാട്,
പള്ളിപ്പടി,
മലപ്പുറം ജില്ല.
679338
മൊബൈൽ
8848265932

## സുഗതായനം

**സുഷമ അമ്മങ്കോട്**

ഭൂമിതൻ ദുഃഖം കണ്ടു തേങ്ങിടും ചിത്തത്തോടെ
പോയിതോ തായേ! ഞങ്ങൾ, മക്കളിന്നനാഥരായ്
അരുതു കാട്ടാളായെന്നുറക്കെ, താക്കീതോടെ -
യധമന്മാരെ തടുത്തീടുവാനാരാണിനി?
പുഴയെ, പുഴുക്കളെ, മലയെ, മരങ്ങളെ-
ക്കരുതി പാട്ടുപാടിപ്പറന്ന വാനമ്പാടീ!
ധരയെ ദ്രോഹിച്ചോരോരോടൊക്കെയും പൊറുക്കുമോ?
പറഞ്ഞതെല്ലാം വെറും വനരോദനം മാത്രം
അന്ത്യകാലത്തിങ്കലായ് ചൊല്ലിയ മോഹംപോലും
പുല്ലുപോലവഗണിച്ചോരല്ലോ മക്കൾ ഞങ്ങൾ
വെടിവെച്ചാചാരങ്ങൾ നടത്തേ, ആകാശവും
തുളഞ്ഞുപോയപ്പോളാ ചെവികൾ പൊത്തിപ്പോയോ?
ചിരിച്ചുകൊണ്ടേനിന്ന പൂവുകളിറുത്തിട്ടാ
പടത്തിൻ മുന്നിൽക്കൂട്ടി, നടിച്ചൂ നാട്യമെല്ലാം
ഇനിയും വരും കൊടുംവറുതി പേമാരിയും
ക്ഷിതിയോ ക്ഷമകെട്ടു ക്ഷുഭിതയായിത്തീരും
അവിവേകികൾ സുഖിച്ചറയിലിരിക്കുമ്പോൾ
അറിയാപ്പൈതങ്ങളോ ഗതികെട്ടുഴന്നീടും
മരങ്ങൾ മുറിക്കല്ലേയെന്നു കേണപ്പോൾ വെറും
പരിഹാസത്താൽ ഞങ്ങൾ വിളിച്ചൂ, 'മരക്കവി'!
അറിഞ്ഞീടുന്നു തവ മഹിമയെല്ലാം ഞങ്ങൾ,
അറിവില്ലാതെ ചെയ്ത തെറ്റുകൾ പൊറുക്കുമോ?
ഇനിയും വരേണ്ടതില്ലിവിടേക്കൊരിക്കലും
മനുജാകാരം പൂണ്ടു, പരിഹാസങ്ങളേല്ക്കാൻ
ഇനിയിങ്ങൊരു പെരുംതരുവായ്, അരയാലായ്
ജനിക്കൂ, കുളിർത്തണൽ വിരിക്കൂ ശാഖകളാൽ
പവനൻ വന്നു തവ ശാഖകൾ തലോടുമ്പോൾ
കുളിർത്തെന്നലായെത്തൂ ഞങ്ങൾക്കൊരാശ്വാസമായ്
അടിയിൽ ബലിഷ്ഠമാം വേരിനാൽ മുറുകെയീ-
ധരയെ കെട്ടിപ്പുണർന്നിരിക്കൂ കാലാകാലം. ●

വര: കൃഷ്ണൻ പാതിരിശ്ശേരി മൊബൈൽ: 9447884600

## ഊർമ്മിള

ജാലകപ്പാളിമേലേതോ കിനാപ്പക്ഷി
ആളറിയാതെ വന്നെത്തി നോക്കീ,
പിന്നെച്ചിറകടിച്ചെങ്ങോ പറക്കവേ
എന്നിലൊരു ഒരുനിഴൽപ്പൊട്ടുപോലെ
ഓർമ്മകൾ മങ്ങിത്തെളിയുന്നു, മാനസ
കൂട്ടിലെപ്പൈങ്കിളി ഓർത്തുപോയീ.

പിൻതിരിഞ്ഞങ്ങെന്നെ നോക്കിയില്ല,പിന്നെ
യെൻവിളി കാതോർത്തു നിന്നതില്ല
പിന്നിൽ നിഴലായ് നടന്നു നീ രാമന്റെ
പിന്നാലെ സീതയും നീങ്ങീടവേ
നിന്നെ വിളിക്കുവാനന്നെന്റെയുള്ളു, നാ-
തുമ്പത്തു വന്നു മടിച്ചു നിൽക്കേ,
ശ്രീരാമധർമ്മ രക്ഷക്കായി അന്നു നീ
ശ്രീദേവിയൊപ്പം നടന്നു പോകേ,
നിന്നെയനുഗമിച്ചീടുവാനാശിച്ചു
തന്നീല നീയനുവാദമെന്നാൽ.
അമ്മമാർക്കേകണം താങ്ങും തണലുമെ-
ന്നല്ലയോ അന്നു താക്കീതു നൽകി,
മാനസക്കൂട്ടിലെ കേഴുന്ന പക്ഷിയെ
ഞാനോ പണിപ്പെട്ടു ചേർത്തടച്ചു.

ഈറൻ നിലാവിന്റെ ചേലയഴിയവേ
ഈരടിയൊന്നെന്റെ കാതിൽ വീഴ്കെ
ഈ നീലരാവിലെൻ നാഥനൊഴിഞ്ഞൊരാ
ഈയഴിക്കട്ടിലിൽ ചാഞ്ഞീടവേ
സീമന്തരേഖയിൽ നിന്നെയീയൂർമ്മിള
സിന്ദൂരശോകമായ് ചേർത്തുവച്ചു,
ജാലകത്തിനഴിപ്പാളിയിലൂടെ വ-
ന്നീവെയിൽ നുള്ളിനോവിച്ചു പോകേ
നീയെൻ വിരലിലണയിച്ച വൈഡൂര്യ
മോതിരം കണ്ണുനീർ തുള്ളി പോലെ
അങ്ങേക്കു പഥ്യമായുള്ള ഭോജ്യങ്ങൾ ഹാ
എങ്ങനെയുണ്ണേണ്ടതൊറ്റക്കു ഞാൻ?
ആറീല കണ്ണുനീർ പൊട്ടിയൊഴുകിയെൻ
മാറിൽ നീ ചാർത്തിയ ഹാരമായീ.

ഈരേഴു വർഷം കഴിഞ്ഞു നീയെത്തുവാൻ
ഈ രാവു തീരുവാനെന്തു വേണ്ടൂ?
കാത്തിരിപ്പിന്റെയൊടുവിൽ, ശുഭദിനം!
കാനനവാസം കഴിഞ്ഞെത്തി നീ
ആരാഞ്ഞില്ലാരോടുമെന്നെ നീയെങ്കിലും
ആർദ്രമായ് എൻമനം കണ്ടു നിന്നെ.
ആ പാദരേണുക്കൾ ചൂടിയലിയുവാൻ
ആനന്ദ നിർവൃതിയാസ്വദിക്കാൻ
ആ മാറിലങ്ങനെ ചേർന്നു മയങ്ങുവാൻ
ദാഹിച്ചു മോഹിച്ചു കാത്തിരിക്കേ,
രാവേറെ വൈകി നീ വന്നീലെനിക്കിനി
യാവില്ല, വാതിൽ തുറന്ന നേരം!

കണ്ടു പതിയെ ഞാൻ ദാശരഥി തന്റെ
കാവലായ് നിൽക്കുന്ന ലക്ഷ്മണനെ
നിശ്ചലം നിൽക്കുന്നു നീ കൽപ്രതിമപോൽ
നിശ്ചയദാർഢ്യമുറഞ്ഞപോലെ.
ശയ്യാഗൃഹം വന്നു പൂകാതുറങ്ങാതെ
മെയ്യനങ്ങാതെ പ്രതിമ പോലെ
രാമന്നു കാവലായ് നിൽക്കുമാ സൗമിത്രി
യൂർമ്മിളക്കാരെന്നു ചൊല്ലീടുമോ?
കാനനമാണ് വളരുന്നതുള്ളിലെൻ
മാനസമാരുണ്ടു കാണുവാനായ്? ●



**ജിഷ.യു.സി**

നാരായണ
മംഗലത്ത് മന,
വള്ളിക്കാപറ്റ
മങ്കട,
പിൻ:679324
മലപ്പുറം ജില്ല
**മൊബൈൽ:**
**9387827948**



ഒറിജിനൽ
ബ്രാഹ്മിൻസ്
സാമ്പാറിന്റെ
സ്വാദ് നാട്
നെഞ്ചിലേറ്റി
Brahmins
A Vegetarian Promise
SAMBAR POWDER
100 g
NEW
PACK
അതേ ഗുണമേന്മയും സ്വാദും, പുതിയ രൂപത്തിൽ.
www.brahminsfoods.com
/brahminsofficial
/brahminsfood
Brahmins
A Vegetarian Promise


Maitri.com

ഇന്ത്യയിലെ ഏറ്റവും മികച്ച ടെക്നോളജിക്കൽ സർവകലാശാലയായ ബിറ്റ്സ് പിലാനിയിൽ എം. ടെക് ചെയ്യുന്ന

# ഡാറ്റാ സയൻസിലെ കുഞ്ഞാത്തോൽ

യുവതലമുറയിലെ ഇരുപത്തിയാറുകാരിക്ക് കുട്ടിക്കാലത്തെ അച്ഛന്റെ നിർബന്ധങ്ങൾ ഇന്ന് അനുഗ്രഹം തന്നെയാണ്.അച്ഛൻ ദിവസവും പുലർച്ചെ മൂന്ന് മണിക്ക് എണീക്കുമ്പോൾ മക്കൾ അഞ്ചരക്കെങ്കിലും എണീക്കണം എന്ന് അച്ഛൻ നിർബന്ധം പിടിക്കാറുണ്ടായിരുന്നു.



**ബിറ്റ്സ് പിലാനി,എഞ്ചിനീയറിംഗ്, ബെംഗളൂരു, ഡാറ്റ സയൻസ്. ഇങ്ങനെയുള്ള ഒരാൾ കുഞ്ഞാത്തോൽ ഡോട്ട് കോമിൽ ബ്ളോഗ് എഴുതുന്നു. അതിലെ വിഷയങ്ങൾ കണ്ടാൽ ഞെട്ടും. പഴയ മുത്തശ്ശിമാർക്കു പോലും ഇത്ര സൂക്ഷ്മമായി കാര്യങ്ങൾ പറഞ്ഞു തരാൻ കഴിയില്ല. അതാണ് ഡാറ്റാ സയൻസുകാരിയുടെ മെച്ചം. ഋക്ക്, മന്ത്രം,സന്ധ്യാവന്ദനം, നമ്പൂരിത്തം ഒക്കെ എഴുതുന്നു. ആരാണ് സാന്ദ്ര? വളർന്ന പശ്ചാത്തലം? പഴയ കാര്യങ്ങൾ എവിടന്ന് മനസ്സിലാക്കി? എന്തെല്ലാം ആചരിക്കുന്നു?**

## അറിയാം സാന്ദ്രയുടെ വിശേഷങ്ങൾ

ഞാൻ സാന്ദ്ര കരോളിൽ. ബാംഗ്ലൂരിലെ ഒരു സ്റ്റാർട്ട് അപ്പ് കമ്പനിയിൽ ഡാറ്റ അനലിസ്റ്റായി ജോലി ചെയ്യുന്നു. ഒപ്പം ബിറ്റ്സ് പിലാനിയിൽ എം ടെക് ഡാറ്റ സയൻസ് അവസാന വർഷ വിദ്യാർത്ഥിനിയുമാണ്.

ഫേസ്ബുക്കിൽ ഒരു ഫോട്ടോ ഇട്ടാൽ അതിൽ തനിയെ നിങ്ങളുടെ കൂട്ടുകാർ ടാഗ് ആകുന്നതും ഗൂഗിളിൽ ഒരു കാര്യം ടൈപ്പ് ചെയ്യുമ്പോഴേക്കും അതിന്റെ ബാക്കി തനിയെ വരുന്നതുമെല്ലാം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. അതെല്ലാം സാധ്യമാകുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചാണ്. ഈ ഡിജിറ്റൽ യുഗത്തിൽ പല സ്രോതസ്സുകളിൽ നിന്നുമായി അതായത്, നമ്മുടെ സ്മാർട്ഫോണുകളും കമ്പ്യൂട്ടറും മറ്റ് ഇന്റർനെറ്റ് അധിഷ്ഠിത ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയുമായി ഏകദേശം 2.5 ക്വിൻ ട്രില്യൻ ബൈറ്റ് ഡാറ്റയോളം ഒരു ദിവസം സൃഷ്ടിക്കപ്പെടുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. ഇങ്ങനെ ലഭിക്കുന്ന ഡാറ്റ വിശകലനം ചെയ്ത് ട്രെൻഡുകളും പാറ്റേണുകളും കണ്ടെത്തി ദൃശ്യവത്ക്കരിച്ച് ഫലപ്രദമായ തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയാണ് ഡാറ്റ സയൻസ്.

തൃശ്ശൂർ ജില്ലയിലെ കരോളിൽ എളമണ്ണ് ആര്യൻ നമ്പൂതിരിയുടെയും ആത്രശ്ശേരി മഹൾ പ്രസന്നയുടേയും

മകളാണ്. താഴേക്കൊടത്ത് ദീപക് നാരായണന്റെ പത്നിയുമാണ്. ഒരു സഹോദരൻ – സന്ദീപ് കരോളിൽ.

തൃശൂർ കെ.എം.എൽ.പി സ്കൂൾ കടലാശ്ശേരി, എ.യു.പി സ്കൂൾ പല്ലിശ്ശേരി, സ.എൻ.എൻ ചേർപ്പ്, ജി.ജി.എച്ച്.എസ്.എസ് ഇരിങ്ങാലക്കുട, എസ്.സി.എസ്.വി.എം യൂണിവേഴ്സിറ്റി–കാഞ്ചീപുരം എന്നിവിടങ്ങളിലായിരുന്നു പഠനം. കോളേജിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ ആയിരുന്നു പഠനവിഷയം. ശേഷം ഡാറ്റ അനലിസ്റ്റായി ജോലിക്ക് പ്രവേശിച്ചപ്പോൾ അതേ വിഷയത്തിൽ പിജി ചെയ്യാം എന്ന് തീരുമാനിക്കുകയാണ് ഉണ്ടായത്.

കുട്ടിക്കാലം മുതൽക്കേ വായന ഇഷ്ടമാണ്. വേളി കഴിഞ്ഞപ്പോൾ ഏട്ടനാണ് 'എന്തെങ്കിലുമൊക്കെ എഴുതി നോക്കിക്കൂടെ' എന്ന് ചോദിച്ചത്. ഒരു ചെറുകഥ പോലും എഴുതി പരിചയമില്ലാത്ത ഞാൻ 'എന്തെഴുതും' എന്ന മറുചോദ്യത്തിൽ ആ ചോദ്യത്തെ അവഗണിച്ചു. എന്നാൽ 'നമ്പൂതിരിമാരെക്കുറിച്ചും അവരുടെ ചടങ്ങുകളെക്കുറിച്ചും എഴുതൂ' എന്ന മറുപടിയാണ് 'കുഞ്ഞാത്തോലി'ന്റെ (kunjaathol.com) ജനനത്തിനു കാരണമായത്.

പഴയ കാര്യങ്ങൾ എങ്ങനെ ഇത്ര സൂക്ഷ്മമായി മനസ്സിലാക്കുന്നു എന്ന് ചോദിച്ചാൽ എന്റെ അനുഭവങ്ങളും മുതിർന്നവരോട് ചോദിച്ച് മനസ്സിലാക്കുന്ന അറിവുകളുമാണ് കുഞ്ഞാത്തോലിലെ കഥകൾക്ക് ആധാരം. ഒരു വിഷയം തിരഞ്ഞെടുത്താൽ ആദ്യം വിവരങ്ങൾ അന്വേഷിക്കാറുള്ളത് അച്ഛനോടാണ്. അച്ഛന് അറിയില്ല എന്ന് പറഞ്ഞാൽ അറിയുന്നവർ ആരാവും എന്നന്വേഷിച്ചു അവരോട് ചോദിച്ച് മനസ്സിലാക്കാൻ ശ്രമിക്കാറുണ്ട്. പിന്നെ ഗൂഗിളിൽ ഇതിനെക്കുറിച്ചു എന്തെല്ലാം അറിവുകൾ ഉണ്ടെന്നും നോക്കാറുണ്ട്.

നമ്പൂരിത്തവും ചിട്ടകളും നിറഞ്ഞ ഒരു പശ്ചാത്തലത്തിലാണ് ഞാൻ വളർന്നത്. മുത്തശ്ശൻ മക്കളോട് പറഞ്ഞിരുന്ന അത്രയും കടുംപിടുത്തം ഇല്ലെങ്കിലും അച്ഛൻ നേടിയ അറിവുകൾ ഞങ്ങളിലേക്ക് എത്തണം എന്നതിൽ അച്ഛന് എന്നും നിർബന്ധമുണ്ട്. അച്ഛൻ ദിനവും മൂന്ന് മണിക്ക് എണീക്കുമ്പോൾ ഞങ്ങൾ മക്കൾ അഞ്ചരക്കെങ്കിലും എണീക്കണം എന്ന് അച്ഛൻ നിർബന്ധം പിടിക്കാറുണ്ടായിരുന്നു. സ്കൂളിൽ ചേർത്തപ്പോൾ മുതൽ രാവിലെ നേരത്തെ എഴുന്നേറ്റ് കുളിച്ച് ശ്രീലകത്ത് തൊഴുത ശേഷം ഞങ്ങൾക്ക് തന്ത്രാവകാശമുള്ള, അച്ഛനും അഫനും കൂടി ശാന്തി ചെയ്തിരുന്ന അമ്പലത്തിൽ തൊഴാൻ പോണം. തൊഴുത്




*കുഞ്ഞാത്തോൽ ഡോട്ട് കോം ബ്ളോഗിലെ ചില സ്ക്രീൻ ഷോട്ടുകൾ*

കുഞ്ഞാത്തോൽ വായിച്ച് ബഹ്റൈനിൽ താമസിക്കുന്ന ഒരു ഏട്ത്തി അയച്ച മെസ്സേജ് എന്നെ വല്ലാതെ സ്പർശിച്ചു. ആ ഏട്ത്തി തിരുവാതിരയെക്കുറിച്ച് അമ്മയോട് ചോദിക്കാം എന്ന് കരുതിയിരുന്നപ്പോളാണത്രേ ബ്ളോഗ് കണ്ടത്. ആ ഇരുപ്പിൽ തന്നെ പല കഥകളും വായിച്ചെന്നും പറഞ്ഞു. ആ ഏട്ത്തിയുടെ മുത്തശ്ശി 'ഒന്നും നഷ്ടപ്പെടില്ല കുട്ട്യേ, എല്ലാം ഈശ്വരൻ നിലനിർത്തും' എന്ന് പറയുമായിരുന്നുവത്രേ. ഇന്ന് കുഞ്ഞാത്തോൽ വായിച്ചപ്പോൾ ബോധ്യമായി, സാന്ദ്രയെപ്പോലെ ഉള്ളവർ ഉണ്ടാവുമെന്ന് പഴയ തലമുറ നേരത്തെ കണ്ടിരുന്നുവെന്ന്. ഈ എഴുത്ത് ഒരു ഈശ്വര നിയോഗമല്ലേ 'എന്നൊക്കെ കൂടി അവർ പറഞ്ഞപ്പോൾ തോന്നിയ സന്തോഷത്തിനു അതിരുണ്ടായിരുന്നില്ല.

കഴിഞ്ഞാൽ അവിടെ വച്ച് അച്ഛൻ പറഞ്ഞു തരുന്ന ദേവീ ദേവന്മാരുടെ മന്ത്രങ്ങൾ ഏറ്റു ചൊല്ലി നമസ്കരിക്കണം. അതിന് ശേഷം മാത്രമേ പാലു പോലും കുടിക്കാൻ കിട്ടിയിരുന്നുള്ളൂ.

അതു പോലെ വൈകീട്ട് സ്കൂൾ വിട്ടു വന്നാൽ സന്ധ്യാസമയത്ത് കുളിച്ച് നാമം ജപിക്കണം. ആ സമയത്ത് എത്ര പ്രിയപ്പെട്ട പരിപാടി ആയാലും ടീവി ഓഫാക്കണം എന്നത് ഇല്ലത്തെ ഒരു അലിഖിത നിയമമായിരുന്നു. നാമം ജപം കഴിഞ്ഞാൽ ഇരുപത്തിയേഴ് നാളുകളും തിഥികളും മാസങ്ങളും എല്ലാം ഉരുവിടുകയും ചെയ്യാറുണ്ട്. ഇല്ലത്തു എല്ലാ മാസവും നടക്കുന്ന ഗണപതി ഹോമം, ഭഗവതി സേവ, ആയില്യ പൂജ അതുപോലെ കർക്കിടകമാസത്തിലെ പന്ത്രണ്ടു ദിവസത്തെ ഗണപതി ഹോമം, ഭഗവതി സേവ നവരാത്രിക്കാലത്തെ സരസ്വതീ പൂജ തുടങ്ങി എല്ലാ പൂജകൾക്കും ഞങ്ങൾ കുട്ടികൾ നാമം ജപിച്ചുകൊണ്ട് അവിടെത്തന്നെ ഉണ്ടാകാറുണ്ടായിരുന്നു.

എന്റെ ഓർമ്മയിൽ ഏഴാം ക്ലാസിൽ പഠിക്കുമ്പോളായിരുന്നു ചൗളം. അതിനു ശേഷം ഉടുക്കാൻ പഠിച്ചു. ഇല്ലത്ത് ദിനവും നേദിക്കലുണ്ട്. അച്ഛനും അമ്മയ്ക്കും ഒഴിവില്ലാത്ത സമയത്ത് നേദിക്കാനും തുടങ്ങി. കുളത്തിൽ കുളിച്ച് വന്ന് ശുദ്ധമായേ നേദിക്കാൻ പാടുള്ളൂ. പൈപ്പിലെ വെള്ളം തൊട്ടാൽ വരെ അശുദ്ധമായി. അമ്മ മുടക്കായ ദിവസങ്ങളിൽ വൈകീട്ട് ക്ലാസ് കഴിഞ്ഞ് വന്നായിരുന്നു നേദിക്കൽ. അതിനുള്ള തുളസിപ്പൂ നന്നാക്കലാണ് എനിക്കേറ്റവും മടിയുള്ള പരിപാടി.

കുട്ടിക്കാലം മുതൽക്കേ അച്ഛന്റെയടുത്ത് പൂജ പഠിക്കാൻ പലരും വരുമ്പോൾ ഞാൻ അവിടെ ചെന്നിരുന്ന് മന്ത്രങ്ങൾ കേൾക്കാറുണ്ട്. അനിയന്റെ ഉപനയനം കഴിഞ്ഞു സമാവർത്തനം വരെയുള്ള ചമതയിടൽ ചടങ്ങുകളുടെ നടത്തിപ്പ് ചുമതലയും അച്ഛൻ എഴുതി തന്ന മന്ത്രങ്ങൾ ശരിയായി ചൊല്ലുന്നില്ലേ എന്ന് ഉറപ്പുവരുത്തലും എന്നെ കുറച്ചുകൂടി മന്ത്രങ്ങളിലുള്ള പരിചയം കൂട്ടി.

സ്കൂളിൽ പഠിക്കുമ്പോൾ തൊട്ടടുത്തിരിക്കുന്ന കുട്ടികൾ ക്ലാസ്സിൽ മുട്ട കൊണ്ടുവന്നു കഴിക്കുമ്പോൾ അതിന്റെ മണം കൊണ്ട് കഴിക്കാനാവുന്നില്ലെന്ന് പറഞ്ഞ് രണ്ടു വർഷത്തിലധികം ടീച്ചേർസ് റൂമിൽ പോയിരുന്നു വല്യമ്മക്കും ഇല്ലത്തെ മരുമകൾക്കൊപ്പവുമിരുന്ന് കഴിച്ചത് ഇപ്പോളോർക്കുമ്പോൾ ചിരി വരുന്നു. കോളേജ് പഠനത്തിനായി കാഞ്ചീപുരത്ത് പോകുമ്പോഴും മറ്റെന്തിനേക്കാളും എന്നെ സന്തോഷിപ്പിച്ചത് അവിടെ വെജിറ്റേറിയൻ ഭക്ഷണം മാത്രമേ ഉള്ളൂ എന്നതായിരുന്നു.

പെൺകൊടക്ക് നാല് ദിവസത്തെ ചടങ്ങുകളൊക്കെ വേണമെന്നൊരു മോഹം മനസ്സിലുണ്ടായിരുന്നെങ്കിലും സാഹചര്യങ്ങൾ അതിനു അനുകൂലമായിരുന്നില്ല.

ഇന്ന് ബാംഗ്ലൂരിൽ വന്നിട്ട് നാല് വർഷങ്ങൾ പിന്നിടുമ്പോൾ എനിക്ക് നമ്പൂതിരിച്ചിട്ടകളിൽ പലതും കൊണ്ടുനടക്കാൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ, അതിനെ കാലത്തിന്റെ അനിവാര്യതയായേ കാണാനാകൂ. എച്ചിലും വറ്റും തീണ്ടാരിക്ക് മാറിയിരിക്കലും ഒന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രാക്ടിക്കലായി തോന്നാറില്ല. എങ്കിലും തിരുവാതിര നോൽക്കലും നൂറ്റിയെട്ട് വെറ്റില ചവക്കലും നമ്പൂരിയുടെ പിറന്നാളിന് കോടിയുടുക്കലും ഒന്നും ഉപേക്ഷിച്ചിട്ടുമില്ല.●

**സാന്ദ്ര കരോളിൽ മൊബൈൽ: 9539294642**

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"




**മുത്തശ്ശൻ പൊട്ടിച്ചെറിഞ്ഞ ആ കല്ലുമാല ഇല്ലേ? ഇന്നത് വേറൊരു രൂപത്തിൽ എന്റെ കഴുത്തിലാണ്. സംവരണത്തിന് വീതം വച്ചപ്പോൾ ഞാൻ പുറത്ത്. ഈ നാട്ടിൽ ആരും കല്ലുമാല ധരിക്കാനിട വരാത്ത തത്ത്വ സംഹിത എനിക്കുപദേശിച്ചു തരാമോ മുത്തശ്ശാ.**

# കല്ലുമാല

## അനിയൻ തലയാറ്റുംപിള്ളി



### സീൻ – 1

(ഒരു പഴയ തറവാടിന്റെ പൂമുഖം. ഒരു ചാരുകസേരയിൽ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് ഇരിയ്ക്കുന്നു. ഒരു 80 വയസ് പ്രായം. ഒരു വശത്ത് കുറച്ചു പുസ്തകങ്ങൾ, ഒരു മുറുക്കാൻ ചെല്ലം, ഒരു മൊന്തയിൽ വെള്ളം എന്നിവ കാണാം. ചെല്ലം തുറന്ന് ഒരു വെററില എടുത്ത് അതിന്റെ തുമ്പ് നെറ്റിയിൽ ഒരു വശത്ത് പതിപ്പിക്കുന്നു. മുറുക്കാൻ തുടങ്ങുന്നു.)

ബ്രഹ്മദത്തൻ: ( പുറത്തേക്ക് നോക്കുന്നു.)മോളെക്കാണുന്നില്ലല്ലോ. വരേണ്ട സമയമായല്ലോ?

### സീൻ – 2

(ദൂരെയുള്ള ഗയ്ററിന് ചേർന്നുള്ള വഴിയിൽ ഒരു കാർ വന്നു നിൽക്കുന്നു. കാറിൽ നിന്നും ഉണ്ണ്യേമ പുറത്തിറങ്ങുന്നു. ജീൻസും, ഷർട്ടും ഷാളുമാണ് വേഷം. ഉണ്ണ്യേമ ഡ്രൈവറുമായി വിലപേശി കൂലി കൊടുക്കുന്നു. ബാഗ് തോളത്തിട്ട് സാവധാനം വന്ന് മുറ്റത്തെത്തുന്നു.)

ഉണ്ണ്യേമ: ഹ്യൂ... യേ..ഹൂയ്.

ബ്രഹ്മദത്തൻ: .(ശബ്ദം കേട്ടിടത്തേക്ക് തിരിഞ്ഞു നോക്കുന്നു ) അല്ലാ.. ഇതാര്.. മുത്തശ്ശന്റെ പേരക്കുട്ടിയോ?

ഉണ്ണ്യേ:– അതെ മുത്തശ്ശാ ആ അസത്ത് പെണ്ണു തന്നെ. തീണ്ടാപ്പാടകലെ എത്തിയിട്ടുണ്ട്.

ബ്രഹ്മ: (ചിരിക്കുന്നു ) അപ്പോൾ ആ കൂവലിന്റെ അർത്ഥം നിനക്കറിയാം. പണ്ട് കീഴ്ജാതിക്കാർ നടക്കുമ്പോൾ ഉണ്ടാക്കുന്ന ശബ്ദമാണ്. മേൽജാതിക്കാരെ അറിയിയ്ക്കാൻ. തീണ്ടാതിരിയ്ക്കാൻ.

ഉണ്ണ്യേ:– എല്ലാമറിയാം. അന്നതിനെതിരേ പടവാളെടുത്ത'മുത്തശ്ശൻ ദി ഗ്രയ്റ്റ്'നെപ്പറ്റി എല്ലാം അച്ഛൻ പറഞ്ഞിട്ടുണ്ട്.

ബ്രഹ്മ:– അച്ഛൻ എന്തു പറഞ്ഞു?

ഉണ്ണ്യേമ:– കുറച്ചൊക്കെ. പക്ഷേ പൂർണ്ണമായത് ഈയിടെ വായിച്ച ഒരു പുസ്തകത്തിൽ നിന്നാണ്. ത്രില്ലടിച്ചു പോയി. എന്നാൽ ആ ഫ്യൂഡൽ ജൻമിയെ ഒന്നു കണ്ടു കളയാമെന്ന് വച്ചു.

ബ്രഹ്മ:– ഒരോ കാലഘട്ടത്തിനും ഒരോ ശരിയുണ്ട്. അനിവാര്യമായ ആ മാററത്തിനും കൂടെ നിന്നു എന്നേയുള്ളു.

ഉണ്ണ്യേ:– അങ്ങിനെ അനാചാരങ്ങൾക്കെതിരെ പട പൊരുതി. ഒരു സാമ്രാജ്യം മുഴുവൻ നഷ്ടപ്പെട്ട് ഇവിടെ ഇങ്ങിനെ നിരാലംബനായി.... ഒറ്റയ്ക്ക്.

ബ്രഹ്മ:–നീയ്യും അച്ഛന്റെ കൂട്ടെന്നെ കുറ്റപ്പെടുത്തുകയാണോ?

ഉണ്ണ്യേ:– അച്ഛനും കുറ്റപ്പെടുത്താറില്ല. ആ മനസിന്റെ ഒരു കോണിൽ, ഒരു സുവർണ്ണച്ചെപ്പിൽ മുത്തശ്ശന്റെ ഒരു നല്ല വിഗ്രഹം വച്ചു പൂജിയ്ക്കുന്നു. അച്ഛൻ അതു മാത്രമേ എന്നെക്കാണിച്ചിട്ടുള്ളു.

ബ്രഹ്മ: – നീ യാത്ര ചെയ്ത് ക്ഷീണിച്ച് വന്നതല്ലേ?ഇനി കുളിച്ച് ആഹാരം കഴിച്ച് വിശ്രമിച്ചിട്ട്...

ഉണ്ണ്യേ: _ഹോട്ടലിൽ നിന്ന് കുളി കഴിഞ്ഞു. ആഹാരവും കഴിച്ചു. നമുക്ക് രണ്ട് പേർക്കുമുള്ള പാഴ്സൽ കൊണ്ടുവന്നിട്ടും ഉണ്ട്.(ഉണ്ണ്യേമ ബാഗ് താഴെ വച്ച് ആ ചാരുകസേരയുടെ അടുത്ത് നിലത്ത് ചേർന്നിരുന്നു.)

ഉണ്ണ്യേമ : – പറയൂ മുത്തശ്ശാ... കീഴ്ജാതിക്കാരി ആയ ഒരു സ്ത്രിയുടെ 'കല്ലുമാല' പൊട്ടിച്ചു കൊണ്ടായിരുന്നു തുടക്കം അല്ലേ?

ബ്രഹ്മ : – അതൊക്കെ ഒരു കഥ. അന്ന് കീഴ്ജാതിക്കാർ 'കല്ലുമാല' ധരിക്കുന്നത് തങ്ങൾ തീണ്ടലുണ്ടന്നുള്ളത് അറിയിയ്ക്കാനാണ്. അതൊരാഭരണമല്ല വിലങ്ങായിരുന്നു എന്നു മനസിലാക്കിക്കൊടുക്കാനാ അങ്ങിനെ ചെയ്തത്.

ഉണ്ണ്യേ :– പിന്നെ അങ്ങോട്ട് വിപ്ലവ പരമ്പര. സ്വത്തു മുഴുവൻ പാവങ്ങൾക്ക് കൊടുത്ത്.... അല്ലെ?

ബ്രഹ്മ:–അല്ല... പണി എടുക്കുന്നവർക്ക്.... അതൊക്കെപ്പോട്ടെ എന്താ നിന്റെ അവതാരോദ്ദേശം?

ഉണ്ണ്യേ:– ഒരു ഇന്റർവ്യൂവിന് വന്നതാണ്.

ബ്രഹ്മ: എന്നിട്ടെന്തായി?

ഉണ്ണ്യേ :– ഇന്റർവ്യൂ കഴിഞ്ഞു. വന്നവരിൽ ഏറ്റവും കൂടുതൽ മാർക്ക് എനിയ്ക്ക്. ഏററവും നന്നായി പെർഫോം ചെയ്തതും ഞാൻ. എന്നിട്ടും എനിക്ക് ജോലി കിട്ടിയില്ല.

ബ്രഹ്മ:– കാരണം?

ഉണ്ണ്യേ :– അന്നു മുത്തശ്ശൻ പൊട്ടിച്ചെറിഞ്ഞ ആ കല്ലുമാല ഇല്ലേ? അത് ഇന്ന് വേറൊരു രൂപത്തിൽ എന്റെ കഴുത്തിലാണ്. സംവരണത്തിന് വീതം വച്ചപ്പോൾ ഞാൻ പുറത്ത്. ഈ നാട്ടിൽ ആരും കല്ലുമാല ധരിക്കാനിട വരാത്ത ഒരു തത്ത്വസംഹിത എനിക്കുപദേശിച്ചു തരാമോ മുത്തശ്ശന്.●

അനിയൻ തലയാറ്റുംപിള്ളിൽ
കുറിച്ചിത്താനം, കോട്ടയം, **മൊബൈൽ: 9447138644**

ചെറുകഥ

# വെള്ളവും വോട്ടും



## പി.എൻ.വിജയൻ



ഗ്രാമത്തിലെ പുരാതനമായ നമ്പൂതിരിഗൃഹം . പൊളിഞ്ഞു വീഴാറായ പൂമുഖത്ത് അച്ഛൻനമ്പൂതിരി പാളവിശറിയുമായി വീശിക്കൊണ്ടിരിക്കുകയാണ്. പൊട്ടിപ്പൊടിഞ്ഞ ഇടമതിലുകൾക്കും ഇടിവെട്ടിയ തെങ്ങുകൾക്കും അപ്പുറത്ത് വരൾച്ചയുടെ കെടുവാഴ്ച അദ്ദേഹത്തെ ഭയപ്പെടുത്തിക്കൊണ്ട് മുന്നേറുന്നുണ്ട് .

അപ്പോഴാണ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഗൃഹസന്ദർശനത്തിനിറങ്ങിയ ഒരു സംഘം രാഷ്ട്രീയക്കാർ ഇല്ലത്തെത്തിയത്. എല്ലാവരെയും നല്ല വെള്ളവസ്ത്രത്തിൽ കണ്ടപ്പോൾ നമ്പൂതിരി പരിഭ്രമിച്ചു എഴുന്നേറ്റു. ഇത്രയും വൃത്തിയിൽ വന്ന അതിഥികളെ എവിടെയാണ് ഇരുത്തേണ്ടതെന്നായി അദ്ദേഹത്തിൻറെ ശങ്ക.

'നിങ്ങളെയൊക്കെ എവട്യാണ് ഇരുത്തണ്ട്ന്ന് നിശ്ചല്യ'

നമ്പൂതിരി പാളവിശറിയുമായി നിന്ന് തിരിഞ്ഞു.

'തിരുമേനി വിഷമിക്കേണ്ട . ഞങ്ങൾ ഇവിടെയൊക്കെ നിന്നോളാം'.കൂട്ടത്തിൽ യോഗ്യനായ ഒരാൾ പറഞ്ഞു.

'അല്ല, എന്തേപ്പോ എല്ലാരും കൂടി ...?'

'അല്ല തിരുമേനി, തെരഞ്ഞെടുപ്പ് ആയി. ഒന്നു ഓർമ്മപ്പെടുത്താൻ വന്നതാ. ഇക്കൊല്ലോം ഞങ്ങൾക്കന്നെ വോട്ടു ചെയ്യണം.'

'അതിനു കഴിഞ്ഞ തവണ നിങ്ങൾക്ക് ചെയ്തൂന്ന് എന്താ ഒറപ്പ് ? സത്യം പറയാലോ, ഞാനൊരു പഴയ കമ്യൂണിസ്റ്റുകാരൻറെ മകനാ. അച്ഛൻ പറഞ്ഞു തന്ന ചില കാര്യങ്ങളുണ്ട്. അതിനെതിരെ ഞാൻ നീങ്ങില്ല.'

'തിരുമേനീടെ അച്ഛൻ അതിനും മുമ്പേ കോണ്ഗ്രസ്സുകാരനായിരുന്നില്ലേ ?'

'ആ തെറ്റ് തിരുത്തീട്ടാണ് കമ്യൂണിസ്റ്റായത്. അതൊക്കെ വിടൂ. ഞാനിപ്പോ എന്താ വേണ്ട് ?'

'നമ്മടെ നാട് നന്നാവണം. റോഡുകൾ നന്നാവണം. ഈ വരണ്ടു കിടക്കണ തൊടീം വളപ്പും നന്നാവണം. ഈ പെര പുതുക്കണം. അതിനു ലോണും കാര്യങ്ങളും ഒക്കെ വേണം. ഒക്കെ ഞങ്ങൾ നോക്കിക്കോളാം. ഞങ്ങളെ ജയിപ്പിച്ചാൽ മതി.' നേതാവ് പറഞ്ഞുനിർത്തി.

'എന്നാൽ ഒരു കാര്യം പറയാൻണ്ട്. ഇവിടെ അടുത്ത വീടുകളിലൊന്നും വെള്ളം ല്യാ. എല്ലാരും കാശുകൊടുത്ത് കൊണ്ടിരിക്യാണ്. അതിനു ഒരു പോംവഴി ണ്ടാക്കണം. പറ്റ്വോ ?'

'എന്താ തിരുമേനി അതല്ലേ ഞങ്ങടെ ആദ്യത്തെ പരിപാടി ?'

'ആ പരിപാടി കാശ് വാങ്ങി വെള്ളം വിൽക്ക്ല്ലേ ? അതുവേണ്ടാ. ഇവടെ ഇല്ലത്തെ തൊടീല് രണ്ടു കിണറുണ്ട് .ഇതുവരെ വറ്റീട്ടില്യ. അത് നിങ്ങക്ക് വിട്ടുതരാം വേനക്കാലത്ത് അടുത്തുള്ളോർക്ക് സൌജന്യായിട്ട് അത് വിതരണം ചെയ്യാൻ ഒരു സംവിധാനം ണ്ടാക്കാൻ പറ്റ്വോ ? എനിക്കും മോട്ടറും ടാങ്കും പൈപ്പും വാങ്ങാൻ കാശില്യ. അല്ലെങ്കിൽ ഞാൻ തന്നെ ചെയ്തേർന്നു.'

നേതാവും കൂട്ടുകാരും അന്യോന്യം നോക്കി, ഒരു വലിയ സാദ്ധ്യത മുന്നിൽ വാതിൽ തുറന്നപോലെ അത്ഭുതപ്പെട്ടു നിന്നു.

'തിരുമേനി ഒരു കടലാസ്സിൽ ഒരൊപ്പ് തന്നാൽ മതി. ബാക്കി ഞങ്ങളേറ്റു.'

നേതാവ് മുന്നോട്ടു വന്നു.

'ഒന്നോ രണ്ടോ തരാം. നല്ലൊരു കാര്യത്തിനല്ലേ ?'

നേതാവിനും കൂട്ടാളികൾക്കും ഉത്സാഹമായി. കടലാസ് വരുന്നു. പേന വരുന്നു. തിരുമേനി ആത്മസംതൃപ്തിയോടെ അവർ വിരൽ നീട്ടിയിടത്ത് ഒപ്പിട്ടു കൊടുക്കുന്നു.

'അപ്പൊ വോട്ടു ഞങ്ങൾക്ക് തന്നെ. പിന്നെ ഇവിടെ നിലവിൽ ഏഴു വോട്ടുണ്ട്. മക്കളെയും മരുമക്കളെയും ഒക്കെ നേരത്തെ വിളിച്ചു വരുത്തണം. '

'അവരൊക്കെ ദൂരത്താ. വര്വോന്നു നിശ്ചല്യ.'

'അവർക്ക് വന്നുപോവാനുള്ള ചെലവ് ഞങ്ങൾ വഹിക്കും '

'അത് വേണ്ട .ഇത് ഞങ്ങടെ അവകാശം കൂടിയാണല്ലോ.'

'എന്നാൽ എല്ലാം പറഞ്ഞ പോലെ. വെള്ളപ്രശ്നം ഇതോടെ തീർന്നു. നാളെമുതൽ ഞങ്ങടെ ആൾക്കാർ വരുന്നു. വണ്ടിയും ടാങ്കും മോട്ടറും വരുന്നു. വെള്ളം കൊണ്ട പോവുന്നു. .വിതരണം രണ്ടുനേരം മുടങ്ങാതെ നടക്കുന്നു.. എന്താ അത് പോരെ ?'

'സന്തോഷായി. അച്ഛൻറെ ഓർമ്മയ്ക്ക് അങ്ങനേങ്കിലും ഒന്ന് നടക്കട്ടെ '

നമ്പൂതിരി അവരെ യാത്രയാക്കി, കസേരയിൽ തിരിച്ചു വന്നിരുന്നു സ്വപ്നം കാണാൻ തുടങ്ങി. അയൽവക്കക്കാർ അച്ഛനെ പുകഴ്ത്തുന്നതും അച്ഛൻറെസ്മരണകൾ ഉയിർത്തെഴുന്നെൽക്കുന്നതും അദ്ദേഹം കേൾക്കുകയും കാണുകയും ചെയ്തു.

അടുത്തദിവസം പുലർന്നു. നമ്പൂതിരി കാത്തിരിക്കുകയാണ്. സൌജന്യമായി ഇല്ലക്കിണറ്റിലെവെള്ളം വിതരണം ചെയ്യുന്നരംഗങ്ങൾ അദ്ദേഹത്തിൻറെ മുന്നിൽ തെളിഞ്ഞുതുടങ്ങി.

പത്തുപത്തരയായിക്കാണും. വെയിൽ പഴുത്തുതുടങ്ങി. അപ്പോഴാണ് ഇല്ലത്തെ പടിക്കലൂടെ ഒരു ചെറിയ ആൾക്കൂട്ടം കൊടികളും മുദ്രാവാക്യങ്ങളുമായി നീങ്ങുന്നത് അദ്ദേഹം കണ്ടത്. ശ്രദ്ധിച്ചപ്പോൾ ഏകദേശം മനസ്സിലായത് ഇങ്ങനെയാണ്:

'നമ്പൂര്യച്ചാ മൂരാച്ചീ , വെള്ളം വിൽക്കണ ബൂർഷാസീ, വെള്ളോം വേണ്ടാ വെളിച്ചോം വേണ്ടാ , കൊള്ളയടിക്കാൻ നോക്കേണ്ടാ '.നമ്പൂതിരി നിന്നനിൽപ്പിൽ പ്രതിമയായി. ●

പി.എൻ.വിജയൻ
പുളിക്കത്തൊടി മന, കരിക്കാട്,
പോസ്റ്റ്. തൃക്കലങ്ങോട്, മഞ്ചേരി.
പിൻ 676123, ഫോൺ.9496304123.




ഇന്ന്
8 ഫെബ്രുവരി
**2021**

# ജയന്തനും ജയശ്രീയും

**പൊത്തോപ്പുറം കേശവൻ ജയന്തൻ**

അന്ന്
8 ഫെബ്രുവരി
**1981**

**എ**ങ്ങോട്ടാ,ണെന്തിനാണെന്നൊരു ചെറു വിവരം പോലുമില്ലാത്ത വ്രജ്യേ,
വിങ്ങീടും മാനസത്തോടൊരു വഴി തെളിയാനായി മോഹിച്ചു നിൽക്കേ
തിങ്ങീടും തോഷമോടേയൊരു പെരുമഴയായെത്തി നീ സൈകതത്തിൽ
പൊങ്ങീടും സ്നേഹവായ്പാൽ പുളകിതശിഖരത്തിങ്കലന്നെത്തി നമ്മൾ.

**പി**ന്നീടും യാത്ര ചെയ്തൂ പലവഴി, പലരെക്കണ്ടു നാമേകഹൃത്താൽ
മൂന്നത്രേ മക്കളുണ്ടായ്, നടുവിലെ സുതയേ വിഷ്ണു കൈപ്പറ്റിയല്ലോ
എന്നാലും തോഷമേകാൻ തനയരിരുവരെത്തന്നു വിശ്വേശ്വരൻ, മു-
ക്കണ്ണൻ തന്നിംഗിതത്താൽ ജനിതനൊരുവനെപ്പൗത്രനായ് ലഭ്യമായീ.

**ദ്യോ**വോളം പ്രേമമൊന്നായിടതടവറിയാതേകി നാമെന്നുമെന്നും
ആവോളം സൗഖ്യമോടേയിരുവരുമൊരുമിച്ചാസ്വദിച്ചൂ ഋതുക്കൾ
ഭീവായ്ക്കും ജീവിതത്തിന്നിടയിലിടറവേയെൻറെ കൈ നീ പിടിച്ചു
താവാറ്റാനെന്നുമെന്നും, തവ പരിചരണം ചെയ്യുവാൻ, ഞാനുമുണ്ടാം.

**വ**ക്കാണം തീരെയില്ലെന്നൊരു ഗിരമുര ചെയ്തീടുകില്ലെങ്കിലും കേൾ
നിൽക്കാതേ പെയ്തു പോകുന്നൊരു ചെറു മഴയായ്ത്തീരുമാ ശാഠ്യമെല്ലാം
ഒക്കില്ലാ നീയെനിക്കോ പ്രിയതമയതിനാൽ ശണ്ഠയിട്ടീടുവാനായ്
മക്കില്ലാ നിന്നൊടുള്ളോരിവനുടെ പ്രണയം ജീവിതാന്ത്യം വരേയ്ക്കും

**എ**ന്നേയ്ക്കുമായിരു മനസ്സുകളേകമായീ-
ട്ടിന്നേക്കു നാലു ദശവത്സരമായി പൂർണ്ണം
കുന്നോളമുണ്ടിവനു മോഹമതൊന്നു കേൾ,ഞാൻ
മണ്ണായിടും വരെയുമെന്നെ നീ വിട്ടു പോകാ.

വ്രജ്യ - യാത്ര
സൈകതം - മരുഭൂമി
പുളകിതം - ആനന്ദം
ദ്യോവ് - ആകാശം
താവ് - ദുഃഖം
താവാറ്റാൻ - ദുഃഖം മാറ്റാൻ
മക്കില്ല - മരിക്കില്ല



ആക്കോട് മുണ്ടക്കാശ്ശേരി മഹാവിഷ്ണു ക്ഷേത്രം.

# ശ്രീ




300 വർഷം പഴക്കമുള്ള പുല്ലർമണ്ണ നാലുകെട്ട് 2005 ൽ എടുത്ത ഫയൽ ഫോട്ടോ

കേശവൻ നമ്പൂതിരി

**1921 ലെ മലബാർ കലാപത്തിൽ**
**സ്ഥലത്തിന് വലിയ പ്രാധാന്യമുണ്ട് .**
**കൊണ്ടുവന്നവരിൽ മതം മാറാൻ വി**
**വിടെ വെച്ച് ഉന്മൂലനം ചെയ്തിരുന്ന**
**ബ്രിട്ടീഷ് ന്യായാധിപനായിരുന്ന സി.എ**


## വിനോദ് മങ്ങത്തായ

1921 ലെ മലബാർ കലാപത്തിൽ കൊന്നാര എന്ന സ്ഥലത്തിന് വലിയ പ്രാധാന്യമുണ്ട് .അക്രമികൾ പിടിച്ചു കൊണ്ടുവന്നവരിൽ ,മതം മാറാൻ വിസമ്മതിച്ച ചിലരെ ഇവിടെ വെച്ച് ഉന്മൂലനം ചെയ്തിരുന്നത്രെ .അക്കാലത്തെ ബ്രിട്ടീഷ് ന്യായാധിപനായിരുന്ന സി. എച്ച് ബി ജാക്സന്റെ വിധിന്യായത്തിൽ , അക്രമങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും നേതൃത്വം നൽകിയതിന് കൊന്നാര തങ്ങളെ വധശിക്ഷയ്ക്കു വിധിച്ചു .കൊന്നാര നിന്നും ആറു നാഴിക മാത്രം ദൂരെയാണ് വാ ഴയൂർ ഗ്രാമം .പേരു സൂചിപ്പിക്കുന്ന പോലെ വാഴക്കൃഷിക്ക് പേര് കേട്ട സ്ഥലം . കൃഷി ക്കാരായ മുസ്ലീംകളും പാവപ്പെട്ട ഹരിജനങ്ങ



ഇടത്തു നിന്ന്.ശ്രീജ, മധു, വരദ, അപർണ.ഗോഹിത് രുദ്രൻ,ശ്രീദേവി, ഗൗതമി, ഹര
ചൈത്ര, പവിത്ര, പ്രിയ, സുധാകരൻ അരിയപ്പുറം, വൈഷ്ണവി, വൈശാഖ്, ഗീത
റം, ബിന്ദു, അരുൺ വിഷ്ണു, അശ്വിൻ കേശവ്, അനുഗത് നാരായണൻ,



# രുദ്രം നീലകണ്ഠം നാരായണം

## ഇല്ലപ്പെരുമ

## മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ ഇല്ലം


**ഗോത്രം:** ഗൗതമ ഗോത്രം
**ദേശം:** ഇരുപത്തൊന്ന് ദേശം
**വേദം:** യജുർവേദം

**കൊന്നാര എന്ന അക്രമികൾ പിടിച്ചു സമ്മതിച്ച ചിലരെ ഇ ത്ര . അക്കാലത്തെ എച്ച്.ബി.ജാക്സന്റെ**

**വിധിന്യായത്തിൽ, അക്രമങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും നേതൃത്വം നൽകിയതിന് കൊന്നാര തങ്ങളെ വധശിക്ഷയ്ക്കു വിധിച്ചു . കൊന്നാര നിന്നും നാലു നാഴിക മാത്രം ദൂരെയാണ് വാഴയൂർ ഗ്രാമം . വാഴയൂരെ പ്രശസ്തമായ ഇല്ലമാണ് മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ .**


ളുമാണ് ഗ്രാമീണ ജനതയിൽ ഭൂരിപക്ഷവും .ചാലിയാറിന്റെ ജലസമൃദ്ധി ഗ്രാമത്തിന് കൃഷിയുടെ നേട്ടങ്ങളും വെള്ളപ്പൊക്കത്തിന്റെ സങ്കടങ്ങളും ഒരുപോലെ തന്നു .

വാഴയൂരെ പ്രശസ്തമായ ഇല്ലമാണ് മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ .മാപ്പിള ലഹളക്കാലത്ത് നാരായണൻ നമ്പൂതിരിയും സഹോദരങ്ങളും മക്കളായ രുദ്രൻ നമ്പൂതിരിയും അനുജന്മാരും മറ്റുണ്ണികളുമായിരുന്നു തറവാട്ടിൽ .അക്രമങ്ങളുടെ ക്രൂരമായ കഥകൾ കേട്ട പുല്ലൂർമണ്ണ ഇല്ലക്കാർ വസ്തുവകകൾ സംരക്ഷിക്കാൻ കാര്യസ്ഥനായ ഗോവിന്ദൻ നായരെ ഏൽപ്പി



രുദ്രൻ നമ്പൂതിരി

*ി, ശശി, കൃഷണമീര, കൃഷ്ണൻ നമ്പൂതിരി, ഋഷികേശ്, മണിവർണൻ, ആദി ദേവ്, , ദിവ്യ, നന്ദിത, രോഹിണി, നാരായണൻ മുണ്ടനാട്, അദ്വൈത്, വിഷ്ണു കിഴനിപ്പു സന്ദീപ്, സംഗീത, പ്രിയ, ഉണ്ണികൃഷ്ണൻ കൊളങ്കര, അഭിഷേക്, ആനന്ദ്*





പോരൂർ
രാമചന്ദ്രമാരാർ

പാട്ടുപുര. ഇത്രയും
വലുത് അപൂർവമാണ്



നീലകണ്ഠൻ നമ്പൂതിരി
വരച്ച കിരാതമൂർത്തി.

ച്ച് മാങ്കാവ് കോലോത്തേക്ക് താമസം മാറ്റി .വിവരമറിഞ്ഞ പ്രദേശത്തെ ചില മുസ്ലീം തറവാട്ടുകാർ രുദ്രൻ നമ്പൂതിരിയോട് ഇങ്ങനെ പറഞ്ഞത്രെ .'ഞമ്മളുള്ള കാലത്തോളം നമ്പൂര്ശന് ഒരു കായപ്പൂം വരൂല്ല' .മകരക്കൊയ്ത്തിന് വിത്തു വിതച്ച ശേഷമായിരുന്നു ഈ യാത്ര .രണ്ടു മാസത്തിന് ശേഷം തിരിച്ചു വന്ന പുല്ലൂർമണ്ണ നമ്പൂതിരിമാരെ എതിരേറ്റത് ഇല്ലത്തെ സ്വത്തുവകകൾ പൊന്നുപോലെ സംരക്ഷിച്ച മുസ്ലീംകളായിരുന്നു .വിളഞ്ഞ നെൽക്കതിരിന് പോലും ഒരു പോറൽ പറ്റിയിരുന്നില്ല .സമീപ പ്രദേശങ്ങളിൽ ലഹളക്കാർ താണ്ഡവമാടിയപ്പോഴും പുല്ലൂർണ്ണ വസ്തുവകകൾ മുസ്ളീംകളായ നാട്ടുപ്രമാണിമാരുടെ നേതൃത്വത്തിൽ കാവൽ നിന്ന് സംരക്ഷിക്കുകയായിരുന്നു .കലാപത്തിലും ഉലയാതെ നിന്ന മതസൗഹാർദ്ദത്തിന്റെ രജതരേഖയായി തന്നെ ഇതിനെ കാണാം .

ചരിത്രത്തിന്റെ വായനയിലും പുനർവായനയിലും അതിശയോക്തികൾ നിറയുമ്പോൾ ഇത്തരം പോസിറ്റീവ് വാർത്തകളും പുറം ലോകമറിഞ്ഞിരുന്നില്ല .

കോഴിക്കോട് കുറ്റിക്കാട്ടൂരിനടുത്താണ് പൈങ്ങോട്ടുപുറം ഗ്രാമം . അവിടത്തെ പ്രധാനപ്പെട്ട ഇല്ലമായിരുന്നു ചെറുവണ്ണൂർ പുല്ലൂർമണ്ണ്. തലമുറകൾക്കു മുമ്പു അവരുടെ ഒരു ശാഖ പെരുമൻപുറയിലും പിന്നീട് ചാലിയാറിനക്കരെ വാഴയൂരിലും താമസമാക്കി. ഈ താവഴി മുണ്ടക്കാശേരി പുല്ലൂർമണ്ണ് എന്നറിയപ്പെട്ടു മുണ്ടക്കാശ്ശേരി നിന്നും അരീക്കോടിനടുത്ത് ചെമ്രക്കാട്ടൂരിലേക്ക് പോയ ഉപശാഖ കാന്തക്കര പുല്ലൂർമണ്ണയായി .



*മുരളീധര മാരാർ, നാരായണ മാരാർ. പാലക്കോൾ കേശവൻ നമ്പൂതിരി, ശ്രീനിധി, പാർവ്വതി, ജിഷ,സംവേദ്യ, ശങ്കരനാരായണൻ നമ്പൂതിരി, ഉമ, ഉമാദേവി അന്തർജ്ജനം, സാരംഗ്, അനില, നാരായണൻ, സതീശൻ ആമല്ലൂർ, ഗംഗ. ഹിരൺ, ഹരി മാന്തിട്ട, ഷീജ, ശ്രാവൺ, രുദ്രൻ നമ്പൂതിരി, ദേവകി അന്തർജ്ജനം, കൃഷ്ണൻ നമ്പൂതിരി, പാർവ്വതി അന്തർജ്ജനം*

മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണക്കാർക്ക് ധാരാളം കൃഷിഭൂമി സ്വന്തമായുണ്ടായിരുന്നു .നമ്പൂതിരിമാർ എല്ലാവരും ഒന്നാന്തരം ഓത്തന്മാർ. .ഓത്ത് കൊട്ടിക്കലും വാരവും വിവിധ ക്ഷേത്രങ്ങളിൽ പുല്ലൂർമണ്ണ വകയായി നില നിന്നു.

300 കൊല്ലത്തിലധികം പഴക്കം വാഴയൂരെ നാലുകെട്ടിനുണ്ട്. പത്തായങ്ങളും നിലവറകളും ധാരാളം. മരപ്പണിയെല്ലാം ഒന്നാന്തരം അരീക്കോടൻ തേക്കു കൊണ്ടാണ് .പുല്ലൂർമണ്ണ ഇല്ലത്തെ പരദേവത വേട്ടയ്ക്കൊരു മകൻ .മീനത്തിലെ ചിത്ര നക്ഷത്രത്തിൽ വേട്ടയ്ക്കൊരു മകൻ പാട്ട്. പിറ്റേ ദിവസം കരിങ്കാളിക്ക് പാലുംവെള്ളരിയും വിളക്കും .ഇല്ലത്തിന്റെ കെട്ടിടത്തിന് കാലപ്പഴക്കം കേടുകൾ വരുത്തിയെങ്കിലും മുന്നൂറു വർഷങ്ങളുടെ ചരിത്രമുറങ്ങുന്ന പാട്ടുപുര ഇന്നും രാജകീയമായി തന്നെ നിലനിൽക്കുന്നു .

ഒന്നാന്തരം കർഷകരായിരുന്ന ഇവിടത്തെ നമ്പൂതിരിമാരിൽ കഥകളിക്കാരും കവികളുമുണ്ടായിരുന്നു. മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ വലിയ രുദ്രൻ നമ്പൂതിരി എടക്രമഞ്ചേരി മാധവി അന്തർജനത്തെ വേളി കഴിച്ചു .ഇവരുടെ ഇളയ മകനായിരുന്നു നീലകണ്ഠൻ നമ്പൂതിരി . സമാവർത്തനശേഷം ഉണ്ണിയായ നീലകണ്ഠനെ അച്ഛൻ രുദ്രൻ നമ്പൂതിരി ഗുരുവായൂർക്കയച്ചു .സംസ്കൃതപണ്ഡിതരായ പൊൽപ്പാക്കര നമ്പൂരിയെപ്പോലുള്ള ഭാഗവതോത്തമന്മാരിൽ നിന്നും ഉണ്ണിയായ നീലകണ്ഠന് ഉപരിപഠന സൗകര്യങ്ങൾ ഒരുക്കുകയായിരുന്നു രുദ്രൻ നമ്പൂതിരി. അഞ്ചു വർഷം നീണ്ട ഗുരുവായൂർ വാസം നീലകണ്ഠനെ ഭാഗവതപാരംഗതനാക്കി.തിരുനാമാചാര്യൻ ആഞ്ഞം ,വൈശ്രവണ ത്ത് നമ്പൂതിരി, ഭക്ത ശിരോമണി വാഴകുന്നം എന്നിവരുമായുള്ള അടുപ്പം നീലകണ്ഠനെ ഗുരുവായൂരപ്പദാസനുമാക്കി.പുല്ലൂർമണ്ണ നമ്പൂതിരിമാർ പേരു കേട്ട ഓത്തന്മാരായിരുന്നല്ലോ . നീലകണ്ഠൻ നമ്പൂതിരിക്ക് യജുർവേദത്തിൽ ചങ്ങല ,പദം , ശാഖ കടുകട്ടി .ഇരുപത്തൊന്നു ദേശത്തെ ശ്രീകൃഷ്ണപുരവും ഉഗ്ര പുരവും പോലുള്ള ക്ഷേത്രങ്ങളിലെല്ലാം നീലകണ്ഠൻ നമ്പൂതിരി ഓത്തു കൊട്ടിച്ചിട്ടുണ്ട് .ഊരാഴ്മയുള്ള പെരുമൻപുറയിൽ ഓത്തൂട്ടിന്റെ ഏഴാം ഖണ്ഡം എല്ലായ്പ്പോഴും പുല്ലൂർമണ്ണ വകയായിരിക്കും .ഓത്തും ആ ദിവസത്തെ വിഭവസമൃദ്ധമായ ഊട്ടും കൂടുന്നതാണ് ഓത്തൂട്ട് .1954 ലായിരുന്നു പെരുമൻപുറയിൽ അവസാനം ഓത്തൂട്ട് നടന്നത് .



*നീലകണ്ഠൻ നമ്പൂതിരിയുടെ ഗുരു പൊൽപ്പാക്കര നമ്പൂതിരി*

## ബ്രഹ്മശ്രീ....മാ രാ രാ ശ്രീ

അഫൻ നമ്പൂതിരിമാർക്ക് സമ്മന്തമായിരുന്നു അക്കാലത്തെ സമ്പ്രദായം .പോലൂർ മാരാത്ത് ജാനകി മാരാരസ്യാരെ നീലകണ്ഠൻ നമ്പൂതിരി ആദ്യം വിവാഹം കഴിച്ചു .വർഷങ്ങൾക്കു ശേഷം തായാട്ട് മകളായ സാവിത്രി അന്തർജനവും നമ്പൂതിരിയുടെ സഹധർമ്മിണിയായി .തന്റെ ജീവിതപങ്കാളികളെ ഭേദഭാവങ്ങൾ ലവലേശമില്ലാതെ തുല്യരായാണ് നീലകണ്ഠൻ നമ്പൂതിരി പരിഗണിച്ചിരുന്നത് .ഇതേപ്പറ്റി മകനായ കേശവൻ നമ്പൂതിരി ഇങ്ങനെ പറഞ്ഞു .'മാരാരസ്യാർ ഞങ്ങൾക്ക് വലിയമ്മയായിരുന്നു .അതു പോലെ മാരാർ സഹോദരങ്ങളെ ജ്യേഷ്ഠൻ എന്നു വിളിക്കാനാണ് അച്ഛൻ ഞങ്ങളെ പഠിപ്പിച്ചത് '

എൺപതു കൊല്ലങ്ങൾക്കു മുമ്പ്, ജാതിചിന്തകൾ രൂഢമായിരുന്ന സമൂഹത്തിലാണ് ഈ സമത്വഭാവനയെന്നറിയുക .തന്റെ പന്ത്രണ്ടു മക്കൾക്കും ഒരുപോലെ സൗകര്യങ്ങളൊരുക്കി നീലകണ്ഠൻ നമ്പൂതിരി .

'മക്കൾക്കെല്ലാം ആധുനിക വിദ്യാഭ്യാസം നൽകാനും അച്ഛൻ നല്ലോണം ശ്രദ്ധിച്ചിരുന്നു .പത്തനാപുരത്ത് കോയിലൃത്തും അമ്മാത്തായ തായാട്ടില്ലത്തും (കോഴിക്കോട് ) ഞങ്ങളെ താമസിപ്പിച്ചു . സർവീസ് ബോട്ടിലാണ് മിക്കവാറും യാത്രകൾ .ചാലിയാറിൽ ഫറോക്ക് നിന്ന് എടവണ്ണ വരെ ഓരോ മണിക്കൂറിലും യാത്രാബോട്ടുകൾ ഉണ്ടായിരുന്നു .ആക്കോടും എളമരവും പോലെ കടവുകളിൽ സ്റ്റോപ്പുകൾ .ഇല്ലത്തു നിന്ന് ഒരു മണിക്കൂർ കൊണ്ട് പത്തനാപുരത്ത് എത്താമായിരുന്നു അന്ന്' അമ്പതു കൊല്ലം മുമ്പുള്ള ജലഗതാഗത സംവിധാനങ്ങൾ കേശവൻ നമ്പൂതിരിയുടെ ഓർമ്മകളിൽ തെളിഞ്ഞു.

ഗൃഹസ്ഥാശ്രമത്തിന്റെ അഴകളവുകൾ ക്രമപ്പെടുത്തുമ്പോഴും പരമഭക്തനായി നമ്പൂതിരി ജീവിച്ചു .ബ്രാഹ്മമുഹൂർത്തത്തിൽ ഉണരൽ, തേവാരം , ഭാഗവതപാരായണം, കെടാതെ സൂക്ഷിച്ച ഔവ്വാസനം.വൈകിയുള്ള പ്രാതലിന് വിഭവ സമൃദ്ധമായ പൊടിയരിക്കഞ്ഞി .

ഗുരുവായൂരിൽ മാസം തൊഴൽ ,ത



*നീലകണ്ഠൻ നമ്പൂതിരിയുടെ മകൻ പരേതനായ കൃഷ്ണൻ നമ്പൂതിരിയുംസഹധർമ്മിണി മൂർത്തിയേടം സാവിത്രി അന്തർജനവും*

*പുല്ലൂർമണ്ണ് പരേതരായ നീലകണ്ഠൻ നമ്പൂതിരിയും (കുഞ്ഞൻ) സഹധർമ്മിണി എടക്രമഞ്ചേരി പുൽപറമ്പിൽ മകൾ മാധവിക്കുട്ടി അന്തർജനവും.*

*മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ നീലകണ്ഠൻ നമ്പൂതിരിയും സഹധർമ്മിണിമാരും .. ഇടത്ത് സാവിത്രി അന്തർജനം ,വലത്ത് ജാനകി മാരാരസ്യാർ*



*രുദ്രൻ നമ്പൂതിരിയും പത്നി ഉമാദേവി അന്തർജനവും*



*കേശവൻ നമ്പൂതിരിയും പത്നി ശ്രീദേവി അന്തർജനവും*

റവാട്ടിൽ മുടങ്ങാതെ നാമജപയജ്ഞങ്ങൾ .

നാട്ടാർക്ക് നമ്പൂതിരി നാട്ടുമധ്യസ്ഥനും ന്യായാധിപനുമായിരുന്നു .

ഇല്ലത്തെ ആശ്രിതരായി എഴുപതിലധികം ഹരിജന കുടുംബങ്ങൾ ഉണ്ടായിരുന്നു .ഇവരുടെ ജലക്ഷാമത്തിന് അന്ത്യം കുറിക്കാൻ1950 കളിൽ തന്നെ പൊതുകിണർ കുഴിച്ചു കൊടുത്തത് നമ്പൂതിരിയാണ് .പുല്ലൂർമണ്ണ ഇല്ലത്തിന്റെ ജന്മി കുടിയാൻ ബന്ധങ്ങളും സവിശേഷമായിരുന്നു . ഏക്കറുകൾ കൃഷിസ്ഥലമാണ് നീലകണ്ഠൻ നമ്പൂതിരി അധഃസ്ഥിതരായ ഹരിജനങ്ങൾക്ക് പൂർണ കൈവശാവകാശമായി നൽകിയത് .കൃഷിഭൂമി വിറ്റു നഷ്ടപ്പെടുത്തുന്നത് ഒഴിവാക്കാനായി നാമമാത്രമായ പാട്ടത്തോടെയായിരുന്നു കച്ചീട്ടുകൾ .അഞ്ചു പറ നെല്ല് ,രണ്ടു വാഴക്കുല ഇങ്ങിനെയായിരുന്നു നിജപ്പെടുത്തിയ പാട്ടം.. ഭൂപരിഷ്ക്കരണ നിയമങ്ങൾക്കും എത്രയോ മുമ്പായിരുന്നു നീലകണ്ഠൻ നമ്പൂതിരി ഇതെല്ലാം പ്രയോഗത്തിൽ വരുത്തിയത് .ഇന്നും മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ ഹരിജൻ കോളനികളിലൊന്നാണ് മുണ്ടക്കാശ്ശേരി ഹരിജൻ കോളനി

## വാഴയൂർ @ 1968

1968 ഒക്ടോബർ 10, അഥവാ 1144 കന്നി 24 വ്യാഴാഴ്ച ഗ്രാമവാസികൾക്കിന്നുംന്നും മധുരിക്കുന്ന ഓർമ്മയാണ് .മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ് നീലകണ്ഠൻ നമ്പൂതിരിയുടെ ഷഷ്ട്യബ്ദപൂർത്തിയായിരുന്നു അന്ന് .വേദജ്ഞനും ഭാഗവതോത്തമനുമായ വല്യമ്പൂരിയുടെ പിറന്നാൾ നാട്ടാർക്ക് ദേശത്തിന്റെ ആഘോഷമായിരുന്നു .ഒരു പിറന്നാളാഘോഷത്തെപ്പറ്റി എന്തിത്ര പറയാൻ എന്നല്ലേ ? ചില വിശേഷങ്ങൾ കാണുക .

പുല്ലൂർമണ്ണ് എത്താൻ ചാലിയാർ കടക്കണം .പാലം 12 കിലോമീറ്റർ അകലെ ഫറോക്ക് മാത്രം .പുല്ലൂർണക്ക് പോകണമെങ്കിൽ പള്ളിക്കടവിലെ തോണി മാത്രമാണ് ആശ്രയം .തന്റെ പിറന്നാളിന് വരുന്ന അതിഥികൾക്കായി രണ്ടു ദിവസത്തെ തോണിയാത്ര സൗജന്യമായി ഏർപ്പെടുത്തി നീലകണ്ഠൻ നമ്പൂതിരി .കടത്തുകാരനായ കുഞ്ഞിരായന് അതതു ദിവസത്തെ മൊത്തം കൂലി പുല്ലൂർ മണ്ണ നിന്ന് നൽകുകയായിരുന്നു .

എല്ലാ വഴികളും പിറന്നാളിന് പുല്ലൂർമണ്ണക്കാണല്ലോ.നാടടച്ച് സദ്യ ആയതിനാൽ വാഴയൂരെ എല്ലാ ജാതിമതസ്ഥരും നമ്പൂതിരിയുടെ അതിഥികൾ . കടവത്ത് അന്ന് ആരും പൈസ കൊടുക്കേണ്ട. വരവും പോക്കും സർവ്വത്ര സൗജന്യം .ഇവൻറ് മാനേജ്മെന്റിന്റെ പുതുകാലത്ത് പോലും ആരും പരീക്ഷിക്കാത്ത രീതി .

അതിഥി ദേവോഭവ: എന്നതിന്റെ സാക്ഷാൽക്കാരമായിരുന്നു പുല്ലൂർമണ്ണ് പിറന്നാൾ .അക്കാലത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ പങ്കെടുത്ത ആഘോഷം .വിശിഷ്ട ബ്രാഹ്മണർക്ക് വിധിയാംവണ്ണം ദശദാനവും ഷൾ ദാനവും .പശുദാനങ്ങൾ തന്നെ അഞ്ഞൂറോളം പേർക്ക് .ആത്തേമ്മാരോൾക്ക് ഓണപ്പട. .ഉണ്ണികൾക്കും പെൺകിടാങ്ങൾക്കും കൈനീട്ടമായി ഒരു രൂപ നാണ്യം .

സദ്യക്കുള്ള ഒരുക്കങ്ങൾ കെങ്കേമമായിരുന്നു .വലിയ ചരക്കുകളും പാത്രങ്ങളും കൂഴക്കോട് ചെമ്പകശ്ശേരി ,പാതിരിശ്ശേരി എന്നീ ഇല്ലങ്ങളിൽ നിന്നൊക്കെ പ്രത്യേകം തോണി വഴി ചാലിയാറിലൂടെ എത്തിക്കുകയായിരുന്നു .

പിറന്നാൾ സദ്യക്കും പ്രത്യേകതകൾ ഏറെയായിരുന്നു . .നമ്പൂരാർക്ക് വെടിപ്പായി വിധിയാംവണ്ണമുള്ള

നാലു കറി സദ്യ .മധുരക്കറിയായി വിശിഷ്ടമായ പ്രഥമനുകൾ .മുസ്ലിംകളും നായന്മാരും ഹരിജനങ്ങളുമുൾപ്പെട്ട എല്ലാ നാട്ടുകാർക്കും 'വേർ' തിരിച്ച പന്തികൾ .. പന്തലുകൾ .അവിടത്തെ സദ്യ ബഹുവിശേഷമായിരുന്നു. നോൺ വെജ് ഒരുക്കാൻ നമ്പൂരിക്ക് വയ്യല്ലോ .എന്നാൽ എരിവും പുളിയും മസാലകളും കൂട്ടി സ്വാദിഷ്ടമാക്കി പ്രത്യേകം ദേഹണ്ഡക്കാരാൽ തയ്യാറാക്കിയ വിഭവങ്ങൾ ആയിരുന്നു ആ പന്തലുകളിൽ .പന്തിയിൽ എല്ലാ അർത്ഥത്തിലും പ്രകടമായ 'പക്ഷഭേദം' തന്നെ . നമ്പൂരാരുടെ സദ്യാവിഭവങ്ങളുടെ കൂടെ പ്രത്യേക ഐറ്റങ്ങൾ കൂടി വന്നപ്പോൾ സ്പെഷ്യൽ സദ്യ ഈ പന്തലുകളിലായിരുന്നെന്നും പറയാം.

നാട്ടാർക്ക് നീലകണ്ഠൻ നമ്പൂതിരി പിറന്നാൾ സദ്യയൊരുക്കിയത് ആഡംബരത്തിന്റെ പ്രകടനമായിട്ടല്ല .തനിക്ക് 13 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന 1921 ലെ കലാപകാലത്തും മൂന്നു വർഷങ്ങൾ കഴിഞ്ഞ് ഉണ്ടായ 99 ( 1924) ലെ ഭീകരമായ വെള്ളപ്പൊക്കത്തിലും വാഴയൂർ ഗ്രാമവാസികളുടെ ഒത്തൊരുമ നീലകണ്ഠൻ നമ്പൂതിരി കണ്ടതാണ് . മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ് ഇല്ലത്തിന്റെ നിലനിൽപ്പിനും അഭിവൃദ്ധിക്കും എന്നും



**ഭഗവാനാണ് കയ്യിൽ:** *ഗുരുവായൂരിലെ നാമജപ ഘോഷയാത്ര .ശ്രീകൃഷ്ണ വിഗ്രഹം പിടിച്ചത് പുല്ലൂർമണ്ണ നീലകണ്ഠൻ നമ്പൂതിരി*

കാരണമായ വാഴയൂരെ സ്വന്തം നാട്ടുകാരുടെ കൂടെയല്ലാതെ തനിക്കെന്താഘോഷം എന്ന ചിന്തയായിരുന്നു നീലകണ്ഠൻ നമ്പൂതിരിയെ നയിച്ചത് .

തന്റെ അറുപതാം പിറന്നാളിനു മുമ്പായി ധാരാളം ഭാഗവത സപ്താഹങ്ങൾ നീലകണ്ഠൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ പുല്ലൂർ മണ്ണ വെച്ച് നടത്തിയിരുന്നു.ഷഷ്ട്യബ്ദപൂർത്തിക്കു ശേഷം 1968 മുതൽ 15 വർഷക്കാലം നമ്പൂതിരി താമസം ഗുരുവായൂരപ്പന്റെ സവിധത്തിലാക്കി .സഹധർമ്മിണിമാരുടെ കൂടെ മഞ്ചറയിലും കൊടക്കാട്ടും ഒക്കെ താമസിച്ച് ഭജിച്ചു.

ഗുരുവായൂരെ ഹരേ രാമ സങ്കീർത്തന സമിതിയുടെ സാരഥിയായി നീലകണ്ഠൻ നമ്പൂതിരി മാറി .

അക്കാലത്ത് ഗുരുവായൂർ കൂത്തമ്പലത്തിൽ എന്നും രാവിലെ ഒരു മണിക്കൂർ ഹരേ രാമ നാമജപം ഉണ്ടായിരുന്നു . പിന്നീട് പ്രഭാഷണം ,വൈകീട്ട് വിഷ്ണു സഹസ്രനാമം.തിരുനാമാചാര്യൻ ആഞ്ഞം മാധവൻ നമ്പൂതിരി പല ദിവസങ്ങളിലും സന്നിഹിതനാവും. പുല്ലൂർമണ്ണയുടെ പ്രഭാഷണവും ഉണ്ടാകും.പൂജിച്ച ശ്രീകൃഷ്ണ വിഗ്രഹവുമായി ഭക്തപാരാവാരം നടത്തിയ ഗുരുവായൂർ നാമജപത്തിന്റെ വാർഷികാഘോഷങ്ങൾ കേമമായിരുന്നു .ആഞ്ഞവും തട്ടയൂരും ഒപ്പം ധാരാളം ഭാഗവതാചാര്യന്മാരും അക്കാലത്തെ നാമജപഘോഷയാത്രയിൽ പങ്കെടുത്തിരുന്നു . ഭക്തജനങ്ങളുടെ കൂടെ ,മുന്നിൽ തന്നെയായി നീലകണ്ഠൻ നമ്പൂതിരി ഉണ്ടാവുമായിരുന്നു

ഗുരുവായൂർ കാലത്ത് ധാരാളം കവിതകൾ പുല്ലൂർമണ്ണ രചിച്ചു.

ഒരു ശ്ളോകം നോക്കുക -

യാചിച്ചൂ ചോറൊരുന്നാൾ ദ്വിജരൊടു ഭഗവാൻ കിട്ടിടാഞ്ഞന്നു നന്നായ്/യാചിച്ചു പത്നിമാരോടവർ സരസമണച്ചുള്ള ഭോജ്യം ഭുജിച്ചു./

യാചിച്ചൂ കൂനിയോടക്കളഭവുമവിലും കൊണ്ടുവന്നക്കുചേലൻ/യാചിച്ചൂ വാസുദേവൻ ശിവ ശിവ ! കരുണാ പൂരമത്രേ വിചിത്രം .

കളിമണ്ണ് കുഴച്ച് മനോഹരമായ ശ്രീകൃഷ്ണ വിഗ്രഹങ്ങൾ നിർമ്മിക്കുന്നത് നീലകണ്ഠൻ നമ്പൂതിരിയുടെ പ്രിയപ്പെട്ട പ്രവൃത്തിയായിരുന്നു. വെണ്ണക്കണ്ണന്റെയും വേണുഗോപാലന്റെയും കളിമൺ വിഗ്രഹങ്ങൾ ബന്ധുമിത്രാദികൾക്ക് സമ്മാനിക്കുകയായിരുന്നു നമ്പൂതിരിയുടെ പതിവ് . സഹധർമ്മിണിമാരുമായി, ഇളയ കുഞ്ഞായിരുന്ന സാവിത്രി ( പാടേരി വാസുദേവൻ നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണി ,കോഴിക്കോട് രാമകൃഷ്ണാ മിഷൻ വിദ്യാലയത്തിൽ ടീച്ചർ) യെയും കൊണ്ട് സുദീർഘമായ കാശി , ബദരി തീർത്ഥാടനത്തിനും അക്കാലം നീലകണ്ഠൻ നമ്പൂതിരി പോയി വന്നു .

തന്റെ എഴുപത്തഞ്ചാം വയസ്സിൽ ഗുരുവായൂരിൽ നിന്നും താമസം പുല്ലൂർമണ്ണ ഇല്ലത്തേക്കു മാറ്റി നീലകണ്ഠൻ നമ്പൂതിരി .തേവാരമൊക്കെയായി തറവാട്ടിലായിരുന്നു കുടുംബസമേതം കഴിഞ്ഞിരുന്നത്. നാമജപവും ഭജനവും ഭാഗവത പാരായണവുമായി ഒരു പരിവ്രാജക സന്യാസിയുടെ നിഷ്ഠകളോടെയായിരുന്നു നീലകണ്ഠൻ നമ്പൂതിരി ശിഷ്ടകാലം. എല്ലാ അർത്ഥത്തിലും സഫലമായ ജീവിതം. 2000 ജൂൺ 1 ന് ,തന്റെ തൊണ്ണൂറ്റിരണ്ടാം വയസ്സിൽ മുണ്ടക്കാശ്ശേരി പുല്ലൂർമണ്ണ ഇല്ലത്തെ ഈ കർമ്മയോഗി വിഷ്ണുപദം പൂകി.

പുല്ലൂർമണ്ണ ഇല്ലത്തിന്റെ പാരമ്പര്യവും, സംസ്ക്കാരവും കഴിവുകളും തലമുറകളിലേക്ക് പകർന്നു വന്നു.മുൻ തലമുറയിലെ ദാമോദരഫന്റ മകനായിരുന്നു വിശ്രുതനായ കവിയും സംസ്കൃതപണ്ഡിതനും ഗുരുവായൂരപ്പൻ കോളേജ് അധ്യാപകനുമായിരുന്ന പി.സി ഏട്ടനുണ്ണി രാജ .

നീലകണ്ഠൻ നമ്പൂതിരിയുടെ മക്കളിൽ നാലുപേർ അധ്യാപനം തെരഞ്ഞെടുത്തു .രുദ്രൻ നമ്പൂതിരി ആക്കോട് ഗവർമെന്റ് സ്കൂളിലെ അധ്യാപകനായിരുന്നു.സഹോദരനായ കേശവൻ നമ്പൂതിരി നാട്ടുകാരനായ പൂളക്കൽ ഹാജിയാരുടെ വിദ്യാലയത്തിൽ ആചാര്യനായി .അതു പോലെ ജ്യേഷ്ഠസഹോദരനായ ശ്രീധരൻ മാരാർ പതിറ്റാണ്ടുകൾ നീണ്ട അധ്യാപക ജീവിതം നയിച്ചു . പരേതനായ കൃഷ്ണൻ നമ്പൂതിരിയും മികച്ച അധ്യാപകനായിരുന്നു .പുല്ലൂർമണ്ണ പുതുതലമുറയിലെ മരുമക്കളിൽ വേറെയും ടീച്ചർമാരുണ്ട് .

രുദ്രൻ നമ്പൂതിരിയുടെ മകൻ ഭാഗവതാചാര്യനായ ഹരി (നീലകണ്ഠൻ

## ശ്രീ കിരാതൻസഹായം



മനസ്സിന്റെ കാടത്തഭാവം കളഞ്ഞി_
ട്ടനന്തങ്ങളാം നല്ല ശീലം വളർത്താൻ,
കനക്കുന്ന കാരുണ്യമോടെന്നുമേറെ -
ക്കനിഞ്ഞെത്തിടും ശ്രീകിരാതൻസഹായം

പ്രാരബ്ധക്കർമ്മനക്രപ്പിടിയതിലുഴലും മത്തനാംവാരണേന്ദ്ര-
ന്നെല്ലാ ബന്ധങ്ങളും തൻ കഴിവുകളുമഹോ ചോർന്നു ചോർന്നസ്തമിയ്ക്കേ,
രക്ഷക്കില്ലാരുമെന്നങ്ങൊരു മതി, ദൃഢമായ്തീർന്നു തൻ ഹൃദ്സരോജം
പൂർണ്ണ ബ്രഹ്മത്തിലർപ്പിച്ചമരവെ ഭഗവദ്ഗ്രസ്തനായ് മോക്ഷമായീ

ഓരോരോ ജന്തുവിന്നെന്തതതിനനുചിതം കർമ്മസംബന്ധമേകീ-
ട്ടോരാതേ മാറിനിന്നാ കൃതികൾ വികൃതികൾ നോക്കിയിട്ടാസ്വദിക്കും,
പ്രാരബ്ധക്കാരനേപ്പോലുലകിതിലിതുപോൽ ലീലയാടിക്കളിക്കും
കാർവർണ്ണാചാരുമൂർത്തേ മതി മതിയിനിയാപള്ളിനിദ്രക്കു പോകാം.

എല്ലാം നിൻ ലീലയെന്നങ്ങൊരുവിധമൊരുമട്ടൊന്നുറച്ചീടുമപ്പോ-
ലല്ലൽക്കൂട്ടങ്ങളൊന്നായ് വരിവരിവരിയായോടി വന്നെത്തിടുന്നു,
ഇല്ലാത്തോരാതുരത്വം ഫണിവരശയനാ സത്യമായ് തോന്നി ചിത്തം
വല്ലാതാകുന്നതുണ്ടേയിനിയിതുമതി,യീമായയാമാമയംമേ

മോഹിച്ചീടാം നമുക്കീ യദുകുലമണിയേകൃഷ്ണസാരാമൃതത്തേ_
യാവാഹിച്ചിട്ടു വെയ്ക്കാം ദൃഢതരമതിയാൽ മാനസത്തിങ്കലെന്നും,
പോവാതേനോക്കിടാംപിന്നതിലുപരിയതിൽതന്നെചേർന്നാരമിയ്ക്കാ-
മാനന്ദത്തോടെവാഴാമഴലൊരുതരിയും തീണ്ടിടാതേ നിതാന്തം

അൻപോടമ്പാടി തന്നിൽ വ്രജയുവതികളും ഗോക്കളുംകൂട്ടുകാരും
വമ്പേറുന്നേട്ടനും ചേർന്നതിവികൃതിയൊടേ കേളിയാടുന്ന നേരം,
മുമ്പേ ഞാനെന്നമട്ടങ്ങുടനുടനണയും ദുഷ്ടരെത്തെല്ലുപോലും
കമ്പം കൂടാതെ കാലൻ തിരുവടിപുരിയെക്കാട്ടിയോൻ കാത്തിടട്ടേ -

**കാരുണ്യ**ത്തിന്റെ **സത്തായൊരു** നിരുപമമാം ശ്രീയെഴും **ചന്ദ്രമൗലേ!**(ചക്രപാണേ)
**കാർക്കശ്യ**ത്തിന്റെ **കൂടായൊരു** കലുഷിതമാമീമഹാ**മാരിയിങ്കൽ,**
**കൂട്ടത്തിൽ** ചേർന്നു**വന്നിട്ടിഹ**കഠിനരുജാക്രാന്തരാം **ഞങ്ങളിൽ നീ**
**കേടൊക്കെ**ത്തീർത്തു**നന്നാക്കണ**മതിനുടനിങ്ങെത്തുമോ,**മൂഴിയിങ്കൽ**

ഇതിലെ അവസാന ശ്ലോകം ശങ്കരനാരായണമാണ്അതായത് രണ്ടു ശ്ലോകങ്ങളൊന്നിച്ചതാണ്.ഒരു ശ്ലോകം ഇതാണ്. അടിവരയിട്ട ഭാഗങ്ങൾ മാത്രമായി വായിച്ചാൽ ഇങ്ങനെ വരും.

കാരുണ്യ സത്തായൊരു ചന്ദ്രമൗലേ കാർക്കശ്യ കൂടായൊരു മാരിയിങ്കൽ,
കൂട്ടത്തിൽ വന്നിട്ടിഹ ഞങ്ങളിൽനീ കേടൊക്കെ നന്നാക്കണമൂഴിയിങ്കൽ

**എം.പി.ശങ്കരനാരായണൻ നമ്പൂതിരി ,**
മുണ്ടക്കാശ്ശേരി പുല്ലൂർമ്മണ്ണ ഇല്ലം,വാഴയൂർ ഈസ്റ്റ്
രാമനാട്ടുകര, മലപ്പുറം ജില്ല - 673633.

**കളിമണ്ണ് കുഴച്ച് മനോഹരമായ ശ്രീ കൃഷ്ണ വിഗ്രഹങ്ങൾ നിർമ്മിക്കുന്നത് നീലകണ്ഠൻ നമ്പൂതി രിയുടെ പ്രിയപ്പെട്ട പ്രവൃത്തിയായിരുന്നു. വെണ്ണക്കണ്ണന്റെയും വേണുഗോപാലന്റെയും കളിമൺ വിഗ്രഹങ്ങൾ ബന്ധുമിത്രാദികൾക്ക് സമ്മാനിക്കുകയാ യിരുന്നു പതിവ്**

). സഹധർമ്മിണി , അധ്യാപികയും കോഴിക്കോട് റിയൽ എഫ് എമ്മിൽ കാഷ്വൽ അനൗൺസറുമായ മാളിക ശ്രീദേവി .രുദ്രൻ നമ്പൂതിരിയുടെ മകൾ ഗീതയെ വേട്ടത് അരിയപ്പുറം സുധാകരൻ.രണ്ടു പേരും അധ്യാപകർ . കേശവൻ നമ്പൂതിരിയുടെ മകൻ മധു (നീലകണ്ഠൻ ) കണ്ണിപറമ്പ് മുല്ലപ്പള്ളി ശ്രീജയെ വേളി കഴിച്ചു .മധുവും ശ്രീജയും ഹയർ സെക്കന്ററി അധ്യാപകരായി സേവനമനുഷ്ഠിക്കുന്നു .മധുവിന്റെ അനിയത്തി ബിന്ദു ,കിഴനിപ്പുറം വിഷ്ണു (കോഴിക്കോട് കോടതി) വിന്റെ സഹധർമ്മിണിയാണ് .ബിന്ദു അധ്യാപിക.മൂത്ത മകൻ അരുൺ വിഷ്ണു എഞ്ചിനീയർ.

പരേതനായ കൃഷ്ണൻ നമ്പൂതിരി ശ്രീകൃഷ്ണപുരം മൂർത്തി യേടത്തു നിന്നാണ് വിവാഹം കഴിച്ചത് .സഹധർമ്മിണി സാവിത്രി അന്തർജനം .മക്കൾ ഷീജയും ദിവ്യയും .ഷീജയെ മാന്തിട്ട ഹരി (പൂജയും പരികർമ്മവും) യും ദിവ്യയെ മുണ്ടനാട് നാരായണനും വിവാഹം കഴിച്ചു .ദിവ്യ അധ്യാപിക. നാരായണൻ പഞ്ചായത്ത് സർവ്വീസിൽ.

അകാലത്ത് ജീവൻ വെടിഞ്ഞ നീലകണ്ഠൻ നമ്പൂതിരി (കുഞ്ഞൻ)യുടെ മകനാണ് മണിവർണൻ നമ്പൂതിരി. സഹധർമ്മിണി മങ്ങത്തായ പ്രിയ .മണിവർണന്റെ സഹോദരി പ്രിയയെ കൊളങ്കര ഉണ്ണിക്കൃഷ്ണൻ(പൂജാരി) വിവാഹം കഴിച്ചു.

തലമുറകളായി ഭാഗവത പ്രിയരാണ് പുല്ലൂർമണ്ണക്കാർ .നീലകണ്ഠൻ നമ്പൂതിരി കൊളുത്തിയ ഭാഗവതദീപം ശോഭ കെടാതെ കാത്തു സൂക്ഷിക്കുകയാണ് പുതുതലമുറക്കാർ. നീലകണ്ഠൻ നമ്പൂതിരിയുടെ മകന്റെ മകനാണ് പ്രശസ്തനായ വായനക്കാരൻ ഭാഗവതരത്നം മണിവർണൻ നമ്പൂതിരി. രുദ്രൻ നമ്പൂതിരിയുടെ മകൻ ഹരി ,പാർവ്വതി മാരാരസ്യാരുടെ മകൻ മുരളീധരമാരാർ എന്നിവരെല്ലാം ഭാഗവതാചാര്യന്മാരാണ് .കേരളത്തിലെ പ്രശസ്തരായ എല്ലാ ഭാഗവത പണ്ഡിതരും പുല്ലൂർമണ്ണ വന്നിട്ടുണ്ട് .

നീലകണ്ഠൻ നമ്പൂതിരിക്ക് ജാനകി മാരാരസ്യാരിൽ അഞ്ചു മക്കൾ .ഇവരിൽ ബാലകൃഷ്ണമാരാരും ശ്രീധരമാരാരും പാർവ്വതി മാരാരസ്യാരും നിര്യാതരായി.നാരായണ മാരാർ (കുട്ടൻ)ക്ക് സ്പെഷ്യൽ കല്യാണമാല/ബൊക്കെ ബിസിനസ്സാണ് .കുടുംബമായി പുല്ലൂർമണ്ണക്കടുത്ത് തന്നെ താമസം .പദ്മാവതി മാരാരസ്യാർ പുരാണ പാരായണത്തിലും പുസ്തക രചനയിലും സജീവം .

പുല്ലൂർമണ്ണമരുമക്കളിൽമിക്കവരും നല്ല ചെണ്ടക്കാരാണ്.അതിപ്രശസ്തനായ പോരൂർ രാമചന്ദ്രമാരാർ പുല്ലൂർമണ്ണ മകളായ പാർവ്വതി മാരാരസ്യാരുടെ മകനാണ് .പോരൂരിന്റെ സഹോദരന്മാരും മക്കളും ഈ രംഗത്ത് പ്രശസ്തരാണ് .പോരൂർവേണുഗോപാലമാരാർ അങ്ങാടിപ്പുറത്തെ സോപാന സംഗീതജ്ഞൻ .

ശ്രീധരമാരാരുടെ മക്കളായ ഉണ്ണികൃഷ്ണൻ മാരാരും ഗോപിനാഥൻ മാരാരും മുരളീധര മാരാരും ഒന്നാന്തരം കൊട്ടുകാരായി തുടരുന്നു .ഉണ്ണികൃഷ്ണമാരാർ ഹരിഹരന്റെ കൂടെയും സ്വതന്ത്രമായും സിനിമകൾ സംവിധാനം ചെയ്തു.

അധ്യാപകനായിരുന്ന പാതിരിശ്ശേരി ശ്രീകുമാരൻ നമ്പൂതിരിപ്പാടാണ് പുല്ലൂർമണ്ണ മാധവി അന്തർജനത്തെ വേളി കഴിച്ചത്. താന്ത്രിക വൃത്തിയിൽ പ്രശസ്തനായ മിഥുൻ നമ്പൂതിരിപ്പാട് മകൻ . സഹധർമ്മിണി അരിക്കത്ത് മനയിലെ അപർണ. അധ്യാപികയായി സേവനമനുഷ്ഠിക്കുന്നു .മകൾ മേധാ മാധവി സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ അടക്കം നിരവധി ഇനങ്ങളിൽ എ ഗ്രേഡ് നേടിയ ആർട്ടിസ്റ്റ് ആണ് .ഒന്നാന്തരം കഥകളി നടി കൂടിയാണ് മേധ. മിഥുന്റെ സഹോദരി മാർ ജയ ,ശ്രീജ ,ജിഷ ,ജീജ . യഥാക്രമം ചേലോട് ,ഏറനൂർ ,മല്ലിശ്ശേരി ,കുഴിപ്പുറം എന്നീ ഇല്ലങ്ങളിലേക്ക് വിവാഹം കഴിച്ചു .

പുല്ലൂർമണ്ണ സാവിത്രി അന്തർജനം പാടേരി വാസുദേവൻ നമ്പൂതിരിപ്പാടിന്റെ (റിട്ടയേർഡ് ടീച്ചർ) സഹധർമ്മിണി. മകൻ നവീൻ നമ്പൂതിരിപ്പാട് ധാരാളം ക്ഷേത്രങ്ങളിൽ താന്ത്രിക ക്രിയകൾക്ക് നേതൃത്വം നൽകുന്നു . സഹധർമ്മിണി പൂങ്കുടിൽ മനയിലെ ഡോക്ടർ പ്രിയ .നവീനിന്റെ അനുജൻ ശ്രീരാജ് എഞ്ചിനീയർ .

കണ്ടമംഗലം നാരായണൻ നമ്പൂതിരി (റിട്ടയേർഡ് പ്രധാനാധ്യാപകൻ) പുല്ലൂർമണ്ണ ദേവകി അന്തർജനത്തെ വേളി കഴിച്ചു .മകൻ സതീശൻ എഞ്ചിനീയർ .സഹധർമ്മിണി ചന്ദ്രമന ശ്രീജ .കണ്ടമംഗലം പ്രീതയെ ഏക്കോട്ടേക്കാണ് കൊടുത്തത്. വിനോദ് – പ്രീത ദമ്പതിമാരുടെ രണ്ടു മക്കളും പ്രശസ്ത കലാകാരന്മാരാണ് .ചെസ് ഗ്രാന്റ്മാസ്റ്റർ വരെ എത്തുന്ന അഭിഷേകും സിനിമാനടനായ അഭിനന്ദും .

തന്ത്രിവര്യനായ പാലക്കോൾ കേശവൻ നമ്പൂതിരി മുണ്ടക്കാശ്ശേരി കൃഷ്ണൻ നമ്പൂതിരിയുടെ മകൾ ജിഷയെ ആണ് വേളി കഴിച്ചത് .കൃഷ്ണൻ നമ്പൂതിരിയുടെ മകൻ ശശി പൂജാവൃത്തിയിൽ സജീവം. സഹധർമ്മിണി കൃഷ്ണമീര .പരേതനായ ഉഴുത്രപ്പന്റെ മകനായ ഉണ്ണിയും ( രുദ്രൻ) പൂജക്കാരനാണ് .മക്കൾ സന്ദീപും സംഗീതയും. ഉണ്ണിയുടെ 5 സഹോദരിമാരും വിവാഹിതർ .

പുല്ലൂർമണ്ണ് ശങ്കരനാരായണൻ നമ്പൂ




പ്രസിദ്ധീകരണത്തിന്റെ 12 –ാം വർഷം

പ്രണവം

ദ്വൈമാസിക

ആലപ്പുഴ ജില്ലാ പ്രസിദ്ധീകരണം

Email: yogapranav92@gmail.com

വാർഷിക വരിസംഖ്യ 200/- രൂപ മാത്രം

- ആദ്ധ്യാത്മിക ലേഖനങ്ങൾ
- കവിതകൾ
- സഭാവാർത്തകൾ
- മറ്റു സ്ഥിരം പംക്തികൾ

ഫോൺ: 9447026890, 9446536607, 9249962487

വായിക്കൂ.. വരിക്കാരാകൂ....

തിരിയും സഹധർമ്മിണിയും റിട്ടയേർഡ് ടീച്ചർമാരാണ്. ശങ്കരനാരായണൻ നമ്പൂതിരി ഒന്നാന്തരം കവിയും അക്ഷരശ്ലോക വിദഗ്ധനുമാണ്. മകൻ നാരായണൻ തറവാട്ടിലെ ആദ്യ പി എച് ഡിക്കാരൻ .സഹധർമ്മിണി തിരുനാവായ അരീക്കര മഹൾ അനില .ശങ്കരനാരായണൻ നമ്പൂതിരിയുടെ മകൾ ഗംഗയെ ആമല്ലൂർ സതീഷ് വേളി കഴിച്ചു .

സേവനങ്ങൾ, ഇല്ലക്കാരുടെ സോഷ്യൽ റെസ്പോൺസിബിളിറ്റി ആക്കിയവരാണ് പുല്ലൂർമണ്ണക്കാർ. വാഴയൂർപഞ്ചായത്തിലെ നിരവധി റോഡുകൾക്ക് ഇല്ലത്തു നിന്നും സ്ഥലം നൽകിയിട്ടുണ്ട് .ആക്കോട് - അരൂർ റോഡ് ,ഇല്ലത്തു താഴം റോഡ്,വാഴയൂർ മുണ്ടക്കാശ്ശേരി റോഡ് എന്നിവ ചില ഉദാഹരണങ്ങളാണ്.വാഴയൂരിലെ മുണ്ടക്കാശ്ശേരി അംഗനവാടി ,സാംസ്ക്കാരിക നിലയം ,പഞ്ചായത്തിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനമായ SAFI എന്നിവക്ക് സ്ഥലം നൽകിയതും പുല്ലൂർമണ്ണ തന്നെ. വാഴയൂർ സീനിയർ സിറ്റിസൺസ് ഫോറത്തിന്റെ വർഷങ്ങളായുള്ള ഭാരവാഹിയാണ് പുല്ലൂർമണ്ണ കേശവൻ നമ്പൂതിരി .സ്ഥിരം മീറ്റിംഗ് സ്ഥലം കേശവൻ നമ്പൂതിരിയുടെ ഇല്ലം. ജാതിമത വ്യത്യാസമില്ലാതെ മുതിർന്ന പൗരന്മാർ ഇവിടെ സമ്മേളിക്കുന്നു.ഒരാൾക്കു മറ്റാൾ തുണ എന്ന നിലയിൽ വാർധക്യത്തിലും ഇവർ യുവശക്തിയോടെ മുന്നേറുകയാണ്. സേവന പ്രവർത്തനങ്ങൾക്കുള്ളപുരസ്ക്കാരങ്ങൾ ഒന്നിലേറെ തവണ വാഴയൂർ മുണ്ടക്കാശ്ശേരി സീനിയർ സിറ്റിസൺസ് ഫോറം നേടിയിട്ടുണ്ട്.



*രുദ്രൻ, അമ്മ പാർവതി (ദേവകി) സഹോദരിമാർ ഉഷ, സുധ, ലത*

പൂർവ്വികമായി തറവാട് വക നില നിന്നിരുന്ന പുല്ലൂർമണ്ണ മഹാവിഷ്ണു ക്ഷേത്രം പൂർണമായും നശിച്ചു പോയിരുന്നു. സ്ഥലം കൈവശം വെച്ചിരുന്ന മുസ്ലീം വീട്ടുകാരോട് അത് വിലയ്ക്കു വാങ്ങി, ലക്ഷക്കണക്കിന് രൂപ ചിലവഴിച്ച് ക്ഷേത്രം പുനർനിർമ്മിച്ചത് പുല്ലൂർമണ്ണ് ഇല്ലക്കാരും നാട്ടാരും ചേർന്നാണ്. സർവ്വ താന്ത്രിക ക്രിയകളോടും കൂടി അവിടെ പ്രതിഷ്ഠയും നടത്തി .വർഷങ്ങളായി നിത്യപൂജകളോടെ പരിപാലിക്കുന്നത് ഗുരുവര്യരായ പുല്ലൂർമണ്ണ രുദ്രൻ നമ്പൂതിരിയും കേശവൻ നമ്പൂതിരിയും ചേർന്നാണ്. എന്നും രാവിലെ മൂന്നു മണിക്ക് ഇവരുടെ ദിവസം തുടങ്ങുകയായി . ക്ഷേത്രത്തിൽ എത്തി തേവാരവും നിത്യപൂജയും. ഭഗവാനും, ദർശനത്തിനു വരുന്ന ഭക്തർക്കും സമർപ്പണമായി വിശ്രമമില്ലാത്ത കർമ്മസപര്യ തുടരുന്നു .

ഇതോടൊപ്പം പെരുമൻപുറ മഹാവിഷ്ണു ക്ഷേത്രത്തിലെ മാനേജിംഗ് ട്രസ്റ്റി കൂടിയാണ് പുല്ലൂർമണ്ണ കേശവൻ നമ്പൂതിരി. അവിടത്തെ നവീകരണകലശത്തിലും ധ്വജപ്രതിഷ്ഠയിലും സന്നിഹിതനാകാനും ട്രസ്റ്റി എന്ന നിലയിൽ നേതൃത്വം കൊടുക്കാനും കഴിഞ്ഞതാണ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമെന്ന് കേശവൻ നമ്പൂതിരി പറഞ്ഞു .ജ്ഞാനികൾ എന്നും സത്യമറിയുന്നു .അവരുടെ പാതകളിൽ പ്രകാശം വിതറുന്നു .പുല്ലൂർമണ്ണപ്പെരുമയുടെ ശോഭ മേൽക്കുമേൽ വർദ്ധിക്കുന്നു ●


***വിനോദ് മങ്ങത്തായ***
***മൊബൈൽ 9895621493***
***പുല്ലൂർമണ്ണ കേശവൻ നമ്പൂതിരി***
***മൊബൈൽ:8086234694***





അര നൂറ്റാണ്ടു മുമ്പ് അമ്മയെ കോക്ക്പിറ്റിൽ ഇരുത്തി
ഹിമാലയത്തിനു മുകളിലൂടെ വിമാനം പറത്തിയ
ആദ്യ നമ്പൂതിരിവൈമാനികന്റെ കഥ വായിച്ചു.





അതുപോലൊരു യാത്രയിൽ സൈന്യത്തിനു ഭക്ഷണമെത്തിക്കുന്നതിനിടയിൽ മറ്റൊരു പർവതത്തിനു മുകളിൽ അഗ്നിഗോളമായി കത്തിയമരുകയായിരുന്നു ക്യാപ്റ്റൻ വി. എൻ.പി. നമ്പൂതിരിയുടെ ജീവിതം.

# ആ വൈമാനികൻ എന്റെ ഏട്ടനാണ്

## ആ അമ്മ എന്റെ അച്ഛൻ പെങ്ങളും

**മനോജ് വർമ**



ആദ്യമേ പറയാം. ജനുവരിയിലെ സ്വസ്തി വിശേഷാൽ പതിപ്പിൽ വന്ന ആ വൈമാനികൻ എന്റെ കസിനാണ്. അച്ചോളുടെ മകൻ. ക്യാപ്റ്റൻ വി. എൻ.പി നമ്പൂതിരി എന്ന വഞ്ഞേരി പുരുഷോത്തമൻ നമ്പൂതിരി. ആദ്യത്തെ നമ്പൂതിരി വൈമാനികൻ. വൈമാനികന്റെ കൂടെ പറന്ന് ഹിമാലയം കണ്ട അന്തർജനമാകട്ടെ എന്റെ വലിയ അച്ചോളും. പക്ഷേ, അച്ചോളേ! മകൻ പറത്തുന്ന വിമാനത്തിൽ ആ നല്ല ഹൈമവതഭൂമിയുടെ ആകാശത്തുണ്ടായ അത്യപൂർവ ഭാഗ്യാനുഭൂതി ഈ കുഞ്ഞിമാനു അറിഞ്ഞില്ലല്ലോ ഇത്രനാൾ. രണ്ടായിരത്തി ഇരുപതാമാണ്ടിനുമിപ്പുറം 'സ്വസ്തി' വന്നു പറഞ്ഞുതരും വരെ.ഒരിക്കൽപ്പോലും അച്ചോൾ ആ അനുഭവം പറഞ്ഞു തന്നിട്ടില്ല.

കുഞ്ഞിമാനുവിനായി സൂക്ഷിച്ചുവെക്കുന്ന പാനകം പകർന്നു തരുമ്പോൾ. ഇത്തിരി പാൽപ്പായസം മധുരത്തോടെ നൽകുമ്പോൾ. അപ്പമോ അടയോ പൊതിഞ്ഞു വച്ചു പ്രസാദിക്കുമ്പോൾ. എല്ലിച്ച് അണ്ണാറക്കൊട്ടനെ പോലെ ഇരിക്കുന്ന ഈ കുഞ്ഞിമാനുവിന്റെ കുഞ്ഞു വീരസ്യങ്ങൾ ശ്രദ്ധയോടെ കേൾക്കുമ്പോൾ. അപ്പോഴൊന്നും പറഞ്ഞില്ലല്ലൊ അച്ചോളേ ആ ഹിമാലയൻ യാത്ര! ഭൂമിമലയാളത്തിലെ മറ്റൊരു അന്തർജനത്തിനും ലഭിക്കാത്ത അപൂർവ സമ്മാനം!! മകൻ പറത്തിയ വിമാനത്തിന്റെ കോക്പിറ്റിലിരുന്ന് നടത്തിയ ഹിമാലയ ദർശനം!!!

മധുര സ്മൃതികളുടെ മായാവിമാനം ഞാൻ തിരിച്ചു പറത്തിയാലോ അച്ചോളേ... അഗ്നിപഥത്തിലൂടെ വിണ്ടലത്തിലെ വിസ്മയങ്ങളിലേക്ക് പോയ അച്ചോൾ വരുമോ, ഈ ഓർമയാനത്തിൽ സഹയാത്രികയായി.?

നിശ്ചലം നിത്യ തപസ്സമാധിസ്ഥനായ്
നില്പൂ ഹിമവാൻ ഗിരിവംശ പൂർവികൻ
പുഷ്പ വിമാനത്തിലീശ്വരന്മാർ വന്നു
തല്പമൊരുക്കുന്ന പുണ്യസ്ഥലങ്ങളിൽ
നിന്നു കൈനീട്ടിയാലെത്തുന്നിടത്തായി
മണ്ണിൽ നിൽക്കുന്ന മനുഷ്യന് വിണ്ടലം.



*ആദ്യത്തെ നമ്പൂതിരി വൈമാനികൻ വഞ്ഞേരി പുരുഷോത്തമൻ നമ്പൂതിരിയും വൈമാനികന്റെ കൂടെ പറന്ന് ഹിമാലയം കണ്ട അമ്മ ആര്യ അന്തർജനവും*


എന്ന് വയലാർ കല്പനയിൽ കണ്ടതിനേക്കാൾ നേരിട്ട് കണ്ണിൽ കണ്ടുവല്ലോ ആ നല്ല ഹൈമവത ഭൂമി എന്റെ അച്ചോള്.

ഇനി പിറകോട്ട് പറക്കാം. സങ്കല്പ യാത്ര.1976 മുതൽ പിറകോട്ട് നീളുന്ന കാലത്തിലേക്ക്. യാത്രികർ എന്റെ വലിയ അച്ചോൾ വഞ്ഞേരി ആര്യ അന്തർജനം. (വേണാട് മഹൾ). കുന്ദംകുളത്തിനടുത്ത് ചാലിശ്ശേരിയി

**ആ വൈമാനികന്റെ ഇല്ലം**

വഞ്ചേരി മന തിരൂർ
സമീപകാലത്ത് പൊളിച്ചു
പുതിയ ഇല്ലം പണിതു





ലാണ് വേണാട് ഇല്ലം. എന്റെ അച്ഛൻ വേണാട് നാരായണൻ നമ്പൂതിരി. അച്ഛന്റെ മരുമകൻ വഞ്ചേരി പുരുഷോത്തമൻ നമ്പൂതിരി. എന്റെ അമ്മ രാധ നമ്പിഷ്ടാതിരി. പിന്നെ മായാവിമാനം സങ്കൽപ വീഥിയിൽ പറത്തുന്ന ഞാനും.

ആദ്യം വഞ്ചേരി ഇല്ലത്തേക്ക്. മലപ്പുറം ജില്ലയിൽ തിരൂർ തെക്കുംമുറി ദേശത്താണ് വഞ്ചേരി. തിരൂരിൽ നിന്ന് ചമ്രവട്ടം റോഡിൽ നാലു കിലോമീറ്ററേ ഉള്ളൂ. വലിയ പ്രഭു കുടുംബം. തൊള്ളായിരത്തിലധികം വർഷം പഴക്കം. വിശാലമായ രണ്ടു നടുമുറ്റമുള്ള എട്ടുകെട്ട്. ശ്രീകോവിലിൽ കുടികൊള്ളുന്ന വേട്ടേക്കരനും ഭഗവതിയും. തിരുമാന്ധാംകുന്നിലമ്മയെന്നു സങ്കല്പം. വിസ്തൃതമായ കെട്ടിൽ, പത്തായപ്പുര, കുളം, അമ്പലം. ശങ്കരാചാര്യരുടെ ശിഷ്യൻ പത്മപാദർ പൂജിച്ചിരുന്ന മഹാവിഷ്ണു പ്രതിമയത്രേ പ്രതിഷ്ഠ. തൊട്ടടുത്ത് വൈശ്രവണൻ. വൈശ്രവണൻറെ പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങൾ അതിവിരളം. ആണ്ടോടാണ്ട് വേട്ടേക്കരൻ പാട്ടും ( പന്തീരായിരം) ഭഗവതി പാട്ടും. പ്രതാപികളായ ജന്മി കുടുംബം.

ഏക്കറുകളോളം തെങ്ങിൻ പറമ്പ്. ഇതെല്ലാം നമ്മൾ യാത്ര ചെയ്യുന്ന പഴയ കാലത്തേതാണ്. സമീപകാലത്ത് ഇല്ലം പൊളിച്ചു. അവിടെ പുതിയ രണ്ടു വീടുകൾ.

ഇവിടേക്കാണ് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വേണാട് മഹൾ ആര്യ കുടിവെപ്പോടെ എത്തുന്നത്. വഞ്ചേരി നാരായണൻ നമ്പൂതിരിയാണ് വേളികഴിച്ചത്. ആര്യയ്ക്ക് നാല് അനിയന്മാരും ഒരു അനിയത്തിയും ആയിരുന്നു. ഇതിൽ മൂന്നാമത്തെ അനിയൻ നാരായണന് എട്ടു വയസ്സ്.

***നിൽക്കുന്നത് ഇടതു നിന്ന്***

*വഞ്ചേരി കേശവൻ നമ്പൂതിരിയുടെ ആത്തേമാർ. തെക്കുമ്പാട് മഹൾ , ആര്യ അന്തർജ്ജനം ( അച്ചോൾ ), പുരുഷോത്തമൻ നമ്പൂതിരി ( വൈമാനികൻ), വാസുദേവൻ നമ്പൂതിരി ( മൂസ്സാമ്പൂരി) , ശ്രീദേവി അന്തർജനം ( പുതുമന മഹൾ), രാമൻ നമ്പൂതിരി ( ഇളയ നമ്പൂരി)*

***ഇരിക്കുന്നത് ഇടതു നിന്ന്***

*കേശവൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, ( മടിയിൽ ഏററവും ഇളയ മകൾ പദ്മിനി. പിൽക്കാലം ഇവർ വൈമാനികൻറെ പത്നി കിയാഘോഷിന്റെ കസിൻ ബ്രദർ കേണൽ തപൻ ഘോഷിനെ വിവാഹം കഴിച്ചു.*

***നിലത്ത് ഇടതു നിന്ന്***

*ചിന്ന ഓപ്പോൾ ( പുതുമന ആത്തേമാര് , അപ്ഫൻറെ മകൾ - നാരായണൻ നമ്പൂരിയുടെ അനിയൻറെ.) വസന്ത ( നിലയങ്ങോട്. യഥാർത്ഥ നാമം ഭാർഗവി, പദ്മിനിയുടെ തൊട്ടു മൂത്തത്.)*

ഓപ്പോൾ എന്നു വെച്ചാൽ ജീവൻ. പ്രായക്കൂടുതൽ കൊണ്ട് ഓപ്പോളിന് അമ്മ സ്ഥാനം തന്നെ എന്നു പറയാം. ഓപ്പോളെ പിരിഞ്ഞിരിക്കാൻ വയ്യാത്ത നാരായണൻ ഒരു കാര്യം ഉറപ്പിച്ചു. കൊടുത്തു പോകുന്ന ഓപ്പോളുടെ ഒപ്പം പോവുക തന്നെ. ഓപ്പോൾ എവിടെയാണെന്നു വെച്ചാൽ അവിടെ. അത്രയേയുള്ളൂ. ഓപ്പോൾ എന്ന സിനിമയിലെന്ന പോലെ അനിയൻ നാരായണനും അങ്ങനെ ഓപ്പോളുടെ കൂടെ വഞ്ചേരിയിലെത്തി.

വഞ്ചേരി നമ്പൂരിക്ക് സ്ത്രീധനം കിട്ടിയ കൂട്ടത്തിൽ നാരായണനും കൂടിയുണ്ട് എന്നാണത്രേ അക്കാലത്ത് തമാശയായി പറഞ്ഞിരുന്നത്. അങ്ങനെ എട്ടാം വയസ്സിൽ വഞ്ചേരി ഇല്ലത്തെത്തിയ

നാരായണൻറ സ്കൂൾ വിദ്യാഭ്യാസവും താമസവും എല്ലാം വഞ്ചേരിയിലായി. ഓപ്പോളുടെ ഒപ്പം. ഒന്നും രണ്ടും കൊല്ലമല്ല ആ എട്ടു വയസ്സുകാരൻ നാല്പതു വയസ്സിലെത്തി. വിവാഹത്തെക്കുറിച്ചൊന്നും ആലോചിക്കുക പോലും ചെയ്തില്ല. വഞ്ചേരിയിലെ കാര്യസ്ഥതയും മറ്റു ചില ജോലികളുമായി കാലം കഴിച്ചു.

അങ്ങനെ മാസങ്ങൾ , വർഷങ്ങൾ...അങ്ങനെയിരിക്കെ തൃശൂരിലെ രാധയെന്ന നമ്പിഷ്ടാതിരി പെൺകിടാവിന് തിരൂരിൽ ടീച്ചറായി ജോലി കിട്ടി. അവളുടെ ചേച്ചിയും ഭർത്താവും അന്ന് വഞ്ചേരി ഇല്ലപ്പറമ്പിലെ വാടകവീട്ടിലായിരുന്നു താമസം. ചേച്ചിയാണ് രാധയ്ക്ക് ഏറ്റവും പ്രിയപ്പെട്ടവൾ. അങ്ങനെ ചേച്ചിയുടെ ഒപ്പം താമസമാക്കിയ രാധയെന്ന പെൺകിടാവ് ഇല്ലപ്പറമ്പിലെ വാടകവകട്ടിൽ.ഓപ്പോളുടെ ഒപ്പം വന്ന നാരായണൻ നമ്പൂതിരി ഇല്ലത്തും.

അവർ തമ്മിൽ വിവാഹബന്ധം ഉണ്ടാകുന്നത് അങ്ങനെയാണ്. അവർ എന്റെ അച്ഛനമ്മമാരായി. ആ കൊച്ചു വാടകവീട്ടിൽ തന്നെ എന്റെ ജീവിതവും തുടക്കമിട്ടു.

ഞാൻ അറിഞ്ഞു കാണാത്ത പുരുഷോത്തമേട്ടൻ പറന്നുപറന്നുപറന്ന് ഭൂമിയിൽനിന്ന് പോകുമ്പോൾ എനിക്ക് മൂന്നു വയസ്സ്. പുരുഷോത്തമേട്ടൻ എന്നെ കണ്ടിട്ടുണ്ടാകുമോ? ഉണ്ടെങ്കിൽ തന്നെ ഒരു മൂന്നു വയസുകാരനെപ്പറ്റി എന്താണ് ഓർക്കാനുണ്ടാവുക. പക്ഷേ, എനിക്ക് പുരുഷോത്തമേട്ടൻ അങ്ങനെയല്ല.

ഓർമ്മ വച്ച ശേഷം കണ്ടിട്ടില്ലെങ്കിലും ഒരുപാട് കേട്ടിട്ടുണ്ട്. അക്കാലത്ത് ഒരു പൈലറ്റ് ആവുക എന്നൊക്കെ പറഞ്ഞാൽ നന്നേ ദുഷ്കരമായിരുന്നു. മോഹമുണ്ടായാലും അതിനുള്ള സാഹചര്യങ്ങൾ ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസ സൗകര്യങ്ങളിൽ പിന്നാക്കാവസ്ഥയിൽ ആയിരുന്നു അന്ന് തിരൂർ. മലപ്പുറം ജില്ല രൂപീകരിച്ചതു തന്നെ തുതന്നെ പുരുഷോത്തമേട്ടന്റെ കാലശേഷം ആണ്.

വൈമാനികൻ മാത്രമായിരുന്നില്ല പുരുഷോത്തമേട്ടൻ. പ്രിയ എന്ന നോവൽ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച ആൾ, എംടിക്ക് വളരെ പ്രിയപ്പെട്ട എഴുത്തുകാരൻ. എല്ലാവരുമായും സ്നേഹബന്ധവും സാമൂഹിക ബന്ധവും നന്നായി സൂക്ഷിക്കുന്ന ഒരാൾ. നാടകകൃത്ത്, നാടക നടൻ, സംഗീതജ്ഞൻ, തബലിസ്റ്റ് തുടങ്ങി മറ്റ് ഏറെ വിശേഷണങ്ങൾ ഈ വൈമാനികന് ഉണ്ടായിരുന്നു. അക്കിത്തം, ജി. ശങ്കരക്കുറുപ്പ്, ഉറൂബ്, ബാലാമണിയമ്മ തുടങ്ങിയവർ അക്കാലത്ത് വഞ്ഞേരി ഇല്ലത്ത് വന്ന് താമസിച്ചിരുന്നത് പുരുഷോത്തമേട്ടനുമായുള്ള സൗഹൃദം മൂലമായിരുന്നു.

അങ്ങനെ വലിയൊരു എഴുത്തുകാരൻ. ഞാൻ സ്കൂളിൽ ആയപ്പോഴേക്കും പുരുഷോത്തമേട്ടൻ ഓർമയായി. യു .പി സ്കൂളിൽ പഠിക്കുമ്പോഴായിരുന്നു ഒരിക്കൽ തിരൂർ ഗവ ആശുപത്രിക്ക് മുന്നിലൂടെ പോയപ്പോൾ വി. എൻ പുരുഷോത്തമൻ നമ്പൂതിരി സ്മാരക ബ്ലോക്ക് എന്ന കെട്ടിടം കണ്ടു. അപ്പോൾ ഒപ്പമുണ്ടായിരുന്ന കൂട്ടുകാരന് അഭിമാനത്തോടെ ഞാൻ കാണിച്ചു കൊടുത്തു. എന്റെ ഏട്ടന്റെ പേരിലുള്ളതാണ് ആ കെട്ടിടമെന്ന്. ഇപ്പോൾ സ്വസ്തി കണ്ടപ്പോഴും അതേ വികാരം. അതു കൊണ്ടാണ് ഇതു എഴുതാതെ വയ്യെന്ന് തോന്നിയത്.

പുരുഷോത്തമേട്ടനെ കണ്ട ഓർമ്മയില്ലെങ്കിലും ചേച്ചി എന്നു വിളിക്കുന്ന അദ്ദേഹത്തിന്റെ ബംഗാളി പത്നി കിയാഘോഷുമായും കുട്ടികളുമായും എനിക്ക് സമ്പർക്കം ഉണ്ടായിരുന്നു. എല്ലാ വർഷവും മധ്യവേനലവധിക്കാണ് അവരെത്തുക . പുരുഷോത്തമേട്ടൻ പോയെങ്കിലും ചേച്ചി കുട്ടികളെയും കൂട്ടി കൽക്കത്തയിൽ നിന്ന് കേരളത്തിലെത്തി അല്പനാൾ വഞ്ഞേരി ഇല്ലത്ത് താമസിക്കുമായിരുന്നു. അച്ചോൾക്കും മറ്റും പേരക്കുട്ടികളെ കാണണമല്ലോ.

ഉണ്ണിയേട്ടൻ ( പാർത്ഥൻ ), ഗാർഗി, ജോയ് ( ഉദയനൻ), എന്നീ കുട്ടികളെ എനിക്കങ്ങനെ പരിചയമായി. ജോയ് എന്റെ സമ പ്രായമായിരുന്നതുകൊണ്ട് കളിക്കൂട്ടുകാരനുമായി.ഉണ്ണിയേട്ടൻ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ചേച്ചിയും ( കിയാ ഘോഷ്) ഇപ്പോൾ ഇല്ല.



*വൈമാനികന്റെ അമ്മാമനായ വേണാട് നാരായണൻ നമ്പൂതിരി ലേഖകന്റെ പിതാവ്*



*വൈമാനികന്റെ അച്ഛനമ്മമാരായ വഞ്ഞേരി നാരായണൻ നമ്പൂതിരിയും ആര്യ അന്തർജനവും*

എന്റെ ഓർമ്മയിൽ ഭൂരിഭാഗവും അച്ചോളെ കിഴക്കാറയിൽ വെച്ചാണ് കണ്ടിട്ടുള്ളത്. കിഴക്കേ ജനലിനോട് ചേർന്നുള്ള കട്ടിലിൽ അച്ചോൾ ഉണ്ടാകും. തലയ്ക്ക് മുകളിൽ ചുമരിൽ പുരുഷോത്തമേട്ടനും കുടുംബവും ഏതോ ഒരു ഗാർഡനിൽ വെച്ചെടുത്ത കളർ ഫോട്ടോ ഫ്രെയിം ചെയ്തു തൂക്കിയിട്ടത് കാണാം. എല്ലാവരും കൈ നിലത്തുകുത്തി ഇരിക്കുകയാണ്. ഈ ഫോട്ടോ എന്നെ ഏറെ ആകർഷിച്ചിട്ടുണ്ട്. കാരണം അക്കാലത്ത് കളർ ഫോട്ടോ വലിയ അത്ഭുതമായിരുന്നു. കുഞ്ഞായി ഇരിക്കുന്ന ജോയ്യുടെ ഓമന മുഖം ഇപ്പോഴും ഓർമ്മയുണ്ട്.

ചിന്നക്കുട്ടൻ എന്നായിരുന്നു അച്ചോൾ അച്ഛനെ വിളിച്ചിരുന്നത്. വളരെ സാരമായി കരുതിയത് കൊണ്ടാവാം. ഭർത്താവിന്റെ പേരും നാരായണൻ എന്നതായതുകൊണ്ട് പേര് വിളിക്കാതിരിക്കാനുമാവാം. എന്തായാലും ചിന്നക്കുട്ടൻറെ മകനേയും അച്ചോൾ വളരെ സാരമായി കരുതിപ്പോന്നു. കുഞ്ഞിമാനു എന്നാണ് എന്നെ വിളിച്ചിരുന്നത്. മനോജ് എന്ന പേര് മാനുവാക്കി പിന്നെ കുഞ്ഞിമാനു ആയതാണോ എന്തോ. എന്തായാലും എന്നെ ഒരാൾ മാത്രമേ ഓമനപ്പേരിൽ വിളിച്ചിട്ടുള്ളൂ. അത് അച്ചോളാണ്. അച്ഛനമ്മമാർ പോലും പേരേ വിളിച്ചിട്ടുള്ളു. വഞ്ഞേരിയിൽ വിശേഷാൽ എന്ത് ഉണ്ടാക്കിയാലും അതിൽ ചെറിയൊരു പങ്ക് എനിക്കായി മാറ്റിവെക്കും. ഇല്ലത്തെ തന്നെ വാടകവീട്ടിൽ താമസിക്കുന്ന ഞാൻ വൈകീട്ട് അമ്പലമുറ്റത്ത് കളിക്കാനും, തൊട്ടടുത്ത് കുളം ചാടാനും വേണ്ടി ചെല്ലുമ്പോൾ പലപ്പോഴും വേലക്കാരി മാളു വന്നു വിളിക്കും.

'ഓമനക്കുട്ടനെ കുഞ്ഞാത്തല് കാണണം ന്നു പറഞ്ഞു '

സൂക്ഷിച്ചു വെച്ച പങ്ക് എനിക്ക് തരാൻ ആണ്.

ഇന്ന് ഞാൻ നിന്നു കൈനീട്ടിയാൽ എത്തുന്ന വിണ്ടലത്തിലല്ല അച്ചോൾ. കുറെ കാലം ഒറ്റക്ക് കഴിഞ്ഞതു കൊണ്ടാവാം പുരുഷോത്തമേട്ടൻ അച്ചോളെക്കൂടി അങ്ങോട്ടു വിളിച്ചത്. പിന്നെ അച്ചോൾ ചിന്നക്കുട്ടനെ വിളിച്ചു. എന്റെ അച്ഛനെ. അച്ഛൻ അവിടെയെത്തി ഏതാനും കൊല്ലം കഴിഞ്ഞപ്പോൾ അമ്മയേയും വിളിച്ചു. ഇവിടെയിതാ ഭൂമിയിൽ ഈ കുഞ്ഞിമാനു. ഏതാനും മണിക്കൂർ ഈ സങ്കല്പ വിമാനത്തിൽ കയറിയ അച്ചോൾക്ക് നന്ദിയുണ്ട്. ഞാനിനി നിലത്തിറങ്ങട്ടെ.


വഞ്ഞേരി നാരായണൻ നമ്പൂതിരിക്കും ( ചെറിയേട്ടൻ) ആര്യ അന്തർജനത്തിനും ( അച്ചോൾ ) മൂന്ന് ആൺമക്കളും എട്ട് പെൺമക്കളും. രണ്ടാമനാണ് പുരുഷോത്തമൻ നമ്പൂതിരി. പുരുഷോത്തമൻ നമ്പൂതിരി വിവാഹം കഴിച്ചത് ബംഗാളിയായ കിയാ ഘോഷിനെ. അവർക്ക് മൂന്നു മക്കൾ. മൂത്തയാൾ പരേതനായ ഉണ്ണി എന്ന പാർത്ഥൻ, രണ്ടാമത്തെയാൾ ഗാർഗി എന്ന മകൾ, മൂന്നാമത്തെയാൾ ജോയ് എന്ന ഉദയനൻ നമ്പൂതിരി. പിൽക്കാലത്ത് പുരുഷോത്തമൻ നമ്പൂതിരിയുടെ ഏറ്റവും ഇളയ അനിയത്തി പത്മിനിയെ കിയാ ഘോഷിന്റെ ഇളയ സഹോദരൻ കേണൽ (റിട്ട) തപൻ ഘോഷ് വിവാഹം ചെയ്തതോടെ കൊൽക്കൊത്താ ബാന്ധവം ഒന്നു കൂടിയായി. ●

(കോർപ്പറേഷൻ ബാങ്ക് സീനിയർ മാനേജറായി റിട്ടയർ ചെയ്ത മനോജ് വർമ്മ ഏറെക്കാലം ചെലവഴിച്ചത് തിരൂരിലും വഞ്ഞേരിയിലുമാണ്. ഇപ്പോൾ തൃശൂരിൽ. വിലാസം: മനോജ് വർമ്മ, സോപാനം. തിരൂപ്പാട് റോഡ് പി.ഒ ഒല്ലൂർ തൃശൂർ മൊബൈൽ: 9447222984)



# മുട്ടുശാന്തി

**കെ.എം. ഉദയൻ നമ്പൂതിരിപ്പാട്**



രാവിലത്തെ ശാന്തി കഴിഞ്ഞ് ഇല്ലത്ത് എത്തിയപ്പോഴാണ് അപ്ഫന്റെ മരണ വിവരം അറിഞ്ഞത്. ഉടനെ അങ്ങോട്ട് ഓടി. സംസ്കരിക്കാനായി എടുത്തപ്പോഴേക്കും നാലു മണിയായി. അപ്പോഴാണ് മുട്ടുശാന്തിക്കാര്യം ഓർമ്മവന്നത്.

സാധാരണ മൂന്നു പുലയും മറ്റും ആരും ഉടനെ അറിയിക്കാറില്ല. മുട്ടുശാന്തിക്കാരനെ കിട്ടാനുള്ള വിഷമം ചാർച്ചക്കാർക്കും അറിയാം. പൂജ ചെയ്യുന്ന അമ്പലത്തിലേക്ക് ഒരു ദിവസത്തേക്കെന്ന് പറഞ്ഞ് വിളിച്ചാൽ ആരെയും കിട്ടാറില്ല. ഒന്നിലധികം പ്രതിഷ്ഠ. പണി അധികം, നടവരവ് കുറവ്. ക്ഷേത്രം പണ്ട് ഇല്ലത്തേതായിരുന്നു. നടത്താൻ വയ്യാതായപ്പോൾ കമ്മിറ്റിക്ക് കൊടുത്തു. ഇല്ലത്തെ പരദേവതയാണ്. ഇതുവരെ ശാന്തി മുടങ്ങിയിട്ടില്ല. അടുത്തുള്ള ഇല്ലങ്ങളിലേക്കും വിളിച്ചു. എല്ലാവരും എന്തെങ്കിലും കാരണം പറഞ്ഞ് ഒഴിയാൻ നോക്കുന്നു. ഇരട്ടി പണം കൊടുക്കാമെന്ന് പറഞ്ഞു. രക്ഷയില്ല. കമ്മിറ്റിക്കാർക്കാണെങ്കിൽ അതൊക്കെ തിരുമേനിയുടെ ഉത്തരവാദിത്തം എന്ന നാട്യം.

ഇനി എന്താ വഴി. ദേവി തന്നെ ഒരു വഴി തോന്നിപ്പിച്ചു. ഇന്നലെ ഇല്ലത്ത് പറമ്പുപണിക്ക് വന്ന ബംഗാളി ചെറുപ്പക്കാരൻ. പണി എടുക്കാനായി ഷർട്ട് അഴിച്ചപ്പോൾ അതാ പൂണൂൽ! ആകാംക്ഷയോടെ ചോദിച്ചു.

'ആപ് കാ നാം?'

'ഗോപാൽ മിശ്ര' അവൻ പറഞ്ഞു.

'ആപ് ഇഥർ നയാ ഹെ?'

'ഹാ പണ്ഡിറ്റ്ജി'

'ആപ് ബ്രാഹ്മിൻ ഹെ?..'

'ഹാ പണ്ഡിറ്റ്ജി. മേരേ പിതാജി ഹമാര ഗാവ് കാ കാളിമന്ദിർ മേം പൂജാരി ഥാ'

അദ്ദേഹം ബ്രാഹ്മണനാണെന്നും അച്ഛന് നാട്ടിലെ കാളീ ക്ഷേത്രത്തിൽ പൂജയുണ്ടെന്നും. ഒരു നിമിഷം അയാളുടെ കണ്ണുകൾ താൻ വിട്ടുപോന്ന ഗ്രാമത്തെപ്പറ്റിയും അവിടത്തെ കാളീ ക്ഷേത്രത്തെയും ഓർത്തു തിളങ്ങി. പറമ്പുപണിക്കും സിമന്റ് ചുമക്കാനും പോകുമ്പോൾ പലരും വിവരങ്ങൾ ചോദിക്കും. അയാളതിനൊന്നും ചെവികൊടുക്കാറില്ല. ഇതുവരെയുള്ള അനുഭവങ്ങളിൽ നിന്നു മനസ്സിലാക്കിയ പാഠമാണ്. വേദനകൾ സ്വയം അറിഞ്ഞവനേ വേദനകളെപ്പറ്റി പറഞ്ഞാൽ മനസ്സിലാവൂ. പട്ടിണി അറിയാത്തവരോട് പട്ടിണിയെപ്പറ്റി പറഞ്ഞിട്ടെന്ത്. അവരുടെ കൃത്രിമമായ സഹതാപത്തിൽ താൻ സ്വയമൊരു കോമാളിയാവുമെന്ന് മാത്രം.

വീണ്ടും ചോദിച്ചു. 'ആപ് കാ പിതാജി അബി ഭി പൂജാരീ ഹെ?'

'വോ സബ് മർ ചുക്കാ ഹെ'

അവരെല്ലാം മരിച്ചിരിക്കുന്നു.അയാളുടെ മുഖം വേദനകളാൽ വലിഞ്ഞുമുറുകി. എന്നോ നഷ്ടപ്പെട്ട വേണ്ടപ്പെട്ടവരുടെ സ്നേഹം കണ്ണുകളിൽ നിറഞ്ഞു. ഏതൊക്കെയോ നടുക്കുന്ന ഓർമ്മകളിൽ അയാൾ പറഞ്ഞു.

'ഗ്രാമത്തിലെല്ലാവരും കൃഷിക്കാരായിരുന്നു. തുടർച്ചയായി ഉണ്ടായ വരൾച്ചയിൽ കൃഷി മുഴുവൻ നശിച്ചു. വീടുകളിൽ കൊടും പട്ടിണിയായി. വളർത്തുമൃഗങ്ങളെല്ലാം ചത്തു. ചെറുപ്പക്കാരെല്ലാം പണി അന്വേഷിച്ചു നാടുവിട്ടു. ക്ഷേത്രത്തിൽ ആരും വരാതായി. പൂജയും നിവേദ്യവും ഇല്ലാതായി. പൂജ അല്ലാതെ മറ്റൊന്നും അറിയാത്ത അച്ഛനും പിന്നെ അമ്മയും പട്ടിണി കിടന്നു മരിച്ചു. അവസാനം പട്ടിണിയാൽ താനും മരിക്കും എന്നായപ്പോൾ ഗ്രാമം വിട്ടു. ഒരു ഏജന്റിന്റെ വലയിൽ വീണ് കേരളത്തിൽ പണിക്കായി എത്തി. പാവം തോന്നി. അന്ന് പണി കഴിഞ്ഞു പോകുമ്പോൾ, കൂലിക്ക് പുറമെ നൂറു രൂപ കൂടി കൊടുത്തു.

അയാളെ കണ്ടെത്തണം. ഉടനെ ടൗണിലെ ലേബർ മാർക്കറ്റിലേക്കിറങ്ങി. സംശയിച്ചു നിന്നാൽ ആരെങ്കിലും സിമന്റ് ചുമക്കാൻ കൊണ്ടുപോകും. പാൻ ചവച്ചുനിൽക്കുന്ന ഭായിമാരുടെ ഇടയിൽ നിന്ന് അയാളെ പൊക്കിയെടുത്തു.

'ഭായി മേരെ പാസ് ഒസ് ദിൻക്കാ കാം ഹെ' അയാൾക്ക് സന്തോഷം. ഉടനെ തലയാട്ടി. അയാൾ ദിവസത്തിന് 600 രൂപ പറഞ്ഞു. 500 ന് ഉറപ്പിച്ചു. കണക്കു നോക്കിയാൽ ലാഭം. മുട്ടു ശാന്തിക്ക് എന്തായാലും 2000 രൂപ ദിവസം കൊടുക്കണം. പൂജക്കാണെന്ന് പറഞ്ഞപ്പോൾ കണ്ണുകളിൽ അവിശ്വാസം. നേരെ ക്ഷേത്രത്തിലേക്ക് വിട്ടു. കുളത്തിൽ കുളിക്കാൻ പറഞ്ഞു. കോണകവും കോടിമുണ്ടും കൊടുത്തു. കുളിച്ചുവന്നപ്പോൾ ചെറിയൊരു വിശദീകരണം കൊടുത്തപ്പോൾ സബ് മാലും ഹെ എന്നു പറഞ്ഞ് അവൻ നാലമ്പലത്തിലേക്ക് കയറിപ്പോയി.

എന്തെങ്കിലും പ്രശ്നമുണ്ടായാലോ എന്നു കരുതി പൂജ കഴിയുന്ന വരെ പുറത്തുനിന്നു. തൊഴുതു വരുന്നവരുടെ പ്രസന്നമായ മുഖങ്ങൾ കണ്ടപ്പോൾ സമാധാനമായി. പൂജ കഴിഞ്ഞ് പുറത്തുവന്ന ഗോപാലിന്റെ കൈയിൽ സംഖ്യ കൊടുത്തപ്പോൾ വീണ്ടും വീണ്ടും സലാം തന്നു.

പിണ്ഡം കഴിഞ്ഞു. അടുത്ത ദിവസം അമ്പലത്തിൽ എത്തി. കുളി കഴിഞ്ഞു നേരെ വാതിൽ മാടത്തിലേക്ക് നടന്നു. ശ്രീലകത്തേക്ക് നോക്കിയപ്പോൾ വിളക്കുകളെല്ലാം കൊളുത്തി ചന്ദനം ചാർത്തി മാലകൾ അണിഞ്ഞ ദേവിയെ കണ്ടു മനസ്സുനിറഞ്ഞു. കൈകൂപ്പി. ഭായി ഇന്നും എത്തിയോ?





*മനേഴി പാർവ്വതി , മിസിസ് ഞാളൂർ , ബ്രഹ്മദത്തൻ മോഴികുന്നം*

# സ്വസ്തി പുരസ്കാരങ്ങൾ

1929 ഡിസംബർ 20-ന് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന വി.ടി.യുടെ നാടകം കലാകാരന്മാർ (കലാകാരികളില്ല ) അരങ്ങത്ത് അവതരിപ്പിക്കുന്നതിന് ഏതാനും മണിക്കൂറുകൾ മുമ്പ് നടന്ന യോഗ ക്ഷേമസഭയുടെ വാർഷിക സമ്മേളന വേദിയിൽ കോഴിക്കോട്ടു നിന്നുള്ള മനേഴി പാർവ്വതി അന്തർജ്ജനം ഒരു ചെറു ആശംസാപ്രസംഗം നടത്തി ചരിത്രം കുറിച്ചു. അന്തർജ്ജനത്തിന്റെ പ്രത്യക്ഷ അരങ്ങേറ്റം ഉണ്ടായിട്ട് 92 വർഷമാവുന്നു. വി.ടി.യുടെ കാർമ്മികത്വത്തിൽ നടന്ന രണ്ടാം വിധവാ വിവാഹത്തിലെ നായിക മിസിസ് ഞാളൂർ കൊടുമുണ്ടയിലെ ഉദ്ബുദ്ധ കൂട്ടായ്മയിലും ലക്കിടിയിലെ തൊഴിൽ കേന്ദ്രത്തിലും അന്തേവാസിയായ ശേഷം കോഴിക്കോട്ടെ വെള്ളിമാടുകുന്നു അനാഥമന്ദിരത്തിൽ താമസിച്ച് അദ്ധ്യാപികയും മേട്രണുമായി ജോലി ചെയ്ത്, മകളെ പഠിപ്പിച്ച് ഉദ്യോഗസ്ഥയാക്കി. അവർ ഇരുവരും യോഗക്ഷേമസഭയുടെ സ്ത്രീശാക്തീകരണ ദീപസ്തംഭങ്ങളാണ്. അരങ്ങത്തുനിന്ന് അമരത്തേക്ക് എന്ന മൂന്നാം ഘട്ടത്തെ 2020 ഏപ്രിൽ ലക്കത്തിൽ ഉദാഹരണങ്ങളിലൂടെ സ്വസ്തി അവതരിപ്പിച്ചു. പാർവ്വതി മനേഴിയുടെ86-ആം ശ്രാദ്ധവർഷവും മിസിസ് ഞാളൂരിന്റെ 21-ആം ശ്രാദ്ധവർഷവുമാണ് 2021. അതുപോലെ ബ്രഹ്മശ്രീ ബ്രഹ്മദത്തൻ മോഴികുന്നത്തിന്റെ അറസ്റ്റിന്റെയുംപീഡനങ്ങളുടേയുംശതാബ്ദി വർഷവുമാകുന്നു. അവരുടെയൊക്കെ ഓർമ്മ പുതുക്കാൻ മൂന്നു പുരസ്കാരങ്ങൾ നൽകാനും ഛായാചിത്രം അനാച്ഛാദനം ചെയ്യാനും അവരുടെ കുടുംബങ്ങളും സ്വസ്തിയും ഒരുപോലെ ആഗ്രഹിക്കുന്നു. അതിനായി സ്വസ്തി വായനക്കാരിൽ നിന്ന് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ശ്രീമതിമാരായ ശ്രീദേവി കക്കാട്, ഡോ.ആര്യാദേവി, പാനാട് പത്മനാഭൻ നമ്പൂതിരി എന്നിവരടങ്ങിയ സമിതി അർഹരായ വ്യക്തികളെ നിശ്ചയിച്ച് അറിയിക്കുന്നതായിരിക്കും. നാമനിർദ്ദേശങ്ങൾ പത്രാധിപർ, യോഗക്ഷേമസഭാ സ്വസ്തി, ആസ്ഥാനമന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിനു സമീപം, പി.ഒ.ചേവായൂർ, പിൻ- 673017 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. അവസാന തിയ്യതിമെയ് 31 .

**അനുസ്മരണ സമിതിക്കു വേണ്ടി**

**കെ.എം. പരമേശ്വരൻ**

തിടപ്പള്ളിയുടെ നേരെ നടക്കുമ്പോൾ കമ്മിറ്റി പ്രസിഡന്റ് വിളിച്ചു. ക്ഷേത്രത്തിൽ ആദ്യം വന്ദിക്കേണ്ടത് അവരെയാണെന്ന് അറിയാഞ്ഞിട്ടല്ല. അയാളുടെ അടുത്തേക്ക് ചെന്നു.

'എന്താ തിരുമേനീ, തിരക്കെല്ലാം തീർന്നില്ലേ. പിന്നെ ഒരു കാര്യം. മറുത്തൊന്നും തോന്നരുത്. കമ്മിറ്റി കൂടി എടുത്ത തീരുമാനമാണ്. നാളെ മുതൽ തിരുമേനി ശാന്തിക്ക് വരണമെന്നില്ല.'

അത്ഭുതമായി. 'അതെന്താ? ആരാ പിന്നെ ശാന്തിക്ക്? അതോ നിങ്ങൾ അമ്പലം അടച്ചുപൂട്ടാണോ?'

'ഏയ് എന്താ തിരുമേനി പറയണ്. അമ്പലം അടക്കണൊന്നും ഇല്ല. ഞങ്ങൾ ബാംഗാളിയെ സ്ഥിരായിട്ടു നിർത്താ. അയാളെ എല്ലാവർക്കും സമ്മതായി. കാര്യങ്ങളെല്ലാം വെടിപ്പായി ചെയ്യും. തീരേ മുറുമുറുപ്പില്ല. പോരാത്തതിന് ശമ്പളം 500 മതീന്നും പറഞ്ഞു. ഇവിടത്തെ കാര്യങ്ങൾ മോശാന്ന് തിരുമേനിക്ക് അറിയാലോ? എങ്ങനെക്കെയോ മുട്ടിച്ചുനടത്താണ്.'

വല്ലാതെ ദേഷ്യം വന്നു. പരമ്പരയായി ഇല്ലക്കാർ നടത്തുന്ന ശാന്തി. അതു കമ്മിറ്റിക്കാരായി നിറുത്തേ.

'ഈ ക്ഷേത്രം ഇല്ലം വകയായിരുന്നു. ഇവിടെ നിന്ന് എന്നെ പറഞ്ഞയക്കാൻ നിങ്ങൾക്കെന്താ അധികാരം.'

'അതൊന്നും ഞങ്ങൾക്ക് അറിയണ്ട. തിരുമേനി നാളെ മുതൽ ശാന്തിക്ക് വരണ്ട. അത്ര തന്നെ.'

എന്തു പറയണം ചെയ്യണം എന്നറിയാതെ ശ്രീലകത്തേക്ക് നോക്കി. ദേവിയുടെ മുഖത്ത് ഒരു മന്ദസ്മിതം.●

കെ.എം.ഉദയൻ നമ്പൂതിരിപ്പാട്
ഉല്ലാസ്, വയപ്പാറപ്പടി
ഹൗസ് നമ്പർ 80 ,വെള്ളാരങ്ങൽ
റോഡ്,മഞ്ചേരി- 676121,
**മൊബൈൽ 8281926325**

## Swasthi Classifieds



**ഭക്തിഗാനങ്ങൾ**

ക്ഷേത്രങ്ങളുടെ ഐതിഹ്യത്തിനനുസരിച്ച് ഭക്തിഗാനങ്ങൾ തയ്യാറാക്കി കൊടുക്കുന്നു.ശ്രീധരൻ നമ്പൂതിരി മാടമന, തിരുവണ്ണൂർ
**കോഴിക്കോട് 94462 58509**

**തിരുവാതിരപ്പാട്ടുകൾ**

150 തിരുവാതിരപ്പാട്ടുകളുടെ പുസ്തകം 150.00, അക്ഷരശ്ലോക സമാഹാരം250.00,അന്തർജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ . മലമേൽ ശാരദ അന്തർജനം,
**കിടങ്ങൂർ 94001 96322**



**ശ്രീകോവിലിനുള്ളിൽ**

ശ്രീകോവിലിനുള്ളിലെ എല്ലാ മെയിൻറനൻസ് ജോലികളും ഉത്തരവാദിത്വത്തോടെ നടത്തുവാൻ. നീർവേലി ശ്രീകുമാർ നമ്പൂതിരി
**കോഴിക്കോട് 94955 70706**



**കാറ്ററിംഗിന്**

ചെറുതും വലുതുമായ വെജിറ്റേറിയൻ കാറ്ററിംഗിന്.സമീപിക്കുക പൊയിലിൽ ഹരി നമ്പൂതിരി, ഓമശ്ശേരി
**കോഴിക്കോട് 99471 01063**

**കാറ്ററിംഗിന്**

വെജ്. കാറ്ററിംഗ് /സദ്യ
സതീശൻ പടിഞ്ഞാറ്റിരി
അച്ചിപ്ര കാറ്ററിംഗ് സർവീസ്,
**കാടാമ്പുഴ 9447116305**

**ഭക്ഷണമുണ്ടാക്കുവാൻ**

എത്ര പേർക്കും ഭക്ഷണമുണ്ടാക്കുവാനും കാറ്ററിംഗിനും ഇവൻറ് മാനേജ്മെന്റിനും വർഷങ്ങളുടെ സൽപേരുമായി ഒ.ടി. വിനോദ് നമ്പൂതിരി നീലേശ്വരം
**കോഴിക്കോട് 99471 66663**

**പാചകസംബന്ധമായ**

ഏതു ആവശ്യത്തിനും,നോർത്ത് ഇന്ത്യൻ ഭക്ഷണം ഉൾപ്പെടെ. വിശേഷദിവസങ്ങളിൽ എല്ലാതരം കറികളും പായസങ്ങളും ലഭിക്കും.**ശ്രീലക്ഷ്മി കേറ്ററിംഗ് സർവീസ് തൃശൂർ പുറനാട്ടുകര** പ്രൊ കെ.പി.ഗിരിജൻ നമ്പൂതിരി
**മൊബൈൽ 9447308970/ 9495552656**



**ആയുർവ്വേദ മരുന്നുകൾക്ക്**

**ആര്യാ ഔഷധശാല വട്ടക്കിണർ, കോഴിക്കോട്- 673018**
ആയുർവ്വേദ മരുന്നുകൾക്ക് സമീപിക്കുക.35 വർഷത്തെ സേവനപാരമ്പര്യം. **8089441634**

പ്രമുഖ അക്ഷരശ്ലോക കലാകാരൻ മാടമ്പി ജാതവേദൻ നമ്പൂതിരി ശതാഭിഷിക്തനായി

# ‘ശ്ലോക’ത്തിൽ കഴിച്ച ശതാഭിഷേകം

**ശ്യാമ എം.എസ്.**



തുണ്ട് കടലാസിലും, സിഗരറ്റ് പാക്കറ്റിലുമൊക്കെ ശ്ലോകങ്ങൾ എഴുതി വച്ചായിരുന്നു പഠനം. അതാകട്ടെ പലപ്പോഴും ബസ് യാത്രക്കിടയിൽ! നാരായണീയത്തിലെ ശ്ലോകങ്ങൾ പഠിച്ചതോ, പശുവിനെ മേയ്ക്കുമ്പോഴും!! ഗുരുവായൂരപ്പന്റെ സുവർണ്ണമുദ്ര കരസ്ഥമാക്കി ഒന്നാം സ്ഥാനം നേടിയ മാടമ്പി ജാതവേദൻ നമ്പൂതിരിക്ക് പിന്നീട് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല.

അക്ഷരശ്ലോക കലയിൽ മാടമ്പി ശൈലി തന്നെ ഉരുത്തിരിഞ്ഞു വന്നു. ശ്ലോകത്തിൽ കവിതയുടെ കണ്ണു കണ്ടതായിരുന്നു ആ ശൈലി. 1937ൽ വേദശ്ലോക പണ്ഡിതനായ മാടമ്പി ശങ്കരൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകനായി ജനിച്ച ആ സൂര്യതേജസ് ഇപ്പോൾ ശതാഭിഷേകത്തിന്റെ നിറവിൽ.

അക്ഷരശ്ലോക രംഗത്ത് നിലവിലുണ്ടായിരുന്ന എല്ലാ കിരീടങ്ങളും അധീനതയിലാക്കി. അതിലൂടെ സഹൃദയരുടെ മനസ്സും. സ്വന്തം ആനന്ദത്തിന് വേണ്ടി മാത്രം നടത്തിയിരുന്ന ഒന്നായിരുന്നു അക്കാലത്ത് അക്ഷരശ്ലോകം. അതിനെ ഒരു കലാരൂപമാക്കി വളർത്തിയതിൽ അദ്ദേഹം വഹിച്ച പങ്ക് ചെറുതല്ല.

മകൻ ശങ്കരൻ പറഞ്ഞ ഒരു വാക്കാണ് ശ്ലോക കലയിലേക്ക് എത്താൻ നിമിത്തമായത്. വേദ പണ്ഡിതനായ മുത്തച്ഛനിൽ നിന്നും ശങ്കരൻ ശ്ലോകം അഭ്യസിക്കാൻ തുടങ്ങിയ കാലം. മാടമ്പിയിൽ അക്കാലത്ത് ശ്ലോക പണ്ഡിതനായ ചെറുവുള്ളൂർ ഇടയ്ക്കെല്ലാം വരുമായിരുന്നു. കുട്ടിയായ ശങ്കരൻ അദ്ദേഹത്തോട് പറഞ്ഞു ‘ചെർള്ളൂരമ്മാവാ, അച്ഛനും അസ്സലായി ശ്ലോകം ചൊല്ലും.’

അങ്ങിനെയെങ്കിൽ അതൊന്ന് കേൾക്കണമെന്നായി അദ്ദേഹം. അവിടെ നിന്നായിരുന്നു തുടക്കം. ആ ശ്ലോക മാധുരി പിന്നീട് അക്ഷരശ്ലോകകലക്ക് പുണ്യമായി, ഭാഗ്യമായി മാറുകയായിരുന്നു. അക്കാലത്ത് ശ്ലോക കലാരംഗത്ത് അത്യുന്നത സ്ഥാനത്ത് വിരാജിക്കുന്നവർക്കിടയിലേക്ക് വരാനും, അവിടെ തന്റേതായ സ്ഥാനം ഉറപ്പിക്കാനും മാടമ്പിക്ക് സാധിച്ചു. അവതരണ ഭംഗികൊണ്ട് ശ്രദ്ധേയനായ കെ.എസ് മൂസ്സദിന്റെ ശൈലിയിൽ ആകൃഷ്ടനായി അദ്ദേഹത്തെ കാണാൻ പോയി.


അദ്ദേഹം ഗുരുവായൂർ ഏകാദശി മത്സരത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു. അദ്ദേഹത്തിന്റെ ക്ഷണപ്രകാരം അദ്ദേഹത്തോടൊപ്പം കൂടുകയും അടുത്ത വർഷം ഏകാദശി മത്സരത്തിൽ പങ്കെടുത്തെങ്കിലും ജേതാവായില്ല. എങ്കിലും അവസാന റൗണ്ട് വരെ എത്താൻ സാധിച്ചു. തൊട്ടടുത്ത വർഷമാകട്ടെ ഒന്നാം സ്ഥാനത്തോടൊപ്പം ഗുരുവായൂരപ്പ ന്റെ പേരിലുള്ള സുവർണ്ണ മുദ്ര കരസ്ഥമാക്കുകയും ചെയ്തു.

ഇതൊക്കെ നടക്കുന്നത് 35 വയസ്സിന് ശേഷമാണ്. ആ പ്രായത്തിൽ പുതുതായി ഒരു കല പഠിക്കാനും ഓർക്കാനും പ്രതിഭകൾക്കേ സാധിക്കൂ. കേരളത്തിൽ മാത്രമല്ല മദിരാശിയിൽ വച്ച് നടന്ന മൽസരത്തിലും ആസ്വാദകശ്രദ്ധ നേടി.

മാടമ്പിയുടെ ശ്ളോകം കേൾക്കാൻ ഒരു പ്രത്യേക സുഖമാണ്. കേൾവിക്കാരന് രസാനുഭൂതി പകരുന്ന സുഖം. അതുകൊണ്ട് തന്നെയാണ് ശ്ലോകകലാകാരനായത്.

‘മാടമ്പി ചൊല്ലുമ്പോൾ അതിനൊരു പ്രത്യേകതയുണ്ട്.അതിന് കവിതയുടെ ഭംഗിയുണ്ട്.ശ്ലോകത്തിൽ കവിതയുണ്ടെന്ന് മനസ്സിലായത് മാടമ്പീടെ ശ്ലോകം കേട്ടതിന് ശേഷമാണ്’. പലരും ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്.

ഇനി എന്റെ ചില വാക്കുകൾ കൂടി. എന്റെ പുണ്യമാണ്, ഭാഗ്യമാണ്, മുത്തച്ഛനാണ് അദ്ദേഹം. എനിക്കെന്റെ പേര് സമ്മാനിച്ചത് അദ്ദേഹമാണ്. ശ്ലോകത്തേക്കാൾ എനിക്കിഷ്ടം അദ്ദേഹം പറയുന്ന കഥകളാണ്; അതിന്റെ ശൈലിയാണ്. കുട്ടികളെ ആകർഷിക്കുന്ന വിധത്തിലുള്ള കഥ പറച്ചിൽ. അത് ഞാൻ കോപ്പി അടിച്ചിട്ടുമുണ്ട്. മുത്തച്ഛൻ പറഞ്ഞു തന്നിരുന്ന പോലെയാണ് കുട്ടികൾക്ക് ഞാൻ പറഞ്ഞു കൊടുക്കാറുള്ളത്. കൃഷ്ണനെ കാണാൻ കുചേലൻ വരുന്ന കഥയൊക്കെയുണ്ടല്ലോ, അദ്ദേഹം പറഞ്ഞു തന്നത് എന്റെ മനസ്സിലുണ്ട്, ചെവിയിൽ മുഴങ്ങുന്നുണ്ട്. ഓമനത്തിങ്കൾ കിടാവോ മുത്തച്ഛൻ പാടുന്നതാണ് എനിക്കിഷ്ടം. സാദര പ്രണാമം അർപ്പിച്ചു കൊണ്ട് നിർത്തുന്നു. മകൻ ശങ്കരനും ശ്ലോകകലാരംഗത്ത് സജീവ സാന്നിദ്ധ്യമാണ്. പങ്കെടുക്കുന്ന മൽസരങ്ങളിലെല്ലാം വിജയിയായി പാരമ്പര്യം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.പ്രശസ്ത കഥകളിസംഗീതാചാര്യൻ മാടമ്പി സുബ്രഹ്മണ്യൻ നമ്പൂതിരി സഹോദരനാണ്. പത്നി ഉമാദേവി.



(കോഴിക്കോട്പാലത്ത് മമ്മിളി ഇല്ലത്തെ ശ്യാമയുടെ അമ്മാത്തെ മുത്തശ്ശനാണ് മാടമ്പി. ശ്യാമയുടെ മൊബൈൽ :9846401869)



## അനുഭവക്കുറിപ്പ്

# അന്യസംസ്ഥാനത്തെ പുത്രവധു

*പുത്രവധു രുചി, കൊച്ചുമകൻ തനിഷ്ക് ,മകൻ ശ്രീജി*

ഇതു ചർച്ചക്കു വേണ്ടി അവതരിപ്പിക്കുകയല്ല. സാമാന്യവൽക്കരിക്കുകയും വേണ്ട. ഒരച്ഛന്റെ അനുഭവമായി മാത്രം കണ്ടാൽ മതി. കഴിഞ്ഞ ലക്കം സ്വസ്തിയിൽ വന്ന ഒരുകുറിപ്പിന്റെ തലക്കെട്ട് ഇതായിരുന്നു.'കേരളത്തിനു പുറത്തു നിന്നുള്ള വധുക്കൾ നമ്മുടെ ഇല്ലങ്ങളിൽ കുടുംബിനികളായി വന്നുതുടങ്ങി'. അന്യസംസ്ഥാനത്തു നിന്ന്  എന്റെ ഇല്ലത്തേക്ക്  കുടുംബിനിയായി പുത്രവധു വന്നുകയറിയ കഥയാണ് ഇത്.

**പൊത്തോപ്പുറം കേശവൻ ജയന്തൻ**



പത്തു വർഷം മുമ്പൊരു ദിവസം മൂത്ത മകൻ ശ്രീജിത് പറഞ്ഞു:'ഒരു കുട്ടിയുമായി അടുപ്പത്തിലാണ്. വിവാഹം കഴിക്കാൻ ആഗ്രഹമുണ്ട്, അച്ഛനും അമ്മയും തടസ്സം പറയരുത്'. അവൻ പൂനെയിലായിരുന്നു. ഞങ്ങൾ ഡൽഹിയിലും. ഫോൺ സംഭാഷണത്തിനിടെയായിരുന്നു അവന്റെ വെളിപ്പെടുത്തൽ. വേളിക്കാര്യം പറയുമ്പോഴൊക്കെ ഒഴിഞ്ഞു മാറിയതിന്റെ രഹസ്യം ഇതായിരുന്നു. കുട്ടി രാജസ്ഥാൻകാരിയാണ്. രുചിയെന്ന് പേര്, ദേവകി എന്ന് മുറപ്പേരും. രണ്ടായാലും ഞങ്ങൾക്കത്ര രുചിച്ചില്ല. സി-ഡാക് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിലാണ് അവൾക്കു ജോലി. രണ്ടുപേരും സി-ഡാക്കിൽ ഒരുമിച്ചു പഠിച്ചിരുന്നു. അപ്പോഴുള്ള പരിചയമാണ് പിന്നീട് പ്രണയമായത്. സസ്യഭുക്കുകളായ, ഉള്ളി പോലും കഴിക്കാത്ത, ഹിന്ദു കുടുംബമാണത്രെ.

കേട്ടപ്പോൾ ഒരു ഞെട്ടൽ, അമ്പരപ്പ്, ചിന്താക്കുഴപ്പം. ഈശ്വരാ! ഇതെങ്ങനെ ശരിയാകും.വ്യത്യസ്തമായ സംസ്കാരം, ഭാഷ, ജാതി. എല്ലാം പറഞ്ഞു നോക്കി. പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ഭാവിയിൽ ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകളെപ്പറ്റി പറഞ്ഞു.

ദില്ലിയിലെ അവിയൽ സംസ്കാരത്തിൽ പിറന്നു പഠിച്ചു ജീവിച്ച ശ്രീജിക്ക് എല്ലാ സംസ്കാരങ്ങളും ഒരുപോലെയാണ്. വല്ലപ്പോഴുമുള്ള ഓണം, വിഷു, തിരുവാതിര ആഘോഷങ്ങൾ മാത്രമായിരുന്നു അവന് നാടുമായുള്ള ബന്ധം. പിന്നെയുള്ളത് വല്ലപ്പോഴുമുള്ള നാട്ടിൽ പോക്കാണ്, അതും വളരെ കുറച്ചേ ഉള്ളു താനും. ഒരു പക്ഷെ ഞങ്ങളുടെ ശ്രദ്ധക്കുറവായിരിക്കാം കാരണം.

ഭാഷയാണെങ്കിൽ അവന് പ്രശ്നമേയല്ല. ഹിന്ദിയാണ് അവന്റെ മാതൃഭാഷ. മലയാളം മറ്റു ഭാഷകളെപ്പോലെ ഒന്നു മാത്രം. ഇല്ലത്താവുമ്പോൾ മലയാളത്തിൽ സംസാരിക്കും. ജാതി, അവനെ സംബന്ധിച്ച് സർട്ടിഫിക്കറ്റിലെ ഒരു വാക്കു മാത്രം. പ്രയോഗത്തിൽ വരുത്താനുള്ളതല്ല.ഇവിടെ അടിച്ചുവാരി തുടക്കാനും പാത്രം കഴുകാനുമായി വന്നിരുന ശോഭ എന്ന സ്ത്രീ ബംഗ്ലാദേശിൽ നിന്നു വന്ന ഒരു മുസ്ലിം അഭയാർത്ഥി ആയിരുന്നു എന്ന് അറിഞ്ഞത് ഏഴെട്ടു വർഷങ്ങൾക്കു ശേഷമാണ്. അത്രയേയുള്ളൂ ജാതിയും മതവും.

ശ്രീജിയുടെ സ്വന്തം ജീവിതം. അവൻ വളരെ ആലോചിച്ച് എടുത്ത തീരുമാനം. അതിൽ ഉറച്ചു നിന്നു. എന്നാൽ ഒരുറപ്പു തന്നു. രണ്ടു പേരുടേയും മാതാപിതാക്കളുടെ സമ്മതമില്ലാതെ വിവാഹം നടത്തില്ല. ഒടുവിൽ അവൻറെ ഇഷ്ടത്തിനു വഴങ്ങി. സ്വന്തം ജീവിതത്തെപ്പറ്റി തീരുമാനിക്കാൻ അവനുള്ള അധികാരവും സ്വാതന്ത്ര്യവും അനുവദിച്ചു കൊടുത്തു. ഓരോ തലമുറയുടേയും വിചാരങ്ങളിൽ

ക്രമമായി വരുന്ന വ്യത്യാസം തടയാൻ എത്ര ശ്രമിച്ചാലും കഴിയില്ലല്ലോ.

പക്ഷേ, രുചിയുടെ മാതാപിതാക്കൾ സമ്മതിക്കുന്നില്ല. അവരെ പറഞ്ഞു മനസ്സിലാക്കാൻ പല തവണ ശ്രമിച്ചു. അവരെ കുറ്റം പറയാനാവില്ല. ഇവിടെ തോന്നിയതേക്കാൾ പതിന്മടങ്ങു ഭയവും ഉൽക്കണ്ഠയും അവർക്കുണ്ടായിക്കാണണം. കാരണം അവരുടെ കുട്ടിയാണ് തീരെ അപരിചിതമായ ചുറ്റുപാടിലേക്ക് ചേക്കേറാൻ പോകുന്നത്. ഇപ്പോൾ ജോലി പൂനെയിൽ ആണെങ്കിലും കേരളത്തിലാണല്ലോ വേരുകൾ. പെൺകുട്ടിയുടെ രക്ഷിതാക്കൾക്കാണല്ലോ ഉത്കണ്ഠ കൂടുക.

അതുകൊണ്ടു അവൾക്ക് വേറെ വിവാഹാലോചന തുടങ്ങി. എത്രയും പെട്ടെന്ന് വിവാഹം നടത്തുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. എല്ലാവർക്കും വല്ലാത്ത പിരിമുറുക്കമായി.

ഏതാണ്ട് ഇതേ സമയത്തുതന്നെ ജോലി സംബന്ധമായി ശ്രീജിക്കു രണ്ടുമൂന്നു മാസത്തേക്ക് അമേരിക്കയിലേക്കു പോകേണ്ടി വന്നു. അവൻ തിരിച്ചു വരുന്നതിനു മുമ്പേ കുട്ടിയെ നിർബ്ബന്ധിച്ച് വിവാഹം കഴിച്ചയക്കുമോ എന്നായി ആശങ്ക. ഇത്രയും നാൾ പിടിച്ചു നിന്നെങ്കിലും ഒരു പെൺകുട്ടിക്ക് എത്രനാൾ പിടിച്ചു നിൽക്കാൻ പറ്റും? അവസാനത്തെ ആശ്രയം എന്ന് രീതിയിൽ, അല്ലെങ്കിൽ നിയമത്തിൻറെ രക്ഷക്കു വേണ്ടി, രണ്ടുപേരും പോയി വിവാഹം രജിസ്റ്റർ ചെയ്തു.

ഇതറിഞ്ഞതോടെ രുചിയുടെ വീട്ടുകാരുടെ, ക്ഷമ നശിച്ചു. അങ്കലാപ്പു കൂടി. എല്ലാവരേയും പറഞ്ഞു സമ്മതിപ്പിക്കാം എന്നു പറഞ്ഞ് അവളുടെ ഏട്ടൻ അവളെ ജോലി സ്ഥലമായപൂനെയിൽ നിന്ന് രാജസ്ഥാനിലേക്കു കൂട്ടിപോയി. എന്നാൽ വിവാഹത്തിൽ നിന്നു പിന്മാറാനുള്ള സമ്മർദ്ദം ചെലുത്തുകയാണ് ഉണ്ടായത്.

ഇതിനിടെ ശ്രീജി അമേരിക്കയിൽ നിന്ന് തിരിച്ചെത്തി. ഇടക്കിടക്കുള്ള അവന്റെ ഫോൺ വിളികളിൽ നിന്ന് അസഹനീയമായ മാനസിക സമ്മർദ്ദം അനുഭവിക്കുന്നുണ്ടെന്നു മനസ്സിലായി. അൽപ്പം പിന്തുണ കൊടുക്കാനായി കുറെ ദിവസം പൂനെയിൽ അവൻറെ കൂടെ പോയി താമസിച്ചു.അവൻറെ അപ്പോഴത്തെ മനോനില വല്ലാത്ത ഉത്കണ്ഠ ജനിപ്പിച്ചു.

രുചിയെ കാണാൻ അവൻ തന്നെത്താൻ രാജസ്ഥാനിലേക്കു പോയേക്കുമോ എന്നു പോലും ഭയപ്പെട്ടു. പല കുടുംബങ്ങളിലും ഇത്തരം സന്ദർഭങ്ങളിൽ പെൺകുട്ടിക്കും ആൺകുട്ടിക്കും കഠിനമായ പരീക്ഷണങ്ങൾ നേരിടേണ്ടി വന്ന കഥകൾ ധാരാളം കേട്ടിട്ടുണ്ട്. ജീവൻ പോലും നഷ്ടപ്പെട്ട സംഭവങ്ങളും വിരളമല്ല. ഓരോ അനുഭവങ്ങളും ഓർത്തുപോയി.

അപ്പോൾ ഒരു ഉപായം തോന്നി. നിയമപ്രകാരം അവന്റെ ഭാര്യയാണ് രുചി.



*കഴിഞ്ഞ ലക്കത്തിൽ വന്ന കുറിപ്പ്*

ഭാര്യയെ വീട്ടുകാർ തടഞ്ഞു വച്ചിരിക്കുന്നു എന്നു പറഞ്ഞ് പൊലീസിൽ പരാതി കൊടുക്കാമെന്നു ചിന്തിച്ചു. ശ്രീജി, പക്ഷെ, അതിനെ അനുകൂലിച്ചില്ല. അങ്ങനെ ചെയ്താൽ കാര്യങ്ങൾ കൂടുതൽ വഷളാവുമെന്ന് അവനു തോന്നി.

രുചിയുടെ അവധി കഴിഞ്ഞു. ഉടൻ പൂനെയിൽ ജോലിക്ക് തിരിച്ചെത്താനുള്ള അറിയിപ്പു കിട്ടി. ഒന്നു രണ്ടു അറിയിപ്പിനു ശേഷവും തിരിച്ചെത്താത്തപ്പോൾ ജോലിയിൽ നിന്നു പിരിച്ചു വിടുമെന്ന അന്ത്യശാസനം ലഭിച്ചു. അതോടെ വീട്ടുകാർക്കും പരിഭ്രമമായി. എത്രയൊക്കെ നിർബ്ബന്ധിച്ചിട്ടും ശാസിച്ചിട്ടും തന്റെ തീ

**പല കുടുംബങ്ങളിലും ഇത്തരം സന്ദർഭങ്ങളിൽ പെൺകുട്ടിക്കും ആൺകുട്ടിക്കും ജീവൻ പോലും നഷ്ടപ്പെട്ട സംഭവങ്ങളും വിരളമല്ല. ഓരോ അനുഭവങ്ങളും ഓർത്തുപോയി.**

രുമാനത്തിൽ നിന്ന് പിന്മാറാൻ രുചി തയ്യാറായിരുന്നുമില്ല. ഒടുവിൽ രുചിയെ ഓഫീസിൽ തിരിച്ചു ജോലിക്കു വിടാൻ അവർ തയ്യാറായി. രുചി പൂനെയിലേക്കു പോന്നപ്പോൾ അച്ഛനും അമ്മയും കൂടെ പോന്നു.

ഒരാഴ്ചയോളം അവർ കൂടെ താമസിച്ചു. ജോലി രാജി വയ്ക്കാനും അവരുടെ കൂടെ തിരിച്ചു ചെല്ലാനും തുടർച്ചയായി നിർബ്ബന്ധിച്ചു കൊണ്ടിരുന്നു. ഒരു തരത്തിലും തോണി കരക്കടുക്കുന്നില്ലെന്നു മനസ്സിലായപ്പോൾ രുചിയെ തന്റെ വിധിക്കു വിട്ടുകൊടുത്തിട്ട്, ഇനിയെല്ലാം വരുമ്പോലെ വരട്ടെ എന്ന് തീരുമാനിച്ച് അവർ തിരിച്ചു പോയി.

അവർക്ക് പൊന്നുമകളെ ശപിക്കാൻ ആകുമായിരുന്നില്ല. മനസ്സു കൊണ്ട് അംഗീകരിച്ചില്ലെങ്കിലും ഒഴിവാക്കാൻ കഴിയാത്ത ആ സത്യത്തെ അവർ ഒടുവിൽ തിരിച്ചറിയുകയായിരുന്നു. രുചിയുടെ രക്ഷാകർത്താക്കളുടെ നിശ്ശബ്ദ സമ്മതം കിട്ടിക്കഴിഞ്ഞപ്പോൾ ഇനിയും താമസിപ്പിക്കുന്നതിൽ അർത്ഥമില്ലെന്നു തോന്നി. അടുത്ത ബന്ധുക്കളേയും മറ്റു വേണ്ടപ്പെട്ടവരേയും അറിയിച്ച് വിവാഹം ദില്ലിയിൽ വച്ചു നടത്താൻ തീരുമാനിച്ചു.

നാട്ടിലുള്ള ബന്ധുക്കളെ വിളിച്ചു പറയുമ്പോൾ ആദ്യമൊക്കെ പ്രതികരണത്തെപ്പറ്റി അൽപ്പം ആശങ്കയുണ്ടായിരുന്നു. പക്ഷേ, നാട്ടിലും ധാരാളമായി വിജാതീയ വിവാഹങ്ങൾ നടക്കുന്നുണ്ടെന്നാണ് പലരും പറഞ്ഞത്. എല്ലാവരും ഈ വിവാഹതീരുമാനം ഒരു സാധാരണ സംഭവമെന്ന പോലെ സ്വീകരിച്ചു. ദില്ലിയിൽ മയൂർ വിഹാറിലുള്ള ഉത്തര ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ വച്ച് 2012-ൽ വിവാഹം നടന്നു. രുചിയുടെ ബന്ധുക്കൾ ആരും പങ്കെടുത്തില്ല.

ശ്രീജിയുടെ തീരുമാനത്തിൽ തെറ്റൊന്നുമില്ലായിരുന്നെന്നു പിന്നീടു മനസ്സിലായി. ഇപ്പോഴും ആ തോന്നലിനു ലേശം പോലും മങ്ങൽ ഏറ്റിട്ടില്ല. ഒത്തുപോകാൻ പറ്റുന്ന, സ്നേഹവും ബഹുമാനവുമുള്ള കുട്ടി. ജാതി, ഭാഷ, സംസ്കാരം എന്നിവയെല്ലാം മനസ്സുകളെ തമ്മിൽ ഒന്നിപ്പിക്കാനുള്ള ഉപാധികൾ മാത്രമല്ലേ? മനസ്സുകൾ ഒന്നിച്ചു കഴിഞ്ഞാൽ മറ്റെല്ലാം അതിൽ അലിഞ്ഞു ചേരുകയില്ലേ?

ഏകദേശം നാലു (ഇപ്പോൾ അഞ്ചു) ദശവത്സരങ്ങളോളം ദില്ലിയിൽ താമസം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിവിധ ഭാഷകൾ സംസാരിക്കുന്ന, വിവിധജാതികളിലും മതങ്ങളിലും പെട്ടവരുമായുള്ള പരിചയവും സമ്പർക്കവും. ജാതി പ്രദേശ ഭാഷകൾക്കതീതമായി ചിന്തിക്കാനും മകൻറെ തീരുമാനത്തെ പൂർണ്ണമായും ഉൾക്കൊള്ളാനും അത് മൂലമായിരിക്കാം സാധിച്ചത്.

മത്സ്യമാംസാദികൾ കഴിക്കുകയും മദ്യപിക്കുകയും ചെയ്യുന്ന ബ്രാഹ്മണരെ അടുത്തറിയാം, ഇതൊന്നും ഒരിക്കലും ചെയ്യാത്ത അബ്രാഹ്മണരായ ഉത്തരേന്ത്യക്കാരേയും അറിയാം. ബ്രാഹ്മണനേക്കാൾ ബ്രഹ്മണ്യത്തിനല്ലേ പ്രാധാന്യം കൊടുക്കേണ്ടത്?

വിവാഹശേഷം ശ്രീജിയെ അടുത്തറിഞ്ഞപ്പോൾ രുചിയുടെ ബന്ധുക്കളുടെ എതിർപ്പെല്ലാം അലിഞ്ഞു പോയി. രുചിയുടെ അനുജൻറെയും അനുജത്തിയുടെയും വിവാഹങ്ങൾക്ക് ഞങ്ങളും പോയിരുന്നു, രാജസ്ഥാനിൽ. ദില്ലിയിൽ വച്ചു നടത്തിയ, രണ്ടാമത്തെ മകന്റെ വിവാഹത്തിൽ രുചിയുടെ ബന്ധുക്കളെല്ലാം പങ്കെടുക്കുകയും ചെയ്തു.

കോളേജ് അദ്ധ്യാപകനായിരുന്നു രുചിയുടെ അച്ഛൻ. ഇപ്പോൾ വിരമിച്ചു. ഏട്ടൻ കുടുംബ സമേതം അമേരിക്കയിൽ. അനുജൻ രാജസ്ഥാനിൽ കോട്ട എന്ന സ്ഥലത്തു ബിസിനസ് ചെയ്യുന്നു. അനുജത്തി പൂനെയിൽ ജോലി ചെയ്യുന്നു. കൊച്ചുമകൻ തനിഷ്കിന് 2021 ജനുവരിയിൽ നാലു വയസ്സാകും. ●

(പൊത്തോപ്പുറം കേശവൻ ജയന്തൻ
**മൊബൈൽ: 9810453289** )



യുവജനസഭ നടത്തിയ ക്രിക്കറ്റ് ടൂർണ്ണമെന്റിൽ നിന്ന്

# യോഗക്ഷേമസഭാ വാർത്തകൾ

## ക്രിക്കറ്റ് ടൂർണ്ണമെന്റ്

കോഴിക്കോട്: ജില്ലാ യോഗക്ഷേമ യുവജനസഭ ദേശീയ യുവജനദിനം ആഘോഷത്തിന്റെ ഭാഗമായി ക്രിക്കറ്റ് ടൂർണ്ണമെന്റ് നടത്തി. മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. താമരക്കുളം ദിവാകരൻ നമ്പൂതിരി, വീട്ടിക്കാട് പരമേശ്വരൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി എന്നിവർ സംബന്ധിച്ചു.റിയൽ ഫൈറ്റേഴ്സ് വടകരയ്ക്കെതിരെ 2-1 ന്ചൂലൂർ സ്ട്രൈക്കേഴ്സ് കണ്ണിപറമ്പ് വിജയിച്ചു.മാൻ ഓഫ് ദ മാച്ച് ആയ രഘു, അക്ഷയ്, രാഹുൽ(ശൂലന്നൂർ) എന്നിവരും മാൻ ഓഫ് ദ സീരീസ് ആയ രഘു ശൂലന്നൂരിനേയും അനുമോദിച്ചു.



ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിന്നും വാർഡ് മെമ്പറായി വിജയിച്ച ബാപ്പറ്റ ഇല്ലത്ത് സുജാത അന്തർജനത്തിനെ അനുമോദിക്കുന്നു



കക്കോടി ഉപസഭാ പ്രസിഡണ്ട് കോൽപ്പുറം ശ്രീകുമാരൻ നമ്പൂതിരി ജില്ലാ ആസ്ഥാന മന്ദിരം ഷെയറിന്റെ ചെക്ക് യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ പ്രസിഡണ്ട് മധു അരീക്കരയെ ഏൽപ്പിക്കുന്നു.

## നമ്പൂതിരി സർവ്വസ്വം പ്രകാശനം ചെയ്തു

മൂന്ന് ഭാഗങ്ങളായി പ്രസിദ്ധീകരിക്കുന്ന അഡ്വ. ആത്രശ്ശേരി അഗ്നിശർമ്മൻ നമ്പൂതിരിയുടെ ലേഖന പരമ്പര നമ്പൂതിരി സർവ്വസ്വം എന്ന പുസ്തകം ജനുവരി17ന് തൃശ്ശൂർ തെക്കേമഠത്തിൽ വച്ച് പ്രകാശനം ചെയ്തു.തെക്കേമഠം മൂപ്പിൽ സ്വാമിയാർ വാസുദേവ ബ്രഹ്മാനന്ദഭൂതിയും, നടുവിൽ മഠം സ്വാമിയാർ ഒറവങ്കര അച്യുതാനന്ദഭാരതിയും, കോട്ടയം തിരുനക്കര തൃക്കൈക്കാട്ടു മഠം മൂപ്പിൽ സ്വാമിയാർ മേലേടം വാസുദേവ ബ്രഹ്മാനന്ദതീർത്ഥ സ്വാമിയാരും ചേർന്ന് ബ്രഹ്മശ്രീ പകരാവൂർ ചിത്രൻ നമ്പൂതിരിക്കും തൃപ്രയാർ തന്ത്രി പടിഞ്ഞാറെ തരണനല്ലൂർ ബ്രഹ്മശ്രീ പത്മനാഭൻ നമ്പൂതിരിക്കും, അഡ്വ. ആത്രശ്ശേരി അഗ്നിശർമ്മൻ നമ്പൂതിരിയുടെ അനുജൻ വേദജ്ഞനായ ബ്രഹ്മശ്രീ നാരായണൻ നമ്പൂതിരിക്കും നൽകി



നമ്പൂതിരി സർവ്വസ്വം എന്ന പുസ്തകം ജനുവരി17ന് തൃശ്ശൂർ തെക്കേ മഠത്തിൽ വച്ച് പ്രകാശനം ചെയ്തപ്പോൾ

പ്രകാശന കർമ്മം നിർവ്വഹിച്ചു. അനുഗ്രഹ പ്രഭാഷണവും നടത്തി.പണിക്കത്ത് അപ്പു നമ്പൂതിരിയാണ് സമ്പാദകൻ. കാണിപ്പയൂർ പഞ്ചാംഗം പുസ്തകശാലയാണ് പ്രസാധകർ.

**പുസ്തകത്തിനു വിളിക്കാം ഈ നമ്പറിൽ പണിക്കത്ത് അപ്പു: 8527286111**

# ഒരുകോഴിക്കോടൻ അനുഭവം

ഡോ.ഇ.കൃഷ്ണൻ നമ്പൂതിരി



യോഗക്ഷേമസഭയുടെ ദക്ഷിണമേഖലാ പ്രവർത്തനം വിലയിരുത്തുന്നതിനു ചേർന്ന യോഗത്തിൽ വച്ചാണ് മലബാർ ദേവസ്വം ജീവനക്കാർ കോഴിക്കോട് എരഞ്ഞിപ്പാലത്തെ മലബാർ ദേവസ്വം ബോഡ് ആസ്ഥാനത്തിനു മുന്നിൽ നടത്തിവരുന്ന സമരത്തെപ്പറ്റി കേട്ടത്. ഓൾ കേരള ശാന്തി ക്ഷേമ യൂണിയൻ പ്രസിഡന്റും പത്തനംതിട്ട ജല്ലാ പ്രസിഡന്റുമായ ഹരികുമാർ നമ്പൂതിരിയാണ് അത് പറഞ്ഞത്. കോഴിക്കോട്ടെത്തി സമരക്കാർക്ക് അഭിവാദ്യമർപ്പിക്കണമെന്നും ധാരണയുണ്ടായി. അങ്ങനെ ഞങ്ങൾ അഞ്ചു പേർ കോഴിക്കോട്ടേക്കു തിരിച്ചു. യോഗക്ഷേമസഭ ദക്ഷിണമേഖല പ്രസിഡന്റ് കെ.പി.വിഷ്ണുനമ്പൂതിരി, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് അഡ്വ. ശംഭു നമ്പൂതിരി, സംസ്ഥാന പ്രവർത്തക സമിതി അംഗം സാജൻ പണ്ടാരത്തിൽ, ആലപ്പുഴ ജില്ലാ പ്രസിഡന്റ് എ.ബി. സുരേഷ് കുമാർ ഭട്ടതിരിപ്പാട്, ആലപ്പുഴ ജില്ലാ സെക്രട്ടറിയായ ഞാനും. രാവിലെ കോഴിക്കോട്ട് എത്തുമ്പോൾ ഒന്നു കുളിച്ചു നിത്യ കർമ്മങ്ങൾ അനുഷ്ഠിക്കുവാൻ കോഴിക്കോട് ജില്ലാ ട്രഷറർ തിരുമംഗലം കൃഷ്ണേട്ടന്റ ഫോൺനമ്പർ തന്നിരുന്നു.

ഞാൻ അദ്ദേഹത്തിനെ വിളിച്ചു. രാവിലെ7 മണിക്ക് കോഴിക്കോട്ട് എത്തുമെന്നുമറിയിച്ചു. അദ്ദേഹം സന്തോഷപൂർവം സ്വാഗതം ചെയ്തു. രാമനാട്ടുകരയിൽ എത്തുമ്പോൾ വിളിച്ചാൽ മതി എന്ന് പറഞ്ഞു. അങ്ങനെ ഞങ്ങൾ കോഴിക്കോട്ടേക്ക് യാത്ര തിരിച്ചു.

വഴിയിൽ വിചാരിച്ച പോലെ തടസ്സങ്ങളുണ്ടായില്ല. അങ്ങനെ ഏഴു മണിക്ക് കോഴിക്കോട്ടെത്തുമെന്നു പ്രതീക്ഷിച്ച ഞങ്ങൾ വെളുപ്പിനെ 3 മണിക്ക് കോഴിക്കോട് രാമനാട്ടുകരയിലെത്തി. ഏഴു മണി വരെ വാഹനത്തിൽ തന്നെ വിശ്രമിക്കാം എന്ന് സാജൻ അഭിപ്രായപ്പെട്ടു. ഏതായാലും തിരുമംഗലം കൃഷ്ണേട്ടനെ വിളിക്കാം എന്നു തീരുമാനിച്ചു. രാവിലെ 3 മണിക്ക് ഒരാളെ വിളിച്ചുണർത്തുന്നതിലുള്ള അനൗചിത്യം ഞങ്ങളെ അലട്ടിയിരുന്നു. പക്ഷേ, ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരൊറ്റ ബെല്ലിൽ തന്നെ കൃഷ്ണേട്ടൻ ഫോൺ എടുക്കുകയും കുറച്ചു കൂടി മുൻപിലേക്ക് എത്തുവാൻ പറയുകയും ചെയ്തു.

അങ്ങനെ ഞങ്ങൾ ഏതാണ്ട് 3–4 കിലോമീറ്റർ സഞ്ചരിച്ചു. അവിടെ ആ കൊച്ചു വെളുപ്പാൻ കാലത്ത് കൃഷ്ണേട്ടൻ വളരെ സന്തോഷപൂർവ്വം തന്റെ ഇലട്രിക് സ്കൂട്ടറുമായി നില്പുണ്ടായിരുന്നു. അദ്ദേഹം ഞങ്ങളെ വഴി കാണിച്ച് മുൻപിൽ സഞ്ചരിച്ചു. ഏതാണ്ട് 2–3 മിനിട്ടിനുള്ളിൽ അദ്ദേഹത്തിന്റെ ഇല്ലത്തെത്തി. ഞങ്ങളെ ഇല്ലത്തിന്റെ ഒന്നാം നിലയിലേക്കാനയിച്ചു. അവിടെ വിശാലമായ ഹാളിനരികിൽ 2 ബാത്ത് അറ്റാച്ച്ഡ് മുറികളിൽ നാല് കട്ടിലുകൾ ഞങ്ങൾക്കു വേണ്ടി സജ്ജീകരിച്ചിരുന്നു.

ഏഴു മണിക്കെത്തും എന്നു പറഞ്ഞ ഞങ്ങൾ രാവിലെ 3 മണിക്ക് എത്തിയപ്പോൾ ന്യായമായും ഒരു കുടുബ നാഥനുണ്ടാകുന്ന യാതൊരു ബുദ്ധിമുട്ടുകളും അദ്ദേഹത്തിനുണ്ടായതായി തോന്നിയില്ല. മറിച്ച് ആനന്ദപൂർവ്വം സ്വീകരിക്കുകയാണ് ചെയ്തത്. അദ്ദേഹം 6 മണിക്ക് ക്ഷേത്രത്തിൽ പോകുമെന്നും, 8 മണി വരെ ഞങ്ങൾ വിശ്രമിച്ച് പ്രഭാത ഭക്ഷണം കഴിച്ചേ പോകാവൂ എന്നും പറഞ്ഞ് താഴെക്കു പോയി. അപ്പോൾ റിട്ട. ബാങ്ക് മാനേജരായ കൃഷ്ണേട്ടന്റെ ആ വലിയമനസ്സിന് നിശബ്ദമായി ഞങ്ങൾ അഭിവാദ്യം അർപ്പിച്ചു.

അങ്ങനെ അവാച്യമായ സന്തോഷത്തോടെ ഞങ്ങൾ ഉറങ്ങുവാൻ പോയി. താഴെ പൂജാമുറിയിൽ നിന്നുയർന്നു വന്ന ചന്ദനത്തിരിയുടെ മാസ്മര സുഗന്ധമാണ് ഏതാണ്ട് ഏഴുമണിക്ക് ഞങ്ങളെ ഉണർത്തിയത്. പറമ്പിലെ സ്ഫടിക തുല്യമായ കുളത്തിലെ സ്നാനം ഞങ്ങളിൽ നവോന്മേഷം പകർന്നു നല്കി. സമയം 8 മണിയായപ്പോൾ ഏടത്തി പ്രാതൽ തയ്യാറാക്കി ഞങ്ങളെ ഭക്ഷണത്തിനു ക്ഷണിച്ചു. നാവിൽ ഇപ്പോഴും രുചിയൂറുന്ന ചൂട് ഇഡ്ഡലിയും ചമ്മന്തിയും,ചട്നിപ്പൊടിയും വറുത്ത വെളിച്ചെണ്ണയും, വേവിച്ച നേന്ത്രപ്പഴം നുറുക്കും, ചൂടു ചായയും സ്നേഹത്തിന്റെയും, തികഞ്ഞ ആഥിത്യ മര്യാദയുടെയും മേമ്പൊടി ചേർത്ത്



*തിരുമംഗലം കൃഷ്ണൻ നമ്പൂതിരിയും പത്നിയും*

ഞങ്ങൾക്കു വിളമ്പിത്തന്നപ്പോൾ അത് മറക്കാനാവത്ത ഒരനുഭവമായിരുന്നു. അടുക്കളയിലെ പ്രൊഫസർ എന്ന് നർമ്മരസത്തോടു കൂടി പരിചയപ്പെടുത്തിയ ഏടത്തി പ്രൊഫസറല്ല പ്രിൻസിപ്പൽ തന്നെയെന്ന് സുരേഷ് ചേട്ടൻ തിരുത്തിയപ്പോൾ അതിൽ ഒരതിശയോക്തിയും തോന്നിയില്ല. കാരണം ഭക്ഷണം അത്ര ആസ്വാദ്യകരമായിരുന്നു. അങ്ങനെ മനസ്സും, വയറും നിറച്ച് ഞങ്ങൾ തിരുമംഗലം കൃഷ്ണേട്ടനും, ഏടത്തിക്കും വാക്കുകൊണ്ടും, മനസ്സുകൊണ്ടും നന്ദി പറഞ്ഞ് സമരപ്പന്തലിലേക്ക് തിരിച്ചു.

ഈ അനുഭവം ഞങ്ങളുടെ കോഴിക്കോട് യാത്രയെ മറക്കാൻ പറ്റാത്തതാക്കി. കൃഷ്ണേട്ടനും, ഏടത്തിക്കും, കുടുംബത്തിനും സന്തോഷകരവും, ശാന്തസുന്ദരവും, ഐശ്വര്യപൂർണ്ണവുമായ പുതുവർഷം ആശംസിക്കുന്നു. യോഗക്ഷേമസഭ അംഗങ്ങൾക്കു നല്കുന്ന മറക്കാനാവാത്ത അനുഭവങ്ങളിലൊന്നാണ് മേൽ കുറിച്ചത്. അംഗങ്ങളെ പരസ്പരം അറിയാനും, ചെറിയ ചെറിയ 'വലിയ' സഹായങ്ങൾ ചെയ്യുവാനും യോഗക്ഷേമസഭയെന്ന മഹാപ്രസ്ഥാനം അവസരമൊരുക്കുന്നു എന്നുള്ളതിനുള്ള നേർസാക്ഷ്യമാണ് മേൽ വിവരിച്ച സംഭവം. ഇതൊക്കെയാണ് സഭ കൊണ്ടുള്ള പ്രയോജനം. നിറഞ്ഞ ചാരിതാർത്യത്തോടെ യോഗക്ഷേമസഭയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചു കൊണ്ട്, ആലപ്പുഴ ജില്ലാ സെക്രട്ടറി ●

*(ആലപ്പുഴ എസ്. ഡി കോളേജിലെ ഇംഗ്ളീഷ് വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറാണ് യോഗക്ഷേമസഭ ആലപ്പുഴ ജില്ലാ സെക്രട്ടറി കൂടിയായ ഡോ.ഇ.കൃഷ്ണൻ നമ്പൂതിരി. മൊബൈൽ 9447026890. തിരുമംഗലം കൃഷ്ണൻ നമ്പൂതിരിയുടെ നമ്പർ 949765159 )*

# സ്വപ്നസാക്ഷാത്കാരത്തിലേക്ക്

കോഴിക്കോട് കോവൂരിലുള്ള ജില്ലാആസ്ഥാന മന്ദിര നിർമാണത്തിനു ശുഭസാക്ഷാത്കാരം. 2019 നവംബറിൽ നീക്കിയിരിപ്പുകൾ ഒന്നും ഇല്ലാതെ തുടക്കം കുറിച്ച നിർമ്മാണത്തെ കോവിഡ് ലോക്കഡൗണിനു പോലും തളർത്താനായില്ല.

ജില്ലാ കമ്മറ്റി ഓഫീസ്, സ്വസ്തിയുടെ ഓഫീസ്, ലൈബ്രറി, അതിഥികൾക്കു താമസിക്കാനുള്ള മുറി, കോൺഫറൻസ് ഹാൾ. എല്ലാറ്റിനുമുപരി കുളിച്ചു തൊഴാൻ കൺമുമ്പിൽ തന്നെ കോവൂർ വിഷ്ണുക്ഷേത്രവും. കോഴിക്കോട് ജില്ലയിലെ 15 ഉപസഭകളുമായും ജില്ലാ കമ്മിറ്റിക്ക് പൂർണ്ണ പിന്തുണയുറപ്പാക്കി. നിരവധി സുമനസ്സുകൾ നിർലോപം സഹായിച്ചു. എല്ലാവരോടും ഹൃദയത്തിൽ തട്ടിയ കൃതജ്ഞത പ്രകാശിപ്പിക്കട്ടെ.

ജില്ലാ മന്ദിരത്തിലേക്ക് ഒരു വലിയ നിലവിളക്ക് സംഭാവന ചെയ്ത ശ്രീ കല്ലംവള്ളി രാമകൃഷ്ണ ഹരി നമ്പൂതിരിക്കും പ്രസംഗപീഠം സമർപ്പിച്ച രാമല്ലൂർ ഉപസഭക്കും നന്ദി.

വളരെ വലിയ ഏരിയയുള്ള സിറ്റി ഉപസഭയുടെ മാനാഞ്ചിറ വരെയുള്ള കുറച്ചു ഭാഗങ്ങൾ ചേവായൂരിൽ ലയിപ്പിച്ചിട്ടുണ്ട്. കോഴിക്കോടിന്റെ തെക്കും വടക്കും ഭാഗങ്ങളായി സിറ്റി ഉപസഭയും ചേവായൂർ ഉപസഭയും ഇനി പ്രവർത്തിക്കും.

താമരശ്ശേരി ഉപസഭ ഡിസമ്പർ 29 ന് 'ആതിരനിലാവ്' എന്ന പേരിൽ തിരുവാതിര പരിപാടികൾ നടത്തി. ശിവരാത്രിയോടനു ബന്ധിച്ച് 'ശിവദം' എന്ന ഓൺലൈൻ കലാ സംഗമവും.പറമ്പിടി പുതുശ്ശേരി നീലകണ്ഠൻ നമ്പൂതിരി രചിച്ച നിത്യകർമ്മപുസ്തകമായ 'യജ്ഞോപവീതം' ഫെബ്രുവരി 14 ന് രാമല്ലൂർ ഉപസഭ പ്രകാശനം ചെയ്തു. ഉപസഭയിലെ ഇല്ലങ്ങളിലും ശങ്കരാചാര്യസ്വാമികളുടെ ഫോട്ടോകൾ എത്തിച്ചും വയോജന കൂടിച്ചേരൽ നടത്തിയും ഉപസഭയുടെ സമ്പൂർണ ഡാറ്റാബാങ്ക് ഉണ്ടാക്കിയും വേദ പഠനത്തിന് തുടക്കം കുറിച്ചും നടത്തുന്ന പ്രവർത്തനങ്ങൾ അനുകരണീയമാണ്.

എം.എഡ് നേടിയ നിഷ താമരക്കുളം, പിഎച്ച് ഡി നേടിയ രൂപേഷ് താമരക്കുളം, എംഫിൽ നേടിയ രാഖിത താമരക്കുളം എന്നിവരെ മുക്കം ഉപസഭ ആദരിച്ചു. വനിതാ സഭയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 14 ന് നടന്ന സത്സംഗത്തിൽ മാളിക ഹരിനാരായണൻ മുഖ്യ പ്രഭാഷണം നടത്തി. കോഴിക്കോട് ജില്ലയിലെ 7 പേർക്ക് പെൻഷനും 30 പേർക്ക് വിദ്യാനിധി പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

## ആസ്ഥാനമന്ദിര നിർമ്മാണത്തിന് സഹായം നൽകിയവർ

| | |
|---|---|
| 90.തിരുമംഗലം കൃഷ്ണൻ നമ്പൂതിരി, ചേവായൂർ | 40000.00 |
| 91.സി.കെ നാരായണൻ നമ്പൂതിരി, ചാത്തമംഗലം | 50000.00 |
| 92.പാടേരി നാരായണൻ നമ്പൂതിരി, ചേവായൂർ | 2000.00 |
| 93.കാഞ്ഞിരത്തോട്ടം ജയശങ്കർ, മുക്കം | 3000.00 |
| 94.കാഞ്ഞിരത്തോട്ടം ശങ്കരൻ | 5000.00 |
| 95.കാഞ്ഞിരത്തോട്ടം നാരായണൻ നമ്പൂതിരി, മുക്കം | 10000.00 |
| 96.സി.കെ രാമൻ നമ്പൂതിരി അനശ്വര,ചാത്തമംഗലം | 5000.00 |
| 97.പാണ്ടിക്കടവത്ത് വിഷ്ണു നമ്പൂതിരി, ചാത്തമംഗലം | 10000.00 |
| 98.കുളങ്ങരക്കരാട്ട് കൃഷ്ണൻ നമ്പൂതിരി, മുക്കം | 5000.00 |
| 99.എൻ എം. ശ്രീധരൻ നമ്പൂതിരി , പെരുമണ്ണ | 10000.00 |
| 100.പേരൂർ നീലകണ്ഠൻ നമ്പൂതിരി , കണ്ണി പറമ്പ് | 10000.00 |
| 101.ചാത്തനാട്ട് മഹേന്ദ്ര ശങ്കർ നമ്പൂതിരി, കക്കോടി | 2000.00 |
| 102.മമ്മിളി സ്വർണലത അന്തർജനം, കക്കോടി | 10000.00 |
| 103.മമ്മിളി നാരായണൻ മൂസദ്, കക്കോടി | 10000.00 |
| 104.പാലാഞ്ചേരി ശ്രീധരൻ നമ്പൂതിരി, കോടഞ്ചേരി | 10000.00 |
| 105.കിഴക്കില്ലം വിനോദ് നമ്പൂതിരി , കോടഞ്ചേരി | 10000.00 |
| 106.പഴങ്ങോട്ടുപറ്റ ജയൻ നമ്പൂതിരി , | 10000.00 |
| 107.പുതിയേടം ശങ്കരൻ നമ്പൂതിരി, കക്കോടി | 10000.00 |
| 108.മമ്മിളി ശൈലജ അന്തർജനം, കക്കോടി | 10000.00 |
| 109. സ്വസ്തി ത്രൈമാസിക | 1,50000.00 |
| 110. കോൽപുറം ഹരികേശവൻ | 10000.00 |
| 111 . പറമ്പിടി നീലകണ്ഠൻ നമ്പൂതിരി | 10000.00 |
| 112. പറമ്പിടി സജി നമ്പൂതിരി | 10000.00 |
| 113. പറമ്പിടി രാമചന്ദ്രൻ നമ്പൂതിരി | 10000.00 |
| 114. പുതുക്കുടി ഉണ്ണികൃഷ്ണൻ നമ്പൂതിരി | 10000.00 |
| 115. എടക്കുന്നത്ത് സുഭാഷ് നമ്പൂതിരി | 10000.00 |
| 116. എടക്കുന്നത്ത് രാമൻ നമ്പൂതിരി | 10000.00 |
| 117. എടക്കുന്നത്ത് കേശവൻ നമ്പൂതിരി | 10000.00 |
| 118. അമ്പല പുത്തൂർ ആശിഷ് നമ്പൂതിരി | 10000.00 |
| 119. അമ്പല പുത്തൂർ നാരായണൻ നമ്പൂതിരി | 2500.00 |
| 120 .വൈദ്യമഠം ദിലീപൻ നമ്പൂതിരി | 10000.00 |
| 121. ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി | 10000.00 |
| 122. കൊയിലാണ്ടി ഉപസഭ | 10000.00 |
| 123. മുക്കം ഉപസഭ | 10000.00 |
| 124. താമരശ്ശേരി ഉപസഭ | 5000.00 |



*വിഘ്നങ്ങളില്ലാത്ത തുടക്കം: കോഴിക്കോട് കോവൂരിലുള്ള യോഗക്ഷേമസഭാ ജില്ലാആസ്ഥാന മന്ദിരത്തിൽ പാടേരി വാസുദേവൻ നമ്പൂതിരിപ്പാട് ഗണപതി ഹോമം നടത്തുന്നു*

തദ്ദേശ തിരഞ്ഞെടുപ്പിൽ ജില്ലയിൽ നിന്ന് അസ്മാദികളായ11 പേർ മത്സരിക്കുകയും ബാപ്പറ്റ സുജാത (ഉള്ളിയേരി ഗ്രാമപഞ്ചായത്ത്) നൊച്ചോളി വള്ളിക്കാട്ടിയത്ത് വിഷ്ണു (കൊയിലാണ്ടി മുനിസിപ്പാലിറ്റി) നന്ദൻ കന്മന ( കൊയിലാണ്ടി മുനിസിപ്പാലിറ്റി) എന്നിവർ വിജയിക്കുകയും ചെയ്തു. വിജയികളെ ജില്ലാ സഭ നേരിട്ട് അഭിനന്ദിച്ചു. ഡി സി ബുക്ക്സ് നടത്തിയ ക്രൈം ഫിക്ഷൻ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ശിവൻ എടമനയെ (കൊയിലാണ്ടി ഉപസഭ ) അഭിനന്ദനങ്ങൾ അറിയിച്ചു.

പദ്മശ്രീ നേടിയ കൈതപ്രം ദാമോദരൻ നമ്പൂതിരിയെ ജില്ലാ ഭാരവാഹികളും സംസ്ഥാന ഭാരവാഹികളും സന്ദർശിച്ച് ആദരമറിയിച്ചു. സ്വസ്തി ത്രൈമാസിക അഞ്ചാം വർഷത്തിൽ 5000 കോപ്പി എന്ന ലക്ഷ്യത്തിലേക്കെത്തുന്നു.

മലബാർദേവസ്വംബോർഡ് ജീവനക്കാർ നടത്തിയ നീണ്ടസമരത്തിലും, കോഴിക്കോട്ശ്മശാന സമരത്തിലും ക്രിയാത്മകമായ ഇടപെടലുകളിലൂടെ യോഗക്ഷേമസഭയും മുൻപന്തിയിൽ ഉണ്ടായിരുന്നു. എല്ലാ യോഗക്ഷേമസഭാ ബന്ധുക്കളേയും നന്ദി അറിയിക്കുന്നു ●

**താമരക്കുളം ദിവാകരൻ നമ്പൂതിരി**
ജില്ലാ സെക്രട്ടറിയോഗക്ഷേമസഭ
കോഴിക്കോട്
**മൊബൈൽ9447337337**




**അതിഥി ദേവോ ഭവഃ**

*ഇനി വിവിധ ആവശ്യങ്ങൾക്കായി കോഴിക്കോട്ടെത്തുന്ന നമ്പൂതിരിമാർക്ക് വിശ്രമിക്കാൻ ഹോട്ടൽ മുറി വേണ്ട. യോഗക്ഷേമ സഭയുടെ ജില്ലാ കമ്മിറ്റി ഓഫീസിലെ രണ്ടാം നിലയിൽ വിശ്രമ മന്ദിരം തയ്യാറായി വരുന്നു. തൊട്ടടുത്തു തന്നെ കോവൂർ വിഷ്ണു ക്ഷേത്രത്തിൽ കുളിച്ചു തൊഴാനും സൗകര്യം. വിളിക്കാം, തിരുമംഗലം കൃഷ്ണൻ നമ്പൂതിരിയുടെ നമ്പറിൽ 9497651590*

## പ്രതിഭകൾക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ



**വി.എ.ശ്രീശ്യാം**

മണ്ഡിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജയിൽ എം.എസ്.സി ഫിസിക്സിന് അഡ്മിഷൻ ലഭിച്ച കോഴിക്കോട് ബേപ്പൂർ വടക്കേ അടാട്ട് ഇല്ലത്തെ സുരേന്ദ്രൻ രമണി ദമ്പതിമാരുടെ മകൻ വി.എ.ശ്രീശ്യാം



**ആനന്ദ് ജി നമ്പൂതിരി**

എസ് എസ് എൽ സി പരീക്ഷയിൽ ഫുൾ എ പ്ളസ് നേടിയ ആനന്ദ് ജി നമ്പൂതിരി. മലപ്പുറം ജില്ലയിലെ ഒളമതിൽ കടുങ്ങമംഗലം ഇല്ലത്തെ ഗോവിന്ദൻ നമ്പൂതിരി - ജയശ്രീ ദമ്പതിമാരുടെ മകനാണ്.



**ഡോ:. വരദ**

തിരുവനന്തപുരം മെഡി. കോളേജിൽ നിന്ന് എം.ഡി പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച് മഞ്ചേരി മെഡിക്കൽ കോളേജിൽ സേവന മനുഷ്ഠിക്കുന്ന കണ്ണിപറമ്പ് പേരൂർ മകൾഡോ. വരദ.തൃശൂർ എടമന സന്ദീപിന്റെ സഹധർമ്മിണിയാണ്.



കൃഷ്ണനാട്ടത്തിന് സംസ്ഥാന ക്ഷേത്രകലാ അക്കാദമി പുരസ്കാരം നേടിയ

**ശ്രീ:വൈശാഖ് ഗുരുവായൂർ**

**ആശംസകളോടെ തായാട്ട് ഇല്ലം കുടുംബാംഗങ്ങൾ**

**മൊബൈൽ:7293751990**




*പത്മശ്രീ പുരസ്കാരത്തിന് അർഹനായ കൈതപ്രം ദാമോദരൻ നമ്പൂതിരിയെ യോഗക്ഷേമസഭക്കു വേണ്ടി സംസ്ഥാന വൈസ് പ്രസിഡണ്ട് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ഉപഹാരം നൽകി ആദരിക്കുന്നു. സംസ്ഥാന സെക്രട്ടറി സുനിൽ കാലടി, സംസ്ഥാന സമിതിയംഗം കൊല്ലോറ്റകൃഷ്ണൻ നമ്പൂതിരി, കോഴിക്കോട് ജില്ലാ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി എന്നിവർ സമീപം.*




*2021-ലെ ഗുരുവായൂർ ദേവസ്വം ജ്ഞാനപ്പാന പുരസ്കാരം പൂന്താനദിനമായ 17.02.2021-ന് പ്രശസ്ത സാഹിത്യകാരി കെ. ബി. ശ്രീദേവിക്ക് നൽകിയപ്പോൾ. ദേവസ്വം ചെയർമാൻ അഡ്വ. കെ. ബി. മോഹൻ ദാസ്, സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ,ആലങ്കോട് ലീലാകൃഷ്ണൻ, ദേവസ്വം ഭരണസമിതി അംഗങ്ങളായ മല്ലിശ്ശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്, എന്നിവരെയും കാണാം.*

# പ്രതിഭകൾക്ക് സ്വസ്തിയുടെ അനുമോദനങ്ങൾ



**കൃഷ്ണ പ്രസാദ്**

കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്ന് എം.ബി.എ നേടിയ കെ.കെ. കൃഷ്ണ പ്രസാദ് കിഴക്കേടത്തില്ലം, അത്തോളി, കോഴിക്കോട്. ബെംഗളൂരു സിക്സ ഡി ടെക്നോളജീസിലെ ഉദ്യോഗസ്ഥനാണ്.



**പ്രൊഫ. പി മാധവൻ**

2019ലെ കേരള സാഹിത്യ അക്കാദമിയുടെ ഐ.സി.ചാക്കോ എൻഡോവ്മെന്റ് അവാർഡിന് (ഭാഷാശാസ്ത്രം, വ്യാകരണം, ചോംസ്കിയൻ വാക്യഘടന) അർഹനായ പ്രൊഫ. പി മാധവൻ (ഹൈദരബാദ് ) കാടാമ്പുഴ പുന്നപ്പുറത്തു മന അംഗമാണ് .



**സുവർണ്ണ മുല്ലപ്പള്ളി**

ദേശീയ ബാല തരംഗത്തിന്റെ ജവഹർ ബാലസാഹിത്യ പുരസ്കാരത്തിന് അർഹയായ സുവർണ്ണ മുല്ലപ്പള്ളി. പ്രമുഖ ജ്യോതിഷി മുല്ലപ്പള്ളി നാരായണൻ നമ്പൂതിരിയുടെ പുത്രിയാണ്.



**സുദേവ് വി.ജി**

നാഷണൽ സർവീസ് സ്കീം സംസ്ഥാനത്തെ മികച്ച എൻ.എസ്.എസ് വളണ്ടിയർക്ക് നൽകുന്ന അവാർഡിന് അർഹനായ സുദേവ് വി.ജി. കണ്ണിപറമ്പ് ഉപസഭയിലെ വീട്ടിക്കാട് ഇല്ലം. കോഴിക്കോട് ജില്ല



**പി ആർ രമിളാദേവി**

കലിക്കറ്റ് സർവകലാശാലയിൽ നിന്ന് മലയാളത്തിൽ ഡോക്ടറേറ്റ് ലഭിച്ച പി ആർ രമിളാദേവി. കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് അധ്യാപികയാണ്. പോതായത്ത് മന രാമൻ നമ്പൂതിരിയുടെയും മൂത്തേടത്തു മന ലീല അന്തർജനത്തിന്റെയും മകളും ചെട്ടിപ്പടി മരക്കാം തൊടി മധുവിന്റെ ഭാര്യയുമാണ്.



**പി.നാരായണൻ.**

കണ്ണൂർ സർവകലാശാലയിൽ നിന്ന് സാമ്പത്തികശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ പി.നാരായണൻ. പഴയങ്ങാടി അടുത്തില പുതിയില്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും ദേവകി അന്തർജനത്തിൻറെയും മകനാണ്. കൃഷ്ണ മേനോൻ സ്മാരക ഗവ. കോളേജ് അധ്യാപകനാണ്



**അഞ്ജു അന്തർജനം**

കേരള സർവകലാശാലയിൽ നിന്ന് എം.എസ്.സി മൈക്രോബയോളജിയിൽ ഒന്നാം റാങ്ക് നേടിയ അഞ്ജു അന്തർജനം വി.എസ്. തിരുവനന്തപുരം കിളിമാനൂരിൽ പുളിമാത്ത് പെരുവഴിക്കൽ മഠത്തിൽ വെങ്കിടേശ്വരൻ പോറ്റിയുടെയും പരേതയായ സരസ്വതി അന്തർജനത്തിന്റെയും മകളാണ്. മൊബൈൽ 9048794604



**വിഷ്ണു.പി.**

ചെന്നൈ ഐഐടിയിൽനിന്ന് ഇലക്ട്രോണിക്സ്&കമ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങിൽ ഡോക്ടറേറ്റ് നേടിയ വിഷ്ണു.പി. വിളയിൽ പറപ്പൂര് പാലക്കൽ ഇല്ലത്ത് കേശവൻനമ്പൂതിരിയുടെയും രമദേവി അന്തർജനത്തിന്റെയും മകനാണ്. ഭാര്യ ഹർഷ കോഴിക്കോട് ഫാറൂഖ് കോളേജിൽ ഗവേഷക വിദ്യാർഥിയാണ്.



**പരമേശ്വരൻ നമ്പൂതിരി**

കണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്നകേരള ക്ഷേത്രകലാ അക്കാദമിയുടെ അക്ഷരശ്ലോകത്തിനുള്ള പുരസ്കാരം നേടിയ അക്ഷരശ്ലോക വിദഗ്ധൻ മാന്നാർ കുട്ടംപേരൂർ വേലൂർ പരമേശ്വരൻ നമ്പൂതിരി



**ഡോ ആര്യ**

എംബി.ബി.എസ് നേടിയ ഡോആര്യപി.സി.കുറ്റ്യാടി ചേലോട്ടില്ലത്ത് രാമചന്ദ്രൻ നമ്പൂതിരിയുടെയുംഗായത്രി അന്തർജ്ജനത്തിന്റെയും (പാലികയില്ലം ചുഴലി ) മകളാണ്.തിരുവനന്തപുരത്ത് ജോലി ചെയ്യുന്നു



**ഹരീഷ്**

യോഗക്ഷേമ സഭ കുന്നത്തുനാട് ഉപസഭ ഏർപ്പെടുത്തി വരുന്ന മംഗലത്ത് എം. ആർ നീലകണ്ഠൻ നമ്പൂതിരി സ്മാരക സാഹിത്യ പുരസ്കാരം നേടിയ ഹരീഷ് ആർ നമ്പൂതിരിപ്പാട്.



**മിത്ര അഷ്ടമൂർത്തി**

യോഗക്ഷേമസഭ സംസ്ഥാന യുവജന സഭയും ആവാസ് ഓൺലൈൻ ന്യൂസ് പോർട്ടലും ചേർന്നു നടത്തിയ ജൂനിയർ ജേർണലിസ്റ്റ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയമിത്ര അഷ്ടമൂർത്തി

# അനാഥ വാർദ്ധക്യം

## ഗീതനാരായണൻ, അരീക്കര



ഒന്നുരണ്ടു നോട്ടു ബുക്കുകളും കുറച്ചു കടലാസുകളും മകന്റെ മുന്നിൽ കൊണ്ടുവെച്ചു അയാൾ ഇങ്ങനെ പറഞ്ഞു

'ഇതാ നിന്റെ അമ്മയുടെ സാമ്പാദ്യം '

'എന്താ അച്ഛാ നിക്ക് ഒന്നും മനസ്സിലാവിണില്യ..?

'നിന്റെമ്മ മരിച്ചിട്ടു ഇന്നേക്ക് പത്തിരുപത് ദിവസല്ലേ ആയുള്ളൂ..!'

'അതേ അതിനുപ്പോ ബ്ടെന്താ ണ്ടായേ..? '

'ഇന്നലെ വന്ന ആ ഏഷണിക്കാരി വനജ നിന്റെ ഭാര്യയോട് പറേണത് ഞാൻ കേട്ടതാ..'

'അച്ഛൻ എന്തു കേട്ടെന്നാ?'

'എന്റെ ഭാനൂന്റെ.... അതായത് നിന്റെമ്മടെ സ്വർണ്ണമൊ അങ്ങനെന്തെങ്കിലും ണ്ടെങ്കിൽ ബാലേട്ടന്റെ അടുത്തുന്ന് മേടിച്ചു വെച്ചോളാൻ രവിയോട് പറഞ്ഞോളാൻ...'

'അത് പിന്നെ മീര എന്നോടും പറഞ്ഞു. അച്ഛന് ഇപ്പൊ അതിന്റെ.... '

'ശരിയാ ഇയ്ക്ക് എന്തിനാ പ്പതൊക്കെ... എന്നാ ഇതും കൂടി എടുത്തു വെച്ചോ. ഭാനൂന്റെ താലിയും കമ്മലും '

'അച്ഛനത് രമയെ ഏൽപ്പിച്ചോളൂ.. ഞങ്ങൾ നാളെ നേരത്തെ ബാഗളൂർക്ക് തിരിച്ചു പോകും '

'അപ്പൊ ഞാൻ.....?'

'രമ കുറച്ചുദിവസം കൂടി ബ്ടെ നിൽക്കട്ടെ. അവൾക്കാണെങ്കിൽ ഭർത്താവിന്റെ വീട് ബ്ടെ അടുത്താണേനും. പിന്നെ കുട്ടികൾക്ക് ഒഴിവുകാലവും ആണല്ലോ. നിക്ക് ഇപ്പൊ തന്നെ ലീവ് കുറേയായി. '

രവിയുടെ പറച്ചിൽ കേട്ടുകൊണ്ട് വന്ന രമ പറഞ്ഞു.

'അല്ല ഏട്ടാ എനിക്കു ബ്ടെ നിക്കാൻ പറ്റില്യ. വിനുവേട്ടൻ നാളെ രാവിലെ വരും. ഒരുങ്ങി ഇരിക്കാൻ പറഞ്ഞു. ഞങ്ങള് ബ്ടന്ന് നേരെ കന്യാകുമാരിക്കാ പോണേ.വിനുവേട്ടന്റെ കുടുംബക്കാർ ആരൊക്കെയോ വേറേം ണ്ടത്രേ. ഞങ്ങള് നേരത്തെ പ്ലാൻ ഇട്ടതാർന്നു. അമ്മേടെ മരണാ ത്രേം വൈകിച്ചേ.'

' എന്നാ ഇപ്പോ അച്ഛനും പോരാലോ നെന്റെ കൂടെ. ബ്ടെ ഒറ്റയ്ക്ക് വേണ്ടെനിം. അച്ഛന്റെ മനസ്സിന് സന്തോഷോം ആവും. അതാ നല്ലത് '

'ഞാൻ എന്താ പറയ്യാ ഏട്ടാ.. വിനുവേട്ടൻ ഒന്നും പറയാതെ.. '

മക്കളുടെ വർത്തമാനം കേട്ടു അയാൾക്ക് ചിരി വന്നു. മനസ്സ് നൊന്ത ചിരി. അയാൾ വേഗം മുറിയിൽ പോയി സ്വന്തം വസ്ത്രങ്ങളും താനും ഭാര്യയും കുട്ടികളുമൊത്തുള്ള ഫോട്ടോയും കൂടി ഒരു പഴയ ബാഗിൽ ആക്കി ഉമ്മറത്തേക്ക് വന്നു.

അപ്പോൾ ഭാനു എഴുതിയ കഥകളുടെയും, കൊച്ചു വരികളുടെയും കടലാസുകൾ മക്കൾ എടുത്തു നോക്കുന്നത് കണ്ടു.

'അമ്മക്ക് ഈ പ്രാന്തും ഉണ്ടായിരുന്നോ... കഷ്ടം.' മകളുടെ വക.

'ഞാനയച്ചിരുന്ന കാശ് ഇങ്ങനെ പോയിക്കിട്ടി.. അല്ലാതെന്താ.'



'ഏട്ടൻ പറഞ്ഞത് കാര്യാ.. ഇതിന് കാശ് ചെലവാക്കിയിരുന്ന നേരം വേറെന്തെങ്കിലും വാങ്ങിയിരുന്നെങ്കിൽ കുടുമ്മത്ത് കാണായിരുന്നു'

അയാൾ ഒന്നും മിണ്ടാതെ ആ കടലാസുകളും, നോട്ടു ബുക്കുകളും ഭദ്രമായി തന്റെ മുണ്ടിൽ പൊതിഞ്ഞു ബാഗിൽ വെച്ചു മക്കളോടായി പറഞ്ഞു

'അതേയ് ഞാൻ പോവ്വാ തറവാട്ടിലേക്കു '

'അച്ഛന്റെ തറവാടൊന്നും ഇപ്പോ ഇല്യാലോ.. അതൊക്കെ വീണു പോയില്ലേ.. '?

'അതല്ല, എന്നെ പോലെയുള്ളവർക്ക് താമസിക്കാൻ നല്ലവരായ നാട്ടുകാർ പണിത വീടുണ്ട്.

'വെറുതെ അച്ഛനെ അവർ അവിടെ താമസിപ്പിക്കില്യ. മാസം കാശ് കൊടുക്കണം. അറ്യോ.'

മകന്റെ പിറുപിറുക്കൽ കേട്ടു അയാൾ പറഞ്ഞു.

'നിങ്ങൾ എന്നെയോർത്ത് വേവലാതിപ്പെടേണ്ട. ഞാനവിടെ ചെറിയ ചെറിയ ജോലികൾ ചെയ്തോളും. പിന്നെ ഭാനു എഴുതിയതൊക്കെ ഒരു പുസ്തകമാക്കണം.'

അങ്ങനെ ആ അനാഥ വാർദ്ധക്യം മറ്റൊരു തണൽ തേടിപ്പോയി. ●

ഗീത നാരായണൻ
'ശ്രീഹരി' അരീക്കര പടിഞ്ഞാറേ മന
നടുവട്ടം ( പോസ്റ്റ് ) കുറ്റിപ്പുറം, മലപ്പുറം ജില്ല
മൊബൈൽ: 8593972928

### ദേശാടനം എന്ന സിനിമയിലൂടെ വെള്ളിത്തിര യിലെത്തിയ ഉണ്ണികൃഷ്ണൻ നമ്പൂതിരിക്ക് തിലോദകമർപ്പിച്ചു കൊണ്ട് മകൾ **ദേവി കൈതപ്രം** എഴുതുന്ന കുറിപ്പ്

# എന്റെ അച്ഛൻ



ഞങ്ങൾ പുല്ലേരി വാധ്യാനില്ലം വലിയ കൂട്ടുകുടുംബമാണ്. അച്ഛൻ, രണ്ട് ജ്യേഷ്ഠന്മാർ, മക്കൾ. എല്ലാവരുടെയും മക്കൾ ഒന്നിച്ച് ഒരേപോലെ. ഉദാഹരണം അച്ഛന്റെ പെട്ടി തുറന്ന് പണമെടുക്കാനുള്ള അവകാശം ഞങ്ങൾക്കെല്ലാവർക്കും ഒരുപോലെയാണെന്നതുതന്നെ.മക്കൾ ഞങ്ങൾ നാലുപേരാണ്. ഞങ്ങൾക്ക് വേണ്ടിയാണ് ജീവിതം എന്ന് എപ്പോഴും പറയും. അച്ഛന്റെ അന്ത്യയാത്ര ബോധത്തോടെ ആശുപത്രിയിലേക്കായിരുന്നു.

മരിക്കുന്ന ദിവസം എന്റെ മുഖത്തു നോക്കി കണ്ടുമതിയാവാത്തതുപോലെ പറഞ്ഞു: ‘‘ശ്വാസം കിട്ടുന്നില്ല മോളേ. പോകാറായി.’’ ഞാൻ അച്ഛനെ വിലക്കി. ‘‘അങ്ങനെയൊന്നും പറയല്ലേ അച്ഛാ... ഒന്നും പേടിക്കാനില്ല. ഞങ്ങളൊക്കെ കൂടെയില്ലേ’’.

‘‘ശരിയാണ്.’’ അച്ഛൻമെല്ലെ പറഞ്ഞു. ‘‘എനിക്ക് സങ്കടാവുന്നു മോളേ...’’ മണിക്കൂറുകൾക്കുള്ളിൽഭയപ്പെട്ടത് സംഭവിച്ചു. അച്ഛന്റെ ആത്മാവ് കൂടുവിട്ടു പറന്നുപോയി. ഓർമ്മകൾ ഒരിക്കലും എന്റെ കൂടുവിടില്ല. എപ്പോഴും കുട്ടികളുടെ കൈ മുറുകെ പിടിച്ചേ അച്ഛന് യാത്രയുള്ളൂ. ചെറുയാത്രകൾ കോറോം ഗ്രാമത്തിൽ നിന്ന് അമ്പലത്തിലേക്കോ, പയ്യന്നൂർ ടൗണിലേക്കോ ഒക്കെ. അച്ഛന് ഇഷ്ടമുള്ളവയൊക്കെ ഞങ്ങൾക്കും തരും.

സായിഭജൻ ഇഷ്ടമായിരുന്നു. കേൾക്കുക മാത്രമല്ല, നന്നായി പാടുകയും ചെയ്യും. ഞങ്ങൾക്ക് പാടാനിഷ്ടമാണ്. പൂജ കഴിഞ്ഞ് കിട്ടുന്ന മധുരപ്രസാദവും ചേനാങ്കാവിലമ്പലത്തിൽ തുലാ മാസത്തിലും മണ്ഡലപൂജയിലും സന്ധ്യക്ക് തൊഴാൻ പോകാനും കാരയപ്പം വാങ്ങാനും ഞാനും യമുനയും ഓലച്ചൂട്ടും കെട്ടി കാത്തിരിക്കും. എത്ര ചെറുതായാലും പെൺകുട്ടികൾ ഒറ്റയ്ക്ക് പോകാൻ പാടില്ലെന്ന് വാശി, അച്ഛന്. പക്ഷേ, പാവം അച്ഛൻ കൂടെ വന്ന് അപ്പം വാങ്ങിത്തരും.

എന്റെ വിവാഹാലോചനയെപ്പറ്റി ഭർത്താവ് കൈതപ്രം ദാമോദരൻ നമ്പൂതിരി എപ്പോഴും പറയും. ‘‘ഇങ്ങനെയൊരു പെൺകുട്ടി ലോകത്തിൽ വേറെയില്ല എന്ന മട്ടിലാണ് അച്ഛന്റെ വർത്തമാനം’’ എന്ന്.

അച്ഛൻ അങ്ങനെയാണെന്ന് പിന്നീടുള്ള ജീവിതത്തിൽ അദ്ദേഹത്തിന് ബോധ്യപ്പെട്ടു. മാത്രമല്ല മകളുടെ ഭർത്താവും അച്ഛന് അങ്ങനെത്തന്നെയായി. പത്മശ്രീ കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ സങ്കടം ‘‘അച്ഛൻ അത് കാണാനില്ലാതായല്ലോ’’ എന്നതായിരുന്നു.

ബന്ധങ്ങൾ സൂക്ഷിക്കും. അച്ഛൻ മഹാഭക്തനും തന്ത്രമന്ത്രങ്ങളിൽ ശ്രദ്ധാലുവും ആയിരുന്നു. പ്രാർത്ഥന മുഴുവൻ ഞങ്ങൾ മക്കൾ, മരുമക്കൾ, എല്ലാവർക്കുമായി. മുമ്പൊക്കെ രാവിലെ കൃത്യം നാലുമണിക്ക് ഉണർന്ന് പ്രാണായാമം, ഓംകാരം, സൂക്തങ്ങൾ ഇവ ഉച്ചത്തിൽ ജപിച്ചുകൊണ്ടായിരുന്നു പ്രഭാതം. ഒരാഘോഷമാണ് അച്ഛൻ ഞങ്ങളുടെ വീട്ടിൽ വന്നാൽ.

എന്റെ തൊട്ടുതാഴെയുള്ള ഭവദാസന് ഒരു നല്ല ജോലിയായി അച്ഛന്റെ വലിയ ആഗ്രഹം. പിന്നെ എന്റെ വിവാഹം ആഘോഷമാക്കണമെന്നായി. പിന്നെ യമുനയാണ്. അവൾക്കും നല്ല നിലയിൽ വിവാഹം നടത്തി. കുഞ്ഞികൃഷ്ണനെ പഠിപ്പിക്കൽ- സ്വന്തം ഏട്ടനെപ്പോലെ പേരുകേട്ട വക്കീലാവണം എന്ന ആഗ്രഹത്തിൽ തിരുവനന്തപുരത്ത് ലാ അക്കാദമിയിൽ വിദ്യാഭ്യാസം. കോഴിക്കോട് പൊതുവാൾ വക്കീലിന്റെ കീഴിൽ പ്രാക്ടീസ്. അത് പിന്നീട് എറണാകുളത്ത് ഹൈക്കോടതിയിൽ ആയപ്പോൾ അച്ഛൻ ആഹ്ലാദത്തിലായിരുന്നു. പിന്നീട് ഒരു ജഡ്ജിയാവുന്നതിലായി പ്രാർത്ഥന. സിനിമകളുടെയും ആഘോഷങ്ങളുടെയും കാലത്തു തന്നെ ഇത്തരം കാര്യങ്ങളിലും അച്ഛന് ശ്രദ്ധയുണ്ടായിരുന്നു. മകൻ കുഞ്ഞികൃഷ്ണൻ ഹൈക്കോടതിയിൽ ജഡ്ജിയായപ്പോൾ, അച്ഛന്റെ പ്രധാന മോഹങ്ങൾ സഫലമായി. നിറഞ്ഞ സാഫല്യം നേടിയ ജീവിതം നമസ്കരിച്ചുകൊണ്ടേ അച്ഛനെ ഓർക്കാൻ കഴിയൂ....എന്നും

ദേവി കൈതപ്രം,കാരുണ്യം,
തിരുവണ്ണൂർ നട.പി.ഒ. കോഴക്കോട്
**മൊബൈൽ 9744960933**



*കൈതപ്രം ദാമോദരൻ നമ്പൂതിരിയും പത്നി ദേവിയും*


**പത്മശ്രീ കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ സങ്കടം അത് കാണാൻ അച്ഛനില്ലാതായല്ലോ എന്നതായിരുന്നു.**

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**പദ്മിനി അന്തർജനം**

കക്കടവത്ത് കണ്ടമംഗലത്ത് വാസുദേവൻ നമ്പൂതിരിയുടെ ഭാര്യ പദ്മിനി അന്തർജനം വിഷ്ണുപാദം പൂകി



**കൃഷ്ണ ബ്രഹ്മാനന്ദ തീർത്ഥ**

തൃക്കൈക്കാട് മഠാധിപതി ശ്രീമദ് കൃഷ്ണ ബ്രഹ്മാനന്ദ തീർത്ഥ സ്വാമിയാർ സമാധിയായി.




**വല്ലഭൻ മൂസ്സ്**

കോഴിക്കോട് കക്കോടി ഉപസഭയിലെ കോലടി ഇല്ലത്ത് വല്ലഭൻ മൂസ്സ് വിഷ്ണു പാദം പൂകി.



**ഉമാദേവി അന്തർജ്ജനം**

മാവൂർ പാലക്കോൾ നാരായണൻ (നാണു ) നമ്പൂതിരിയുടെ പത്നി ഉമാദേവി അന്തർജ്ജനം (താന്നിക്കാട്ട് മകൾ )വിഷ്ണു പാദം പൂകി



**പിഎം.വിഷ്ണു നമ്പൂതിരി**

ഓമശ്ശേരി പുത്തൂർ മുതുമന ഇല്ലത്ത് പിഎം.വിഷ്ണു നമ്പൂതിരി (77 വയസ്സ്) (റിട്ടയേർഡ് ഗാരിസൺ എഞ്ചിനീയർ, മിലിറ്ററി എഞ്ചിനീയറിംഗ് സർവീസ്) വിഷ്ണുപാദം പൂകി ഭാര്യ: ലീല അന്തർജനം (മങ്ങത്തായ ഇല്ലം).മക്കൾ: ഡോ.സുധ (യു എസ് എ), പരേതയായ സിന്ധു, മേജർ ഡോ. സന്ധ്യ. മരുമക്കൾ: രാജീവ് (യു എസ് എ), പരമേശ്വരൻ നമ്പൂതിരി (ചന്ദനവേലി ഇല്ലം).സഹോദരങ്ങൾ: പരേതനായ സുബ്രഹ്മണ്യൻ നമ്പൂതിരി, പരേതനായ കൃഷ്ണൻ നമ്പൂതിരി , ശ്രീധരൻ നമ്പൂതിരി,പരേതയായ സാവിത്രി അന്തർജ്ജനം , മാധവി അന്തർജ്ജനം, പാർവതി അന്തർജനം, ശ്രീദേവി അന്തർജ്ജനം , ഗംഗ അന്തർജ്ജനം, ഗീത അന്തർജ്ജനം



**ശ്രീനാരായണൻ**

തലക്കുളത്തൂർ: പറമ്പത്ത് മതിലകം ക്ഷേത്രത്തിനുസമീപം അമ്പായപ്പുറത്ത് ഇല്ലത്ത് ശ്രീനാരായണൻ (45) വിഷ്ണുപാദം പൂകി. കോഴിക്കോട് ജി.എസ്.ടി. ഓഫീസിൽ അസിസ്റ്റൻറ് സ്റ്റേറ്റ് ടാക്സ് ഓഫീസറാണ്. അച്ഛൻ: കൃഷ്ണൻ മൂസത്. അമ്മ: പരേതയായ തങ്കമണി. സഹോദരൻ: പത്മകുമാർ (കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി, കല്ലായി).



**ആര്യാദേവി അന്തർജനം**

അലനല്ലൂർ വഴങ്ങല്ലിയിലെ പറവഴി ഇല്ലത്ത് അലനല്ലൂർ അംശം മേനോൻ പരേതനായ നീലകണ്ഠൻ മൂസതിന്റെ സഹധർമ്മിണി ആര്യാദേവി അന്തർജനം (97)വിഷ്ണുപാദം പൂകി. മക്കൾ പരേതയായ ആര്യാദേവി (തങ്കം), ദേവകി (രമ), നീലകണ്ഠനുണ്ണി,നാരായണനുണ്ണി, കേശവനുണ്ണി.



**അംബുജം അന്തർജനം**

താമരശ്ശേരി പുത്തൂർ മുതുമന ഇല്ലത്ത് പരേതനായ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ പത്നി അംബുജം അന്തർജനം വിഷ്ണുപാദം പൂകി. മക്കൾ സതീശൻ നമ്പൂതിരി,മനോജ് നമ്പൂതിരി, അനിത അന്തർജനം, മിനി അന്തർജനം. മരുമക്കൾ സ്വർണലത അന്തർജനം, ശ്രീജ അന്തർജനം, മുല്ലമംഗലം കൃഷ്ണൻ നമ്പൂതിരി, ചേക്രക്കൽ ശ്രീകുമാരൻ നമ്പൂതിരി.



**ശ്രീദേവി അന്തർജനം**

കോട്ടയം: വടക്കുംമ്യാൽ ഇല്ലത്ത് പരേതനായ വി.എസ്.ശങ്കരൻ നമ്പൂതിരിയുടെ ഭാര്യ വി.എസ്.ശ്രീദേവി അന്തർജനം (90) വിഷ്ണുപാദം പൂകി. മക്കൾ: പരേതനായ ഡോ. വി.എസ്.ശങ്കരൻ, വി.എസ്.ശങ്കരരാമൻ, ലീല അന്തർജനം വെട്ടിക്കാട്ട് ഇല്ലം, ആര്യ അന്തർജനം കോളശ്ശേരി മന. മരുമക്കൾ: ഡോ. രാധാദേവി ഏറ്റിക്കട ഇല്ലം, ഗീത താവൂർ ഇല്ലം, വിഷ്ണു നമ്പൂതിരി, നീലകണ്ഠൻ നമ്പൂതിരി കെ.ജെ.



**ഡോ. ടി. ആര്യാദേവി**

തൃശൂർ വട്ടവേലി മനയിൽ ഡോ. ടി.ആര്യാദേവി വിഷ്ണുപാദം പൂകി.തൃപ്പൂണിത്തുറ തോട്ടക്കാട് മഹളാണ്. കാലടി സംസകൃത സർവകലാശാല ന്യായ വകുപ്പിൽ പ്രൊഫസറും മേധാവിയുമായിരുന്നു. സാഹിത്യഅക്കാദമി അവാർഡു ജേതാവാണ്.രാമമംഗലം വട്ടവേലി പ്രൊഫ. വി.എൻ നീലകണ്ഠനാണ് ഭർത്താവ്. ശങ്കര യൂണിവേഴ്സിറ്റി ഡീൻ ആയിരുന്നു. മക്കൾ വി.എൻ സ്മിത, വി.എൻ സന്ദീപ്. സോഫ്റ്റ്വെയർ എഞ്ചിനീയർ. മരുമക്കൾ നവീൻ, സൗമ്യ.



**ശങ്കരൻ നമ്പൂതിരി**

കോഴിക്കോട് അഴകൊടി ദേവീക്ഷേത്രം മേൽശാന്തി പന്നിക്കോട് ചെമുവക്കാട് ഇല്ലത്ത് ശങ്കരൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ സിന്ധു. മക്കൾ സിദ്ധാർത്ഥ്, സത്യാർത്ഥ്.



**ചെറുവക്കാട് ശ്രീരാജ്**

വാഴക്കാട്ചെറുവായൂർ ചെറുവക്കാട് ഇല്ലത്ത് ശ്രീരാജ് വിഷ്ണു പാദം പൂകി

ചരമ അറിയിപ്പുകൾ ഈ നമ്പറിൽ വാട്ട്സ് അപ്പ് ചെയ്യുക
**9400992823**
*email swasthitrimonthly @gmail.com*

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



### ശൂലപാണി നമ്പൂതിരി

തളിപ്പറമ്പ്: കൊട്ടില പാപ്പ നോട്ടില്ലത്ത് ശൂലപാണി നമ്പൂതിരി (68) മുംബയിൽ അന്തരിച്ചു. ഭാരത് പെട്രോളിയം റിട്ട. ഡി.ജി.എം ആണ്. അച്ഛൻ: പരേതനായ കൃഷ്ണൻ നമ്പൂതിരി ഭാര്യ: മാലതി അന്തർജനം (നരിക്കോട് കുന്നമംഗലത്ത് ഈററിശ്ശേരി മന). മക്കൾ: സജിത, മനോജ്. മരുമകൻ: രഞ്ജിത്ത്.



### അത്തിപ്പറ്റ സന്തോഷ്

തൃപ്പൂണിത്തുറ: മലയാളമനോരമ അരൂർ വർക്സ് ഡിവിഷൻ പ്രൊഡക്ഷൻ ആൻഡ് മെയ്ന്റനൻസ് എൻജിനീയർ മണ്ണാർക്കാട് അത്തിപ്പറ്റമന എ. എം. സന്തോഷ് (44) അന്തരിച്ചു. പരേതനായ ശങ്കര നാ രായണൻ നമ്പൂതിരിയുടെയും ലീല അന്തർജനത്തിന്റെയും മകനാണ്. ഭാര്യ: വണ്ടൂർ പാലിശേരി മന മീര. മക്കൾ: അമിത്, അമേയ.



### വാസുദേവൻ നമ്പൂതിരി

തിരുവില്വാമല: കുന്നത്തു മനയിൽ വാസുദേവൻ നമ്പൂതിരി (84) അന്തരിച്ചു.

ഭാര്യ കൊച്ചി രാജകുടുംബത്തിലെ സുഭദ്ര തമ്പുരാട്ടി. മക്കൾ നന്ദകുമാർ , സുമംഗല, സുസ്മിത. മരുമക്കൾ രോഷ്നി വർമ്മ (ഏഴുമറ്റൂർ കോവിലകം), രവിവർമ്മ പികെ (പുതിയ കോവിലകം, ബേപ്പൂർ), രഘു (അമരമ്പലം കോവിലകം).



### കേശവൻ നമ്പൂതിരി

യോഗക്ഷേമസഭ ആലപ്പുഴ ജില്ലാ കമ്മറ്റി അംഗം ഈശ്വര ശർമ്മയുടെ അച്ഛൻ മാന്നാർ ഉപസഭയിൽ മാധവപ്പള്ളി ഇല്ലത്ത് ഇ.കേശവൻ നമ്പൂതിരി (86) വിഷ്ണു പാദം പുകി. സഭയുടെ സംസ്ഥാന കമ്മറ്റി അംഗം പ്രൊഫ.ഇ.ഈശ്വരൻ നമ്പൂതിരിയുടെ ജ്യേഷ്ഠ സഹോദരനാണ്.



### കുഞ്ഞനിയൻ നമ്പൂതിരിപ്പാട്

ഒററപ്പാലം: കാഞ്ഞൂർ കുഞ്ഞനിയൻ നമ്പൂതിരിപ്പാട് (90)വിഷ്ണുപാദം പൂകി.പത്നി ആവണപ്പറമ്പ് കുടുംബാംഗം ശ്രീദേവി അന്തർജ്ജനം.



### സുധീർ പന്താവൂർ

ബോംബെ യോഗക്ഷേമസഭ സെക്രട്ടറി സുധീർ പന്താവൂർ വിഷ്ണുപാദം പൂകി. കാൻസറിനെ തുടർന്ന് ബോംബയിൽ ചികിത്സയിലായിരുന്നു.



### സാവിത്രി അന്തർജനം

മലപ്പുറം: രാമപുരം കരിങ്ങനേഴി (പാക്കാട്ട് ) സാവിത്രി അന്തർജനം അന്തരിച്ചു. കരിങ്ങനേഴി ദാമോദരൻ നമ്പൂതിരിയുടെ പത്നിയാണ്.



### വാമനൻ നമ്പൂതിരി

നമ്മുടെ അമ്മാത്ത് അഡ്മിൻ സ്വാതി നാരായണൻ്റെ അച്ഛൻ പയ്യന്നൂർ അറത്തിൽ കുടൽമന വാമനൻ നമ്പൂതിരി വിഷ്ണുപാദം പൂകി.



### ഉമ മുല്ലപ്പള്ളി

കണ്ണൂർ ജില്ലയിലെ ചെറിയൂർ മുല്ലപ്പള്ളി ഇല്ലത്തെ എം. രാജ്നാരായണൻ നമ്പൂതിരിയുടെയും ചെറുതാഴം മുണ്ടൂർ ശ്രീലതയുടെയും മകൾ എം. ഉമ (19) വിഷ്ണു പാദം പൂകി.

മംഗളൂരുവിൽ എൽ.എൽ.ബി വിദ്യാർത്ഥിയായിരുന്നു. സഹോദരൻ ദേവനാരായണൻ.



### സി.കെ.അനിൽകുമാർ

കോട്ടയം കിടങ്ങൂർ കടപ്ലാമറ്റം ചാലതുരുത്തി ഇല്ലത്ത് സി.കെ.അനിൽകുമാർ (64) വിഷ്ണുപാദം പൂകി. ഭാര്യ: ശാന്ത (തുരുത്തിയിൽ, രാമപുരം). മക്കൾ: ഉണ്ണികൃഷ്ണൻ, ദീപക്. മരുമക്കൾ: ആരതി (കല്ലിങ്ങാട്, ചേലാമറ്റം), ഗൗരി (ചെമ്പകശ്ശേരി, പെരുമ്പാവൂർ).



### നാരായണൻ നമ്പൂതിരി

പെരുമ്പാവൂരിലെ ആദ്യകാല വ്യാപാരിയായിരുന്ന കോഴിപ്പിള്ളി മന നാരായണൻ നമ്പൂതിരി (89), വിഷ്ണു പാദം പൂകി. ഭാര്യ ആര്യാദേവി അന്തർജ്ജനം, മക്കൾ: വിമലാ കൃഷ്ണൻ നമ്പൂതിരി ,പരേതനായ ഭദ്രൻ നമ്പൂതിരി ,വിപിനൻ നമ്പൂതിരി ,മരുമക്കൾ :കൃഷ്ണൻ നമ്പൂതിരി ,ചങ്ങൾശ്ശേരി മന, ജയശ്രീഅന്തർജനം, രമ്യ വിപിൻ.



### പ്രൊഫ.എ.കൃഷ്ണൻ

ഗുരുവായൂരപ്പൻ കോളേജ് ഇംഗ്ലീഷ് വിഭാഗം മേധാവിയായിരുന്ന റിട്ട.പ്രൊഫ.എ.കൃഷ്ണൻ ബാംഗ്ളൂരിൽ നിര്യാതനായി. മാങ്കാവ് 'ഗോകുല'ത്തിൽ താമസിയ്ക്കവെബാല ഗോകുലം, വിശ്വഹിന്ദു പരിഷത്ത് തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകി.തൃശ്ശൂർ ജില്ലയിലെ വരവൂർ തളിയിലെ ഏഴിക്കര ഇല്ലത്തെ അംഗമാണ്.

## സ്നേഹാഞ്ജലികൾ



**പഴങ്ങോട്ടുപൊറ്റ ശങ്കരൻ നമ്പൂതിരി**
(S/o പി.ഗോവിന്ദൻ നമ്പൂതിരി)
1900 മകരം ഉത്രട്ടാതി
1982 ചിങ്ങം പൂരാടം

**വെങ്ങല്ലൂർ ശ്രീദേവി അന്തർജനം**
(D/o വെങ്ങല്ലൂർ മാധവൻ നമ്പൂതിരി)
1914 മേടം അനിഴം
2000 മീനം കാർത്തിക



**ചെറുവക്കാട് വിഷ്ണു നമ്പൂതിരി**
S/o നാരായണൻ നമ്പൂതിരി
&പുല്ലങ്കോട് നങ്ങേലി അന്തർജനം
1928(1103) മേടം പൂരാടം
1977(1152) മേടം മൂലം

# പ്രണാമങ്ങളോടെ

പഴങ്ങോട്ടുപറ്റ മാധവൻ നമ്പൂതിരി- സി. കൃഷ്ണകുമാരി
ജയൻ-ഉമ കെ.ആർ - അക്ഷയ് മാധവ്, ആര്യ കൃഷ്ണ/ മനോജ് - ശ്രീപ്രിയ കെ.പി, അഭിനവ് മാധവ്, അഞ്ജലി കൃഷ്ണ
ശ്രീദേവി (ബീന ) - കാവുങ്ങൽ മംഗലശ്ശേരി സുബ്രഹ്മണ്യൻ -വേദസ്, ജ്യോതിസ് മാധവ്, ശ്രീരാം സുബ്രഹ്മണ്യൻ

## ആദരാഞ്ജലികൾ



എരിഞ്ഞിക്കടവത്ത് അച്ചൂറ

### കുബേരൻ നമ്പൂതിരി

**(കൊല്ലവർഷം:1063–1116)**

തളിപ്പറമ്പിൽ തൃച്ചംബരത്തെ നമ്പൂതിരി വിദ്യാലയത്തിൽ സംസ്കൃത വേദ അദ്ധ്യാപകനും വലിയ ഉൽപ്പതിഷ്ണുവുമായിരുന്നു. 1931ൽ തളിപ്പറമ്പിൽ നടന്ന യോഗക്ഷേമസഭാ സംസ്ഥാന സമ്മേളനത്തിന്റെ സംഘാടകരിൽ ഒരാളായിരുന്നു. പട്ടിശ്ശേരി പാഴൂർ മനയിലെ പാർവ്വതി അന്തർജനമായിരുന്നു പത്നി. യോഗക്ഷേമ മുൻ ഉപാദ്ധ്യക്ഷൻ കുബേരൻ നമ്പൂതിരി മകനാണ്.



യോഗക്ഷേമസഭ സംസ്ഥാന സമിതി അംഗവും സ്വസ്തി പബ്ലിഷറുമായിരുന്ന

### നാരായണൻ നമ്പൂതിരി

(പാലാഞ്ചേരി ഇല്ലം, പെരുമണ്ണ ,കോഴിക്കോട്)
വിഷ്ണുപദംപൂകിയിട്ടു മെയ്13 ന് രണ്ടു വർഷമാവുന്നു.അദ്ദേഹത്തിന്റെ ചിരസ്മരണകൾക്കു മുമ്പിൽ
**സ്വസ്തിയുടെ ആദരാഞ്ജലികൾ**

**നാടകവും സിനിമയും ചൊൽക്കൂത്തും ജീവിത വഴിയിൽ നിറച്ച്,സൗഹൃദത്തിന്റെ സ്നേഹസ്പർശത്തിലലിഞ്ഞ് , പുതുവഴി വെട്ടി നടന്നു പോയ ഒരാളുണ്ടായിരുന്നു ഇവിടെ.**

**നമ്മുടെ പ്രിയപ്പെട്ട**

### കെ.പി.പാർത്ഥസാരഥി

**കല്പകശ്ശേരി പാട്ടം , പെരുമണ്ണ, കോഴിക്കോട്**

**ഓർമ്മയുടെ മൂന്നാം വർഷം**
**23/02/2021**
**കൂപ്പുകൈകളുമായി**
**സുഹൃത്തുക്കളും കുടുംബാംഗങ്ങളും**




## ആദരാഞ്ജലികൾ









**അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു**

കൊല്ലവർഷം 1162
മീനം24ന് 1987 ഏപ്രിൽ7
കുജവാരോദയാൽപരം 25
നാഴിക 12 വിനാഴിക
ചെന്നപ്പോൾ 4.10 pm
പൂയംനക്ഷത്രത്തിൽ
ജനനം.15/8/20/6
മന്ദശിഷ്ടദശ.

**NAME:** .................VINOD K P
**ADDRESS:**...............KUNNATHMANA, P.O. KARALMANNA, CHERPULLACHER, PALAKKAD (DIST).
**FATHER:**..................PARAMESWARAN NAMBOOTHIRI (RETIRED PRIEST)
**MOTHER:**................KOMALAM (HOUSE WIFE)
**AMMATH:**................PANAMPATTA MANA,KARINGAD, VILAYOOR,KOPPAM.
**GOTHRAM:**............KASYAPA
**POSTION:**.............. ADMIN MANAGER
**ORGANISATION:**..CONFIDENT ENTERPRISES W.L.L, DOHA, QATAR.
**TELE:**................... ...+974 44135959,+974 50234707
**EMAIL:**......................vinukaralmanna@gmail.com
admin@confidententerprises.com
**EDUCATION:**......... B.COM FROM UNIVERSITY OF CALICUT
**COLLEGE:**.............. V T B COLLEGE MANNAMPATTA
**SIBLINGS:**...............VIJAY K.P ( ELDER BROTHER, Married)
**CONTACT Mob :** **9900873811, 9986027284**



അന്നും ഇന്നും
നാരായണൻ നമ്പൂതിരി
ഗീത അന്തർജ്ജനം
'ശ്രീഹരി'
അരീക്കര പടിഞ്ഞാറേ മന
നടുവട്ടം ( പോസ്റ്റ്)
കുറ്റിപ്പുറം, മലപ്പുറം ജില്ല
മൊബൈൽ: 8593972928
42th Happy Anniversary
വിവാഹസുദിനം 1979 ജനുവരി 29




CELEBRATING 42 YEARS
കളത്തിൽ ഇല്ലത്ത്
രാമൻ നമ്പൂതിരി
താമരശ്ശേരി, കോഴിക്കോട്.
S/o കൃഷ്ണൻ നമ്പൂതിരി
ഉമ അന്തർജനം
ഈശ്വരി അന്തർജനം
D/o കൃഷ്ണൻ നമ്പൂതിരി
കൊരട്ടിക്കര മന പാഞ്ഞാൾ
പാർവതി അന്തർജനം
മുട്ടത്ത് കാട്ടിൽ മാമുണ്ണ്
ആശംസകളോടെ
ഉമ കെ.ആർ-ജയൻ പി,
അക്ഷയ് മാധവ്, ആര്യ കൃഷ്ണ.
കൃഷ്ണദാസ് കെ.ആർ-ആര്യ,
ശിവറാം
രാംദാസ് കെ.ആർ-ഗൗരി,
ത്രിവിക്രമൻ
വിവാഹ സുദിനം: 2.2.1979

# ചാത്തം മറക്കാതിരിക്കാൻ

കൊല്ലത്തിലൊരിക്കലേ വേണ്ടൂ അച്ഛന്റെ ചാത്തം. പുതിയ തലമുറക്കാർക്ക് മാസവും നാളുമൊന്നും ഓർമ്മ കാണില്ല. മുത്തശ്ശിയോ അമ്മയോഓർമ്മിപ്പിക്കാനില്ലെങ്കിൽ ചാത്തം മറന്നു പോവും.ഊട്ടണമെന്ന് ആഗ്രഹിക്കുന്നവർക്ക് അത് വല്ലാത്ത വിഷമമുണ്ടാക്കും. ഇനി വിഷമിക്കേണ്ട. KIOS-IN അതെല്ലാം ഓർമ്മിപ്പിക്കും. മുത്തശ്ശിയെപ്പോലെ. മറ്റന്നാളത്തെ ചാത്തത്തെപ്പറ്റി ഇന്ന് അലർട്ട് തരും. അടുത്തെവിടെയെങ്കിലും ചാത്തം ഉണ്ണാൻ പറ്റിയ ആളുണ്ടെങ്കിൽ അക്കാര്യവും അറിയിക്കും.

ഗുരുവായൂരിനടുത്താണ് കല്ലമ്പിള്ളി ഇല്ലമെങ്കിലും ഉണ്ണികൃഷ്ണൻ ഹൈദരാബാദിലാണ് .സ്വന്തം അനുഭവമാണ് KIOS-IN ന്റെ ജനനത്തിനു കാരണമായത്. കുടുംബബന്ധങ്ങൾ ദൃഢമാക്കുവാനും അംഗങ്ങൾ ചെയ്യുന്ന സേവനങ്ങളും ഉത്പന്നങ്ങളും പരസ്പരം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് കെജിഎം ട്രസ്റ്റ് ഡിജിറ്റൽ ഫാമിലി ഡയറക്ടറി തയ്യാറാക്കിയത്. പുതു തലമുറയിലെ കുട്ടികൾക്ക് പോലും ലളിതമായി കുടുംബ ബന്ധങ്ങളും വേരുകളും തിരിച്ചറിയുവാനും പരസ്പരം സംവദിക്കുവാനുംആഘോഷിക്കുവാനും കഴിയുന്നു.

നിലവിൽ 40 ൽ പരം ഇല്ലങ്ങളും, പ്രണവം (ഹൈദരാബാദ് യോഗക്ഷേമസഭ) എൻ.എസ്.എസ് ഹൈദരാബാദ് തുടങ്ങിയ സംഘടനകളും125ൽ പരം സേവന ദാദാക്കളും KIOS-IN ന്റെ ഒപ്പം നിൽക്കുന്നു.കലാമണ്ഡലം ശ്രീജ നയിക്കുന്നഓൺലൈൻ ക്ളാസിക്കൽ ഡാൻസ് ക്ളാസ്, രവി കിഴക്കിനിയേടം, സുഷമ,ശ്രീലക്ഷ്മി തുടങ്ങിയ 25 ലധികംഅദ്ധ്യാപകർ ഓൺലൈൻ വഴി നടത്തുന്ന കോച്ചിംഗ് ക്ലാസുകൾ എന്നിവയുണ്ട്.അവർക്കു വരുമാനതോടൊപ്പം കുട്ടികൾക്ക് ഏറെ ഗുണകരവുമാകുന്നു.

ഓട്ടോമേറ്റഡ് ഇവന്റ്സ് ഡിസ്പ്ളേ സിസ്റ്റത്തിലൂടെ നക്ഷത്ര പ്രകാരം പിറന്നാൾ ഒരു ദിനം മുമ്പേ അറിയിപ്പ് ലഭിക്കും. നക്ഷത്രം /തിഥി പ്രകാരം ശ്രാദ്ധങ്ങൾ രണ്ടു ദിവസം മുമ്പേ അറിയിപ്പ് ലഭിക്കും. അന്നേദിവസം ഡിസ്പ്ളേ ചെയ്യുന്നത് മൂലം മറക്കാതിരിക്കാനും ഉപകരിക്കും. ചാത്തംമുടങ്ങാതെ ആചരിക്കാൻ ഇതു മൂലം കഴിയുന്നു. മാത്രമല്ല മറ്റുള്ളവർക്ക് ആശംസകളും ഉപചാരങ്ങളും അർപ്പിക്കുവാനും അവസരമൊരുങ്ങുന്നു. ഇതാണ് ലിങ്ക് https://play.google.com/store/apps/details?id=com.SecureSoft.KIOSK

കൂടുതലറിയാൻ വിളിക്കാം.

**ഉണ്ണികൃഷ്ണൻ നമ്പൂതിരി**
**മൊബൈൽ: 9550045994**



*ഭോപ്പാലിലെ യോഗക്ഷേമം പ്രവർത്തകർ*

## ഭോപ്പാലിലെ ഗണപതി നിവേദ്യം

ഇന്ത്യയുടെ മദ്ധ്യത്തിലാണ് മദ്ധ്യപ്രദേശ്. അതിന്റെ തലസ്ഥാനം ഭോപ്പാലും. ഇവിടെയുമുണ്ട് യോഗക്ഷേമം. സാംസ്കാരിക മന്ത്രാലയത്തിനു കീഴിലുള്ള ഇന്ദിരാഗാന്ധി രാഷ്ട്രീയ മാനവസംഗ്രഹാലയത്തിലെ വാർഷികത്തിനു യോഗക്ഷേമം ഭോപ്പാലിന്റെ അംഗങ്ങളെ ക്ഷണിക്കാറുണ്ട്. അതിന്റെ പരിപാടികൾ ആരംഭിക്കുന്നത് യോഗക്ഷേമത്തിന്റെ ഗണപതി നിവേദ്യത്തോടെയാണ്. നമുക്കു ലഭിക്കുന്ന അംഗീകാരങ്ങളിലൊന്നാണ് ഇത്.

നാട്ടിലെ അധികം പേർക്കും അറിയില്ലെങ്കിലും. മംഗലപ്പിള്ളി നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിലാരംഭിച്ച പഴയ യോഗക്ഷേമം ഇപ്പോഴുമുണ്ട്. ഇപ്പോൾ തെക്കെ കടലായിൽ കൃഷ്ണൻ നമ്പൂതിരി, അവിഞ്ഞിക്കാട് പ്രേമചന്ദ്രൻ,നെൻമിനിശേരി ശിവദാസൻ നമ്പൂതിരി,ചെമ്മങ്ങാട്ട് വിജയൻ നമ്പൂതിരി, കല്ലറ മഠം നന്ദകുമാരൻ ഭട്ടതിരി, പാലൂർ മംഗലത്ത് മഠത്തിൽ ദിവാകരൻ നമ്പൂതിരി കുമ്പന മഠത്തിൽ ജയദേവൻ, മോഹനൻ ഇളയത് തുടങ്ങിയവരെല്ലാം കുടുംബസമേതം ഭോപ്പാലിലുണ്ട്. വർഷത്തിൽ രണ്ടു മൂന്നു തവണ ഉത്തു ചേരും. ചിലപ്പോൾ വിനോദയാത്രയും നടത്തും. അംഗങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ പ്രയാസങ്ങൾ ഉണ്ടാവുമ്പോൾ സഹായിക്കാനും സഭ ഒത്തു ചേരാറുണ്ട്. അംഗബലം കുറവെങ്കിലും ഓണവും ആഘോഷങ്ങളും കൊണ്ടാടാറുമുണ്ട്.

**ആര്യ നന്ദകുമാർ.**
Flat No: 3/106 Soumya Evergreen, Near Mansarovar Dental college, Hinotiya Aalam, Kolar road, Bhopal,Pin 462042 Madhya pradesh **Mobile 9827433369**



***കേരളത്തിലെ പ്രമുഖ വൈദികരും കർമ്മികളും ഒറ്റ സ്ക്രീനിൽ:***
*വലത്ത് നിന്ന് ഇടത്തോട്ട് ചെറുമുക്ക് വൈദികൻ ശ്രീധരൻ നമ്പൂതിരി, കൈമുക്കു വൈദികൻ നാരായണൻ നമ്പൂതിരി, തൈക്കാട് വൈദികൻ കേശവൻ നമ്പൂതിരി, കൈമുക്കു വൈദികൻ രാമൻ അക്കിത്തിരിപ്പാട്, ചെറുമുക്ക് വൈദികൻ വല്ലഭൻ അക്കിത്തിരിപ്പാട് , ഭട്ടിപുത്തില്ലത്ത് രവി അക്കിത്തിരിപ്പാട്, കൗപ്രമാറത്ത് ശങ്കരനാരായണൻ അക്കിത്തിരിപ്പാട്, ഭട്ടിപുത്തില്ലത്ത് രാമാനുജൻ അക്കിത്തിരിപ്പാട്,അഗ്രപൂജക്ക് കേരളത്തിലെ ആറ് പാരമ്പര്യ വൈദികരെയും കാലുകഴുകിച്ച തവനൂർ പരമേശ്വരൻ സോമയാജിപ്പാട് യജിച്ച (അന്ന് അടിതിരിപ്പാട് ) ചരിത്രപ്രസിദ്ധമായ പന്നിയൂർ സോമയാഗത്തിന് ഇടയിൽ എടുത്ത ചിത്രം.*

**ഒരു സമുദായ പ്രസിദ്ധീകരണത്തിനു ലഭിക്കുന്ന പതിഞ്ഞ സ്വീകരണമല്ല സ്വസ്തിയുടെ വിശേഷാൽപ്പതിപ്പിനു ലഭിച്ചത്. ധാരാളം പേർ പ്രതികരിച്ചു. എല്ലാം ഉൾക്കൊള്ളിക്കാനാവാത്തതിൽ ഖേദമുണ്ട്. എങ്കിലും വായനക്കാരുടെ ഏതാനും ഹൃദ്സ്പന്ദനങ്ങൾ ഇവിടെ കുറിക്കുന്നു**



# അമൂല്യമായ ഒന്നായി സൂക്ഷിക്കും

ഇഷ്ടം പോലെ സംബന്ധം നടത്തുന്നവരായി ചിത്രീകരിക്കപ്പെട്ട നമ്പൂതിരിമാരുടെ അവസ്ഥ എന്തായിരുന്നു എന്ന് മനസ്സു തൊടും വിധം പറഞ്ഞ ആറാം വേളിയിലെ മകൻ പരിയാനമ്പറ്റയുടെ കഥ പുതിയ തലമുറക്ക് പകർന്നു കൊടുത്തതിന് സ്വസ്തിക്ക് നന്ദി. വെടിപ്പായി ചെയ്തിട്ടുണ്ട്. സത്യാ പറയാലോ, സന്തോഷായി. കാർന്നോമാരുടെ അനുഭവങ്ങൾ പങ്കുവെക്കാൻ വേദി ഇല്ല്യാണ്ടായി. അനവധി ജീവിതാനുഭവങ്ങൾ ഉള്ളോരാ പഴയ തലമുറ. അങ്ങനെയുള്ള ഒരു അമൂല്യമായ ഒരു റൈറ്റപ്പാണ് ഇത്. ഞാൻ ഇതെന്തായാലും അമൂല്യമായ ഒന്നായി കരുതി സൂക്ഷിച്ചു വയ്ക്കും.

**ജയനാരായണൻ**
നടുവത്ത് മന,പി.ഒ പെരിങ്ങോട്
പിൻ 679535, മൊബൈൽ 7025882452

## പാപ്പു ഓപ്പോളുടെ മകൻ

വാസുേട്ടനെപ്പറ്റിയുള്ള വിവരങ്ങൾ കൗതുകത്തോടെ വായിച്ചു വി.ടിയുടെ പാപ്പു ഓപ്പോളുടെ മകൻ ഇവിടെ അടുത്ത് താമസിക്കുന്ന വിവരം കൌതുകംതന്നെ.

**എ.ആർ.രവി നമ്പൂതിരി,**
ആനാമ്പറമ്പ് മന, എരവിമംഗലം
തൃശൂർ 680751 മൊ: 8547315329

## നമസ്കരിക്കുന്നു


ആറാം വേളിയിലെ മകനെക്കുറിച്ചുള്ള ലേഖനം രണ്ടോ മൂന്നോ തവണ വായിച്ചു. ഗംഭീരം എന്ന ഒറ്റവാക്കിൽ എന്റെ അഭിപ്രായം ഒരുക്കുന്നു. അദ്ദേഹത്തെ നമസ്കരിക്കുന്നു.

**മുരളി മൂത്തേടം,**
വിയ്യൂർ,തൃശൂർ 94961 26084

## പഴയ ചരിത്രങ്ങൾ

ക്ഷത്രിയനായതുകൊണ്ടും നമ്പൂതിരിമാരുടെ ഇടയിൽ അധികം ഇടപഴകാത്തതു കൊണ്ടും പഴയ ചരിത്രങ്ങൾ മുഴുവൻ പിടിയില്ല. പരിയാനമ്പറ്റക്കാരെ കുറിച്ച് വായിച്ചപ്പോൾ കുറെ അധികം കാര്യങ്ങൾ മനസ്സിലായി.

**കെ.ടി. കേരളവർമ്മ,** ഹരിശ്രീ,
സർഗ്ഗം റോഡ്, പി.ഓ.ദേശം.
ആലുവ പിൻ: 683 102 മൊബൈൽ: 9446215059




## വിയോജിക്കുന്നു

നമ്മുടെ സമുദായത്തിന്റെ പുരോഗതിയ്ക്കും ഉന്നമനത്തിനും വേണ്ടി ത്യാഗവും ബുദ്ധിമുട്ടും സഹിച്ചവരുടെ കഥയാകട്ടെ മുമ്പിൽ. അതാണ് നമുക്ക് ആവേശം തരുന്നതും നമ്മൾ പഠിയ്ക്കേണ്ടതും. അല്ലാതെ നമുക്ക് തന്നെ നാണക്കേട് തോന്നുന്ന കാര്യങ്ങൾ ചെയ്തതിന് വലിയ പ്രാധാന്യം കൊടുക്കണോ?

**രമേശൻ പുല്പറമ്പിൽ**
പെരുമണ്ണ ഉപസഭ, കോഴിക്കോട്
മൊബൈൽ: 9447078612

## പരിയാനംപറ്റ കേമായി

പരിയാനം പറ്റ അപ്ഫൻ കേമായി. വീണ്ടും വായിച്ചാലേ ആറുവേളി, മക്കൾ മരുമക്കൾ ഒക്കെ മനസ്സിലിരിയ്ക്കൂ.ഇദ്ദേഹത്തെ ഞാൻ മൂന്നു കൊല്ലം മുമ്പ് പരിചയപ്പെട്ടിരുന്നു, ദില്ലിയിൽ വെച്ചു.

**സവിത കരിയന്നൂർ,**മയൂർവിഹാർ,
ന്യൂഡെൽഹി,മൊബൈൽ: 9811133981

## ഇശ്ശ്യാമത്തെ വേളി

നമ്പൂതിരിമാർ വെടിവട്ടം നടത്തിയിരുന്ന കാലത്തു വ്യവസായം തുടങ്ങിയ അവണൂർ അച്ഛനേയും അത് ഇപ്പോഴും പ്രഗത്ഭമായി നടത്തി കൊണ്ടിരിക്കുന്ന മകനേയും പറ്റിയുള്ള ഒരു നല്ല ലേഖനം. നമ്പൂതിരി സമുദായത്തിന്റെ ഇന്നത്തെ ആകുലതകളും പ്രതീക്ഷകളുമൊക്കെ വ്യക്തമാക്കുന്ന എത്രയോ കുറിപ്പുകൾ. ഇരുപതാം നൂറ്റാണ്ടിലെ നമ്പൂതിരിയുടെ ജീവിതം വരച്ചു കാണിക്കുന്ന ഒരു ഫീച്ചർ കൂടിയുണ്ട്. പരിയാനംപറ്റ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ ജീവിത കഥ. ഒരു നൂറ്റാണ്ടിന്റെ കഥ . അപ്ഫന്മാർ വേളി കഴിക്കാത്ത ആ കാലത്ത് ഇശ്ശ്യാമത്തെ വേളി കഴിക്കാൻ നിർബ്ബന്ധിതനായ ഒരച്ഛന്റെ മകനായി ജനനം. ഇന്നു ചിന്തിക്കാൻ പോലും പറ്റാത്ത അന്നത്തെ ജീവിതം എത്ര സരസമായാണ് വിവരിക്കുന്നത്. പഴയ നമ്പൂതിരിമാർക്കുണ്ടായിരുന്ന ഫലിതം ഇവിടെയും അനുഭവിക്കാം. അന്നത്തെ കാലം കഴിഞ്ഞു വന്ന അദ്ദേഹത്തിന് ഇന്നത്തെ വിഷമതകൾ ഒന്നും ഒരു പ്രശ്നമായി തോന്നുന്നില്ലായിരിക്കാം. നല്ല വായനാനുഭവം തന്ന ഒരു പ്രസിദ്ധീകരണം.

**വി.ജി. കൃഷ്ണൻ നമ്പൂതിരിപ്പാട്**
വടക്കില്ലത്ത് മന, പാഴൂർ,
പിറവം, മൊബൈൽ: 9846220429

## ആറാം വേളിയിലെ മകൻ

ഹൃദയസ്പർശിയാണല്ലോ എഴുത്ത്.എത്രയോ അമ്മാത്ത്, ഇല്ലങ്ങൾ. എന്തൊരു ജീവിതം.'അച്ഛമ്പ്രാന്തിരുവുള്ളക്കേട് ഉണ്ടാക്കൽ'. ഇത്രത്തോളം പോന്ന അനുഭവം മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. പലപ്പോഴും ഞാൻ കണ്ടിട്ടുള്ള ആൾക്ക് ഇത്ര വലിയ ജീവിതമാണല്ലോ എന്നതിൽ ആശ്ചര്യം തോന്നി.

**ലിന്റ ടി.എ,**ചാഴൂർ ചാണ്ടി ഹൗസ്
വിഷ്ണുമായ ക്ഷേത്രസമീപം,
പി.ഒ മുളങ്കുന്നത്തു കാവ്,
തൃശൂർ,പിൻ:60581 മൊ: 7356572410

## എൻറെ ഇല്ലവും ഉണ്ട്

പരിയാനമ്പറ്റ ചതുഷ്കോണ മാറ്റവിവാഹങ്ങളിൽ എൻറെ ഇല്ലവും ഉണ്ട്. വിവരണത്തിൽ ഒരു പിശകുണ്ട്. ചെറമംഗലത്തു നിന്ന് മുതുകുർശിയിലേക്ക് കൊടുത്തത് എൻറെ അച്ഛൻറെ ഓപ്പോളെയാണ്. അച്ഛൻ അക്കരക്കുറുശ്ശിനിന്ന് വിവാഹം ചെയ്തത് എൻറെ അമ്മയെയും. പരിയാനമ്പറ്റയിൽ നിന്ന് സഹോദരിയെയല്ല, മകളെ കൊടുക്കാനാണ് അക്കരക്കുറിശ്ശി വേളിയുണ്ടായത്. അതും അഞ്ചാമത്തെ. എൻറെ മുത്തച്ഛനാണ് വേളി കഴിച്ചത്. ഇല്ലത്തുനിന്ന് മുതുകുർശിക്ക് കൊടുത്ത പേരശ്യമ്മക്കും അമ്മാത്തെ(അക്കരക്കുറുശ്ശി)മുത്തശ്യമ്മക്കും കുട്ടികൾ ഉണ്ടായില്ല. എൻറെ അമ്മ മരിച്ചിട്ട് 78 വർഷമായി. ഈ നാലു അമ്മമാരിൽ ഒടുവിൽ മരിച്ചത് മുത്തശ്യമ്മയാകും.40 വർഷമെ ആയിട്ടുള്ളു. ഇല്ലത്ത് അക്കരക്കുറുശ്ശി മരുമക്കളിൽ എന്നെക്കൂടാതെ ഓപ്പോൾ മാത്രമെ ഇപ്പോഴുള്ളൂ.

**സി എം ദാമോദരൻ നമ്പൂതിരിപ്പാട്**
ചെറമംഗലം മന
മൊബൈൽ , 9895598496;

## പരിയാനമ്പറ്റ നന്നായി

പരിയാനമ്പറ്റ കുടുംബത്തെ പറ്റിയുള്ള കുറിപ്പ് വായിച്ചു.വളരെ നന്നായി ചിത്രീകരിച്ചിരിക്കുന്നു.സന്തോഷം.

**രവീന്ദ്രൻ,തുറനെല്ലൂർ മന,**
അന്നമനട,മൊബൈൽ: 9847198518

## തിരിച്ചറിയേണ്ട കാലം

പരിയാനംപറ്റ വാസുദേവൻ നമ്പൂതിരിയെക്കുറിച്ചുള്ള ലേഖനം വായിച്ചു.ഒരു സമുദായത്തിന്റെ തികച്ചും അർത്ഥവത്തും പ്രസക്തവുമായ മറുമുഖമാണിത്. നന്മയും തിന്മയും ലോകത്തിലെ സകലതിലും ഉണ്ട്. ബ്രാഹ്മണ സമുദായത്തിന്റെ തെറ്റുകൾ മാത്രം ചൂണ്ടിക്കാണിച്ചു കൊണ്ടേയിരിക്കുന്ന ഇക്കാലത്ത് നന്മയുടെ മുഖങ്ങൾ കാണാതെ പോകുന്നു, നന്മയുടെ നിറവിലേക്ക് വിരൽ ചൂണ്ടുന്ന ജീവിതരീതികൾ ഒക്കെ തിരിച്ചറിയേണ്ട കാലം അതിക്രമിച്ചു. അതിന് ഈ ലേഖനം തികച്ചും സഹായകം തന്നെ.

**പരമേശ്വരൻ നമ്പൂതിരി**
കൊങ്ങോർപ്പിള്ളി മന
തൃശൂർ, മൊബൈൽ: 94963 73804

## ഇതു വരെ വായിക്കാത്തവ

ആറാം വേളിയിലെ മകൻ. ഇതു വരെ ഇത്തരമൊന്ന് വായിച്ചിട്ടില്ല. മാഡം ഗാന്ധിയുടെ മാധവ്ജിയും അതു പോലെ. ഇതു വരെ വായിക്കാത്ത വിശേഷങ്ങൾ ആ ഫീച്ചറിലുണ്ട് .രണ്ടാൾക്കു കൂടി സ്വസ്തി വേണം .ഈ പതിപ്പു മുതൽ തന്നെ അയക്കണേ. വരിസംഖ്യ ജി പേ ചെയ്യുന്നു.

**ഡോ : കെ.എൻ.ശശികുമാർ**
കോൽപ്പുറത്തു മന
ചാക്കാന്തറ, പി.ഓ.പറളി, പാലക്കാട്
പിൻ 678612 മൊബൈൽ:9446148132

## വേറിട്ടു നിൽക്കുന്നു

Don't Judge A Book By It's Cover എന്നു പാശ്ചാത്യർ പറയും, എങ്കിലും ഒരു പുസ്തകം വായിക്കാൻ തോന്നിക്കുന്ന ഘടകങ്ങളിൽ ഒന്നു തന്നെ ആണ് അതിന്റെ കവർ പേജ് ,പ്രിന്റിംഗ് ക്വാളിറ്റി തുടങ്ങിയവ. സ്വസ്തിയുടെ വിശേഷൽ പതിപ്പ് വേറിട്ടു നിൽക്കുന്നത് ഉള്ളടക്കം കൊണ്ടു മാത്രമല്ല. മുഖ്യധാര മാധ്യമങ്ങളിൽ മാത്രം കണ്ട് ശീലിച്ച ഒരു വായനാനുഭവം സ്വസ്തിയുടെ വിശേഷൽ പതിപ്പിനു നൽകാനായി .പേപ്പർക്വാളിറ്റി, ലേഖനങ്ങൾ, ചിത്രങ്ങൾ, പരസ്യങ്ങൾ ഇവയെല്ലാം നന്നായി ചെയ്തിരിക്കുന്നു.നല്ല വിഷയങ്ങൾക്ക് നല്ല തലകെട്ടുകൾ കൂടി ആയപ്പോൾ സ്വസ്തിക്ക് മാറ്റു കൂടി.

**വിഷ്ണു നാരായണൻ**
ചെറുകുന്നത് മന (അങ്ങാടിപ്പുറം)
മൊബൈൽ: 9746161097

# ആ ആറാം വേളിക്കാരി എന്റെ മുത്തശ്ശ്യമ്മയാണ്



**ഉമ രാമൻ**

ആ ആറാം വേളിക്കാരി എന്റെ മുത്തശ്ശ്യമ്മയാണ്.മുതുകുർശ്ശി ഇല്ലത്തെ മകൾ.മുത്തശ്ശ്യമ്മക്കു ഏകദേശം പതിനാറു വയസ്സുള്ള സമയത്താണ് മുതുകുർശ്ശിയിലേക്കു വി ടി ഭട്ടതിരിപ്പാട് ഓത്തുപഠിക്കാൻ എത്തിച്ചേർന്നത്. ആ സമയത്തു മുത്തശ്ശ്യമ്മയുടെ കൊടുക്ക (വിവാഹം) കഴിഞ്ഞിരുന്നില്ല്യ.


വി ടി ഉണ്ണിയായോണ്ട് മുത്തശ്ശ്യമ്മമാരോടും അമ്മമാരോടും പെൺകിടാങ്ങളോടുമൊക്കെ സംസാരിക്കാൻ പറ്റുമായിരുന്നു. വിശ്രമസമയങ്ങളിൽ കൂടുതൽ സമയവും സംസാരിക്കുന്നതു 'പാപ്പുവോപ്പോളേ' എന്നു വിളിക്കുന്ന പതിനാറുകാരിയായിരുന്ന എന്റെ മുത്തശ്ശ്യമ്മയോടായിരുന്നു. പാപ്പുവോപ്പോളെ വയസ്സനു വേളി കഴിച്ചു കൊടുക്കുമെന്നൊക്കെപ്പറഞ്ഞു മുത്തശ്ശ്യമ്മയെ കലശലുകൂട്ടിക്കൊണ്ടിരിക്കുന്ന ഒരു ദിവസം മുത്തശ്ശ്യമ്മ വി ടി യോടു ചോദിച്ചു - ഓത്തു പഠിത്തം കഴിഞ്ഞാൽ ഉണ്ണി എന്താ ചെയ്യാ...?

ഏതെങ്കിലും കോലോത്തുപോയി സംബന്ധംചെയ്തു സുഖായി കഴിയും എന്ന വി.ടിയുടെ മറുപടികേട്ടു മുത്തശ്ശ്യമ്മ തിരിച്ചു വി.ടിയെയും കലശലു കൂട്ടി പറഞ്ഞു: 'നിങ്ങളിങ്ങനെ ചെറുപ്പക്കാരായുള്ള ഉണ്ണിനമ്പൂരാർ അവിടെയും ഇവിടെയും സംബന്ധം ചെയ്തു നടന്നതുകൊണ്ടാണ് ഞങ്ങളെപ്പോലെയുള്ള ചെറുപ്പക്കാരെ വയസ്സന്മാർ വേളി കഴിക്കുന്നത്' വി.ടിയുടെ മനസ്സിൽ ആ വാചകം വല്ലാതെ സ്പർശിച്ചു.

അന്നത്തെക്കാലത്തു ഇല്ലത്തിന്റെ സ്വത്തുപോകാതിരിയ്ക്കാൻ മൂസ്സാമ്പൂരി(മൂത്തമകൻ) മാത്രമേ സ്വജാതിയിൽനിന്നു വേളി കഴിക്കൂ. അതുകൊണ്ടു പെൺകിടാങ്ങൾ വിവാഹം കഴിയാതെ നിൽക്കാൻ തുടങ്ങി. കന്യകയായി മരിക്കുന്നതു ഇല്ലത്തിനു ശാപമാണെന്നുള്ളതുകൊണ്ടു എങ്ങനെയെങ്കിലും കുട്ടിയെ കൊടുക്കണം എന്നേ കാർന്നോന്മാർക്കുണ്ടാവുള്ളൂ.അതിനു പ്രതിവിധിയെന്നോണം മൂസ്സാമ്പൂരിക്കു ഒന്നിലേറെ വിവാഹം കഴിയ്ക്കാമെന്നു നിയമംവച്ചു. ആശങ്കപ്പെട്ടതുപോലെത്തന്നെ എന്റെ മുത്തശ്ശ്യമ്മയെ വയസ്സനായ എന്റെ മുത്തശ്ശൻ വിവാഹം കഴിക്കുകയാണുണ്ടായത്.

ഓത്തുചൊല്ലൽ അവസാനിച്ചു മുതുർശ്ശിയിൽനിന്നു പോയ വി.ടി പിന്നീടു നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ പ്രവർത്തിക്കാൻ മുന്നിട്ടിറങ്ങുകയാണുണ്ടായത്.ഇതിന്റെ ഫലമായി അന്തർജ്ജനങ്ങൾക്കു പലവിധ സ്വാതന്ത്ര്യങ്ങളും നേടിയെടുക്കാനും ഇല്ലത്തെ എല്ലാ പുരുഷന്മാർക്കും വേളി കഴിക്കാനും വിധവാവിവാഹവും മിശ്രവിവാഹവുമൊക്കെ നടത്തിപ്പിക്കാനും സാധിച്ചു.ഇത്തരം അനാചാരങ്ങൾക്കെതിരെ ആഞ്ഞടിക്കണമെന്നു തോന്നിപ്പിക്കാൻ പാപ്പുവോപ്പോളുമായുണ്ടായ സംസാരം പ്രചോദനമായിയെന്നു വി ടി യുടെ ആത്മകഥയിൽ അദ്ദേഹം എഴുതിയിട്ടുണ്ട്.

(ആറാം വേളിയിലെ മകന്റെ മകൾ ഉമാ ാമൻ എഴുതിയത്.മലപ്പുറം ത്രിപുരാന്തക ക്ഷേത്രത്തിലെ ശാന്തിക്കാരനായ കരിപ്പം രാമൻ നമ്പൂതിരിയുടെ പത്നിയാണ്. സോഷ്യൽ മീഡിയയിൽ അനുഭവക്കുറിപ്പുകൾ എഴുതാറുണ്ട്. മൊബൈൽ: 9847771883)



## 3 മണിക്കൂർ അടുത്താണ് ഞാൻ!

വൈമാനികൻ നമ്പൂതിരിയെപ്പറ്റി ലേഖനം വളരെ ഉചിതമായി! വിമാനം അപകടപ്പെട്ട സ്ഥലത്തു നിന്നും 3 മണിക്കൂർ അടുത്താണ് ഞാൻ! ആ 'ലോക'ത്തെയും കാലത്തെയും പറ്റി, കാപ്റ്റന്റെ ജീവിതത്തെപ്പറ്റി, പുതിയ വിവരങ്ങളും പൊന്തി വരുന്നു!വിവരങ്ങൾ വഴിയെ.


**പദ്മശ്രീ സത്യനാരായണൻ മുണ്ടയൂർ**
അരുണാചൽ പ്രദേശ്,മൊബൈൽ:9436228613

# ഭംഗിയാർന്ന മാലകെട്ടൽ

രക്ഷന്തി പുണ്യാനി പുരാകൃതാനി എന്നു മാത്രമേ പറയാനുള്ളു. മുഖപ്പത്തിയിൽ ഇല ഇട്ടു തന്നത് അസാധാരണനായ പിതാവിന്, സാധാരണക്കാരനായ മകന് അല്ല എന്നും അറിയാം. അനഭിഗമ്യനായ പി.എം. മാധവൻ മുതൽ എത്രയെത്ര വ്യക്തിത്വങ്ങൾ, അഭിരുചികൾ അണിനിരത്തിയിരിക്കുന്നു. പല പലപൂക്കൾ. ഇഷ്ടപ്പെട്ടതു തിരഞ്ഞെടുത്ത് ഭംഗിയാർന്ന മാലകെട്ടൽ എളുപ്പമല്ല. സ്വസ്തിയിലെ എല്ലാ മാലാകാരന്മാർക്കും അഭിനന്ദനം.

**വി.ടി വാസുദേവൻ**
മേഴത്തൂർ,മൊബൈൽ:9447837902

## വാനിൽ ചന്ദ്രനെ പോലെ



സ്വസ്ഥമായിട്ടുറങ്ങിയിട്ടെത്ര നാൾ
സ്വസ്ഥത കൊണ്ടുപോയി കൊറോണയും
സ്വസ്ഥമായൊന്നു നോക്കുവാൻ സ്വസ്തിയും
സ്വസ്തി കിട്ടുവാനെത്ര നാൾ കാക്കണം
മൂന്നു മാസമോ മൂന്നു യുഗങ്ങളായ്
മൂകതയാണ്ടു മൂലയിലായപോൽ
മൂന്നു മാറ്റിട്ടു മാസമൊന്നാക്കണം
വാനിൽ ചന്ദ്രനെ പോലെയി സ്വസ്തിയും

**കണ്ടമംഗലം**
**നാരായണൻ നമ്പൂതിരി,**
ചാത്തമംഗലം,
മൊബൈൽ: 8547813272

## സ്വസ്തിപ്രാപ്തി സദാ വരിച്ചു

യോഗക്ഷേമമതങ്ങു പൂത്തു സഫലം ലോകാസമസ്ത സുഖം
സ്വസ്തിപ്രാപ്തി സദാ വരിച്ചു വിജയം കൈക്കൊണ്ടു മുന്നേറിടാൻ
വിഘ്നം നീക്കി നയിക്ക നേർവഴി വരിച്ചീടാൻ ഗണേശാ പ്രഭോ
ഉൾക്കാമ്പിൽ പരമാത്മബോധമതിനൊത്തെന്നും ജയം നേടിടാൻ.

**കളം രാമൻ നമ്പൂതിരി** താമരശ്ശേരി ഉപസഭ മൊബൈൽ: 9446533393

## അറിവ് പകരൽ നന്നായി

പൂർവ്വകാല മഹത്തുക്കളെക്കുറിച്ചു അറിവ് പകരൽ നന്നായി. സമുദായം ഇന്ന് നേരിടുന്ന പ്രതിസന്ധികളെയും കുറിച്ചുള്ള അഭിപ്രായങ്ങൾ വിഷയമാക്കിയതുംനന്നായി.

**സരസ്വതി. പി.എം**
ഇടമന ഇല്ലം,കണ്ണാടി.പി.ഒ,
പാലക്കാട്.ജില്ല,ഫോൺ.6282234663

## ഒറ്റയിരിപ്പിന് തീർത്തു

വിഷയവൈവിധ്യത്താലും അവതരണശൈലീ ഭംഗിയാലും ഏറെ ആകർഷണീയം.വിശേഷാൽപ്പതിപ്പ് പൂർണ്ണമായും ഒറ്റയിരിപ്പിന് വായിച്ചു തീർത്തു.

**നന്ദകുമാർ.കെ** കൊണവൂർ ഇല്ലം,
കിള്ളിമംഗലം പി.ഓ. തൃശൂർ ജില്ല,
മൊബൈൽ: 8921447887

## അഭിമാനം തോന്നി

വിശേഷാൽപ്പതിപ്പ് വായിച്ചു.അഭിമാനം തോന്നി. ഓരോ ഇല്ലങ്ങളിലും ആചരിച്ചു വരുന്ന പരമ്പരാഗത ആചാരങ്ങൾക്ക് ഒരു പേജ് നീക്കി വച്ചാൽ നന്നായിരുന്നു. അർത്ഥത്തിന്റെ ആഴങ്ങളിലേയ്ക്ക് പോയാലേ മന്ത്രത്തിന്റെ ഗൗരവം ഇനിയുള്ള തലമുറയ്ക്ക് ഉൾക്കൊള്ളാനും പിന്തുടരാനും കഴിയൂ.അതിനാൽ സ്വസ്തി ഇത്തരം കാര്യങ്ങളിൽ ബോധവൽക്കരണം നടത്തണം .**രാമനുണ്ണി,**
കരുമകൻ കാവ് മുല്ലപ്പള്ളി,അഴിഞ്ഞിലം
മൊബൈൽ:+91 99474 13193

## അക്ഷരത്തെറ്റുകൾ പാടില്ല

ഒക്ടോബർ ലക്കം രണ്ടുവട്ടം വായിച്ചു.സന്തോഷമായി.സാനിറ്റൈസേഷൻ കഥയോട് യോജിക്കാൻ വിഷമം തോന്നി. തോമസുകുട്ടി കീടനാശിനിയിൽ തന്റെ അവസാന കടമ നിറവേറ്റുന്നു.ആത്മഹത്യയെ ചിത്രീകരിക്കുന്ന ദുരന്തപര്യവസായിയാക്കുന്ന കഥകൾ ഒഴിവാക്കണം.അക്ഷരത്തെറ്റുകൾ ഒട്ടും പാടില്ല. പ്രൂഫ് റീഡിംഗ് കണിശമാക്കണം.പേജ് 27ലെ കവിതയിൽ വ്യഥയല്ല. വൃഥയാണ്. പേജ് എഴുപതിലെ ചുവന്ന റോസാപ്പൂവിൽ അവൻ എന്നു വേണ്ടിടത്ത് വൻ എന്നേയുള്ളൂ. അ ഇല്ല.

**ശങ്കരൻ നമ്പൂതിരി,**
കോരമ്പറ്റ ഇല്ലം. ചാത്തമംഗലം
മൊബൈൽ: 9946438951

## അക്ഷരത്തെറ്റുകൾ

അൽപം ഉണ്ട്. അതുകൂടി പരിഹരിക്കണം. **അനിൽ നമ്പൂതിരി,**
കാഞ്ഞിരപ്പള്ളി ഇല്ലം, മതിൽ ഭാഗം
ശ്രീവല്ലഭക്ഷേത്രത്തിനു സമീപം
തിരുവല്ല,മൊബൈൽ 94464 72145

## രണ്ടെണ്ണം വാങ്ങുന്നു

ഇല്ലത്തു ഒരു സഹോദരൻ നല്ല മാസികകൾ രണ്ടെണ്ണം വാങ്ങുന്നയാളാണ്. ഒന്ന് പോയാലും മറ്റൊന്ന് ഉണ്ടല്ലോ. നല്ല മാസികയുടെ കൂട്ടത്തിലാണ് സ്വസ്തി. സ്വസ്തിയും രണ്ടെണ്ണം വീതം വാങ്ങുന്നു. **ശങ്കരനാരായണൻ,**
പാലയൂർ മന, പഴഞ്ഞി, കുന്ദംകുളം
മൊബൈൽ : +971 50 4980513

## അത് തെറ്റാണ്

കലാമണ്ഡലത്തിലെവിദ്യാർത്ഥിയായ തീർത്ഥാരാജിനെക്കുറിച്ചുള്ള കുറിപ്പ് കണ്ടു. ഒരു വർഷം അവിടെ അയ്യായിരത്തോളം കുട്ടികൾ പ്രവേശനത്തിനെത്തുന്നു എഴുതിക്കണ്ടു. അത് വസ്തുതാപരമായി തെറ്റാണ്. ശരാശരി മുന്നൂറ്റമ്പത് കുട്ടികളാണ് ഒരു വർഷം പ്രവേശനത്തിനെത്താറ്. കുറെ വർഷമായി കലാമണ്ഡലത്തിലെ പല സമിതികളിലും ഔദ്യോഗികമായി പ്രവർത്തിക്കുന്ന വ്യക്തിയാണ് ഞാൻ.2015മുതൽ 2018 വരെ അക്കാഡമിക് ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. ഈ മാസികയെക്കുറിച്ച് തെറ്റായ ധാരണ ഉണ്ടാവാതിരിക്കാനാണ് ഇതെഴുതുന്നത്. വസ്തുതാപരമായ ഈ തെറ്റ് തിരുത്തുന്നത് നന്നായിരിക്കും. തീർത്ഥാരാജ് നല്ലൊരു കലാകാരിയാണ്. അവർക്ക് എല്ലാ ശ്രേയസ്സും ഉണ്ടാവട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഡോ. സി. എം നീലകണ്ഠൻ**
മുൻ പ്രൊഫസർ കാലടി സംസ്കൃത
സർവകലാശാല. ശരണ്യ,
ചേതല മന, പരുത്തിപ്ര, ഷൊർണ്ണൂർ
പിൻ:679121 മൊബൈൽ: 9847155603

## സ്മാർത്തവിചാരം

കഴിഞ്ഞ ലക്കം സ്വസ്തിയിൽ അവസാനത്തെ സ്മാർത്തവിചാരം എന്നുവിവരിച്ചു കൊണ്ടു ഒരു ലേഖനം കണ്ടു. 1918ൽ നടന്ന ആ ദുരനുഭവം സ്മാർത്തവിചാരചരിത്രത്തിൽ അന്തിമമാണെന്നു തോന്നുന്നില്ല.

എന്റെ ഇല്ലത്തേക്ക് (കാവനാട്ടുമന) ഒരന്യം നിന്നതിന്റ അവകാശമായി സ്മാർത്തവിചാരാധികാരം ലഭിച്ചിട്ടുണ്ടെന്നാണ് കേൾവി. ഞങ്ങളുടെ മുത്തപ്ഫൻ ( ചാകരൻ നമ്പൂതിരിപ്പാട് 1886–1973 ) മാത്രം ഈ അധികാരം ഉപയോഗിച്ചിട്ടുമുണ്ട്. അദ്ദേഹത്തിന്റ കാർമ്മികത്വത്തിൽ പ്രധാനമായി നടന്ന ഒരുവിചാരം 1930 കളിൽ കോതമംഗലത്തെ ഒരന്തർജനത്തെ മുൻനിർത്തി ആയിരുന്നു. ഇത് മുത്തപ്ഫൻ എന്നോടു നേരിട്ടു പറഞ്ഞതാണ്.

ആ സംഭവത്തിന്റെ നാൾവഴിയും ചരിത്രവും സത്യം ചുരുളഴിഞ്ഞതും അദ്ദേഹം തന്നെ ഒരു പുസ്തകത്തിൽ എഴുതി സൂക്ഷിച്ചു വെച്ചിരുന്നത് എനിക്കു

തരികയുണ്ടായി.

അദ്ദേഹത്തിന്റ പുസ്തകത്തിൽ സാമൂതിരിയുടെ തീട്ടൂരവും അദ്ദേഹത്തെ ചുമതലപ്പെടുത്തിയ രീതിയും വിശദീകരിച്ചിരുന്നു. 3 ദിവസത്തെ ചോദ്യം ചെയ്യലിനു ശേഷമാണത്രെ സാധനം സത്യം സമ്മതിച്ചതും കളങ്കിതനായ എമ്പ്രാന്തിരിയേയും അവരേയും ഭ്രഷ്ടു കല്പിച്ച് അദ്ദേഹം മടങ്ങിയതും.

സ്മാർത്തവിചാരാധികാരിയായ വെള്ളക്കാട്ടു ഭട്ടതിരിയുമായി മുത്തപ്ഫൻ നടത്തിയിരുന്ന കത്തിടപാടുകളും നേരിട്ടു നടത്തിയ ആശയ വിനിമയകാര്യങ്ങളും ആ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്.

**കെ.എസ്.എൻ ഭട്ടതിരിപ്പാട്**
കാവനാട്ടു മന ,കോട്ടക്കൽ
മൊബൈൽ:9744999300

## ചോദ്യവും ഉത്തരവും

ചോദ്യം: ഒരു സമുദായ സംഘടനയുടെ മുഖപ്പത്രം എങ്ങനെയായിരിക്കണം.

ഉത്തരം: യോഗക്ഷേമസഭ കോഴിക്കോട് ജില്ലാകമ്മിറ്റിയുടെ പ്രസിദ്ധീകരണമായ സ്വസ്തി സ്ഥിരമായി വായിച്ച് ഗ്രഹിക്കുക.

**ത്രിവിക്രമൻ നമ്പൂതിരി**
മേടങ്ങാൽ ഇല്ലം
കുന്നയ്ക്കാൽ, മൂവാറ്റുപുഴ
പിൻ 682316
മൊബൈൽ:8547900925

## ഗോത്രം അത്ര നിസ്സാരമല്ല

2020ഒക്ടോബറിലെ'ഗോത്രം അത്ര നിസ്സാരമല്ല' എന്ന ലേഖനം വളരെ ആകർഷകമായി തോന്നി. യോഗക്ഷേമസഭയുടേയും, മറ്റു ബ്രാഹ്മണ സംഘടനകളുടേയും പ്രസിദ്ധീകരണങ്ങളിലും അത് പുനഃപ്രസിദ്ധീകരിക്കുന്നത് നന്നായിരിക്കുമെന്ന് കരുതി അവരുടെ പേർക്ക് അയച്ചു കൊടുത്തിട്ടുമുണ്ട്. വൈദിക പാരമ്പര്യത്തിൽ വിജ്ഞാനപ്രദമായ ഈ പരിഭാഷ തയ്യാറാക്കിയ പി.വിനോദ് ഭട്ടതിരിപ്പാടിനെ അനുമോദിക്കുന്നു.സമുദായാംഗങ്ങളുടെ ആത്മവിശ്വാസം ഉയർത്തുന്ന ലേഖന പരമ്പരകൾ പ്രസിദ്ധീകരിക്കുന്ന സ്വസ്തിയുടെ പ്രവർത്തകരെ അഭിനന്ദിക്കുന്നു.

**എളങ്ങല്ലൂർ കൃഷ്ണൻ നമ്പൂതിരി**
ജനറൽ സെക്രട്ടറി
വൈദിക പരിഷത്ത്,
ഫോൺ: 9495264192

## കുറച്ചധികം നമ്പൂരിത്തം ആയോ സ്വസ്തി ?

**ഞാ**നും വി.ടി വാസുദേവനും എഴുതിയവ ഒഴിച്ചുള്ള ഫീച്ചറുകൾ കണ്ടാൽ അങ്ങിനെ തോന്നും. വിശാലത ഉണ്ടാവണം എന്ന അർത്ഥത്തിൽ ംപറഞ്ഞതാണ്. **ടി. നാരായണൻ** , തിരുവനന്തപുരം ,9446465903

**സ്വ**സ്തി ത്രൈമാസികം കിട്ടി. വളരെ നന്നായിട്ടുണ്ട്. നന്ദി
**രാമൻ ഭട്ടതിരിപ്പാട്,** തെക്കേടത്തു മന, കേശവം റെസിഡൻസി, അച്ചുതപുറം റോഡ്, പി.ഒ.പോട്ടൂർ തൃശൂർ,680 581.

**പു**തിയലക്കം സ്വസ്തികിട്ടി.അടിപൊളി. വായിക്കുന്നു.
**വർഗീസ് തോമസ്,** മനോരമ, തിരുവല്ല 9447088318

**സ്വ**സ്തി ജനുവരി 2021 ലക്കം കിട്ടി. പുസ്തകം കിട്ടി, ഗംഭീരം
**സുധീർ കുമാർ എ.ജി** ശാസ്തമംഗലം തിരുവനന്തപുരം മൊ:7907054080

**അ**ണിയറയിലെ 'സ്വസ്തി മുഖന്മാ'ർക്ക് സ്വസ്തി സംഭവിക്കട്ടെ
**വി.സി ജാതവേദൻ** വടവർകോട്ട് മന,വെങ്കടങ്ങ് മൊബൈൽ 9447352799

**ജ**നുവരിയിലെ സ്വസ്തി ഉന്നത നിലവാരം പുലർത്തുന്നു.
**ദാമോദരൻ, മൊളോലം,** കണ്ണൂർ. മൊബൈൽ 9446651370

**ഒ**രു റഫറൻസ് പതിപ്പായി സൂക്ഷിച്ചു വെക്കേണ്ടതാണ് എന്ന് സംശയമില്ല.
**ശാസ്തൃ ശർമ്മൻ,**ആലക്കാട്ടു ചെവൂർ മന,ചേറുശ്ശേരി,പി.ഒ തൈക്കാട്ടുശ്ശേരി തൃശ്ശൂർ ജില്ല. മൊബൈൽ : 9341990884

## കിട്ടിയില്ല എന്നറിയിച്ചപ്പോൾ രണ്ടെണ്ണം കിട്ടി

മാഗസിന്റെ രണ്ടു കോപ്പികളും ഒരുമിച്ച് പോസ്റ്റ്മാൻ കൊണ്ടുവന്നു തന്നു. ഞാൻ ശ്രീ ജയൻ പഴങ്ങോട്ടുപറ്റയെ വിളിച്ച് വിവരം പറഞ്ഞു, എനിക്ക് കൂടുതലായി കിട്ടിയ രണ്ടു കോപ്പികളും തിരിച്ച് എടുത്തോളാം എന്നും പറഞ്ഞു. എനിക്ക് മാഗസിൻ എത്തിക്കുവാൻ സ്വസ്തിയുടെ പ്രവർത്തകർ കാണിച്ച് താല്പര്യത്തിന് പ്രത്യേകം നന്ദി പറയുന്നു. സ്വസ്തി വിശേഷാൽപ്പതിപ്പ് കിട്ടാതെ വന്നിരുന്നെങ്കിൽ അത് തീർച്ചയായും വലിയൊരു നഷ്ടം ആകുമായിരുന്നു. അഞ്ചാം വർഷത്തിലേക്ക് കടക്കുന്ന സ്വസ്തിക്ക് ഇനിയും കൂടുതൽ വായനക്കാർ ഉണ്ടാവട്ടെ.

**സുരേഷ് പാഴൂർ,**
പാഴൂർ ഇല്ലം,മഞ്ചേരി.

**Dear editorial team,**

I am glad to inform you that the special edition of swasthi was received by me on subscribing the magazine. Frankly speaking, I was very much surprised to see the qualitative aspects of the magazine. It was above to my expectation. Professionalism everywhere, in lay out, design printing, paper quality and in the contents. I wish to congratulate the editorial board. All the best. I am sending herewith a small write up for your kind attention. If you think worthy, please publish it in the trimonthly.
With regards

**Eravimangalam Krishnan Namboothiri ,**
Nellayi, Thrissur. 9895891428

## തന്റേടമാണ് സ്വസ്തിയുടെ പ്രത്യേകത



ഭിന്നാഭിപ്രായങ്ങളെ ചർച്ച ചെയ്യാനുള്ള തന്റേടമാണ് സ്വസ്തിയുടെ പ്രത്യേകതയായി അനുഭവപ്പെട്ടത്. ഉള്ളടക്കത്തിലെ വൈവിധ്യവും വായിക്കാൻ പ്രേരിപ്പിക്കുന്ന ടൈറ്റിലും എഴുത്ത് ശൈലിയും ശ്രദ്ധിക്കുകയും ചെയ്തു. ഇനിയൊരു തിരിച്ചു പോക്ക് അസാദ്ധ്യമാണ്. ആർക്കും. ഉത്തരവാദപ്പെട്ടവരെ ആ രീതിയിലേക്ക് ചിന്തിപ്പിക്കാൻ കൂടി സ്വസ്തിക്ക് കഴിയണം. സ്വരാഷ്ട്രീയം ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ്. പി. എൻ. വിജയനും വി.ടി. വാസുദേവനും ഒക്കെ പറഞ്ഞതിനോട് സമഭാവം പുലർത്തുന്ന ഒരാളാണ് ഞാൻ. എന്തൊക്കെപ്പറഞ്ഞാലും ഇഷ്ടമായില്ലെങ്കിലും ആചാരവും മറ്റും ഇനിയും മാറി മറിയും. എത്രമാത്രം മനുഷ്യപക്ഷവും കാലികവുമായിരിക്കണം ജീവിതക്രമമെന്ന് തിരിച്ചറിയുന്നേടത്താണ് പ്രസ്ഥാനങ്ങളുടെ പ്രസക്തി അടയാളപ്പെടുത്തുന്നത്.

**ശങ്കരൻ കോറോം**
പി. ഒ ചാലക്കോട്. പയ്യന്നൂർ,
പിൻ:670307മൊബൈൽ: 9496314677



# നമ്പൂതിരി എന്നത് വാലല്ല

നമ്പൂതിരി എന്ന 'വാലു' മുറിച്ചതിനെപ്പറ്റി എഴുതിയതു വായിച്ചപ്പോൾ ഒരനുഭവം പങ്കു വയ്ക്കാൻ തോന്നി. 1975-ൽ വാർത്താവിതരണ പ്രക്ഷേപണ മന്ത്രികാര്യാലയത്തിൻറെ പ്രസിദ്ധീകരണ വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ചു. അന്നൊന്നും എന്റെ പേര് ആർക്കുമറിയില്ലായിരുന്നു. നമ്പൂതിരി, അത്ര തന്നെ. പേര് ഒരു ജെ യിൽ ഒതുങ്ങി. ഡൽഹിയിൽ ഏട്ടന്മാരുടെ സുഹൃത്തുക്കൾ വരുമ്പോൾ ജയന്തൻ എന്ന് പറഞ്ഞാണ് ഏട്ടൻ പരിചയപ്പെടുത്തുക. അവർ രണ്ടുപേരും നമ്പൂതിരി എന്ന പേരിൽത്തന്നെ (പി.കെ. എസ്, പി.കെ. എൻ) അറിയപ്പെട്ടിരുന്നു. അങ്ങനെ ആ സുഹൃത്തുക്കൾ പേരു വിളിക്കാൻ തുടങ്ങിയപ്പോഴാണ് ജയന്തൻ എന്ന വിളി കേൾക്കുന്നതിലെ സുഖവും സന്തോഷവും മാധുര്യവും അറിഞ്ഞത്.

സ്വയം ജെ വികസിപ്പിച്ച് ജയന്തൻ ആക്കിയാലും കാര്യമില്ല, നമ്പൂതിരി എന്ന സംബോധന പിന്നെയും തുടരും. അപ്പോൾ 'നമ്പൂതിരി'ഉപേക്ഷിക്കാതെ തരമില്ല. അങ്ങനെയാണ്, ആരെങ്കിലും സ്വന്തം പേര് വിളിച്ചു കേൾക്കാനുള്ള ഇഷ്ടം കൊണ്ടു ഔദ്യോഗികമായി പേരു മാറ്റാൻ തീരുമാനിച്ചത്.

'പേരിലെ നമ്പൂതിരി എന്ന വാൽ മുറിക്കാൻ തീരുമാനിച്ചു' എന്ന് സഹപ്രവർത്തകരോടു പറഞ്ഞു. സഹപ്രവർത്തകരുടെ കൂട്ടത്തിൽ ഒരു ആന്ധ്രക്കാരൻ റാവു ഉണ്ടായിരുന്നു. പത്തു പതിനഞ്ചു വയസ്സെങ്കിലും മൂപ്പുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, 'നമ്പൂതിരി എന്നുള്ളത് നിങ്ങളുടെ വാലല്ല, അതു നിങ്ങളുടെ വേരാണ്. മൂലമാണ്. വാൽ എന്ന് പറഞ്ഞ് ആ മഹത്തായ സ്ഥാനത്തെ അപമാനിക്കരുത്.' നമ്പൂതിരി എന്ന വാക്കിൻറെ മഹത്വം ഒരു നമ്പൂതിരിയെ ഒരു ആന്ധ്രക്കാരൻ പറഞ്ഞു മനസ്സിലാക്കി! പിന്നീടും ചില വർഷങ്ങൾക്കു ശേഷമാണ് വേരു പിഴുത് വെറും പി.കെ. ജയന്തൻ ആയത്. വളരെ വർഷങ്ങൾക്കു ശേഷം അനൗദ്യോഗികമായി പി.കെ.വികസിപ്പിച്ച് പൊത്തോപ്പുറം കേശവൻ ജയന്തൻ ആയി.

**പൊത്തോപ്പുറം കേശവൻ ജയന്തൻ**
ഡൽഹി മൊബൈൽ (9810453289)

# ആറാം വേളിക്ക് ഒരു അനുബന്ധം കൂടി

പരിയാനംപറ്റ ആറു വേളി കഴിച്ച കാലത്ത് ആറ് വേട്ട രണ്ടു നമ്പൂതിരിമാർ കൂടിയുണ്ടായിരുന്നു. ആലങ്ങോട് പുക്കുഴി വാസുദേവൻ സോമയാജിപ്പാടും രാമപുരത്തു തെക്കേടം സി.എ.ടി.ഭാസ്കരൻ നമ്പൂതിരിയും. ഇരുവർക്കും പത്തിൽ കുറയാതെ മക്കളുമുണ്ടായി.ഇപ്പോൾ ഒരാൾ വീതം ബാക്കിയുണ്ട്. അഷ്ടമൂർത്തി പുക്കുഴിയും കുഞ്ചു ( ഭാസ്കരൻ) തെക്കേടവും.ഇരുവരും എൺപതുകാർ.

രണ്ടു അച്ഛൻ നമ്പൂതിരിമാരും തങ്ങളുടെ സീമന്തപുത്രിമാരെ കൊടുത്ത് മാറ്റമായി ആറാംവേളി നടത്തിയവരാണ്. പുത്രിമാർ ഇരുവരും ഉമമാർ. വെറൂർമുത്തേടം മഹൾ സാവിത്രി അന്തർജ്ജനമായിരുന്നു പുക്കുഴി സോമയാജിയുടെ ആറാം വേളി .അതിൽ ഉണ്ടായത് മകൾ സാവിത്രി ,ചൂഴിക്കുന്നത്തേക്കാണ് വിവാഹം ചെയ്തത് (മുളന്തുരുത്തി)

നാലാം വേളിയിലെ ചെറിയ മകനാണ് അഷ്ടമൂർത്തി പുക്കുഴി. കുന്നംകുളത്തടുത്ത് ഭട്ടിമുറിയിൽ താമസിക്കുന്നു. ഭാസ്കരൻ തെക്കേടം അച്ഛൻ നമ്പൂതിരി പാറമേൽ ഭട്ടി മനയിൽ നിന്ന് വേട്ടുണ്ടായ സീമന്തപുത്രി ഉമയെ വട്ടംകുളം നെഡ്ഢത്തു മനയിലേക്കു കൊടുത്ത് അവിടെ നിന്ന് പാറാപ്പട്ടി മരുമഹളായ പാർവ്വതി (പാപ്പിക്കുട്ടി) യെ ആറാം വേളിയാക്കി. വേളിവരെ പാപ്പിക്കുട്ടിക്ക് ശിറ്റശ്ലിയായിരുന്നു തെക്കേടത്തെ സാവിത്രി അന്തർജ്ജനം. വിവാഹശേഷം സപത്നിയും!

കുഞ്ചുതെക്കേടത്തെ ഏഴു മാസം ഗർഭമായിരിക്കുമ്പോഴാണ് അച്ഛൻ തെക്കേടം മരിച്ചത്. 40 വയസ്സുള്ള വല്ല്യേട്ടൻ രാമൻ തെക്കേടമാണ് ഉപനയനാദി സംസ്കാരങ്ങൾ നിർവ്വഹിച്ചത്. രാമപുരം ശ്രീരാമസ്വാമി ക്ഷേത്ര പരിസരത്ത് സകുടുംബം കുഞ്ചുതെക്കേടം താമസം.

**കെ.എം. പരമേശ്വരൻ,** ആര്യശ്രീ,
അരക്കിണർ - 673028,കോഴിക്കോട്
മൊബൈൽ:9072383651

# പരസ്യം പോലും ഏറെ ആകർഷണീയം

കണ്ണൂർ യോഗക്ഷേമസഭയുടെ മുഖദർശനം, എറണാകുളത്തിന്റെ പവിത്രവും വായിക്കുമായിരുന്നു. അവയിൽ നിന്നൊക്കെ ഏറെ വ്യത്യസ്ഥതയുള്ളതാണ് കോഴിക്കോട് ജില്ലയുടെ സ്വസ്തി .ഏറെ വായിക്കുവാനുണ്ട്! കെട്ടിലും മട്ടിലും മെച്ചം .അറിയുവാനും, മനസിലാക്കുവാനും; പഠിക്കുവാനും സ്വസ്തി യിൽ ഏറെ കാര്യങ്ങളുണ്ട്. 2021 ജനവരി ലക്കം ആദ്യമായി കയ്യിൽ കിട്ടിയപ്പോൾ ഇത്രയും പ്രതീക്ഷിച്ചില്ല !ഒന്നോ രണ്ടോ ഫീച്ചറുകൾ വായിക്കാമെന്നേ കരുതിയുള്ളു. പക്ഷേ,മുഴുവനും ഒരാവേശമെന്ന പോലെ ആർത്തിയോടെ രണ്ടു ദിവസമെടുത്ത് വായിച്ചു. പരസ്യം പോലും ഏറെ ആകർഷണീയമായി തോന്നി വായിച്ചു ! തുടർന്നും ഇത്തരം വിഞ്ജാനവും, അറിവും തരുന്ന ഉള്ളടക്കത്തോടെ തുടരുവാൻ സാധിക്കട്ടെ! **പി.ഇ. എൻ നമ്പൂതിരി, ഈററിശ്ശേരി**

പി.ഇ ഇല്ലം പി.ഒ കുപ്പം, തളിപ്പറമ്പ്, കണ്ണൂർ ജില്ല, പിൻ :670502

# താലികെട്ടിനെക്കുറിച്ച്

പണിക്കത്ത് അപ്പു നമ്പൂതിരി താലികെട്ടിനെക്കുറിച്ച് എഴുതിയത് വായിച്ചു. ഇടക്കാലത്ത്, ലാജ ഹോമത്തിനു ശേഷം കവണത്താലി എന്നു പേരുള്ള ഒരു താലി അണിയിക്കാറുണ്ടായിരുന്നു എന്നറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ സന്ദർഭത്തിൽ വരനെക്കൊണ്ട് താലികെട്ടിക്കാൻ കഴിയുമോ എന്നു ബന്ധപ്പെട്ട വൈദിക ശ്രേഷ്ഠന്മാർ പരിശോധിച്ചാൽ നന്നായിരിക്കും. അതല്ലെങ്കിൽ ലേഖകൻ സൂചിപ്പിച്ചപോലെ, വിവാഹത്തിനു തലേ ദിവസമോ മറ്റോ ഉപനയനം ഭംഗിയായി നടത്തി കണ്ഠസൂത്രം ( താലി) അണിയിച്ചാലും മതി. യോഗക്ഷേമസഭയും വൈദിക സംഘടനക്കാരും ഒക്കെ കൂടിയാലോചിച്ച് ഉചിതമായ ഒരു തീരുമാനം ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു. **വിഷ്ണു നമ്പൂതിരി**

വെള്ളിയോട്ടില്ലം, കോറോം, പയ്യന്നൂർ,മൊബൈൽ: 9495180754

# ഉള്ളടക്കം നന്ന്

പഴമയും പുതുമയും കൂട്ടിയിണക്കികൊണ്ടുപോവുന്ന ഈ ഉദ്യമം ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കട്ടെ. ഉള്ളടക്കം നന്ന്. പലരും എനിക്കറിയാവുന്നവർ.

**തൃക്കഴിപ്പുറം രാമൻ** വികാസിനി സി.എച്ച്.എസ് ലിമിറ്റഡ് , സെക്ടർ 8ബി. സി.ബി.ഡി ബേലാപ്പൂർ നവി മുംബയ് പിൻ400614 ,മൊബൈൽ 9930707383

എഡിറ്റർ, സ്വസ്തി,
യോഗക്ഷേമസഭ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിനു സമീപം, പി.ഒ ചേവായൂർ, കോഴിക്കോട് പിൻ: 673017
**വാട്ട്സ് അപ്പ് ഈ നമ്പരിൽ**
**9400992823**

## സൂക്ഷിച്ചു വെയ്ക്കേണ്ട മാസിക

വിശേഷാൽപ്പതിപ്പ് കിട്ടി.വളരെ സന്തോഷം. ശരിയ്ക്കും സവിശേഷ വും, പ്രൗഢഗംഭീരവുമായ,സൂക്ഷി ച്ചു വെയ്ക്കേണ്ട ഒരു മാസികയാണെന്നതിൽ സംശയമില്ല.!കഴിഞ്ഞ കുറേ വർഷങ്ങളായി കുറേ വൈദികന്മാരോട് ചോദിച്ചിട്ടും ഉത്തരം കിട്ടാതിരുന്ന അല്ലെങ്കിൽ എനിയ്ക്ക് ബോദ്ധ്യം വരാതിരുന്ന ഒരു ഒരു ചോദ്യത്തിന് വളരെ ന്യായമായ ഉത്തരം കിട്ടി.പണിക്കത്ത് അപ്പു നമ്പൂതിരിയുടെ 'അച്ഛൻ താലി കെട്ടിയാൽ മംഗല്യസൂത്രമാവില്ല 'എന്ന ലേഖനം വായിച്ചപ്പോൾ ഉണ്ടായ സന്തോഷം പറയാൻ വാക്കുകളില്ല. അത്രയും സൂക്ഷ്മതയോടുള്ള വിവരണം, നിർദ്ദേശം. ഇനി അത് പ്രാവർത്തികമായിക്കണ്ടാൽ വളരെ സന്തോഷം. അതിന് സ്വസ്തി മാസിക ഒരു നിമിത്തമായതിൽ ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. ഒപ്പം ഒരു വർഷത്തേക്കുള്ള വരി സംഖ്യയും അയയ്ക്കുന്നു.

**ഡോ. എൻ. കെ. ശർമ്മ**
ധന്വന്തരി ഹാൾ,22/6 സ്ട്രീറ്റ്,
എൻ.ജി.ഒ.കോളനി,പി.ഒ.മെലഗരം
വഴി.തെങ്കാശി, തമിഴ്നാടു,
പിൻ:627818 മൊ:7845572562

## ആചാരങ്ങളെപ്പറ്റി പ്രസിദ്ധീകരിച്ചാൽ നന്ന്

ജനുവരി ലക്കം വളരെയധികം നന്നായിട്ടുണ്ട്. ആചാരങ്ങളെപ്പറ്റി അഥവാ പഴയ ജീവിതരീതിയെപ്പറ്റി ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ചാൽ നന്നായിരിക്കും

**നാരായണൻ നമ്പൂതിരിപ്പാട്,**
വരിക്കാശ്ശേരി മന,
ഡപ്യൂട്ടി കമ്മീഷണർ ഇൻകം ടാക്സ്
കോഴിക്കോട്, മൊബൈൽ:8547000193

## സ്വാദ് അതി ഗംഭീരം

നമ്പൂതിരി പരിണാമം. എത്ര വായിച്ചാലും മതിവരാതെ മനസ്സിനെ അത്ഭുതപ്പെടുത്തുന്ന അറിവുകൾ. പണ്ടത്തെ നമ്പൂതിരി കാലഘട്ടം ആലോചിച്ചാൽ ഇപ്പോൾ എത്ര സുഖസുന്ദരം. സ്വസ്തിയിലെ വിഭവങ്ങളുടെ സ്വാദ് അതി ഗംഭീരം...

**ഗീതനാരായണൻ** അരീക്കര
തിരുന്നാവായ,മൊബൈൽ,8593972928

## പ്രചോദനം ചെറുതല്ല

ഈ മാഗസിൻ ശരിക്കും നമ്മുടെ സമുദായത്തെ അടുത്തറിയാൻ വളരെ സഹായകമാണ്. അതുപോലെ നമ്മുടെ സമുദായത്തിൽ നിന്നും ഉയരങ്ങളിലേക്ക് എത്തിപ്പെട്ട ഓരോരുത്തരുടെയും കാര്യങ്ങൾ കേൾക്കുമ്പോൾ അത് തരുന്ന പ്രചോദനം ചെറുതല്ല.

**സാന്ദ്ര കരോളിൽ,**
തൃശൂർ,മൊബൈൽ: 95392 94642

## പ്രിന്റിംഗും ലേ ഔട്ടും

കഴിഞ്ഞ ആഴ്ച കിട്ടി. ഞങ്ങൾ നാട്ടിലായിരുന്നു. നല്ല പ്രിന്റിംഗും ലേ ഔട്ടും. നല്ല ലേഖനങ്ങൾ

**സച്ചിൻ പെരുന്തലക്കാട്**
ഹാം റേഡിയോ ക്ലബ്
കോർഡിനേറ്റർ,
ബംഗളൂരു,മൊബൈൽ: 9901961838

## പെൺകൊടക്കണ്ണീർ

ജനുവരി ലക്കത്തിലെ ഗീതാനന്ദന്റെ കവിത പെൺകൊടക്കണ്ണീർ വായിച്ചുകന്യ കാദാനമുഹൂർത്തത്തിലിത്തിരി-
ക്കണ്ണീരണിയാതെയാരുണ്ടു ഭൂമിയിൽ!
ഒന്നും പറയാനില്ല.

**വാസൻ തൃശൂർ**
മൊബൈൽ: 93499 92873

## ഒരു റഫറൻസ് ഗ്രന്ഥം

ഇത്തവണയാണ് സ്വസ്തി വായിച്ചു തുടങ്ങിയത്. വളരെ കനപ്പെട്ട പുസ്തകം തന്നെ. സൂക്ഷിച്ചു വയ്ക്കേണ്ട ഒരു റഫറൻസ് ഗ്രന്ഥം. നമ്പൂതിരി വിജ്ഞാനകോശമെന്നു തന്നെ പറയാം.

**എം.എൻ.പുരുഷോത്തമൻ നമ്പൂതിരി**
പുലിയൂർ, ചെങ്ങന്നൂർ
മൊബൽ 9447347558

## അസ്ത്യുത്തരസ്യാം എന്നാണ് വേണ്ടത്

നമ്പൂരിത്തം എങ്ങോട്ട് എന്ന ചർച്ചയിൽ പല വിധ അഭിപ്രായങ്ങളും ക്രോഡീകരിച്ചു കെടുത്തത് നന്നായി. മാധവൻ ഭട്ടതിരിപ്പാടിന്റെയും പരിയാനമ്പറ്റയുടെയും ഇന്റർവ്യൂകൾ കേമമായി. സഹസ്രാവൃത്തി എന്ന് എഴുതിക്കണ്ടു. സഹസ്രാവർത്തിയാണ് ശരി. സഹസ്രം ആവർത്തിക്കുന്ന ഗായത്രിജപമാണല്ലൊ അത്. എന്റെ ലേഖനത്തിൽ നമ്പൂതിരിമാർ രണ്ടാം നൂറ്റാണ്ടിൽ എന്നത് ഇരുപതാംനൂറ്റാണ്ടിൽ എന്നാണ് വേണ്ടത്. അത്യുത്തരസ്യാം എന്ന് കുമാരസംഭവത്തിലെ വരികൾ ചേർത്തത് അസ്ത്യുത്തരസ്യാം എന്നാണ് വേണ്ടത്.

**പി.സി.കെ നമ്പൂതിരിപ്പാട്,**
പെരിങ്ങീരി ചേന്നാസ്, ഇ.കെ
നായനാർ റോഡ് , ഗുരുവായൂർ, പിൻ
680101 മൊബൈൽ :9847045832

## ജസീന ടീച്ചറുടെ സ്റ്റോറി ഇഷ്ടായി

ജസീന ടീച്ചറുടെ സ്റ്റോറി വളരെ ഇഷ്ടായി. പ്രത്യേകിച്ചു മകളുടെ പേര് ആരുണി എന്നും ഒരു പയ്യന്റെ കമന്റ് ടീച്ചർ ചെമ്മീൻ വായിക്കാത്തത് നന്നായി എന്നും എല്ലാമാമുള്ളത്.ജസീന ടീച്ചറെ ഞാൻ അറിയും ബന്ധുവുമാണ്. ഹസീനയുടെ കഥയും അസലായി.ഇത്തരം സ്റ്റോറികൾ നമ്പൂതിരിമാരുടെ മാസികയിൽ പ്രസിദ്ധീകരിക്കാൻ കാണിച്ച ധൈര്യത്തെ അഭിനന്ദിക്കുന്നു.

**രവി തെക്കേടത്ത് മുംബയ്**
മൊബൈൽ+91 98672 03567

ഹിക്കുന്നു.

**മുല്ലപ്പിള്ളി മോഹനൻ നമ്പൂതിരി**
പൊന്നാനി, മൂക്കുതല
മൊബൈൽ : 9447242443

## കഴിഞ്ഞ തലമുറ

സ്വസ്തി മാസികയിൽ നമ്പൂതിരിമാരുടെ കഴിഞ്ഞ തലമുറയുടെ എല്ലാ വിവരങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞതിൽ വളരെ സന്തോഷം.

**ശ്രീശൻ നമ്പൂതിരി**
പുതിയടം ഇല്ലം,പി.ഓ.മയ്യന്നൂർ
വടകര, മൊബൈൽ:85890 62680

## ബെംഗളൂരുവിൽ നിന്ന്

ആദ്യം സ്വസ്തി കണ്ടത്. ബെംഗളൂരുവിൽ നിന്നാണ് ആദ്യം സ്വസ്തി കണ്ടത്. പിന്നെ പകരാവൂരിൽ നിന്നും. ആദ്യം കണ്ടപ്പോൾ തന്നെ ഇഷ്ടായി. വരിക്കാരനാവാൻ ആഗ്ര

## കാര്യമാത്ര പ്രസക്തം

സത്യസന്ധമായ പ്രസ്താവന.കനമുള്ള ഉള്ളടക്കം,നല്ല ഭാഷ. വായന സുഖം തന്നെ. നമ്പൂതിരിമാരുടെ കേരളത്തിലേക്കുള്ള കുടിയേറ്റം മുതൽ ഇന്ന് വരെയുള്ള ചരിത്രം സംക്ഷിപ്തമായും എന്നാൽ കാര്യമാത്ര പ്രസക്തമായും ഉള്ള ഒരു ലേഖന പരമ്പര പ്രതീക്ഷിക്കുന്നു. വാർഷിക പതിപ്പിലെ ലേഖനങ്ങളിൽ നിന്ന് പുതു തലമുറ നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ കുറച്ചെങ്കിലും കാത്തു സൂക്ഷിക്കാൻ തല്പരരാണ് എന്ന് കാണുന്നത് ശുഭോദർക്കമാണ്.

**പേരൂർ നീലകണ്ഠൻ നമ്പൂതിരി**
കോട്ടക്കൽ,മൊബൈൽ 9495241156

## മികച്ച പ്രവർത്തനം

എന്നെ ഇങ്ങോട്ടു വിളിച്ചു കിട്ടിയോ എന്നു ചോദിച്ചു. കോഴിക്കോട് ജില്ലയുടേത് മികച്ച പ്രവർത്തനം തന്നെ.

**ശ്രീഹരി, കുഴക്കാട് മന**
യുവജനസഭ കോട്ടയം പ്രസിഡണ്ട്.
മൊബൈൽ: 8089745377


## കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് സ്മൃതി പുരസ്കാരം

# പുതുവായ അഷ്ടമൂർത്തി നമ്പൂതിരിയ്ക്ക്

കിള്ളിമംഗലം വായനശാലയുടെ പ്രഥമ സെക്രട്ടറിയും പിന്നീട് ദീർഘകാലം പ്രസിഡന്റും കേരള കലാമണ്ഡലം ആർട്ട് സൂപ്രണ്ടുമായിരുന്ന കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാടിന്റെ സ്മരണയ്ക്കായി കിള്ളിമംഗലം വായനശാല ഏർപ്പെടുത്തിയ പ്രഥമ കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് സ്മൃതി പുരസ്കാരം കിരാലൂർ വായനശാലയിലെ ഏറ്റവും മുതിർന്ന പ്രവർത്തകനായ പുതുവായ അഷ്ടമൂർത്തി നമ്പൂതിരിയ്ക്ക് സമ്മാനിച്ചു. കിരാലൂരിൽ അദ്ദേഹത്തിന്റെ വസതിയിൽ നടന്ന ചടങ്ങിൽ പ്രശസ്ത സാഹിത്യകാരനും തിരക്കഥാകൃത്തുമായ മാടമ്പ് കുഞ്ഞുകുട്ടൻ പുരസ്കാരം സമ്മാനിച്ചു.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എ.അഷറഫ്, ഗ്രന്ഥശാല സംഘം തൃശൂർ ജില്ലാ ജോയിന്റ് സെക്രട്ടറി വി.മുരളി, താലൂക്ക് എക്സിക്യൂട്ടീവ് മെമ്പർ കെ.എ.നന്ദഗോപാലൻ, കേരള കലാമണ്ഡലം മുൻ പ്രിൻസിപ്പൽ പ്രൊഫ.കലാമണ്ഡലം എം.പി.എസ്.നമ്പൂതിരി, തുടങ്ങിയവർ പങ്കെടുത്തു.

1929 ഡിസംബർ 31ന് പുതുവായ വാസുദേവൻ നമ്പൂതിരിയുടേയും നീലി അന്തർജ്ജനത്തിന്റേയും മകനായി, തൃശ്ശൂർ ജില്ലയിലെ കിരാലൂരിൽ ജനിച്ച അഷ്ടമൂർത്തി നമ്പൂതിരി ഇ.എം.എസ്സിന്റേയും വി.ടിയുടേയും ചിന്തകളുടേയും പ്രവർത്തനങ്ങളുടേയും സ്വാധീനത്തിൽ സാമൂഹികവിഷയങ്ങളിൽ താൽപ്പര്യം ജനിയ്ക്കുകയും, വളരെ ചെറുപ്പത്തിൽ ത്തന്നെ അവരുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്തു.



കിരാലൂർ ഗ്രാമീണവായനശാലയ്ക്കു വേണ്ടി പുതിയ സ്ഥലം കണ്ടെത്തുകയും അവിടെ ഒരു പുതിയ കെട്ടിടം പണിത് പ്രവർത്തനമാരംഭിയ്ക്കുവാൻ മുൻകയ്യെടുക്കുകയും ചെയ്തു. 60ലധികം വർഷത്തോളം വായനശാലയുടെ മുഖ്യ സംഘാടകരിൽ ഒരാളായിരുന്നു. വേലൂർ സർവ്വീസ് സഹകരണബാങ്ക് ആരംഭിയ്ക്കുന്നതിനുള്ള ശ്രമങ്ങളിലും പങ്കാളിയായി. ബാങ്കിന്റെ പ്രസിഡന്റായും ബോർഡ് മെമ്പറായും മറ്റും നിരവധികാലംപ്രവർത്തിച്ചു. ശാസ്ത്ര സാഹിത്യപരിഷത്തിന്റെ വിവിധ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. 30-40 വർഷങ്ങൾക്കു മുൻപുതന്നെ,ജൈവ-പ്രകൃതികൃഷിയിലേയ്ക്ക് സ്വയം മാറുകയും മറ്റുള്ളവരെ അതിനു പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്ത അഷ്ടമൂർത്തി നമ്പൂതിരി നല്ലൊരു ജൈവ കർഷകൻ കൂടിയാണ്

ഫോൺ (0488)5287630
മൊബൈൽ 9747476233

---

Statement About ownership and other particulars about
Newspaper Yogakshemasabha Swasthi / Malayalam Trimonthly

| | | | |
|---|---|---|---|
| 1. | Place of Publication | : | Kozhikode |
| 2. | Periodicity of Publication | : | Trimonthly |
| 3. | Printers Name | : | K.I.Vishnu Namboodiri |
| 4. | Nationality | : | Indian |
| 5. | Address | : | Gayathri Nivas, Thrikkuttisseri<br>Avitanallur, P.O.Vakayad Pin:673614<br>Kozhikode Mob:9074402032 |
| 6. | Publisher's Name | : | K.I.Vishnu Namboodiri |
| 7. | Nationality | : | Indian |
| 8. | Address | : | Gayathri Nivas, Thrikkuttisseri<br>Avitanallur, P.O.Vakayad Pin:673614<br>Kozhikode Mob:907440203 |
| 9. | Editor's Name | : | K.M.Parameswaran |
| 10. | Nationality | : | Indian |
| 11. | Address | : | Aryasree,Arakkinar,<br>Mathottam,Kozhikode Pin:673028 |
| 12. | Name and address of Individuals who own the Newspaper and Parteners Shareholders holding more than one percent of the total capital | | Yogakshemasabha Kozhikode District committe,Jilla Asthana Mandiram Near Kovoor Vishnu temple, P.O.Chevayoor,Kozhikode Pin 673017 |

I, K.I.Vishnu Namboodiri hereby declare that the particulars given above are true to the best of my knowledge and belief.

01.04.2021 Sd/- K.I.Vishnu Namboodiri

# കുട്ടിക്കൂട്ടത്തിലേക്ക് സ്വാഗതം

അരുണിമ ജി. കോഴിപ്പിള്ളി മന
അവനി രഞ്ജിത് എഴുമാവിൽ ഇല്ലം
അദിതി എൻ.ടി നരിയങ്ങൽ തലപ്പണ ഇല്ലം
അഞ്ജന പി ഗോശാല ഇല്ലം
ശ്രീഹരിനാരായണൻ അരീക്കര
ഗായത്രി പാലശ്ശേരി
സഞ്ജയ് മിത്ര പാറക്കോട്ടില്ലം
സാരംഗ് റാം ചെറില്ലത്തു കണ്ടമംഗലം
ശ്രീരംഗ് ദേവ് ചെറില്ലത്തു കണ്ടമംഗലം
ഹരിജയന്ത്.കെ.പി കോട്ടമല ഇല്ലം,
സൂരജ് ദിവാകരൻ പുത്തില്ലം
ശാംഭവി വി പി വടശ്ശേരി ഇല്ലം,
ആര്യസന്ദീപ് എരണ്ടപ്പുറത്തുകാട് മന
നന്ദൻ എൻ.എം നല്ലൂർപ്പള്ളി മന
ശിവദ ടി.സി പുതിയടം ഇല്ലം
പാർവതി നീലമന
ഋഷികേശ് എം ഇ മേൽമണ്ടോടി ഇല്ലം
പാർവതി നരിയങ്ങൽ തലപ്പണ ഇല്ലം
സുഗത് കൃഷ്ണൻ ഒ.എച്ച്. ഒതളൂർ മന
അവ്യംഗ് കൂടല്ലൂർ മന



കോഴിക്കോട് പൊന്നടുക്കം ഇല്ലത്തു നടന്ന ഏകദിന ചിത്രകലാ ക്യാംപും ക്ലാസുകളും



## പിറന്നാളാശംസകൾ

പെരിന്തൽമണ്ണ കണക്കിലത്തെ നാരായണൻ - താരാ ദമ്പതിമാരുടെ മകൾ അദ്രിജാ നാരായണൻ (13 വയസ്സ്), പന്നിക്കോട് ഉച്ചക്കാവ് ഉപസഭയിലെ നടുവിലേടം ഇല്ലത്തെ പ്രതാപൻ- തുളസി ദമ്പതിമാരുടെ മകൻദേവാനന്ദ് (12 വയസ്സ്).
thulasiprathapan@gmail.com

**കുട്ടികളുടെ രചനകൾ വാട്ട്സ് അപ്പ് ചെയ്യുക ഈ നമ്പറിൽ:9400992823**



**അന്നപ്രാശനം**

എടക്കുറ്റിപ്പുറത്തു മുല്ലപ്പള്ളി ഇല്ലം. ശ്രീകാന്ത്, ദിവ്യ ദമ്പതികളുടെ മകൻ
**അക്ഷത്. ഇ എം.**
21/1/2021.ചോറൂണ് കഴിഞ്ഞു
മൊബൈൽ:8589810225



**അന്നപ്രാശനം**

**ഗൗരിപാർവ്വതി**
D/o ഗോപകുമാർ & അനഘ
നരിയങ്ങൽ തലപ്പണ ഇല്ലം
ചൂലൂർ,കോഴിക്കോട്
മൊബൈൽ:8589810225

## രണ്ടാം പിറന്നാൾ ആശംസകൾ



**ശിവദ കൃഷ്ണൻ**
D/o Krishna das & Sreedevi , kizhakkedathillam ,Atholi, Kozhikode ,Mobile : 70865 78856



# പേടി മാറ്റിയ തൂക്കുപാലത്തിലെ നടത്തം

**അരുണിമ ജി.**

കൊറോണയും മറ്റുയായി അഞ്ചാറു മാസം പുറത്തൊന്നും പോവാനായില്ല.വല്ലാത്ത മടുപ്പ് തോന്നിയ ദിനങ്ങൾ. ഒന്നു പുറത്തിറങ്ങാൻ കൊതിതോന്നിയ സമയത്താണ് ലോക്ഡൗൺ ഇളവുകൾ വന്നത്. ഒരുദിവസം കോട്ടയത്തു നിന്ന് പേരപ്പനും പേരശ്ശിയും ഒപ്പോളും ഉണ്ണിക്കുട്ടനും ഇല്ലത്ത് വന്നു. അപ്പോൾ അവരും ഞങ്ങളും കൂടി ഒന്ന് പുറത്തു പോവാൻ തീരുമാനിച്ചു. എവിടെ പോകണം.അതിരപ്പിള്ളി - വാഴച്ചാൽ റൂട്ടിൽ കുറച്ച് ചെന്ന് വാൽപ്പാറ റൂട്ടിൽ പോയാൽ ഏഴാറ്റുമുഖം എന്നൊരു സ്ഥലമുണ്ട് . അവിടെ പോകാമെന്ന് അച്ഛൻ പറഞ്ഞു.

ഞാനും അനിയൻ അഭിനവും ▸




**അവനി രഞ്ജിത്**

ഏറ്റുമാനൂർ വടക്കേ നടയിൽ
എഴുമാവിൽ ഇല്ലത്ത്
രഞ്ജിതിന്റെയും
അഞ്ജുവിന്റെയും
മകളാണ്.
മൊബൈൽ
94476 53058

## കണ്ണൻ തിന്നതു മണ്ണപ്പം

ഉണ്ണി കഴിച്ചു ഉണ്ണ്യപ്പം
കുഞ്ഞി കഴിച്ചു കുഞ്ഞപ്പം
അമ്മ കഴിച്ചു നെയ്യപ്പം
അച്ഛൻ കഴിച്ചു അച്ചപ്പം
ചേച്ചി കഴിച്ചു നല്ലപ്പം
ചേട്ടൻ കഴിച്ചു വട്ടേപ്പം
ഞങ്ങൾ കഴിച്ചു കൊതിയപ്പം ●



**അഞ്ജന പി**
(രണ്ടാം ക്ലാസ് )
D/o നാരായണൻ പി
പണ്ടാരത്തിൽ
(ഗോശാല) ഇല്ലം
ഹരിപുരം പി ഒ.
ആനന്ദാശ്രമം വഴി
കാസർകോട് ജില്ല
671531.
മൊബൈൽ:
9495085037



**അദിതി എൻ.ടി**
D/o എൻ.ടി.നാരായണൻ
നരിയങ്ങൽ തലപ്പണ ഇല്ലം
കണ്ണിപ്പറമ്പ് ഉപസഭ,
കോഴിക്കോട് ജില്ല
മൊബൈൽ: 9048239871

അച്ഛനുമമ്മയും. പേരപ്പനും കുടുംബവും മറ്റൊരു കാറിൽ. 9 മണിയോടെ അവിടെയെത്തി. നല്ല പച്ചപ്പ് നിറഞ്ഞ പുഴയോരം. പുഴയിൽ വെള്ളം കുറവായിരുന്നു. എന്നാലും അവിടവിടെ വെള്ളം കെട്ടിക്കിടക്കുന്നു. കാണാൻ നല്ല ഭംഗി.

ഞങ്ങൾ അതിലെ ചുറ്റി നടന്നു. അപ്പോഴാണ് പുഴയ്ക്ക് കുറുകേ ഒരു തൂക്കുപാലം കണ്ടത് . രണ്ടറ്റവും തൂണിൽ ഉറപ്പിച്ച് രണ്ടു കമ്പിവടങ്ങളിലായി തൂങ്ങിക്കിടക്കുന്ന പാലം. ആദ്യം പേടിയാണ് തോന്നിയത്. അതിലൂടെ നടന്നാൽ അത് ഉലഞ്ഞാടി നമ്മൾ താഴെ വീഴുമോ എന്ന ഭയം. എന്നാൽ, എന്നേക്കാൾ ചെറിയ കുട്ടികൾ പോലും തൂക്കുപാലത്തിൽ കയറി കളിക്കുന്നത് കണ്ടപ്പോൾ ധൈര്യം വന്നു. ഞാനും അതിൽ കയറി. നടന്നപ്പോൾ വലിയൊരു തെറ്റിദ്ധാരണ മാറിക്കിട്ടി. നല്ല രസകരമാണ് അതിൽ നടക്കാൻ.നടന്ന് നടന്ന് പാലത്തിന്റെ നടുക്കെത്തി. ചുറ്റും നോക്കി. ശരിക്കും സിനിമയിൽ ഒക്കെ കാണുന്ന പോലെ പ്രകൃതി ഭംഗി.കുറേ ചിത്രങ്ങൾ മൊബൈലിൽ പകർത്തി.

അക്കരക്കും ഇക്കരയ്ക്കും കുറെ തവണ നടന്നു. തൂക്കുപാലത്തിന്റെ ഇളക്കങ്ങളും ചാഞ്ചാടലും തുള്ളലും ഒക്കെ ശരിക്കും ആസ്വദിച്ചു. കുറെ സമയം വെയിലു കൊണ്ടപ്പോൾ ക്ഷീണമായി. അപ്പോഴാണ് ഐസ്ക്രീമിന്റെ കാര്യം ഓർത്തത്. അച്ഛനും അമ്മയും കൊറോണയുടെ കാര്യം പറഞ്ഞ് വാങ്ങിത്തരില്ല. എന്താഗ്രഹവും പറയാവുന്ന പേരശ്ശിയോടു തന്നെ ചോദിച്ചു. കൊറോണക്കാലമാണ് എന്നുള്ള മുട്ടുന്യായങ്ങളൊന്നും പറയാതെ എല്ലാവർക്കും വാങ്ങിത്തന്നു. ഹായ് നല്ല രസം! ഐസ്ക്രീം കഴിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിരുന്നു!!

പിന്നെയും കുറച്ച് നേരം കൂടി അവിടെ ചിലവഴിച്ചു. കൊണ്ടുപോയ ഭക്ഷണം കഴിച്ച് ഞങ്ങൾ ഇല്ലത്തേക്കും പേരശ്ശിയും ഒക്കെ കോട്ടയത്തേക്കും മടങ്ങി. ഈ കോവിഡ് കാലത്ത് ഒത്തിരി ആസ്വദിച്ച ഒരു ദിവസമായിരുന്നു അത്. ഒരു ദിവസം വളരെ നന്നായി എല്ലാവർക്കും കൂടെ ആസ്വദിച്ച് ചിലവഴിക്കാൻ ഞങ്ങൾക്കെല്ലാവർക്കും കഴിഞ്ഞു. ●

(പെരുമ്പാവൂരിലെ കോഴിപ്പിള്ളി മനയിലെ ഗിരീഷിന്റെയും ദീപ്തിയുടെയും മകളാണ്.
മൊബൈൽ 9446718947)

# 700 കൊല്ലമായി ആരും കാണാത്തത് ഞാൻ കണ്ടു



എന്റെ പേര് ശ്രീഹരിനാരായണൻ.എന്റെ ഇല്ലത്ത് അടുത്തുള്ള മാണിയങ്കാട് ജി എൽ പി സ്കൂളിൽ നാലിൽ പഠിക്കുന്നു.എന്തെങ്കിലും അനുഭവം പറയാൻ പറ്റോ ഹരിക്കുട്ടാന്നു അച്ഛമ്മ ചോയ്ച്ചപ്പോ എനിക്കു കുറച്ചൂസം മുൻപേ ആകാശത്തു കണ്ട കാര്യം ഓർമ്മവന്നു.

ഈ ഡിസംബർ 21 നാണ് ഉണ്ടായത്. സന്ധ്യ കഴിഞ്ഞു ആകാശത്തു നോക്കിയാൽ രണ്ടു ഗ്രഹങ്ങളുടെ മഹാസംഗമം കാണാം എന്ന് ടീച്ചർ ഫോണിൽ പറഞ്ഞിരുന്നു.ഞാനും മുത്തശ്ശനും കൂടി ഏഴുമണിക്ക് ടെറസ്സിൽ പോയി നോക്കി. മഴക്കാറ് കാരണം ആദ്യം ഒന്നും കണ്ടില്യ. നിക്ക് വിഷമായി.


കുറച്ചുനേരം കഴിഞ്ഞാൽ കാണാന്നു മുത്തശ്ശൻ പറഞ്ഞു. ഞങ്ങൾ ഇത്തിരി കഴിഞ്ഞ് ഒന്നുകൂടി നോക്കിയപ്പോ രണ്ട് നക്ഷത്രങ്ങൾ ഒരുപോലെ നിക്കണത് കണ്ടു. അമ്മയുടെ ഫോണിൽ ഫോട്ടോ എടുക്കാൻ നോക്കി. ശരിക്ക് കിട്ടിയില്യ. പിന്നേം മഴക്കാറ് വന്നു.

പിറ്റേ ദിവസം ഞാൻ ടീച്ചറെ വിളിച്ചു പറഞ്ഞു. ആകാശത്തെ
ഈ അത്ഭുത കാഴ്ച 700 വർഷം മുന്നേ ഉണ്ടായതാത്രേ. ടീച്ചർ അതു പറഞ്ഞപ്പോ എനിക്കു അത്ഭുതം തോന്നി. ഇത്രേം കൊല്ലമായി ആർക്കും കാണാൻ കഴിയാത്ത കാര്യമാണല്ലൊ ഞാൻ കണ്ടത്. അതോർത്തപ്പോൾ വല്ലാത്ത സന്തോഷവും തോന്നി. എന്റെ കൂട്ടുകാരായ നിവേദ്, ശ്രീനന്ദ്, അനുശ്രീ, രജത് എന്നിവരും കണ്ടുത്രെ..കൊറോണ കാരണം ഞങ്ങൾ ഫോണിൽ കൂടെ മാത്രേ ഇപ്പോ കാണാറുള്ളു. സ്കൂൾ വേഗം തുറക്കണം ന്നാണ് ഞങ്ങൾ പ്രാർത്ഥിക്കാറ്. കൂട്ടുകാരെ കാണാനും ഒന്നിച്ചു കളിക്കാനും ഒക്കെ ധൃതിയായി. ●

(ശ്രീഹരിനാരായണൻ.
തിരുന്നാവായ അരീക്കര ഗിരീഷ് നമ്പൂതിരി,അശ്വതി എന്നിവരുടെ മകൻ.
മൊബൈൽ+91 85939 72928)

# NATURE AND PLANT FRIENDS OF MINE

Gayathri Palasseri
D/O Sankar Palasseri,
Palasseri Mana
Cheruthuruthy,Thrissur679531
MOB: 9880088275



I love my nature, It makes me -
Happy and calm in morning and night,
There are so many plants in my garden
It makes me happy and cheerful
In the past when I was not born
It was a big paddy field and
Now it□s all buildings around
whenever I sit there is no calm
It is the sound of vehicles
On the tree that is in my garden
Have many birds on their branches
In my garden there is a mango tree
It loves me and I love it
I have a swing on its branch
that makes me feel fly in the air
There is a Tulasi in my garden
that gives me relief from cold
There is an Ice Appletree in my garden
That gives me lovely ice apple
Whenever there is nature and plants
there will be peace in the world ●






ശ്രീരംഗ് ദേവ്





സാരംഗ് റാം

ബോട്സ്വാനയിൽ പ്രവാസിയായ ചെറില്ലത്തു കണ്ടമംഗലത്തെ രമേശിന്റെ പുത്രൻ സാരംഗ് റാം വരച്ചത്. വലത്ത് ശ്രീരംഗ് ദേവ് വരച്ചത്. കണ്ടമംഗലം ഇല്ലം, പോസ്റ്റ്:ചാത്തമംഗലം വഴി:എൻ.ഐ. ടി, പിൻ: 673601 കോഴിക്കോട്, മൊബൈൽ: +267 71410775

*കളിക്കുടുക്കയിലെ കളറിംഗ് മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ സഞ്ജയ് മിത്ര . പാറക്കോട്ടില്ലത്ത് ഉമയുടെ മകനും വാസുദേവൻ നമ്പൂതിരിയുടേയും ഹേമലത അന്തർജനത്തിന്റേയും പേരക്കുട്ടിയുമാണ്.*






# എന്റെ അമ്മ

മാതൃസ്നേഹത്തിൻറെ മാധുര്യമേറുമീ-
യമ്മതൻ മാറോടു ചേർന്ന നേരം,
എന്നുമെൻ കാതിലേക്കിമ്പമായ് വന്നമ്മ
ചൊല്ലിയ താരാട്ടുപാട്ടിന്നീണം.
അമ്മയെക്കാലവുമെന്റെ വിളക്കാണ-
ണയാതെ എന്നുമേ കാത്തിടേണം,
കാത്തുരക്ഷിക്കുമെന്നമ്മയെക്കണ്ണിലെ
കൃഷ്ണമണി പോലെയെക്കാലവും!

**ഹരിജയന്ത്.കെ.പി**
അച്ഛൻ: ദിനേശൻ കെ.പി
കോട്ടമല ഇല്ലം, പി.ഒ മങ്ങാട്,
ഉണ്ണിക്കുളം,കോഴിക്കോട് ജില്ല
**ഫോൺ: 8113801527**

# A 'Pandora's Box' of surprise

The year 2020 came with great vivid and vibrant expectations. All I could think was I could write my exams and then I could feel the cool breeze sitting in a train to my native's place, I could drink hot, blaring cups during a misty morning, I could play all I want and do my nerve-wracking hikes and wandering.

The thing with the year 2020 was that it was like a 20-20 cricket match, wherein everything was going on mighty fine with our team. I was prepared for attending exams, attending to haphazard new hobbies and developing myself for the result and college. But what I was unprepared for was an unknown opposition team and a 'Pandora's Box' of surprises it came with. The opposition was nothing but an organism, minute and microscopic but with an ability that was soul-frightening. It was a deadly virus with the alias," Covid-19". It was indeed a huge surprise to me and stripped the whole world bare with its extraordinary and lethal capabilities. It was really dreadful to think that such a minuscule organism could bring the world and its people onto their knees. My last exam got cancelled too and it led to a period of anxiety and bewilderment, along with its increasing barriers of stone cold rocks.

People and my family were terrified enough with the heartbreaking stories of victims, but depression blues, anxiety about the future were more hefty blows to overcome. My subconscious was torturing me seeking for peace, answers to the results, and negative effects on our routine.

When there was a particular thing I really, truly and utterly wanted to hold on to, I found solace and salvation in the company of books. In a way, I was completely obsessed with a particular book. Things didn't matter except the character-driven plotline, suspense, frantic, satisfying fictional escapades, and moments of grief and blissful happiness that kept me going. Time was passing by just like waves coming and going from the shores. The thing about books is that it teaches you to be ambivalent for everything, a patient approach towards everything. I have read 78 books since the beginning of the lockdown and am still reading. They are indeed treasures of knowledge,



**പുത്തില്ലം സൂരജ് ദിവാകരൻ**
വയസ്സ് : 16 മുംബൈ സെന്റ് സേവ്യേഴ്സ് കേളേജിൽ പതിനൊന്നാം ക്ലാസ് വിദ്യാർത്ഥിയാണ്.
**മൊബൈൽ: 9970219061**

imbibing great qualities and helped me fill a void in my life that I was never able to fulfill. Everything was mighty fine, my father was going to his office in different ways, and I had a perfect and amazing score for my 10th Standard result, waiting for my college admission.

It was like a truck had hit us from the corner, even when we were walking on the footpath; our lives had turned regularly unpredictable. My family started developing mild symptoms of the 'Covid-19' virus. We were terrified and praying for our lives. It was at a distinct time, when millions of people had given up to the virus's difficult torture. We were shifted to quarantine centers immediately. What I've learned is that the virus can be stopped by a strong belief in fearlessness, faith and tremendous amounts of healthy food and water. It was ironic to be diagnosed with the virus, as our family literally bathed in sanitizers. We overtook a lethal impediment of our lives, without any critical problems and extensive worries.

We returned home and we were blissful and really enthusiastic, that the environment could no more withhold us from anything. My admission was successful as I got it at St.Xaviers, which has totally and utterly been my dream for years. Everyone was working and seemed quite busy. But still nothing had genuinely changed, the lockdown was still at its all-time high, restrictions were still in order and the routine was monotonous. Virtual meetings, in the sense (Zoom and GoogleMeet) helped us contact our loved ones. It was sort of like for every impediment that Covid-19 imposed on us; there was a perfect solution, only if we dug enough mud to find the treasure beneath, in its beauty and helpfulness.

What I can say about the year, 2020, is that it has been life-transforming, thought-provoking and highly precarious. It has taught us to keep our eyes on the prize; however it also had mentionable pessimistic consequences. It has taught me to explore and enter magical and fictional worlds without any permit, but words, to be optimistic, patient, careful and fearless. The year has taken some of my loved ones, but it has given some things into perspective to stick to and love. Every desire turned haywire, but we have to rewire.

2021 has come and it is breathing and exhaling fresh and lush breaths, events and wonderful opportunities. It has the capability of providing us with vaccines, freedom from isolation and lockdown. Things will change, as they always say. My college will soon start in an offline manner, wherein I could visit the library, get lost in the chapel's peace and run through alleys and mysterious stairs. Anyhow 2020 cannot and should not be forgotten, as we need to know where we come from. To end on an optimistic and hopeful note:

"We can't choose
Where we come from,
But we can choose
Where we go from there." ●

# അപ്പുവിന്റെ ലോകം, ഉണ്ണിയുടേയും

അപ്പുവും ഉണ്ണിയും സ്കൂളിൽ വന്നു. വാവയെ കണ്ടപ്പോൾ ലളിത ടീച്ചർ ചോദിച്ചു. വാവയുടെ പേരെന്താ? രഞ്ജിത്ത് എന്നാണ് ടീച്ചറേ, അമ്മ മറുപടി കൊടുത്തിട്ട് പോയി. ബെല്ലടിച്ചു പ്രാർത്ഥന കഴിഞ്ഞു. ടീച്ചർ ഹാജർ വിളിച്ചു. പലപേരുകളും. അടുത്തത് അപ്പുവാണ്. ടീച്ചർ വിളിച്ചു വല്ലഭ് പി സി. പ്രസന്റ് ടീച്ചർ. ഉണ്ണിയേയും വിളിച്ചു, വാസുദേവ് പി സി. പ്രസൻറ് ടീച്ചർ. പിന്നെയും പല പേരുകൾ.

മലയാളമാണ് ക്ളാസ് ,മഴവില്ലിന്റെ പാട്ട് . ഏഴു നിറമുള്ള മഴവില്ലിനെക്കുറിച്ച് അപ്പു ഓർത്തു വന്നപ്പോഴേക്കും ഇടവേളയ്ക്കുള്ള മണിയടിച്ചു. എല്ലാവരും പുറത്തു വന്നു. രാധയുടേയും മീനാക്ഷിയുടേയും മീരയുടേയും അടുത്തെത്തി. അവരും കളിക്കു കൂടി. ഉണ്ണി എല്ലാവരേയും വിളിച്ചിട്ട് വട്ടം കൂട്ടി. അപ്പു പറഞ്ഞു രാധ എനിയ്ക്കും മീനാക്ഷി ഉണ്ണിയ്ക്കും. മീരക്ക് സങ്കടമായി .മീരേ, പിണങ്ങണ്ട ഞങ്ങളുടെ കൂടെ കൂടിക്കോളൂ, ഉണ്ണി പറഞ്ഞു.

വട്ടം മാറിക്കളിയായി ,ബെല്ലടിച്ചു .പഠനം തുടർന്നു. വൈകിട്ട് രണ്ടു പേരെയും കൂട്ടിയിട്ട് അമ്മ വീട്ടിൽ



**ശാംഭവി വി പി**
D/o വി.പി കൃഷ്ണ കാന്ത് ,
വടശ്ശേരി ഇല്ലം, പയ്യളിക്ക, കാങ്കോൽ പയ്യന്നൂർ.
**മൊബൈൽ 7907114438**

വന്നു. വീട്ടിലെത്തിയപ്പോഴേക്കും അവർ ക്ഷീണിച്ചിരുന്നു അതു കൊണ്ട് രണ്ടു പേരും മയങ്ങിപ്പോയി. കോളിംഗ് ബെല്ലടിച്ചപ്പോൾ അമ്മ വാതിൽ തുറന്നു. അപ്പോൾ വരുൺ ദേവ്, അവർക്ക് സന്തോഷമായി .അവർ അവനെ സ്വീകരിച്ചു. വാവയെവിടെ? വരുൺ ചോദിച്ചു. ഉറക്കമാണ്, ഉണ്ണി പറഞ്ഞു. അവർ അവനെ പറമ്പെല്ലാം കാണിച്ചു.

ഹൊ! എന്തെല്ലാം മരങ്ങൾ? ഒരു ചെറിയ മാവ് കണ്ടു ,നിറയെ മാങ്ങകൾ ,ഹായ്! കൊതിയാവുന്നു, വരുൺ പറഞ്ഞു. പറമ്പിന്റെ അതിരിൽ നിരനിരയായി വാഴത്തൈകൾ നില്ക്കുന്നു., കുളവുമുണ്ട്. എത്ര ഭംഗിയുള്ള സ്ഥലം! .വരുൺ പറഞ്ഞു. ഞങ്ങളുടെ അച്ഛൻ പ്രകൃതിയെ സംരക്ഷിക്കുന്ന ആളാണ്. ഒന്നും നശിപ്പിക്കില്ല.അവർ പറഞ്ഞു. പറമ്പ് ചുറ്റിയിട്ട് വന്നപ്പോൾ വരുണിന് പോകാൻ സമയമായി. കാപ്പി കുടിക്കാൻ ക്ഷണിച്ചെങ്കിലും അവൻ കുടിക്കാതെ പോയി. ഉണ്ണീ അപ്പൂ, വരൂ കാപ്പി കുടിക്കണ്ടേ. അമ്മയുടെ വിളി കേട്ടു .സന്ധ്യയായി ഉമ്മറത്ത് മുത്തശ്ശിയുടെ നാമം ജപം. വാവയുടെ ശബ്ദവും കേൾക്കാം .കുളിയും നാമജപവും കഴിഞ്ഞ് പഠിച്ചോളൂ, അച്ഛന്റെ നിർദ്ദേശം.രാത്രിയിൽ കഞ്ഞി കുടിക്കുമ്പോൾ ഉണ്ണി പറഞ്ഞു ,കായ ഉപ്പേരിയ്ക്ക് നല്ല സ്വാദുണ്ട്, നമ്മുടെ പറമ്പിലെയല്ലേ കുട്ടികളേ, സ്വാദുണ്ടാകാതിരിക്കുമോ, അമ്മ പറഞ്ഞു. ഇനി ഉറങ്ങാം. തൊടിയിലൂടെ പറക്കുന്ന രണ്ട് അപ്പൂപ്പൻ താടികളായി സ്വപ്നം കണ്ടു കൊണ്ട് അവർ ഉറങ്ങി. ●



**നന്ദൻ എൻ.എം**
നല്ലൂർ പള്ളി മനയിലെ സത്യന്റെയുംസരിതയുടെയും മകനാണ്.
വിലാസം: നല്ലൂർ പള്ളി മന
അരയങ്ങോട്, പി.ഒ മണ്ണാർക്കാട്,
പാലക്കാട് ജില്ല.
**മൊബൈൽ 9495562882**






പാലക്കാട് പട്ടാമ്പി എരണ്ടപ്പുറത്തുകാട് മനയ്ക്കൽ സന്ദീപിന്റെ മകൾ
**ആര്യസന്ദീപ്**
മൊബൈൽ :
**9495418249**









ശിവദ ടി.സി
D\o ശ്രീശൻ നമ്പൂതിരി
പുതിയടം ഇല്ലം
സുഭദ്ര ഹൗസ്
മയ്യന്നൂർ (PO) വടകര
**മൊബൈൽ 8589062680**



പാർവതി നീലമന
D/o ചന്ദ്രകാന്തൻ നീലമന
കീഴരിയൂർ, കൊയിലാണ്ടി
**മൊബൈൽ 9645090531**



# നെറ്റുകാലത്തെ കലി

## ഋഷികേശ് എം.ഇ

കുത്തിക്കേറും മഴയുടെ കൂട്ടായി
കത്തിക്കേറും വ്യാധികളും
കുത്തി നിറക്കും ബസ്സുകളെല്ലാം
കൂട്ടിയിടുന്നു വർക്ക്ഷോപ്പിൽ
ചുറ്റിയടിക്കും ചെക്കന്മാരോ
ചാറ്റിൽ ചീറിപ്പായുന്നു
ചാറ്റിൽ പെട്ടൊരുചങ്കുകളെല്ലാം
ചീറ്റിങ്ങായിപ്പോവുന്നു
ചാറ്റിച്ചീറ്റി നടന്നൊരു ചെറ്റകൾ
സെല്ലിൽപ്പോയി പോരുന്നു
സെല്ലിൽപ്പോയി പോന്നവരെല്ലാം
ചാനൽ ചർച്ചകൾ ആവുന്നു
ചാനൽക്കാരുടെ തൊള്ളയടക്കാൻ
കാശുകൾ ചാലയൊഴുകുന്നു
ചാനൽക്കാരുടെ കയ്യിൽപ്പെട്ടവർ
മറ്റൊരു മധുവായ് മാറുന്നു
മുലയിലെ വിഷവും നൽകിയ പൂതന
പാർവതിയായി ചമയുന്നു
നെറ്റിൽ നോക്കും നാട്ടാരൊക്കെ
നത്തുകളായി മൂളുന്നു
കാലം കലിയുടെ പിടിയിൽ നിന്നും
വേദനയോടെ പിടയുമ്പോൾ
കാലൻ കയ്യിൽ കയറുകളായി
നാടുകൾ നീളെ അലയുന്നു ●

ഋഷികേശ് എം ഇ
മേൽമണ്ടോടി ഇല്ലം
ബി.എ സോഷ്യോളജി
(ഫൈനൽ ഇയർ)
വടകര ശ്രീ സാഗർ കോളേജ്
മുയിപ്പോത്ത് ഉപസഭ,
ഫോൺ- 8281877318

# വയൽ ഗീതം



**പാർവതി എൻ.ടി**
D/o എൻ.ടി.
നാരായണൻ
നരിയങ്ങൽ
തലപ്പണ ഇല്ലം
കണ്ണിപ്പറമ്പ് ഉപസഭ
മൊബൈൽ:
9048239871

പകൽപ്പക്ഷി പാടുന്ന പാടം
നിലാവിൽ കുളിക്കുന്ന പാടം
ഇവിടെ കിളക്കുവാൻ പോരൂ
ഇവിടെ കളിക്കുവാൻ പോരൂ.

കുരുവികൾ പാറുന്ന പാടം
കിനാക്കൾ പിറക്കുന്ന പാടം
അവിടേക്ക് പോകണം നമ്മൾ
അവിടെ വിയർക്കണം നമ്മൾ.

പാരിന്റെ സമ്മാനം പാടം
മനുഷ്യന്റെ അധ്വാനപാഠം
അന്നം വിളയുന്ന ലോകം
ജീവൻ തളിർക്കുന്ന നാകം

ചേറിൻ മണമുള്ള സ്നേഹം
ചോറിന്നുറവയിവിടം
ഇന്നലെ നെല്ലു വിളഞ്ഞൂ
പൊന്നിൻ കതിരു നിരന്നൂ.

ഇന്നു ഫ്ളാറ്റിന്റെ പതിരായ്
ഉറവുമുയിരും പൊലിഞ്ഞു
പകൽപ്പക്ഷി പാടുന്നതില്ല
നിലാവോ കുളിരുന്നുമില്ല. ●



**സുഗത് കൃഷ്ണൻ ഒ.എച്ച്.**



*തൃശൂർ തോന്നല്ലൂർ ഒതളൂർ മനയിൽ ഡോ. ഹൃഷികേശിന്റെ മകനും മൈസൂരു ജെ. എസ്. എസ് പബ്ളിക് സ്കൂളിലെ മൂന്നാം ക്ളാസ് വിദ്യാർത്ഥിയുമാണ്. മൊബൈൽ 8547079574*

## ഇന്ത്യാ ബുക്ക് ഓഫ് റെക്കാഡ്സിൽ നമ്മുടെ ഒരു ഉണ്ണിയും

ലോകത്തെ ഏറ്റവും വലിയ രാജ്യമേതാണ്. ഏറ്റവും ചെറുതേതാണ്. ആകെ എത്ര രാജ്യങ്ങളുണ്ട്. അവയെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി ഒരു മിനുട്ട് കൊണ്ട് പറയാമോ. മുതിർന്നവർ പോലും പറയാൻ പ്രയാസപ്പെടുന്ന ഇത് അവ്യംഗിന് നിഷ്പ്രയാസം പറയാം.

അഞ്ചുവയസ്സേ ആയുള്ളൂ.അതുകൊണ്ടു തന്നെ ഈ കൊച്ചുമിടുക്കൻ ഇന്ത്യാ ബുക്ക് ഓഫ് റെക്കാഡ്സ് 2022-ൽ ഇടം നേടിക്കഴിഞ്ഞു. ഒരു മിനിറ്റിനുള്ളിൽ 98 രാജ്യങ്ങളുടെ പേർ വലുപ്പക്രമത്തിൽ തെറ്റു കൂടാതെ പറഞ്ഞാണ് അവ്യംഗ് ഈ നേട്ടത്തിനുടമയായത്. രാജ്യങ്ങളുടെ പേര് പറഞ്ഞതാകട്ടെ വലുപ്പ ക്രമത്തിലായിരുന്നു എന്നതാണ് ഈ അംഗീകാരത്തിന് കൂടുതൽ തിളക്കമാകുന്നത്.

ഏറ്റവും വലിയ രാജ്യമായ റഷ്യയിൽ തുടങ്ങി ഒരുമിനിറ്റ് സമയംതീരുമ്പോൾ ലോക രാജ്യങ്ങളുടെ വലുപ്പത്തിൽ 98 -മത്തെ രാജ്യമായ മാലാവിയിലെത്തിക്കഴിഞ്ഞിരുന്നു അവ്യംഗ്.

ഒരു നിമിഷത്തിനുള്ളിൽ ലോകരാജ്യങ്ങളുടെ വലുപ്പമനുസരിച്ച് എത്ര പേരുകൾ പറയാനാകും എന്നതായിരുന്നു ഇന്ത്യ ബുക്ക് ഓഫ് റെക്കാർഡ്സ് നൽകിയ ടാസ്ക്. സമയംകൊടുത്താൽ ലോകത്താകമാനം വ്യാപിച്ചുകിടക്കുന്ന നൂറ്റിത്തൊണ്ണൂറ്റിയഞ്ച് രാജ്യങ്ങളും അവയുടെ തലസ്ഥാനങ്ങളും തെറ്റാതെ പറയാൻ കഴിയും.

ഗണിതത്തിൽ അതീവ തത്പരനാണ് അവ്യംഗ്. രണ്ടാമത്തെ വയസ്സിൽത്തന്നെ സ്ഥാനവിലയനുസരിച്ച് ഏത് വലിയ സംഖ്യകളും പറഞ്ഞിരുന്നു. നാലോ അഞ്ചോ അക്കങ്ങളുടെ ശ്രേണിയിലുള്ള സംഖ്യകളുടെ സങ്കലനവും വ്യവകലനവും ക്രിയകൾ മനസ്സിൽനടത്തി ഉത്തരംപറയാനും പ്രയാസമില്ല. ●

(സൗത്ത് ഇന്ത്യൻ ബാങ്ക് വളാഞ്ചരി ശാഖാ മാനേജരായ തൃശ്ശൂർ മുളങ്കുന്നത്തുകാവിലെ കൂടല്ലൂർ ഇല്ലത്ത് ഭവദാസ് നമ്പൂതിരിയുടെയും പാലക്കാട് മുളയങ്കാവ് ഒരുപുലാശരി അനഘയുടെയും മകനാണ് യു.കെ ജി. വിദ്യാർഥിയായ അവ്യംഗ്.)

**മൊബൈൽ:9497883749**



കൂടല്ലൂർ ഇല്ലത്തെ അവ്യംഗ്

# ഈ 'കുട്ടികളെ' അറിയാമോ?



കേളപ്പജിയുടെ പൗത്രൻ ശ്രീ നന്ദകുമാർ മൂടാടി 40 വർഷം മുമ്പ് സുഹൃത്തിന്റെ വേളിയിൽ പങ്കെടുത്തപ്പോൾ ഏതാനും ഫോട്ടോകൾ എടുത്ത് വരന് (പിന്നീട്) സമ്മാനിക്കുകയുണ്ടായി. അതിലെ രണ്ടു ഗ്രൂപ്പ് ഫോട്ടോകൾ ഇതോടൊപ്പം നൽകിയിരിക്കുന്നു. അവയിലുള്ള ആറ് ഉണ്ണികളേയും നാലു പെൺകിടാങ്ങളിൽ എല്ലാവരേയും അന്നത്തെ വരന് തിരിച്ചറിയാൻ സഹായിക്കാൻ നിങ്ങൾക്കു കഴിഞ്ഞേക്കാം. പത്തു പേരുടേയും പേർവിവരങ്ങളും ഇപ്പോഴത്തെ രൂപഭാവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളും അറിയാവുന്നവർ താഴെ നൽകുന്ന വിലാസത്തിലോ ഫോൺ നമ്പറിലോ അറിയിച്ചാൽ രണ്ടു വർഷത്തെ സ്വസ്തി ത്രൈമാസിക പാരിതോഷികമായി അയച്ചുനൽകുന്നതായിരിക്കും. (പത്തു പേരുടേയും വിവരങ്ങൾ നൽകുന്ന വ്യക്തികൾക്കാണ് പാരിതോഷികം) / അന്നത്തെ വരൻ, C/o K M പരമേശ്വരൻ, ആര്യശ്രീ,53/1673, മാത്തോട്ടം ഒരുമ A 19, അരക്കിണർ – 673028, മൊബൈൽ: 9072383651.



അന്നത്തെ വധൂവരന്മാർ ഇന്ന്



# പാണിഗ്രഹണം

ശുമാ ര ശി മല

| | | | |
|---|---|---|---|
| | ലച ശി | | മാ |
| മ | | | ശു |
| | | | രബു |
| | ഗു | സ | കു |

കു

ചസ ഗു ബു

1170കർക്കിടക മാസം 32 ആം തീയതി ഗുരുവാരം രാത്രി 9 നാഴികയും 42 വിനാഴികയും ചെന്നപ്പോൾ മേടക്കൂറിൽ ഭരണി നക്ഷത്രം നാലാം കാലിൽ മേടല ഗ്നത്തിൽസ്ത്രീജനനം ശുക്രശിഷ്ട ദശ 1വ 2 മാ 21ദി
ജനനതീയതി17/8/1995
ഉയരം161 സെമീ
പി.കെ വാസുദേവൻ നമ്പൂതിരി.
പടിഞ്ഞാറത്ത് കോളശ്ശേരി ഇല്ലം,
പി.ഒ. അരിയിൽ, വഴി, മുള്ളൂൽ,
തളിപ്പറമ്പ്, കണ്ണൂർ, ജില്ല
**മൊബൈൽ 7593982508**

ര ബുശി ച

| | | | |
|---|---|---|---|
| | | ശി | ച |
| | | | |
| മ | | | |
| ല | കുസ മാ | രബു ഗുശു | |

മാ കു

ഗു ശുസ മല

**അഭിജിത്** Bcom ,MBA Fin.ജോലി:കുടുംബം നേരിട്ട് നടത്തുന്ന കാണിപ്പയ്യൂർ ആയുർവ്വേദ ചികിത്സാലയചുമതല.Pref . BAMS /വിദ്യാർത്ഥി.അച്ഛൻ: Late ശങ്കരൻ നമ്പൂതിരിപ്പാട്.റിട്ടഅദ്ധ്യാപകൻ.അമ്മ:പാർവ്വതി അന്തർജ്ജനം,ഗൃഹസ്ഥ (തന്ത്രി നെടുമ്പിള്ളി തരണനെല്ലൂർ).1169തുലാം 20 ന് 1993 നവംബർ 05 ന് വെള്ളി ഉദിച്ച് 10 മണി 37 മിനുട്ടിന് 10 നാഴിക 40 വിനാഴിക്ക് പുണർതം നക്ഷത്രം മീനക്കൂറിൽ ധനു ലഗ്നം കൊണ്ട് ശ്രീമൽ കുമാര ജനനം. അന്നേരം നക്ഷത്രത്തിൽ ചെന്ന നാഴിക 16 വിനാഴിക30. രാശിയിൽ ചെന്ന നാഴിക 3 വിനാഴിക 17.ഗർഭ ശിഷ്ട വ്യാഴദശാ 11 വർഷം 7 മാസം 6 ദിവസം.
**മൊബൈൽ: 9447879060**

ഭൃ രച ലസ

| | | | |
|---|---|---|---|
| | രബു | ല | ഗുമാ |
| ഭൃ കു | | | ശി |
| ച മ സ | | | |
| | | | |

ഗു മ

ശിമാ കു ബു

കൊല്ലവർഷം 1165 ാമത് മേടമാസം 6 ാം തീയതിക്ക് 1990 ഏപ്രിൽ 19 ാം തീയതി വ്യാഴാഴ്ച തിരുവോണം നക്ഷത്രം പുരുഷ ജനനം.
6 വർഷം1 മാസം 20 ദിനം 0 നാഴിക ഗർഭശിഷ്ടം ചന്ദ്രദശ.
NAME .SREEKESH P.S,
DOB: 19/4/1990 / TIME : 9.04am
PLACE :PALAKKAD
HEIGHT:172 cms.
STAR :THIRUVONAM
CAST :BRAHMIN
JOB . LOGISTICS CORDINATOR ,IFX GROUP OF COMPANIES , UAE .
PREFERENCE:Educated well mannered girls,
Address: Podiyatt illam, Perur P O
Palakkad ,Kerala ,679302.
**Mob:9605128436, (0491) 2874899**

കു സ

| | | | |
|---|---|---|---|
| മാ | ശി | | ല കു |
| മ | | | |
| | | | ര |
| ച | | ഗു ശുസ | ബു |

ഗു മ ബു ല ശു ച ര

ശി മാ

**Anand Krishnan K**
Nakshatram : pooradom
Height :176
Qualification : BTECH MECHANICAL ENGINEERING
Working Firm : Unicorn valves Pvt Ltd Coiambathur
DOB :14/09/1994
Preference:professionally qualified
Address for communication
KK krishnan Namboothiri
Kuriyedath mana
P.O Avittathoor
Irinjalakkuda-Trissur
1170 ചിങ്ങം 29 (14.9.1994 )
ബുധനാഴ്ച പൂരാടം നക്ഷ ത്രത്തിൽ പുരുഷജനനം

**Phone : 9446721970/ 9447417457**

ഗു ര

| | | | |
|---|---|---|---|
| ചശു | | ശി | ല |
| രഗു ബുമ | | | മാ |
| | | | |
| | സ | ഗു | |

ശി കു ച മ സ

ലബു ശുമാ

**പേര്:നിഖിൽ.എൻ**(27)ജനനത്തിയ്യതി:14.3.94,(ഉദയാൽപരം15നാ.2വി.പകൽ ചെന്നപ്പോൾ)നക്ഷത്രം: രേവതി,ജനന സ്ഥലം:കോഴിക്കോട്,ജാതി: നമ്പൂതിരി,വിദ്യാഭ്യാസം:ബി.ടെക്,പ്രൊഡക്ഷൻ എഞ്ചിനീയറിംഗ്,എം.ബി.എഇൻഫർമേഷൻ സിസ്റ്റം,ജോലി: എസ്.എ.പികൺസൾട്ടന്റ് കൊഗ്നിസെന്റ്(സി.ടി.എസ്)ബാഗ്ളൂർ,ഉയരം:164 സെമി.മുൻഗണന: ഉയർന്ന വിദ്യാഭ്യാസം (ജോലി,). പിതാവ്:നീലകണ്ഠൻ നമ്പൂതിരി.(റിട്ട. അധ്യാപകൻ)മാതാവ്:ഗീത പി.എം.(അധ്യാപിക)സഹോദരി:നീതു(വിവാഹിത)ഗോത്രം: വസിഷ്ഠഗോത്രം,അമ്മാത്ത്: മുതുമന ഇല്ലം.മേൽവിലാസം: പറമ്പിടി പുതുശ്ശേരി ഇല്ലം,സപര്യ,പി.ഒ. കിഴക്കുംമുറി, കക്കോടി, പിൻ 673611, കോഴിക്കോട്. 10വർഷം 5 മാസം 14ദിവസം ബുധശിഷ്ടദശ.
**മൊബൈൽ നമ്പർ: 9744468023.**

| | | | |
|---|---|---|---|
| കു | | ചല ഗു | |
| സ | | | |
| മാ | | | ശി |
| മ | രബു | ശു | |

ഗു മ ച സ ബു ല മാ ശി ശു

കു ര

Name: Narayanan Nampoothiri. V
Date of birth: 23November 1988(5.35.PM)
Place of birth:Mavelikkara
Star: Karthika
Height:170cm
Complexion:White and good looking
Qualification:M.com(finance)
Job:M&E ACCOUNTANT KERALA STATE AIDS CONTROL SOCIETY
Address: Suprabha, Ariyannoor illom)
Evoor North PO, Cheppad-Pin: 690507
Alappuzha(Dist)
Mobile: 9400435627
9496231275(watsapp)


ധീരജ് ഗോവിന്ദന്
ഉപനയനാശംസകൾ
ജനുവരി15 നു
ചെങ്ങമനാട്
എൻ.എസ്.എസ്
ഓഡിറ്റോറി
യത്തിൽ വച്ച്
ഉപനയനം ക
ഴിഞ്ഞ കാവിൽ
ത്തോട്ടം
സൂരജ് നമ്പൂതി
രിയുടെയും വി.
എൻ ശ്യാമയു
ടെയും മകൻ
ഇല്ലത്തെ മുത്തശ്ശൻ: പരേതനായ ഗോവിന്ദൻ നമ്പൂതിരി
ഇല്ലത്തെ മുത്തശ്ശി:ഉമാദേവി എൻ
അമ്മാത്തെ മുത്തശ്ശൻ: വി. എൻ നാരായണൻ ഇളയത്.
അമ്മാത്തെ മുത്തശ്ശി: മായ വി.എൻ
Best wishes from
Dhananjai N (Brother), Narayanan Namboodiri (Palappillil Velliyodu Illam, Chenganoor), Suramia N and Nivitha N
Thanks & Regards
Umadevi N,Kavilthottam Illam,Kunnissery,
Athani P O 683585Mob:8891362980


ഉപനയനാശംസകൾ
ആദികേശവ്.എൻ
നാറാണിയാട്ട് ഇല്ലം
ഫാറൂഖ് കോളേജ് പി.ഒ
കോഴിക്കോട് ജില്ല.
ഫറോക്ക് ഉപസഭ
ശ്രീദിൻ നമ്പൂതിരി
& കൃഷ്ണപ്രിയ
ദമ്പതിമാരുടെ മകൻ
ഫോൺ : 8848494009


15.01.21 ന് ഉപനയനം കഴിഞ്ഞ വെങ്കിലോട്ട് ഇല്ലത്ത്
രാമാനന്ദും ദേവാനന്ദും
കണ്ണൂർ ചാലാട്
വെങ്കിലോട്ട്
ഇല്ലത്ത് ഗിരീഷ്
നമ്പൂതിരിയുടെയും
പേരൂർ ഇല്ലത്ത്
നിഷ അന്തർജനത്തി
ന്റെയും മക്കളാണ്.
മൊബൈൽ: 9447320287


2021ഫെബ്രുവരി 12ന് ഉപനയനം
കഴിഞ്ഞ ചാത്തനാട്ട് മഹേന്ദ്രശങ്കർ
നമ്പൂതിരിപ്പാടിന്റെയും മഞ്ജുള
അന്തർജനത്തിന്റെയും മകൻ
അദ്വൈത് ശങ്കർ
മൊബൈൽ
9745567802
ഓതിക്കൻ :കളം ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി


ഉപനയനം ആശംസകൾ
ഫെബ്രുവരി 21 ന്
ഉപനയനം കഴിഞ്ഞ
ഹരിനാരായണൻ സൗമ്യ
ദമ്പതിമാരുടെ മകൻ
എടക്രമഞ്ചേരി കീഴേടത്ത് ശ്രീഹരി
വാധ്യാൻ വൈത്തല ഇടക്കാട് നാരായണൻ നമ്പൂതിരി.


ഉപനയനാശംസകൾ 17.02.21
ഇടവലത്ത്
പുടയൂർ ജയ
നാരായണൻ
& സൂര്യ
ദമ്പതിമാരു
ടെ മകൻ
ദേവദത്തൻ
(കുട്ടൻ)
ഇടവലത്ത് പുടയൂർ മന,
തലോറ, പി.ഒ കുറ്റ്യേരി ,
തളിപ്പറമ്പ്, കണ്ണൂർ 670142
മൊബൈൽ 9544075519


ഉപനയനാശംസകൾ
കളത്തില്ലത്ത് സന്തോഷ്
അമ്പിളി ദമ്പതികളുടെ മക്കൾ
സൂര്യനാരായണൻ
വസുദേവ് കൃഷ്ണൻ
ഇവരുടെ ഉപനയനം
21-2-21-നടന്നു
കളത്തില്ലം, ഒറവിൽ, കൊയിലാണ്ടി.
കോഴിക്കോട് ജില്ല
മൊബൈൽ: 9495413682


അന്നപ്രാശനം കഴിഞ്ഞ
താമരക്കുളം
വിഷ്ണുപ്രസാദിന്റെയും
ദേവിപ്രിയയുടേയും
മകൻ ധ്രുവ് ദിവാകരന്
ആശംസകൾ
മുത്തശ്ശൻ , മുത്തശ്ശി
ദിവാകരൻ നമ്പൂതിരി
താമരക്കുളം ഇല്ലം
മാമ്പറ്റ, മുക്കം
കോഴിക്കോട്.
മൊബൈൽ:9447337337



കക്കോടി കോൽപ്പുറത്ത് ഇല്ലത്തു കൃഷ്ണദാസ് നമ്പൂതിരിയുടെയും ഉഷയുടെയും മകൻ അഭിലാഷും പയ്യന്നൂർ എടക്കാട്ട് ഇല്ലത്തു കൃഷ്ണൻ നമ്പൂതിരിയുടെയും ഗിരിജയുടെയും മകൾ ജ്യോതിലക്ഷ്മിയും 29/10/2020 നു വ്യാഴാഴ്ച കോൽപ്പുറത്ത് ഇല്ലത്തു വെച്ച് വിവാഹിതരായി.



പാലങ്ങാട്ട് ഇല്ലത്തു സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും രമണി അന്തർജനത്തിന്റെയും മകൻ ജിതേഷും പാതിരിശ്ശേരി ഇല്ലത്തു നാരായണൻ നമ്പൂതിരിപ്പാടിന്റെയും (late) ഇന്ദിര അന്തർജനത്തിന്റെയും മകൾ രേഷ്മയും തമ്മിലുള്ള വിവാഹം പാലങ്ങാട്ടു ഇല്ലത്തു വെച്ച് നടന്നു.



ഫറോക്ക് പെരുമുഖം നല്ലൂർ തെഞ്ചീരി ഇല്ലത്ത് മധുസൂദനന്റെയും ശ്രീദേവിയുടെയും മകൻ രാജീവും പെരിന്തൽമണ്ണ എരവിമംഗലം തച്ചറഴിയത്ത് മനയിലെ മുരളീധരന്റെയും ലളിതയുടെയും മകൾ ആരതിയും ജനുവരി 25നു നല്ലൂർ തെഞ്ചീരി ഇല്ലത്തു വിവാഹിതരായി



കോഴിക്കോട് ജില്ല ചാത്തമംഗലം കൊഴുവിൽ ഇല്ലം ത്രിവിക്രമൻ നമ്പൂതിരി ലിജി അന്തർജനം ദമ്പതികളുടെ മകൾ അനഘയും വടകര ഏറാമല കക്കാട്ടില്ലത്ത് പ്രസാദ് നമ്പൂതിരി തുളസി അന്തർജനം ദമ്പതികളുടെ മകൻ അഖിൽ കൃഷ്ണനും തമ്മിലുള്ള വേളി 2021 ഫിബ്രവരി 1 (1196 മകരം 19) കക്കാട്ടില്ലത്ത് വെച്ച് സമംഗളം നടന്നു



പാലക്കാട് പടിഞ്ഞാറങ്ങാടി വേങ്ങശ്ശേരി മനയിൽ പരേതനായ വാസുദേവൻ നമ്പൂതിരിയുടെയും ടി. സീമയുടെയും മകൾ വി.എം.സംഗീതയും മലപ്പുറം പുലാമന്തോൾ മനയിലെ ശങ്കരൻ മൂസ്സിന്റെയും രേണുകയുടെയും മകൻ ശ്രീരാമൻ മൂസ്സും ജനുവരി 24 നു പുലാമന്തോൾ മനയിൽ വിവാഹിതരായി



കിഴൂർ കളാശ്ശേരി ഇല്ലത്ത് (മൊളേരി) വാസുദേവൻ നമ്പൂതിരിയുടെയും ഉഷ അന്തർജനത്തിന്റെയും മകൻ ശ്രീനാഥും ചൂലൂർ പാലശ്ശേരി ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജനത്തിന്റെയും മകൾ സൗമ്യയും ഡിസംബർ 11നു കളാശ്ശേരി ഇല്ലത്തു വച്ച് വിവാഹിതരായി.



പട്ടാമ്പി അണ്ടലാടി മനയിൽ കിരാത മൂർത്തിയുടെയും രമാദേവിയുടെയും മകൻ വാസുദേവനും കുമരനെല്ലൂർ തെക്കിനിയേടത്തു മന കൃഷ്ണൻ നമ്പൂതിരി ഗീത ദമ്പതികളുടെ മകൾ മേഘയും ജനുവരി 21ന് അണ്ടലാടി മനയിൽ വിവാഹിതരായി



കണ്ണിപറമ്പ് ഉപസഭയിലെ നായർകുഴി കരിപ്പാല ഇല്ലത്തെ പരേതനായ നീലകണ്ഠൻ നമ്പൂതിരിയുടെയുംശ്രീജയുടെയും മകൻ ആനന്ദും ഓമശ്ശേരി നീലേശ്വരത്തെ വടക്കേപ്പാട്ട് ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടെയും ജയസുധയുടെയും മകൾ മേധശ്രീയും കരിപ്പാല ഇല്ലത്തു വച്ച് വിവാഹിതരായി



കോഴിക്കോട് കൊയിലാണ്ടി കന്മന മോളേരി ഇല്ലത്ത് രാജൻ നമ്പൂതിരിയുടെയും രമ അന്തർജ്ജനത്തിന്റെയും മകൻ വിനീത് രാജും എറണാകുളം പുത്തൻകുരിശ് കാരുകുന്നത് ഇല്ലത്ത് പദ്മനാഭൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിന്റെയും മകൾ ഗോപികയും തമ്മിൽ ഫെബ്രുവരി 4ന് തീയതി വരന്റെ ഇല്ലത്തു വച്ചു വിവാഹിതരായി



നരിക്കാട്ടേരി തരണി ഇല്ലത്ത് രാമചന്ദ്രന്റെയും മഞ്ജുളയുടെയും മകൻ മനുശങ്കറും കോട്ടയം കുമാരനല്ലൂരിൽ കുന്നത്ത് ഇല്ലത്ത് പരേതനായ മണിശർമ്മയുടെയും വിജയകുമാരിയുടെയും മകൾ ലക്ഷ്മി ശർമ്മയും തമ്മിൽ ജനുവരി 30ന് കുമാരനല്ലൂർ ദേവീക്ഷേത്രം ഓഡിറ്റോറിയത്തിൽ വച്ചു വിവാഹിതരായി



കോഴിക്കോട് ജില്ലാ ഫറോക്ക് ഉപസഭ നീലമന ഗോവിന്ദൻ നമ്പൂതിരി ശോഭന അന്തർജനത്തിന്റെയും മകൻ അനൂപും കോതമംഗലം തൃക്കാരിയൂർ ഇഞ്ചിയൂർമന നാരായണൻ നമ്പൂതിരി ജലജ അന്തർജനത്തിന്റെയും മകൾ ഹീരയും തമ്മിലുള്ള വിവാഹം 2021 ജനുവരി 24ന് ഫറോക്ക് നീലമന ഇല്ലത്തു വെച്ച് സമംഗളം നടന്നു.



ഉള്ള്യേരി കക്കഞ്ചേരി കോളകശ്ശേരി ഇല്ലത്തെ നാരായണൻ നമ്പൂതിരിയുടെയും ലീല നാരായണന്റെയും മകൻ ശ്രീനാഥും ചെറുവത്തൂർ കുട്ടമത്ത് നൂണിക്കര മനക്കൽ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും സരസ്വതി അന്തർജനത്തിന്റെയും മകൾ ഗായത്രിയും 2021 ഫെബ്രുവരി നാലിനു കോളകശ്ശേരി ഇല്ലത്ത് വച്ച് വിവാഹിതരായി

# മറക്കാനാവാത്ത രണ്ടു മഹാരഥന്മാർ

1980ലെ പൊതു തെരഞ്ഞെടുപ്പിനു മുമ്പ് മൊറാർജി മന്ത്രിസഭയിലെ പ്രഗത്ഭനായ വിദേശകാര്യ മന്ത്രി അടൽ ബിഹാരി വാജ്പേയി കേരളപര്യടനം നടത്തി. പിൽക്കാലത്ത് പ്രധാനമന്ത്രിയായ അടൽജി. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ അദ്ദേഹത്തോടൊപ്പം യാത്ര ചെയ്ത് റിപ്പോർട്ട് ചെയ്യാൻ കേസരി വാരിക നിയോഗിച്ചത് ഏറ്റവും ജൂനിയർ സഹപത്രാധിപരായ എന്നെയായിരുന്നു. വി.ഐ.പികളുമായി അടുത്തിടപഴകിയ അനുഭവമില്ല.കണ്ണൂർ, കോഴിക്കോടു പരിപാടികൾ കഴിഞ്ഞ് അളകാപുരിയിൽ താമസിച്ച അടൽജിയുടെ ചില ഫോട്ടോകൾ എടുക്കാൻ പിറ്റേന്നു അതികാലത്ത് കേസരി സ്ഥിരം ഫോട്ടോഗ്രാഫറേയും കൂട്ടി ഞാൻ ചെന്നു. പ്രഭാതഭക്ഷണം കഴിഞ്ഞ് യാത്ര പുറപ്പെടുന്നതിനു മുമ്പാണ് മുറിയിൽ നിന്നു പുറത്തുവന്നാൽ ഫോട്ടോകൾ എടുക്കേണ്ടത് . ചില ഫോട്ടോകൾ എടുപ്പിച്ചു. അപ്രതീക്ഷിതമായി അടൽജി എന്നെ അടുത്തേക്കു വിളിച്ചു. ഞാനൊന്നു പരിഭ്രമിച്ചു. ചിരിച്ചും തമാശ പറഞ്ഞും എന്റെ പരിഭ്രമം ഇല്ലാതാക്കി അദ്ദേഹത്തോടൊപ്പം ക്യാമറയിലേക്കു നോക്കാൻ പറഞ്ഞു. എനിക്കാണെങ്കിൽ അദ്ദേഹത്തിന്റെ മുഖത്തുനിന്നും കണ്ണെടുക്കാൻ കഴിഞ്ഞില്ല.ആരംഗം ഫോട്ടോഗ്രാഫർ പകർത്തി. അടൽജി അമ്പതുകളിൽ ലഖ്നോവിൽ പത്രാധിപരായിരുന്ന കഥ കേട്ടിട്ട് കവിയും വാഗ്മിയുമായ അദ്ദേഹത്തിന്റെ ആരാധകനായിക്കഴിഞ്ഞിരുന്ന എന്നെ സ്നേഹസ്പർശത്താൽ ശിഷ്യനാക്കി മാറ്റി എന്നു പറഞ്ഞാൽ മതിയല്ലോ. അന്നത്തെ ആ രംഗമാണ് ഇത്.

2020 ഡിസംബർ 28. പന്നിയങ്കര ദുർഗ്ഗാഭഗവതി ക്ഷേത്ര പരിസരത്തെ കൊയത്തൊടി 'ഋദ്ധി' ഇല്ലക്കാർ ആർ.എസ്.എസ്. സർസംഘചാലക് പൂജനീയ മോഹൻജി ഭാഗവതിനെ അതിഥിയായി പൂജിച്ച ദിവസം. ചാലപ്പുറം സ്വസ്തി ദിശയിൽ പണിത കേസരിഭവന്റെ ഉദ്ഘാടനത്തിനെത്തിയപ്പോഴാണ് ആതിഥേയരാവാനുള്ള യോഗമുണ്ടായത്. കടുത്ത സെക്യൂരിറ്റി കോവിഡ് പ്രോട്ടോക്കോളിനുള്ളിൽ വേണ്ടിവന്നു സൽക്കാരം. ഊണിനും പ്രാതലിനും അത്താഴത്തിനുമൊക്കെ സംഘ കുലപതിയോടൊപ്പമിരുത്തി തറവാട്ടുകാരണവരായ ഞാനും ആഹരിച്ചു. സഹപ്രവർത്തകരോടും വീട്ടുകാരോടും പേരക്കാടാങ്ങളോടു പോലും സ്നേഹമസൃണമായി പെരുമാറുകയും കുശലം പറയുകയും ചെയ്ത് മറക്കാനാവാത്ത അനുഭവമാക്കി ആ രണ്ടു ദിനങ്ങൾ.

കേസരി വാരികയിൽ നിന്ന് വിട വാങ്ങി സ്വസ്തി ടീമിനൊപ്പം പത്രപ്രവർത്തനം തുടർന്നു വന്നതിന്റെ സുകൃതവും ഈ ഭാഗ്യലബ്ധിയിൽ തീർച്ചയായും ഉണ്ട്. ●

**കെ.എം.പരമേശ്വരൻ**
**9072383651**

**ദേശസ്നേഹ പത്രപ്രവർത്തന ജീവിതത്തിലേക്ക് മാർഗ്ഗദർശനം**




**അടൽ ബിഹാരി വാജ്പേയി 1980-ൽ കേരളപര്യടനം നടത്തവെ കോഴിക്കോട്ടു കേസരി സഹ പത്രാധിപരെന്ന നിലയിൽ കണ്ടപ്പോൾ**

## ഗാർഹസ്ഥ്യ ജീവിതത്തിലെ പരമഭാഗ്യം



**പുതിയ കേസരിഭവൻ ഉൽഘാടനം ചെയ്യാനെത്തിയ പൂജനീയ സർസംഘചാലക് മോഹൻജി ഭാഗവതിന്റെ ആതിഥേയനാവാൻ പരമഭാഗ്യം കൈവന്നപ്പോൾ**




+91 80864 94949 | +91 94472 54520
forusini@gmail.com

www.forusbuilders.com

FORUS
INITIATIVES
BUILDERS & DEVELOPERS